32F5 INDYAYILA MAHATIKAL Pt. 1 NARAYANA MENON

72:M5
32F5

72:M5 32F5
VALLATHOL
ANA MENON.
la

MUL
041940

DOCTRINA VIM PROMOVET INSITAM

Madras University Library.

Date Label.

Ac. No. 41940 Cl. No. 72:M5
32 F5

This book should be returned on or before the date last marked below.

12 APR 1941
30 JUN 1965

ലക്ഷ്മീഭായി ഗ്രന്ഥാവലി ലക്കം ൨

# ഇന്ത്യയിലെ മഹതികൾ

ഒന്നാംഭാഗം.

---

മദ്രാസ സർവ്വകലാശാലയും തിരുവിതാംകൂർ കൊച്ചി
സംസ്ഥാനങ്ങളിലെ ടെക്സ്റ്റ് ബുക്കുകമ്മററികളും
അംഗീകരിച്ചിട്ടുള്ളത്.

---

പ്രസാധകൻ
വെള്ളാശ്ശേരി നാരായണമേനോൻ.

---

അഞ്ചാം പതിപ്പ്
കോപ്പി 1000

UNIVERSITY LIBRARY
NOV. 1927
MADRAS

---

തൃശ്ശിവപേരൂർ
യോഗക്ഷേമം കമ്പനി വക
'മംഗളോദയം' അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.

---

1100.

All Rights Reserved.

വില പന്ത്രണ്ടണ.] [Price 12 Annas

KOCHOUSE & SONS.

41940
72:M5
32F5

# സംഗതിവിവരം

ഭാഗം.

൧ സംയുക്തറാണി. ൧

സി. ഡി. ഡേവിഡ് അവർകൾ

൨ പത്മിനി. ൯

കെ. ഗോവിന്ദമേനോൻ

൩ ആംഗ്ലത്തിലെ രാജ്ഞി. ൨൧

പി. കെ. നാരായണപിള്ള അവർകൾ ബി. ഏ., ബി. എൽ.

൪ കർമ്മദേവി. ൨൩

മാവേലിക്കരെ ഉദയവർമ്മതമ്പുരാൻതിരുമനസ്സുകൊണ്ട് ബി. ഏ.

൫ താരാഭായി. ൩൧

ഏ. ആർ. രാജരാജവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട

എം. ഏ., എം. ആർ. ഏ. എസ്സ്.

൬ ഹാന്നാ. ൪൧

മാവേലിക്കരെ ശ്രീമതി ഭാഗീരഥീഅമ്മതമ്പുരാൻ തിരു

മനസ്സുകൊണ്ട്.

൭ ഗാനോറിലെ രാജ്ഞി. ൪൮

എം. സി. നാരായണപിള്ള അവർകൾ ബി. ഏ.

൮ നായകന്റെ പത്നി. ൫൭

വി. കെ. രാമമേനോൻ അവർകൾ ബി. ഏ.

൯ ജോദ്ധ്പൂരിലെ റാണി. ൬൭

൧൦ ഭവാനിറാണി. ൭൰

കെ. കുഞ്ഞുണ്ണിനായരവർകൾ ബി. ഏ., ബി. എൽ.

൧൧ ഉണ്ടികക്കാരന്റെ മകൾ. ൮൪

കെ. ആർ. കൃഷ്ണപിള്ള അവർകൾ ബി. ഏ.

ഭാഗം.

൧൨. ദേവി ചൌധരണി ൯൨

എസ്സ്. പരമേശ്വരയ്യരവർകൾ എം. എ, ബി. എൽ.,
എം. ആർ. ഏ. എസ്സ്.

൧൩. റാണി അഹല്യാഭായി. ൯൭

൧൪. കൃഷ്ണരാജകുമാരി. ൧൦൬

പുത്തേഴത്ത് ഗോവിന്ദമേനോനവർകൾ ബി. എ.

൧൫. ചന്ദ്രവതി. ൧൧൮

ആർ. വി.

൧൬. ജാൻസിയിലെ റാണി. ൧൨൦

കെ. വി. എം.

൧൭. മീരാഭായി. ൧൨൬

റാവുബഹദൂർ പി. വേലായുധൻ അവർകൾ ബി. എ.

# PREFACE.

The present volume is a series of short biographies of the great women of Upper India within historic times down from the days of the famous Prithivi Raja of Delhi and Ajmere, who flourished in the latter part of the 12th century A. D., up to the comparatively recent days of the Great Indian Mutiny in 1857. The names selected are just 17 in number, and the list can (and will in the proposed second volume) be indefinitely increased seeing that no less than nine centuries of Indian history are covered by the period included in these modest sketches. We are conscious that these stories of the 'Heroines of Ind' can be made more elaborate in treatment, graphic in description and dramatic in incidents. But the defects of these translated sketches are those of the original—a volume entitled 'Gleanings from Indian Classics' hailing from Calcutta(1893) edited by the well-known scholar and Pandit the late Mr. Manmath Nath Dutt M. A., Rector of the Keshub Academy. The regrettable absence in India of authentic and reliable narratives of national and personal history, except as shadowed forth in legendary and traditional songs, must serve the authors of the original and ourselves as an excuse for the thinness and the boldness noticeable in these biographical narratives, the translators being entirely innocent in this matter. The translators have not made any appreciable changes by way of adaptation except in a very few cases. There are a hundred other faults in these sketches and a hundred things might be said to prove them beauties or to

extenuate the blemishes of matter or of style. But it is needless; we launch this volume on the indulgent public of Kerla in the confident hope that this humble attempt at enriching their national prose literature will meet with a kind reception at their hands, especially of the fair section of them for whose pleasure and profit it is designed in the first instance.

The women of India! What were they? What are they? And what shall they be? These are indeed most momentous questions, not to be answered except with leisure, research and reflection. It is too much the fashion now-a-dsys to speak of India's women as a set of unlettered domestic drudges—blind, custom-ridden, superstitious, and conservative to a degree unknown in any country claiming to be civilized. We are not going to deny that there is same truth even in this unfair estimate – the result of an ill-advised comparison with foreign womanhood or oftener of too unpractical an ideal of excellence imposed all too theoretically upon this work-a-day world of our fair companions with all its social and religious limitations. Whatever our ladies are not in the present, or may not have been in the past, they have been and continue to be beyond all doubt the safe repositories and faithful guardians of our religion, of our family tribal or racial traditions, and of a thousand nameless little virtues that have combined to make the Indian home the purest and so far the happiest home in the world—a shrine of simplicity and temperance and devotion, of tenderness. of love, of unostentatious religion. They may have been too much of slaves to custom; but it is beyond all question that they act to-day as a useful and moderating drag upon those rockets

of go-ahead innovation in social revolution miscalled reform. Speed and expedition are good things; but they also serve, who by their immobile inertia tend to slacken the speed of those, who, if left to their own reckless haste, would soon wreck the vessel of national individuality and social distiness. But what with peace, education, and the gathering enlightenment due to western influence along with the transitional upheaval and the nascent feeling of nationality dawing upon us, we would fain hope that a day of real progress has really come upon the weaker half of our society. Whatever the women of India may become in the future or may tend to become the resultant issue must be a compromise between what our women were and are on the one hand, and what they would in their ideals be on the other. The future of our women as that of our men, depends for its birth and development upon a comingling of our inherited social and racial and instincts, tendencies and even prejudices, with the ideals and possibilities of the labouring generative present. Strange as it may seem, it is the past that ever moulds the future; if we wish the coming issue to be healthy and handsome, we should weed the past of its ugly features and graft ideal of our futu re on this chastened residuum of the past. Hence the importance and utility of placing before our young men and women these accredited and avowed historical biographies with no fables about them. The examples of womanly virtue and excellence now set before our young ladies will disabuse their juvenile minds of a not very unusual contempt for what is our own and of an excessive admiration for what is foreign and new. An intelligent yet discriminating estimate of our own past

perfections and a judicious common sense appreciation and adaptation of foregin customs and manners would seem to be the most desirable end of education on western lines now common in our schools and colleges. The present volume aims at this, and it is to be hoped that the examples of heroic fidelity, of staunch patriotism, of devoted religiousness, of a sense of personal honor choosing death before its inglorious compromise — will tend towards educating and perfecting the ideas and ideals of those for whose benefit and delight it is intended:

It would be presumptuous on my part to speack about the way in which the translators have done their work. Highly edcated and enlightened gentlemen, well-known in the filed of vernacular literature, they have come forward out of sheer public spirit and patriotism to enrich their language and benefit the rising generation whose best interest, they would serve even at considerable trouble and selfsacrifice. In point of style, scholar-like dignity, chaste elevation, and withal a desirable simplicity of language, the present volume will compare favourably with any recent publications in the filed. The book is eminently suitable, alike in matter, language and treatment of details, for a text-book in our schools, where unexceptionable vernacular literature is a lamentable want felt too long to be tolerated any longer; especially as the Madras University has pronounced in favour of modern vernacular prose books for the Matriculation and higher examinations. Apart from all this, a versatile and vigorous prose literature is a welcome sign of healthy growth in any language.

I should not omit to mention here the extremely grateful feelings with which I appreciate the efforts of Mr. Vallaikal Narayana Menon the publisher of this volume. He is a past student of mine; and his unaided efforts at journalism and publication in these days of much talk and little action by way of patronage of indigenous efforts at vernacular revival has come upon his friends and upon myself as an example of self-reliance and perseverance under difficulties—the more to be appreciated as it has been a mere labour of love. Some of these lives have been already published at various intervals in the well-known Ladies' Magazine of Malabar 'the Lekshmi Bhai' of Trichur. They are now collected and issued for obvious reasons in the hope that these scattered biographies will do good, if brought together and issued in one volume at a very moderate price.

The printing and general get up of the book reflects great credit on the Bharata Vilasam Press, Trichur, the authorities of which have been at all times in the front rank of those who help forward the efforts of pioneers and improving and enriching the Malayalam Language—perhaps the poorest of the major Dravidian Languages—at all events in classic prose literature.

St. Thomas' High School,
TRICHUR,
25th. November 1908

P. SUBRAMANIA IYER, B. A.

UNIVERSITY LIB[illegible] MADRAS

## ഒന്നാം പതിപ്പിന്റെ
## മുഖവുര

മനുഷ്യരുടെ ഉൽക്കൎഷത്തിനു ഹേതുഭൂതമായതു വിദ്യാഭ്യാസമാകുന്നു. ഈ വിദ്യാഭ്യാസം സ്ത്രീപുമാന്മാരിൽ അഭേദമായി പ്രചരിക്കുന്ന രാജ്യം ഏതോ അത് ഇതരരാജ്യങ്ങളെ അപേക്ഷിച്ച് ആചാരപരിഷ്ക്കാരങ്ങളിൽ മുമ്പിട്ടുനില്ക്കുമെന്നതു നിരാക്ഷേപമായ സംഗതിയത്രേ. ഈ സംഗതിയെ ഹിന്ദുക്കളുടെ പൂൎവ്വചരിത്രം തെളിയിക്കുന്നുണ്ട്. എന്നാൽ യഥാൎത്ഥമായ പൂൎവ്വചരിത്രം മനുഷ്യരുടെ ഉപൎയ്യഭിവൃദ്ധികാരണമായിത്തീരുന്നതാണെന്നുള്ള സംഗതി പൌരസ്ത്യന്മാർ തീരെ മറന്നിട്ടോ എന്തോ ചരിത്രമെഴുതി സൂക്ഷിക്കുന്നതിൽ കാണിച്ചിരുന്ന ഉദാസീനത ശോചനീയമായിട്ടുള്ളതാകുന്നു. ഈ സംഗതിയെപ്പററി പലരും പലവുരു പ്രസ്താവിച്ചിട്ടുള്ളതിനാൽ അതിനെ സംബന്ധിച്ച് ഇവിടെ ശങ്കിടി പാടാൻ വിചാരിക്കുന്നില്ല. നാലായിരം കൊല്ലങ്ങൾക്കുമുമ്പു യൂറോപ്പ്, അമേരിക്ക മുതലായ ഭൂഖണ്ഡങ്ങളിലെ നിവാസികൾ വനമൃഗങ്ങളെപ്പോലെ വസിച്ചിരുന്ന കാലത്തു സിന്ധുനദീതീരവാസികളായ ആൎയ്യന്മാർ വളരെ പരിഷ്കൃതന്മാരായിരുന്നു എന്നുമാത്രമല്ല സ്ത്രീകളും പുരുഷന്മാരെക്കാൾ ഒട്ടും അപ്രധാനമാരല്ലാത്ത വിദുഷികളായിരുന്നുവെന്നുകൂടി പ്രാചീനഗ്രന്ഥങ്ങൾ പരിശോധിക്കുന്നതായാൽ നമുക്ക് അറിയാവുന്നതാണ്. ഇതിനെ തെളിയിക്കേണ്ടതിന്നായി പ്രാചീനവിദുഷികളുടെ വൈദുഷ്യസാമൎത്ഥ്യത്തെക്കുറിച്ചു സ്വല്പം ഇവിടെ പ്രസ്താവിക്കുന്നത് അനാവശ്യമാകയില്ലെന്നു വിശ്വസിക്കുന്നു.

വിശ്വവര — ഈ സ്ത്രീയുടെ മാഹാത്മ്യത്തെക്കുറിച്ചു കേരളീയരിൽ അധികമാളുകൾ കേട്ടിട്ടുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഋഗ്വേദം ൫-ാം മണ്ഡലം ൨൮-ാം സൂക്തം

സ്ഫുരിച്ചത് ഈ മഹതിയിൽനിന്നാണെന്നു പറഞ്ഞാൽ ഇവരുടെ മാഹാത്മ്യത്തെപ്പററി വിശേഷവിധിയായി ഒന്നും പറയേണമെന്നു തോന്നുന്നില്ല.

ഈശ്വരസങ്കല്പത്തിൻെറ പരമമായ മാതൃകകളെക്കൊണ്ടു പരിപൂർണ്ണവും വേദാന്തദശ്നമൂലവുമാണെന്നു വിഖ്യാതന്മാരായ വ്യാഖ്യാതാക്കൾ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുള്ള ഋഗ്വേദം ൰-ാം മണ്ഡലം ൧൨൫-ാം സൂക്തം സ്ഫുരിച്ചത് അംഭൃണമഹഷിയുടെ പുത്രിയായ 'വാക്' എന്ന വിദുഷിയിൽ നിന്നാണ്.

അഗസ്ത്യമഹഷിയേയും അദ്ദേഹത്തിൻെറ ധമ്മപത്നിയായ 'ലോപാമുദ്ര'യേയും നാമെല്ലാവരും കേട്ടറിയുന്നുണ്ട്. എന്നാൽ ഈ വിദുഷിയാണ് ഋഗ്വേദം ൯൪-ാം സൂക്തത്തിൻെറ പ്രകാശയിത്രി എന്ന് അധികം ആളുകൾ അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. വിദർഭരാജാവിൻെറ പുത്രിയായ ഈ മഹതി തൻെറ ഭത്താവൊന്നിച്ചു താപസവൃത്തി ആചരിക്കയാണ് ഉണ്ടായത്.

യാജ്ഞവല്ക്യമഹഷിയുടെ ഭാര്യയായ 'മൈത്രീ' അസാധാരണ ബുദ്ധിശക്തിയും പാണ്ഡിത്യവും ഉള്ള ഒരു തരുണീരത്നമായിരുന്നു. അദ്ദേഹത്തിന്നു 'കാത്യായിനി' എന്ന വേറെ ഒരു ഭാര്യയും ഉണ്ടായിരുന്നു. സപത്നിമാർ തമ്മിൽ പ്രായേണ കലഹിക്കയാണല്ലോ പതിവ്; എങ്കിലും 'കാത്യായിനി'യെ തൻെറ സഹോദരിയെപ്പോലെയാണ് 'മൈത്രീ' കരുതിപ്പോന്നത്. മഹർഷി ഐഹികസുഖങ്ങളെ ത്യജിച്ചു താപസവൃത്ത്യാ കാലം കഴിച്ചുകൂട്ടുവാൻ നിശ്ചയിച്ചു തൻെറ സ്വത്തു മുഴുവനും വീതിച്ചുകൊടുക്കുവാൻ പത്നിമാരോടു പറഞ്ഞു. അപ്പോൾ ആ ദമ്പതിമാർ തമ്മിലുണ്ടായ സംഭാഷണത്തിൻെറ സാരം എത്രയോ വിലയേറിയതാണ്.

മൈത്രീ— ജീവനാഥ! ഇഹലോകത്തിലെ ധനങ്ങൾ എത്രതന്നേ കിട്ടിയാലും അമരത്വം സിദ്ധിക്കുമോ?

ഋഷി—ഇല്ല മൈത്രി! അതിനാൽ സാദ്ധ്യമാകുന്നതല്ല.

മൈത്രി—എന്നാൽ അങ്ങുന്നു ഞങ്ങളോട് എടുത്തുകൊൾവാൻ പറഞ്ഞ ദ്രവ്യംകൊണ്ട് എന്താണ് ഞങ്ങൾ ചെയ്യേണ്ടത് എന്നും മററും ഭർത്താവുമായി ഈലോകത്തിൽ ദുർജ്ഞേയങ്ങളും അതിപ്രശസ്തങ്ങളുമായ അനേകസംഗതികളെപ്പററി നടന്ന സംഭാഷണം പരിഷ്കൃതലോകങ്ങൾ ഇന്നും നിർവിശേഷം ശ്ലാഘിച്ചുപോരുന്നു. ജനകമഹാരാജസഭയിൽവെച്ചു തപോധനൻെറ തല താഴ്ത്തിക്കത്തക്കവണ്ണം ഒരു വിദുഷിയുണ്ടായി എന്നു കേൾക്കുന്നത് അതിശയമല്ലയോ? ആ വനിതാരത്നത്തിൻെറ പേർ 'ഗാർഗ്ഗീ' എന്നാണ്. 'ഗാർഗ്ഗീ' നല്ല വാചാലയായിരുന്നുവെന്നല്ലാതെ അവരുടെ മററു യാതൊരു സംഗതിയും അറിവില്ല.

പ്രസിദ്ധപ്പെട്ട ഹിന്ദുസ്മൃതികർത്താവായ മനുവിൻെറ പുത്രി 'ദേവഹൂതി' മറെറാരു മഹതിയാണ്. ഇവർ പ്രബലനായ ഒരു രാജാവിൻെറ പുത്രിയാണെങ്കിലും ഭർത്താവായി വരിച്ചത് അരണ്യവാസിയും ശാസ്ത്രാദികളിലും തപോനിഷ്ഠയിലും അദ്വിതീയനുമായ കർദ്ദമൻ എന്ന ഋഷിശ്രേഷ്ഠനെയാണ്. തന്മൂലം സർവസുഖാനുഭവങ്ങളും ഉപേക്ഷിച്ചു ഘോരാരണ്യത്തിൽ പോയി താമസിക്കേണ്ടിവന്നു. ഇതിന്നുള്ള കാരണം 'ദേവഹൂതി'ക്കു വിദ്യാഭ്യാസത്തിലും ഈശ്വരഭജനത്തിലുമുള്ള അതിതാൽപര്യമാണെന്ന് അനുമാനിക്കാവുന്നതാണല്ലൊ. ഏകാന്തമായിരുന്നു ചിരകാലം ചിന്തിക്കുകയാൽ മൂലപ്രകൃതിയുടെ ജ്ഞാനം സിദ്ധിക്കുന്നതിന്നു ഇടയായി. സുഖദുഃഖങ്ങളുടെ കാര്യകാരണങ്ങളെ വെളിവാക്കുന്നതായും ദുഃഖനിവാരണംചെയ്തു ശാശ്വതമായ ബ്രഹ്മാനന്ദം സിദ്ധിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കുന്നതായുമുള്ള സാംഖ്യയോഗശാസ്ത്രകർത്താവായ കപിലൻ ഈ ദിവ്യസ്ത്രീയുടെ മകനാണ്. നയനേന്ദ്രിയങ്ങൾക്കു വിഷയീ

ഭൂതമായ മഹച്ഛക്തിവഴിയായി മാനുഷലോകത്തിന്റെ മുക്തിക്കു നിദാനങ്ങളായ സംഗതികളെ 'ദേവഹൂതി' ശൈശവത്തിൽതന്നെ തന്റെ തനയനെ മനസ്സിലാക്കി. പുത്രൻ പ്രായമായപ്പോൾ മഹതിയായ മാതാവു ചൂണ്ടിക്കാണിച്ചു കൊടുത്തിട്ടുള്ള മാർഗ്ഗത്തിൽകൂടെ സൂക്ഷ്മമായി പ്രയാണം ചെയ്കയാലാണ് സാംഖ്യയോഗശാസ്ത്രം കണ്ടുപിടിച്ചത്. കപിലനെ കപിലാചാര്യനാക്കിത്തീർത്തതു 'ദേവഹൂതി'യാണെന്നു പറഞ്ഞാൽ മതിയല്ലോ.

ബുദ്ധമതാക്രമണത്താൽ മഷിയിട്ടുനോക്കിതാൽകൂടി കാണ്മാൻ തരമില്ലാതെ പോയ ഹിന്ദുമതത്തെ പ്രസംഗംമൂലം പുനരുജ്ജീവിപ്പിച്ചു മത്സരകക്ഷികളായ ബുദ്ധമതക്കാരുടെ വായ് അടച്ച് അവരെ ഇന്ത്യയിൽനിന്നു നിഷ്കാസനംചെയ്ത ദേഹവും ഭഗവൽഗീത, ഉപനിഷത്തുകൾ, ബ്രഹ്മസൂത്രം മുതലായ മഹൽഗ്രന്ഥങ്ങളുടെ ഭാഷ്യകാരനും, ധർമ്മരാജ്യമെന്നു പറയപ്പെടുന്ന തിരുവിതാംകൂർ രാജ്യത്തിൽ ചേർന്ന കുന്നത്തുനാട്ടു താലൂക്കിൽ ആലുവ തീവണ്ടിസ്റ്റേഷന്നു സമീപമുള്ള കാലടിഗ്രാമത്തിൽ കയ്പ്പള്ളിമനയ്ക്കൽ ജനിച്ച മഹാത്മാവും ലോകഗുരുവുമായ ശ്രീമച്ഛങ്കരാചാര്യരുടെ യോഗ്യതകൾ ദേശാന്തരങ്ങളിലും സുപ്രസിദ്ധങ്ങളാകയാൽ വിശേഷിച്ചൊന്നും ഇവിടെ പ്രസ്താവിക്കേണമെന്നു തോന്നുന്നില്ല. സ്വാമികളുടെ ജനനത്തിന്നു മുമ്പുതന്നെ പിതാവു അന്തരിച്ചുപോയതിനാൽ അദ്ദേഹത്തെ വിദ്യാഭ്യാസം ചെയ്യിച്ചതും മററും അദ്ദേഹത്തിന്റെ 'വിശിഷ്ട'മാതാവാണെന്നു പറഞ്ഞാൽ ഈ മഹതിയുടെ യോഗ്യത ഊഹ്യമാണല്ലോ.

ഹൈന്ദവഗണിതശാസ്ത്രജ്ഞന്മാരിൽ അദ്വിതീയനായ ഭാസ്കരാചാര്യരുടെ പുത്രി 'ലീലാവതി'യാണ് മറെറാരു വിദുഷി. 'ലീലാവതി' അകാലവൈധവ്യം പ്രാപിച്ചതിനാൽ തന്റെ പിതാവിന്റെ കൂടെ താമസിച്ചു ഗണിതം പ

രിച്ചു. ഗണിതശാസ്ത്രത്തിൽ തന്റെ പുത്രിക്കുള്ള അപാരമായ പാണ്ഡിത്യം കണ്ടു സന്തോഷിക്കുകയും താൻ ഒരു ഗണിതശാസ്ത്രമുണ്ടാക്കി തന്റെ പ്രിയപുത്രിയുടെ പേരിൽ സമർപ്പിക്കുകയും ചെയ്തു. അതാണ് ഇന്നും പ്രസിദ്ധിയുള്ള 'ലീലാവതി' എന്ന ഗണനശാസ്ത്രം. ഈ വിദുഷിക്ക് കണക്കശാസ്ത്രത്തിൽ എത്രകണ്ടു പാണ്ഡിത്യമുണ്ടെന്നു പറവാൻ പ്രയാസമാണെങ്കിലും ഏതു വൃക്ഷങ്ങളുടേയും ഇലകൾ ഇത്രയെന്ന് എണ്ണിനോക്കാതെ കണക്കാക്കുവാൻ സാധിച്ചിരുന്നുവെന്നു മാത്രം പറയാം.

കണക്കശാസ്ത്രത്തിൽ 'ലീലാവതി'യെന്നപോലെ മന്ത്രവാദത്തിൽ സമർത്ഥയായ ഒരു വധൂരത്നമായിരുന്നു 'ഭാനുമതി'. ഇവരെക്കുറിച്ചു വിശ്വാസയോഗ്യമല്ലാത്ത ചില കഥകളല്ലാതെ യഥാർത്ഥമായി യാതൊന്നും കേൾപ്പാനില്ല. എങ്കിലും ഏതു മാന്ത്രികനും ആയാളുടെ കർമ്മം തുടങ്ങുന്നതിനുമുമ്പ് 'ഭാനുമതി'യെ വന്ദിക്കുന്നതുകൊണ്ട് ഈ വിദുഷി മന്ത്രവാദത്തിൽ നിപുണയായിരുന്നു എന്നുമാത്രമേ നമുക്ക് ഊഹിപ്പാൻ സാധിക്കയുള്ളൂ.

ജ്യോതിശ്ശാസ്ത്രത്തിൽ അതിസമർത്ഥയായ ഒരു സ്ത്രീയായിരുന്നു 'ഖന'. ഈ വിദുഷി ആരായിരുന്നു, 'മാതാപിതാക്കന്മാരുടെ പേർ എന്തായിരുന്നു' എന്നും മററും യാതൊരു നിശ്ചയവുമില്ല. ജ്യോതിശ്ശാസ്ത്രത്തിൽ ആര്യന്മാരേക്കാൾ നിപുണന്മാരായിരുന്ന യവനന്മാരാണ് ഇവരെ വളർത്തിയതും വിദ്യ പഠിപ്പിച്ചതുമെന്ന് ഒരു ഐതിഹ്യമുണ്ട്. 'ഖന'യുടെ പ്രതിഭാവിലാസത്താലും അതിതാൽപര്യത്താലും ജ്യോതിശ്ശാസ്ത്രത്തിൽ അനന്യസാധാരണമായ പാണ്ഡിത്യമുള്ളവളായിത്തീർന്നു. ഈ വിദുഷിയെ വിവാഹംചെയ്തതു 'മിഹിരാചാര്യ'നാണ്. ഇദ്ദേഹം മാളവദേശാധിപതിയായിരുന്ന വിക്രമാദിത്യമഹാരാജസഭയിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു എന്നു താഴെ കാണുന്ന ശ്ലോകത്തിൽനിന്നു തെളിയുന്നുണ്ട്.

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടകർപ്പരകാളിദാസാഃ
ഖ്യാതോവരാഹമിഹിരോനൃപതേസ്സഭായാം
രത്നാനിവൈവരരുചിർന്നവവിക്രമസ്യ'

ഇദ്ദേഹത്തിന്നു ജ്യോതിഷത്തിൽ വല്ല സംശയവും നേരിടുമ്പോൾ അതിനെ പരിഹരിച്ചുവന്നിരുന്നതു 'ഖന'യായിരുന്നു. ഒരു ദിവസം രാജാവു, നക്ഷത്രങ്ങളുടെ തുക ഗണിച്ചുപറവാൻ മിഹിരാചാര്യരോട് ആജ്ഞാപിച്ചു. 'ഖന' യുടെ സഹായത്താലാണ് ഈ കണക്കു ചെയ്തുശരിയാക്കിയത്. പിറേറ ദിവസം മിഹിരാചാര്യർ രാജാവിനെ മുഖം കാണിപ്പാൻ ചെല്ലുകയും നക്ഷത്രങ്ങളുടെ തുക തിരുമനസ്സുണർത്തിക്കുകയും ചെയ്തു. ഈ ക്രിയ ചെയ്തതു 'ഖന'യാണെന്നു രാജാവിന്നു മനസ്സിലായപ്പോൾ ഈ വിദുഷിയെ തൻെറ സഭയിലെ പത്താം രത്നമായി സ്വീകരിച്ചിരിക്കുന്നുവെന്നു കല്പിച്ചുവത്രേ.

ഇനി ഒരു വിദുഷിയെക്കുറിച്ചു പറവാനുള്ളതു 'ഭാരതി' യേയാണ്. ഈ സ്ത്രീരത്നം മഹാപണ്ഡിതനായ മണ്ഡനമിശ്രൻെറ ഭാര്യയായിരുന്നു. ഇദ്ദേഹവും ശങ്കരാചാര്യസ്വാമികളും തമ്മിൽ ഒരു ശാസ്ത്രവാദമുണ്ടായി. വാദത്തിൽ തോററവൻ ജയിച്ചവൻെറ ശിഷ്യനായിരുന്നുകൊള്ളാമെന്നു ശപഥം ചെയ്തിരുന്നു. ഇരു കക്ഷികളുടേയും സമ്മതപ്രകാരം അന്നു മാദ്ധ്യസ്ഥം വഹിച്ചതു 'ഭാരതി'യായിരുന്നു. ഈ വാദത്തിൽ തൻെറ ഭർത്താവു തോററുട്ടിമറഞ്ഞുവെന്നു നിർദ്ദാക്ഷിണ്യം തീർപ്പുകല്പിച്ച ഈ വിശിഷ്ടയുടെ ബുദ്ധിശക്തിയും സൌശീല്യാദിഗുണങ്ങളും എന്തു പറയേണ്ടു.

ഇങ്ങിനെ അബലാവർഗ്ഗജീവദശയുടെ ഓരോ ഘട്ടങ്ങളിൽ മാതാവായിട്ടും, പുത്രിയായിട്ടും, സമ്പൽസമൃദ്ധിയോടുകൂടിയ ഒരു കുടുംബത്തിൻെറ നായികയായ ഗൃഹിണിയായിട്ടും ശ്ലാഘനീയമാതൃകകളായ സ്ത്രീരത്നങ്ങൾ വളരെ ഉ

ണ്ടായിട്ടുണ്ടെങ്കിലും അവരെപ്പററി ഈ സന്ദൎഭത്തിൽ ഇത്ര മാത്രമേ പ്രസ്താവിക്കുന്നുള്ളു.

സജാതീയഗുണോൽക്കൎഷപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളുടെ പാരായണം അതാതു ജാതിക്കാൎക്കു സന്തോഷപ്രദവും ക്ഷേമകരവുമായി പരിണമിക്കാനാണല്ലൊ വഴിയുള്ളത്. മാതൃഭാഷാജ്ഞാനം മാത്രമുള്ള മലയാളസ്ത്രീകൾ ഈ ഗുണം അനുഭവിക്കുന്നതു പുരാണഗ്രന്ഥങ്ങളിൽനിന്നാണ്. പുരാണനായികമാരായ സീത, ദമയന്തി മുതലായ വനിതാരത്നങ്ങൾ അവതാരങ്ങളായി ഗണിക്കപ്പെട്ടുപോരുന്നതിനാൽ അവരെ ബഹുമാനത്തോടുകൂടി അനുകരിക്കുന്നതിലധികം ഭക്തിയോടുകൂടി പൂജിച്ചുപോരികയാണ് ചെയ്തുവരുന്നത്. എന്നാൽ അനുകരണവിഷയത്തിൽ ഭക്തിയെക്കാൾ ബഹുമതിക്കു പ്രധാന്യമുള്ളേടത്തു പൂൎണ്ണഫലം സിദ്ധിക്കുന്നതിനാലും ബഹുമതിക്കു പ്രാധാന്യം മനുഷ്യൎക്കു മനുഷ്യവൎഗ്ഗത്തിലല്ലാതെ ഉണ്ടാവുന്നതല്ലാത്തതിനാലും ഇതരഭാഷകളിലെന്നപോലെ മലയാളഭാഷയിലും മഹാന്മാരുടെ എന്നപോലെ മഹതികളുടെ ചരിത്രവും അത്യന്തം അപേക്ഷിതമാകയാലുമാണ് ഈ ഗ്രന്ഥനിൎമ്മാണത്തിന്ന് ഉദ്യമിച്ചത്. ഈ ഉദ്ദേശനിവൃത്തിക്കു മ. രാ. രാ. മന്മഥനാഥദത്തൻ എം. എ., എം. ആർ. ഏ. എസ്സ് അവർകൾ എഴുതീട്ടുള്ള 'ഹീറോയിൻസ് ആഫ് ഇൻഡ്യാ' എന്ന ഗ്രന്ഥം ശ്രേഷ്ഠതമമെന്നു കരുതി അതിനെ പ്രായേണ അടിസ്ഥാനമാക്കി ആധുനികഭാഷാഭിമാനികളിൽ പ്രഥമഗണനീയന്മാരിൽ ചിലരെക്കൊണ്ടു തൎജ്ജമ ചെയ്യിച്ചതാകുന്നു പ്രകൃതഗ്രന്ഥം. ഇതിൽ മൂലഗ്രന്ഥത്തിലെ ചില മഹതികളുടെ ചരിത്രം ചേൎക്കാതിരിക്കുകയും ചിലരുടേത് ഔചിത്യംപോലെ കൂട്ടുകയും കുറയ്ക്കുകയും മററും ചെയ്തിട്ടുണ്ട്. ഈ മഹതികളിൽ ഓരോരുത്തരും ജനിച്ചത് ഇന്നും സുപ്രസിദ്ധങ്ങളായ അയോദ്ധ്യ, രാജപുത്താന, ബങ്കാൾ, മദ്ധ്യഇന്ത്യ, ഇൻഡോർ, പഞ്ചാബ്

എന്നീ രാജ്യങ്ങളിലാകുന്നു. ഇവരിൽ ഏതാനും ചിലർ റാണിമാരും മറ്റുചിലർ കുലീനകളുമാണ്. പരിഷ്കൃതലോകങ്ങളുടെ ഇടയിൽ ഇന്നും ഈ മഹതികളുടെ യശസ്സു നിലനിന്നുപോരുന്നതു ധനാഢ്യതകൊണ്ടോ, വാചാലതകൊണ്ടോ, വിദ്യാഭ്യാസംകൊണ്ടോ അല്ല; തങ്ങളുടെ സ്വരാജ്യാഭിവൃദ്ധിക്കും സ്വാതന്ത്ര്യത്തിന്നും ചാരിത്രശുദ്ധിക്കും മുക്തിക്കും ആയി ജീവനെ തൃണീകരിച്ച്, അപാരപൌരുഷനിധികളായ എതിരാളികളോടു സധൈര്യം പടവെട്ടിയതുകൊണ്ടാകുന്നു. ഭൂതശ്ലാഘ സാധാരണയായി പതിവുള്ളതിനാൽ ഇതും അപ്രകാരമായിരിക്കുമോ എന്ന് ആശങ്കയ്ക്കു കാരണമില്ല. എന്തുകൊണ്ടെന്നാൽ ഈ മഹതികളുടെ മാഹാത്മ്യത്തെക്കുറിച്ച് ഇംഗ്ലീഷുകാർതന്നേ നിർവ്യാജം ശ്ലാഘിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ യുദ്ധത്തിന്റേയും മറ്റും പരിണാമഫലം എന്തെന്ന് ആലോചിക്കുന്നതായാൽ 'അപജയവും' 'മരണ'വുമെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഇതിന്നുള്ള കാരണം, അതാതുകാലത്തെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ഇവരുടെ ഉൽക്കർഷത്തിലുണ്ടായിരുന്ന കണ്ണുകടിയും അസഹിഷ്ണുതയും, ഹിന്തുക്കൾക്കു സഹജമായിട്ടുള്ള സ്വാർത്ഥവും ഐകമത്യമില്ലായ്മയുമാണെന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എങ്കിലും 'സംയുക്ത'റാണിയുടേയും 'പത്മിനി'യുടേയും ഭർത്തൃസ്നേഹം, വിവേകം, ബുദ്ധികൌശലം, സഹനശക്തി, നിശ്ചഞ്ചലത, സ്വദേശസ്നേഹം ഇവയേയും ആധുനികഭരണകർത്താക്കന്മാർകൂടി കണ്ടുപഠിക്കേണ്ടവിധം റാണി'അഹല്യാഭായി'യുടെ പ്രശാന്തരമണീയമായ രാജ്യഭരണരീതിയും; രണാങ്കണത്തിലെന്നപോലെ ആലോചനാമണ്ഡപത്തിലും പ്രകടിപ്പിച്ചിരുന്ന 'ചന്ദ്രവതി'യുടെ അഗാധബുദ്ധിയും, സ്ഥിരധൈര്യവും, യുദ്ധവും, രാജ്യഭരണവും ഒരേ സമയത്ത് ഒരേ ദേഹത്താൽ നടത്തപ്പെട്ടതും, ശത്രുനിഗ്രഹത്തിന്നുള്ള ഉപായവും; ശിപായിലഹളക്കാലത്തു തനി

ക്കറുകൂലികളല്ലാത്ത ഇംഗ്ലീഷ്ക്കാരുടെ പ്രവൃത്തികളെ വിസ്മരിച്ച് അവൎക്കു വേണ്ട സഹായം ചെയ്തുകൊടുത്ത 'ജാൻസിയിലെ റാണി'യുടെ സാധുത്വത്തേയും; താൻമൂലം രാജ്യത്തിൽ കലഹമുണ്ടാകുമെന്നു കണ്ടു് സ്വരാജ്യത്തിൻെറ സമാധാനത്തിന്നുവേണ്ടി പ്രാണനെ പരിത്യജിച്ച 'കൃഷ്ണരാജകുമാരി'യുടെ മഹാമനസ്കതയും ആരുതന്നെ എത്രതന്നെ വാഴ്ത്തിയാലും അവസാനിക്കുന്നതല്ല. ഇങ്ങിനെ പ്രസ്തുതഗ്രന്ഥത്തിലെ ഓരോ മഹതികളുടെ ഗുണാംശങ്ങളെ വൎണ്ണിപ്പാൻ ഗ്രന്ഥദൈൎഘ്യം ഭയന്നു തൽക്കാലം തുനിയുന്നില്ല.

ഈശ്വരത്വം അറിയുന്നതിന്നു ഇതരരാജ്യക്കാരേക്കാൾ അധികം സാമൎത്ഥ്യവും അഗാധബുദ്ധിയും ഹിന്ദുക്കൾക്കാണെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. പ്രസംഗത്തിലും ഗ്രന്ഥത്തിലും ഈശ്വരമാഹാത്മ്യത്തെ പലരും വൎണ്ണിക്കുന്നുണ്ടു്. അവരിൽ പലരും ദൃഷ്ടാന്തരൂപേണ പ്രവൎത്തിപ്പാൻ അശക്തന്മാരായിട്ടാണു് കാണപ്പെടുന്നതു്. എന്നാൽ വാക്കും പ്രവൃത്തിയും ഒരുപോലെയായിട്ടുള്ള ഒരു മഹതിയാണു് 'മീരാഭായി'. ഇവർ യോഗ്യനായ കുംഭസിംഹൻെറ പട്ടമഹിഷിയും മീവാറിലെ രാജ്ഞിയും കവയിത്രിയുമായിരുന്നു. ഭൎത്താവും ഇവൎക്കനുരൂപനായിരുന്നു. ഇതിപ്പുറം സുഖം വേറെയുണ്ടെന്നു ആർ കരുതും?

'അൎത്ഥമനൎത്ഥം ഭാവയനിത്യം
നാസ്തിതതസ്സുഖലേശസ്സത്യം'

എന്ന വചനപ്രകാരം സൎവ്വവുമുപേക്ഷിച്ച് ആത്മാവിനെ രക്ഷിപ്പാനായി 'മീരാഭായി' രാജധാനി വിട്ടുപോയി വൃന്ദാവനത്തിൽ ചെന്നു ശ്രീകൃഷ്ണസ്വാമിയെ ഭജിക്കയും ആ ഭഗവാനെക്കുറിച്ച് അനേകം കീൎത്തനങ്ങൾ ഉണ്ടാക്കി സ്വയമേവ പാടുകയും ശിഷ്യരെ പഠിപ്പിക്കുകയും ചെയ്തു. ഈ പുണ്യവതിയുടെ പാട്ടുകളും യശസ്സും ഹിമാലയം മുതൽ മഹാരാഷ്ട്രരാജ്യംവരെ പരന്നു. ഇവരുടെ തത്വോപദേശങ്ങളെ

ജാതിമതവ്യത്യാസമെന്യേ സകലരും ശ്ലാഘിച്ചുപോന്നു. ഈ മഹതിയുടെ ബുദ്ധിശക്തിയും പരമാത്ഥജ്ഞാനവും എന്തു പറയേണ്ടു! ഹിന്ദിഭാഷയും ഹിന്ദുക്കളും ഉള്ള കാലത്തോളം ഇവരുടെ യശശ്ശരീരം നശിക്കുന്നതല്ല. ജന്മസാഫല്യം നേടിയ മഹതി ഇവർതന്നെ. ഇവരാണ്ണ് സാക്ഷാൽ ദേവി.

അനേകം മഹതികളും വിദുഷികളും ഇന്ത്യാരാജ്യത്തുണ്ടായിരുന്നു; ഇപ്പോഴും ഉണ്ട്. അവരുടെ ധമ്മങ്ങൾ മറ്റു് അവർ അനുഷ്ഠിക്കുന്നുമുണ്ട്. അവരെ പിന്തുടരാൻ മററുള്ളവക്ക് തോന്നാത്തത് ആരുടെ ദോഷം? പ്രകൃതഗ്രന്ഥത്തിലെ നായികമാർ ഇത്ര യശസ്വിനികളും പരാക്രമശാലിനികളും ആയിത്തീന്നത് എങ്ങിനെ എന്നു നാം ആലോചിക്കുന്നതായാൽ,

'മല്ലവിലോചനമാക്കിഹബാലേ!
വല്ലഭനീശ്വരനെന്നറിയേണം.'

എന്ന ആപ്തവാക്യം അനുസരിച്ചു ഭർത്തൃശുശ്രൂഷചെയ്തതിനാലാണെന്ന് അറിയാവുന്നതാണ്. ഇഹലോകത്തെ ദൈവം ഭത്താവാണെന്നു ദൃഢമായി കരുതി ഭജിച്ചുപോരുന്ന സാദ്ധ്വീമണികൾക്കു സാദ്ധ്യമല്ലാതെ യാതൊന്നും തന്നെയില്ല.

തങ്ങളുടെ കൃത്യാന്തരശതങ്ങളുടെ ഇടയിൽ എൻെറ അപേക്ഷയെ അനുസരിച്ച് ഈ ഗ്രന്ഥത്തെ പരിഭാഷപ്പെടുത്തിയ ഭാഷാഭിമാനികളോടും ഇതിന്ന് ഇംഗ്ലീഷിൽ ഒരു ആമുഖോപന്യാസം എഴുതിത്തന്ന എൻെറ വന്ദ്യഗുരു പി. സുബ്രഹ്മണ്ണ്യയ്യർ ബി.എ. അവർകളോടും ഈ പുസ്തകത്തെ ഭംഗിയായി അച്ചടിച്ചുതന്ന 'ഭാരതവിലാസം' മുദ്രാലയാദ്ധ്യക്ഷൻ അവർകളോടും ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു.

തൃശ്ശിവപേരൂർ } വെള്ളാസ്സൂൽ നാരായണമേനോൻ
24 - 4 - 84 } പ്രസാധകൻ

—ംഃഃം—

# ഇന്ത്യയിലെ മഹതികൾ

---

## ൧. സംയുക്തറാണി.

മഹമ്മദുഗോറി ഇന്ത്യയെ ആക്രമിച്ച കാലത്ത് അയോദ്ധ്യാരാജ്യത്തിൽപെട്ട കാനൌജിലെ രാജാവു ജയചന്ദ്രനായിരുന്നു. സുന്ദരിയും സൎവ്വസൽഗുണോപേതയും ആയ സംയുക്ത അദ്ദേഹത്തിൻെറ പുത്രിയായിരുന്നു. അവർ ആകൃതിയിലും പ്രകൃതിയിലും അഗ്രഗണ്യയായിരുന്നതുകൊണ്ടു ഇന്ത്യയിലെ രാജകുമാരികളിൽ പ്രഥമഗണനീയാവസ്ഥയ്ക്ക് അൎഹയായി ഭവിച്ചു. സമീപസ്ഥന്മാരും ദൂരസ്ഥന്മാരുമായ അനേക രാജകുമാരന്മാർ ഇവരെ പാണിഗ്രഹണം ചെയ്യണമെന്ന് ആഗ്രഹിച്ചുകൊണ്ടിരുന്നു. തൻെറ പ്രിയ പുത്രി, അവൾക്ക് അനുരൂപനായ ഭൎത്താവിനെ സ്വേച്ഛാനുസരണം വരിക്കേണ്ടതിന്നായി പണ്ടത്തെ നിശ്ചയപ്രകാരം ഒരു സ്വയംവരം വേണമെന്നും, എല്ലാം പ്രഭുക്കന്മാരേയും, പ്രമാണികളേയും അതിലേക്കു ക്ഷണിക്കണമെന്നും ജയചന്ദ്രൻ നിശ്ചയിച്ചു. അദ്ദേഹം ഒരു രാജസൂയയാഗം ചെയ്യിക്കയും ആ അവസരത്തിൽ സകല പ്രഭുക്കന്മാരും, അധികാരികളും തന്നെ വന്ദിക്കേണ്ടതിന്നായി വരേണമെന്നു അവരെ ക്ഷണിക്കയും ചെയ്തു. ജയചന്ദ്രൻ ഒരു പ്രബലനായ ഭരണകൎത്താവായിരുന്നു. അദ്ദേഹത്തെ എല്ലാവരും ഭയപ്പെടുകയും യോദ്ധാക്കൾ ബഹുമാനിക്കയും ചെയ്തുവന്നിരുന്നു. ഡൽഹിയിലെ രാജാവായ പൃഥ്വിരാജനൊഴികെയുള്ള സകലരും ക്ഷണനാനുസരണം ഹാജരായി. പൃഥ്വിരാജൻ വരായ്കയാൽ ജയചന്ദ്രനു അതിററ ദ്വേഷമുണ്ടായി. അദ്ദേഹം അഹംഭാവിയായ ആ രാജാവിൻെറ ഒരു ഛായ തീൎപ്പിച്ചു നികൃഷ്ടവസ്ത്രം.

ധരിപ്പിച്ച സഭാമണ്ഡപത്തിൻെറ വാതുക്കൽ സ്ഥാപിച്ചു. രാജകുമാരി ഈ മണ്ഡപത്തിൽ ചെന്നു ഭത്താവിനെ തിരഞ്ഞെടുക്കേണമെന്നായിരുന്നു നിശ്ചയം. സംയുക്ത തിളങ്ങിക്കൊണ്ടിരുന്ന ഒരുമാല ധരിച്ചു സഹജമന്ദഹാസത്തോടുകൂടി രാജകുമാരനിബിഡമായിരിക്കുന്ന ആ മണ്ഡപത്തിലേക്കു പ്രവേശിച്ചു. അപ്പോൾ അവിടെ നിശ്ശബ്ദമായിരുന്നു. ആ രാജസഭാമദ്ധ്യത്തിൽ, സംയുക്ത, ഒരു രാജ്ഞിയെന്നപോലെ സ്ഥിതിചെയ്തു സകലവും നോക്കിക്കണ്ടു. രാജകുമാരി ഓരോ രാജകുമാരന്മാരുടെ അരികെ കൂടി സാവധാനത്തിൽ നടന്നുതുടങ്ങി. ഒടുവിൽ അവർ പൃഥിരാജൻെറ രൂപം സ്ഥാപിച്ചിരുന്ന വാതുക്കൽ എത്തി. ആ സഭയിൽ കൂടിയിരുന്നവർ പറകയോ, പ്രവത്തിക്കയോ ചെയ്തത് എന്തെന്നറിവാൻ സംയുക്ത ശ്രമിക്കുകയോ തിരിഞ്ഞുനോക്കുകയോ ഉണ്ടായില്ല. രാജ്ഞി തൻെറ കഴുത്തിൽനിന്നു മാലയെടുത്തു ഡൽഹിരാജാവിൻെറ മൃൽസ്വരൂപത്തിൻെറ കഴുത്തിലിട്ടു. ഇതു കഴിഞ്ഞപ്പോൾ അവിടെ ഒച്ചയും തിരക്കും കലശലായി. രാജകുമാരിയുടെ ഈ പ്രവൃത്തി അസഹനീയമെന്നു തോന്നാത്തക്കവണ്ണം ജയചന്ദ്രൻ കുപിതനായിത്തീൎന്നു. ഈ പെൺകുട്ടിയേ ഉടനെ ജേലിലേക്കു യയ്ക്കണമെന്നും ചെയ്തുപോയ വിഡ്ഢിത്വമോത്തു അനുതപിക്കുന്നതുവരെ അവിടെ പാപ്പിക്കണമെന്നും ജയചന്ദ്രൻ തൻെറ മന്ത്രിമാരോടാജ്ഞാപിച്ചു. സംയുക്തയെ തൽക്ഷണം പിടിച്ചുകൊണ്ടുപോയി. അവിടെ കൂടിയിരുന്ന പ്രഭുക്കളും, അധികാരികളും തങ്ങളുടെ നാട്ടിലേക്കു യാത്ര തിരിച്ചു.

ഈ വത്തമാനം ഡൽഹിയിൽ എത്തി കാനൌജിലെ രാജകുമാരി പ്രവത്തിച്ചതും അവരുടെ ധീരപ്രവൃത്തിക്കു അവരെ ശിക്ഷിച്ചതും പൃഥിരാജൻ അറിഞ്ഞു. പൃഥിരാജൻ ഇതെല്ലാം കേട്ടു ഉടനെ ജയചന്ദ്രൻെറ രാജ്യത്തിലേക്കു പുറപ്പെടുവാൻ ഒരുങ്ങിക്കൊള്ളേണ്ടതിന്നു തൻെറ പട്ടാളത്തിനു

കല്പനകൊടുത്തു. പൃഥിരാജൻ വന്നു യുദ്ധം ചെയ്തു. യുദ്ധം ഭയങ്കരമായി നടന്നു. ജയചന്ദ്രൻ യുദ്ധത്തിൽ തോല്ക്കുകയും പൃഥിരാജൻ രാജകുമാരിയെ കാരാഗൃഹത്തിൽനിന്നു വിട്ടുവിച്ചു ഡൽഹിയിലേക്കു കൊണ്ടുപോകുകയും ചെയ്തു. പൃഥിരാജൻ അവരെ സകല ആഘോഷത്തോടും ആഡംബരത്തോടുംകൂടെ വിവാഹം ചെയ്തു.

ജയചന്ദ്രൻ ഡൽഹിയിലെ രാജാവിനോടു യുദ്ധം ചെയ്വാൻ പോകുകയുണ്ടായില്ല. എങ്കിലും ഇതെല്ലാം ജയചന്ദ്രന്റെ ചിത്തത്തിൽ പ്രധൂമിതമായിരുന്നു. ദുഃഖകരമായ ഈ കുഡുംബകലഹം കഴിഞ്ഞ ഉടനെ മുസൽമാൻമാരുടെ രാജാവായ മഹമ്മദ്, സകലത്തെയും നശിപ്പിക്കുന്ന ഭയങ്കരമായ ഒരുകൊടുങ്കാറെറന്നപോലെ, ഇന്ത്യയിലേക്കു വന്ന് ആക്രമിക്കാൻതുടങ്ങി. ദേവാലയങ്ങളെ തട്ടിത്തകൎക്കുകയും വിഗ്രഹങ്ങളെ നശിപ്പിക്കുകയും ഗ്രാമങ്ങളിൽ കടന്നു കൊള്ളയിട്ടു കൊള്ളിവെക്കുകയും, സാധുക്കളായ അസംഖ്യം സ്ത്രീകളെ തടവുകാരാക്കി അവരെ കാമപാരവശരായ യോദ്ധാക്കൾക്കു എന്നെന്നേക്കും അടിമകളായിരിക്കത്തക്കവണ്ണം ഏല്പിച്ചുകൊടുക്കയും ചെയ്തു. മഹമ്മദും അയാളുടെപരിവാരങ്ങളും കടന്നുപോകുന്ന രാജ്യങ്ങളിലൊക്കയും അവമാനവും മരണവുമല്ലാതെ മറെറാന്നും ഇല്ലെന്നു തന്നെ പറയാം. ഹിന്തുവംശാന്തകരായ ഇവരെ ശിക്ഷിച്ചു ഓടിച്ചുകളയുന്നതിൽ കാലവിളംബം പാടില്ലാത്തതാണ്. തങ്ങളുടെ രാജ്യത്തുള്ള സ്ത്രീകളുടെ മാനത്തേയും ക്ഷേത്രങ്ങളുടെ വിശുദ്ധിയേയും, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെയും പാലിക്കേണ്ടതിന്നായി യുദ്ധം ചെയ്കു അത്യാവശ്യം എന്നുള്ള വിവരം പൃഥിരാജൻ എല്ലാ രാജാക്കന്മാരേയും, അധികാരികളേയും അറിയിച്ചു. പൃഥിരാജന്റെ ഈ അഭിപ്രായത്തെ ശ്ലാഘിച്ചുകൊണ്ടു സകലരും വേഗേന ഡൽഹിയിൽ എത്തി. എന്നാൽ ജയചന്ദ്രൻ ഗുണകരവും ശ്ലാഘനീയവുമായിട്ടുള്ളതിനെ മറന്നുകൊണ്ടു,

വൈരനിയ്യാതനചിന്തയോടെ, ഇതിൽനിന്നു പിന്മാറിക്കുള ത്തതേയുള്ളൂ.

ഹിന്തുക്കളും മഹമ്മദിയരും തമ്മിൽ തിരൌരിമൈതാനത്തിൽവെച്ചു വലുതായ ഒരു യുദ്ധം ഉണ്ടായി. മഹമ്മദും അയാളുടെ സൈന്യവും തോററു. അസംഖ്യം മഹമ്മദീയർ വാളിന്നിരയായി. 'ജീവനേ ശരണം' എന്ന നിലയിൽ ശോറി ഓടി രക്ഷ പ്രാപിച്ചു എന്നല്ലേ പറയേണ്ടു.

പൃഥിരാജന്റെ വിജയത്തിൽ ജയചന്ദ്രന്നു വ്യസനമാണുണ്ടായത്. തന്റെ പ്രധാനശത്രുവായ പൃഥിരാജന്റെ വിജയം ഒഴികെയുള്ള സകല സംഗതികളും ജയചന്ദ്രനു സഹിക്കാമായിരുന്നു. വൈരനിയ്യാതനചിന്തമൂലം ജയചന്ദ്രൻ നിന്ദ്യവും ലജ്ജാവഹവുമായ പ്രവൃത്തികഠം ചെയ്തു. അദ്ദേഹം മഹമ്മദിന്റെ അടുക്കലേക്കു ആളയച്ചു, വീണ്ടും ഇന്ത്യയിലേക്കു വരേണമെന്നും, ഈ കായ്യത്തിൽ പരസ്യമായി സഹായിപ്പാൻ താൻ സന്നദ്ധനായിരിക്കുന്നു എന്നും പൃഥിരാജനും മററു പ്രഭുക്കളും തമ്മിലുള്ള സഖ്യത്തെ താൻ നശിപ്പിച്ചിരിക്കകൊണ്ടു ഇത്തവണ പൃഥിരാജനെ സഹായിപ്പാൻ ആരുമുണ്ടാകയില്ലെന്നും പറയിച്ചു.

ജനങ്ങളെ അവമാനിക്കയും നാട്ടിൽ കൊള്ളയിടുകയും ചെയ്യുന്നതിൽ വിരുതനായ ആ വലിയ ശത്രുവിനെ ക്ഷണിക്ക മാത്രം ചെയ്താൽ മതിയെന്നു കരുതി തൃപ്തിപ്പെടുകയല്ല ജയചന്ദ്രൻ ചെയ്തത്. ഭരണകത്താക്കഠം തമ്മിൽ കലഹിക്കുന്നതിന്നു വേണ്ട സകല ശ്രമവും ചെയ്തു. ഇതു നിമിത്തം മററു രാജാക്കന്മാരിലാരും പൃഥിരാജനെ സഹായിച്ചില്ല. പൃഥിരാജൻ അനന്യസഹായനായി ശത്രുവിനോടു നേരിടേണ്ടിവന്നു. കൊള്ളരുതാത്ത ജയചന്ദ്രൻ പരസ്യമായി ശത്രുപക്ഷത്തിൽ ചേന്നു സൈന്യത്തോടുകൂടി മഹമ്മദിനെ എതിരേല്പാൻ ചെന്നു.

ജയചന്ദ്രൻ സൈന്യസമേതനായി യമുനാതീരത്തിങ്കൽ പാളയമടിച്ചു, മഹമ്മദീയ സൈന്യസമൂഹത്തിൻെറ ആഗമനത്തെ പ്രതിദിനം പ്രതീക്ഷിച്ചുകൊണ്ടിരുന്നു. യുദ്ധമദ്ധ്യേ പൃഥ്വിരാജൻ തോററാൽ തനിക്കുണ്ടാകുന്ന സന്തോഷാതിരേകത്തെപ്പററി ജയചന്ദ്രൻ ഒരു ദിവസം ഏകനായി തൻെറ കൂടാരത്തിൽ ഇരുന്നുംകൊണ്ടു ചിന്തിക്കയായിരുന്നു. ഈ അവസരത്തിൽ ഒരു ഭടൻ വന്നു രാജാവിനെ അഭിവാദ്യം ചെയ്തു, 'ശത്രുപക്ഷത്തിലെ ഒരു യോദ്ധാവു തിരുമുഖം കാണ്മാനപേക്ഷിക്കുന്നു' എന്നുണത്തിച്ചു. 'എന്ത്? ശത്രുപക്ഷത്തിലെ ഒരു ഭടനോ? അവനു വേണ്ടതെന്ത്?' എന്നു രാജാവു ചോദിച്ചു. 'ഒരു രാജദൂതനാണ്. അതിനാൽ അടിയങ്ങളുടെ സ്ഥലത്തിൻെറ മദ്ധ്യത്തിൽകൂടി അയാളെ കടത്തിവിട്ടു. അടിയൻ അദ്ദേഹത്തെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്' എന്നു ഭടൻ തിരുമനസ്സറിയിച്ചു. 'അവനെ ഇങ്ങോട്ടു കൊണ്ടുവരികയാണോ ചെയ്തത്? നീ പുറത്തുപോയി അവനെ ഇങ്ങോട്ടയയ്ക്കൂ' എന്നു രാജാവു കല്പിച്ചു വാളെടുപ്പാൻ എഴുന്നേററു.

ഒരു ഭടൻ അകത്തേക്കു കടന്നു വന്ദനം ചെയ്തു കാല്ക്കൽ വീണു. ജയചന്ദ്രൻ വിസ്മയഭരിതനായി 'നിനക്കെന്തുവേണം?' എന്നു ചോദിച്ചു. 'പിതാവേ! ഞാൻ അനുഗ്രഹമപേക്ഷിക്കാനാണ് വന്നിരിക്കുന്നത്. ഞാൻ എൻെറ രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്വാൻ പോകയാണ്. പിതാവിൻെറ അനുഗ്രഹമുണ്ടെങ്കിൽ ജയം നിശ്ചയം. അതുകൊണ്ടു ശത്രുവിനോടെതിപ്പാനായി എന്നെ അനുഗ്രഹിച്ചയയ്ക്കണം' എന്നു ഭടവേഷം ധരിച്ച സംയുക്ത പറഞ്ഞു. ജയചന്ദ്രൻ അഞ്ചു മിനിട്ടുനേരം തൂണുപോലെ നിന്നതിന്നു ശേഷം പറവാൻ ഭാവിച്ച് അവളെ സൂക്ഷിച്ചു നോക്കി; 'നീയാണ് ഇതിനെല്ലാററിനും കാരണം. സമയം തെററി; പൊയ്ക്കൊൾകവേണ്ടു' എന്നു പറഞ്ഞു. 'അച്ഛന് അവമാനം അനുഭവി

പ്പാനിരിക്കുന്ന സ്ത്രീകളേയും നാശോന്മുഖങ്ങളായ വിഗ്രഹങ്ങളേയും അശുദ്ധപ്പെടുത്തുവാൻ പോകുന്ന ക്ഷേത്രങ്ങളേയും കാക്കേണമേ' എന്നു പറഞ്ഞു തീരുന്നതിന്നു മുമ്പായി രാജാവു, 'മതി മതി; സമയം തെറ്റി; പൊയ്ക്കൊൾക' എന്നു പറഞ്ഞു. 'എന്റെ പ്രാൎത്ഥനകളെല്ലാം വ്യൎത്ഥമായി ഭവിക്കുമോ?' എന്നു ചോദിച്ചുകൊണ്ടു രാജകുമാരി എഴുന്നേററു. അവൾ കോപയുക്തയായ സിംഹി എന്നപോലെ തന്റെ പിതാവിന്റെ നേരെ തിരിഞ്ഞു, 'പിതാവു നമ്മുടെ മഹാന്മാരായ പൂൎവ്വന്മാൎക്കു അവമാനത്തേയും ലജ്ജയേയും വരുത്തുന്നതിന്നു മുമ്പായി സ്വന്ത പുത്രിയെ കൊല്ലണം. അച്ഛൻ മഹമ്മദീയരോടു ചെന്നു് സ്വരാജ്യത്തെ അവൎക്കു വില്ക്കുന്നു. കഷ്ടം!' എന്നു പറഞ്ഞു.

ജയചന്ദ്രൻ കൂടാരത്തിൽനിന്നു പുറത്തിറങ്ങി, തന്നെ കാണ്മാനായി വന്ന ഭടൻ അപകടം ഒന്നും കൂടാതെ സ്വന്തം പാളയത്തിൽ ചെന്നുചേരുവാൻ വേണ്ട കരുതൽ ചെയ്യേണമെന്നു് ആജ്ഞാപിച്ചു. ഇതിന്റെ ശേഷം ജയചന്ദ്രൻ കുതിരപ്പുറത്തു കയറി മഹമ്മദീയർ പാളയമടിച്ചുകിടക്കുന്ന സ്ഥലത്തേക്കോടിച്ചുപോയി. സംയുക്ത കാൽ മണിക്കൂറു നേരം അവിടെ താമസിച്ചതിന്നു ശേഷം, പുറത്തുവന്നു പിതാവിനെ നോക്കി; എങ്കിലും അവിടെ എങ്ങും കണ്ടില്ല. അനന്തരം അവർ അവിടെനിന്നു പുറപ്പെട്ടു ഭൎത്താവിന്റെ അരികത്തെത്തി.

ഇത്തവണ ജയം സിദ്ധിക്കയില്ലെന്നു പൃഥ്വിരാജാവറിഞ്ഞു. സംയുക്തയും ഈ തത്വം ഗ്രഹിക്കാതിരുന്നില്ല. ഭാൎയ്യയും ഭൎത്താവും തമ്മിൽ യാത്രപറഞ്ഞുപിരിഞ്ഞു. സ്ത്രീകളുടെ ബഹുമാനത്തെ പാലിക്കേണ്ടതിന്നായി രാജ്ഞി ഡൽഹിയിലേക്കു പോകയും തന്റെ ആളുകൾ തങ്ങളെത്തന്നെ അവമാനിക്കാതിരിക്കേണ്ടതിന്നായി പൃഥ്വിരാജൻ പോൎക്കളത്തിൽ തന്നെ പാൎക്കയും ചെയ്തു. 'ജീവനാഥ! എനിക്കു ജീ

വനുള്ളേടത്തോളം, യുദ്ധഭൂമിയിൽനിന്നു പിൻതിരിഞ്ഞു എന്നെത്തന്നെ ഞാൻ അവമാനിക്കയില്ല. എന്റെ എല്ലാം ഭടന്മാരും അപ്രകാരംതന്നെ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു' എന്നു രാജാവു പറഞ്ഞു. 'പ്രിയ ഭർത്താവേ! അതു നിമിത്തമാണ് ഞാൻ ഭവാനെ ഇവിടെവെച്ചു വിട്ടുപിരിയുന്നത്. ഞാൻ ഡൽഹിയിലേക്കു മടങ്ങിച്ചെല്ലാതിരുന്നാൽ ആ സാധുക്കളെല്ലാവരും ഭയഗ്രസ്തരായിരിക്കും. എന്നാൽ എന്റെ പിതാവു തന്റെ സ്നേഹിതന്മാരോടുകൂടെ ഡൽഹിയിലേക്കു വരുമ്പോൾ ജീവനുള്ള ഒരു സ്ത്രീയെപ്പോലും അവർ അവിടെ കാണുകയില്ലെന്നു ഉറച്ചുകൊള്ളുകയേ വേണ്ടു' എന്നു രാജ്ഞി പറഞ്ഞു.

യുദ്ധം കലശലായിട്ടാരംഭിക്കുന്നതിനു കുറെ മാസം കഴിയേണ്ടിവന്നു. യുദ്ധം ആരംഭിപ്പാൻ ഇരുകക്ഷികൾക്കും അത്ര മനസ്സുണ്ടായിരുന്നില്ല. ഒരു കക്ഷി മറ്റേ കക്ഷിയെ ഭയപ്പെടുവാൻതക്കവണ്ണം ഇരുഭാഗത്തും സൈന്യമുണ്ടായിരുന്നു. പൃഥിരാജൻ ശത്രുക്കളുടെ ആക്രമണത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. പൃഥിരാജനോടെതൃപ്പാൻ ഒരുങ്ങേണ്ടതിലേക്കായി ശത്രുക്കൾ ഏതാനും മാസം ക്ഷമിച്ചിരിക്കേണ്ടി വന്നു. ഈ മാസങ്ങളിലെല്ലാം ഡൽഹിയിൽ സംയുക്തയുടെ ഭക്ഷണപാനീയങ്ങൾ അപ്പവും പച്ചവെള്ളവും മാത്രമായിരുന്നു. അവിടെ അവർ സന്യാസാശ്രമജീവിതക്രമത്തെ കൃത്യമായി ദീക്ഷിച്ചുകൊണ്ടിരുന്നു. അവരുടെ പ്രശംസാവഹമായ ഉത്തമദൃഷ്ടാന്തത്തെ കണ്ടു് അവിടത്തെ മററു സ്ത്രീകളും അതുപ്രകാരംതന്നെ ചെയ്തുവന്നു. മരിപ്പാൻ യാതൊരു മടിയും അവക്കുണ്ടായിരുന്നില്ല. രാജ്ഞി മുതൽ ഭിക്ഷ യാചിച്ചു നടക്കുന്ന സ്ത്രീ വരേയുള്ള സകലരും തങ്ങളുടെ രാജ്യത്തിന്നു സ്വാതന്ത്ര്യം ലഭിപ്പാനും, യുദ്ധത്തിൽ ജയം പ്രാപിപ്പാനുമായി രാപ്പകൽ പ്രാത്ഥിച്ചുകൊണ്ടിരുന്നു.

ഒടുവിൽ യുദ്ധം ആരംഭിച്ചു. മുമ്പുകൂട്ടി വിചാരിച്ചിരു

ന്നതുപോലെ ഹിന്തുസൈന്യം മുഴുവനും നശിച്ചു. അവരെല്ലാവരും മരിക്കുന്നതുവരെ യുദ്ധം ചെയ്തു. അവരിൽ ഒരുവൻ പോലും കീഴടങ്ങുകയുണ്ടായില്ല. രാജാവിൻെറ മൃതശരീരം അനേകം മുറിവുകളോടു കൂടിയതായി, വിശ്വസ്തരായ ആശ്രിതന്മാരുടെ ശവങ്ങൾക്കടിയിൽ കണ്ടെത്തപ്പെട്ടു. മഹമ്മദുഗോറി പൂൎണ്ണ ജയപ്രാപ്തനായി. അയാൾ മുമ്പുകൂട്ടി വിചാരിക്കാത്തെയുള്ള ജയപ്രാപ്തിയിൽ തനിക്കുള്ള സന്തോഷത്തെ ജയചന്ദ്രനെ അറിയിച്ചു. ഈ അവസരത്തിൽ ജയചന്ദ്രന് ഇച്ഛാഭംഗമാണുണ്ടായത്. ഇദ്ദേഹത്തിൻെറ വലിയ ശത്രുവിൻെറ അധഃപതനത്തോടുകൂടി അദ്ദേഹത്തിനു വലിയ ഭാഗ്യമനുഭവിക്കുവാൻ സംഗതി വരുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. പൃഥിരാജൻ മരിച്ചുകഴിഞ്ഞപ്പോൾ നിർഭാഗ്യാവസ്ഥയാണ് ജയചന്ദ്രനുണ്ടായത്.

തങ്ങളുടെ കൂട്ടത്തിൽ മരിച്ചവരെ കുഴിച്ചിടുകയും ദഹിപ്പിക്കയും ചെയ്തതിൻെറ ശേഷം അവർ ഡൽഹിയിലേക്കു തിരിച്ചു. അവർ ആ പട്ടണത്തിലേക്കു കടന്നപ്പോൾ രാജഭവനത്തിൻെറ മുൻഭാഗത്തു ഒരു വലിയ ചിത കത്തിജ്ജ്വലിക്കുന്നതായി കണ്ടു. ഒരു രാജ്ഞി തൻെറ ഭവനത്തിലേക്കു പ്രവേശിക്കുമ്പോലെ സംയുക്ത ചിതയിലേക്കു പ്രവേശിച്ചു. രാജഭവനത്തിലുള്ള മററു സ്ത്രീകൾ സംയുക്തയുടെ പിന്നാലെ ചിതാപ്രവേശംചെയ്തു. ആ നഗരത്തിലെ എല്ലാസ്ത്രീകളും രാജ്ഞിയുടെ ഉത്തമദൃഷ്ടാന്തത്തെ പിന്തുടൎന്നു. ഡൽഹിയിലെ പുരുഷന്മാർ തങ്ങളുടെ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തേയും, സ്ത്രീകൾ തങ്ങളുടെ ബഹുമാനത്തേയും പാലിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി എല്ലാവരും മരിച്ചു.

ജയചന്ദ്രനു വലുതായ മനോവേദനയുണ്ടായി. എങ്കിലും സമയം തെററിപ്പോയതുകൊണ്ട് അതിനാലെന്തു പ്രയോജനം? അദ്ദേഹം തൻെറ സൈന്യത്തെ കൂട്ടിക്കൊണ്ടു സ്വരാജ്യത്തേക്കു പോയി. അദ്ദേഹം തൻെറ സ്നേഹിതനെ

നു വിചാരിച്ചിരുന്ന മഹമ്മദുഗോറി, അടുത്ത കൊല്ലത്തിൽ തന്നെ അദ്ദേഹത്തെ തോല്പിച്ചു, രാജ്യം പിടിച്ചടക്കി ഡൽഹിയിലെ മഹമ്മദീയസാമ്രാജ്യത്തോടു ചേൎക്കയും, അദ്ദേഹത്തിന്റെ കഴുത്തറുത്തു കളകയും ചെയ്ത വിവരം ചരിത്രം വായിക്കുന്ന എവൎക്കും അറിയാവുന്നതാണ്.

## ൨. പത്മിനി.

പന്ത്രണ്ടാം നൂററാണ്ടിന്റെ പ്രാരംഭകാലത്ത് ഉത്തര ഇന്ത്യയിലെ രാജ്യങ്ങളിൽ ഏററവും ശക്തിമത്തായിട്ടുണ്ടായിരുന്നതു മീവാർ രാജ്യമായിരുന്നു. അതിന്റെ തലസ്ഥാനമായ ചിററർ, ചരിത്രപ്രസിദ്ധമായ രാജപുത്രസ്ഥാനത്തിലെ ഏററവും വിഖ്യാതമായ നഗരമായിരുന്നു. അതു വീൎയ്യം, പരിഷ്കാരം, പ്രതാപം, മഹിമ, സൌന്ദൎയ്യം എന്നിങ്ങിനെ തുടങ്ങിയ സൎവ്വൈശ്വൎയ്യങ്ങളുടേയും കേന്ദ്രസ്ഥാനമായിരുന്നു. ഈ കഥാപ്രസംഗകാലത്ത് അവിടെ വാണിരുന്ന രാജാവിന്റെ തിരുനാമം 'മഹാറാണ ലക്ഷ്മണസിംഹൻ' എന്നാണ്. അദ്ദേഹം പ്രായം തികയാത്ത കുമാരനായിരുന്നതിനാൽ രാജ്യഭാരം മാതുലനായ ഭീമസിംഹനിൽ നിക്ഷേപിക്കപ്പെട്ടിരുന്നു. യുദ്ധത്തിലും ആസ്ഥാനമണ്ഡപത്തിലും അദ്ദേഹത്തിനു തുല്യം നിപുണനായി മററാരും ഇല്ലായിരുന്നു. പ്രജകൾക്ക് ഇത്ര ക്ഷേമകരമായ രാജ്യഭാരം മീവാർ രാജ്യത്തിൽ മറെറാരിക്കലും ഉണ്ടായിട്ടില്ല. രാജ്യത്തിൽ എവിടേയും സമാധാനവും സന്തുഷ്ടിയും പരിപൂൎണ്ണമായിരുന്നു. ഭീമസിംഹൻ സകലരുടേയും പ്രേമത്തിനും, സ്തുതിക്കും, അൎച്ചനക്കും അൎഹനാകയും ചെയ്തു.

എന്നാൽ അപ്രതീക്ഷിതമായി മീവാർ രാജ്യവാസികളുടെ സമാധാനത്തിനും ക്ഷേമത്തിനും അറുതി വന്നു. മഹമ്മദീയരുടെ ഭയങ്കരരാജാവായ അലാവുദ്ദീൻ ഉത്തര ഇന്ത്യ

യെ മുഴുവൻ ആക്രമിച്ചു നഗരങ്ങളെ കൊള്ളയിടുകയും ക്ഷേത്രങ്ങളെ ഇടിച്ചു തകൎക്കുകയും വിഗ്രഹങ്ങളെ തട്ടിയുടയ്ക്കുകയും ജനങ്ങളെ ആബാലവൃദ്ധം നിഷ്ഠുരണം വാളിന്നൂണാക്കുകയും ചെയ്തുകൊണ്ട് ആ ദുഷ്ടൻ മീവാർ രാജ്യത്തിന്റെ സമീപത്തെത്തി. ആ രാജ്യം ധീരന്മാരും പ്രബലന്മാരുമായ രജ വൎഗ്ഗക്കാരാൽ പാലിക്കപ്പെട്ടിരിക്കുന്നതായി അവർ കണ്ടു. അത്ര ബലവത്തായ ഒരു രാജ്യത്തോട് എതിൎത്തു താൻ അതുവരെ സമ്പാദിച്ച യശസ്സിനെ പണയത്തിലാക്കുവാൻ അവനു വളരെ വൈമനസ്യമുണ്ടായിരുന്നതിനാൽ, വാരിധിപോലെ പരന്ന അവന്റെ വൻപടയെ അന്യദിക്കിലേക്കു നയിക്കുവാൻ ആലോചിക്കുമ്പോഴാണ് രാജപ്രതിനിധിയായ ഭീമസിംഹന്റെ ധൎമ്മപത്നിയായ പത്മിനിദേവിയുടെ അസാധാരണവും, ഉപമാതീതവുമായ സൌന്ദൎയ്യാതിശയത്തെപ്പററി ആ ഖലൻ കേട്ടത്. അവന്റെ ആന്തരവികാരങ്ങളിൽ പ്രഥമഗണനീയങ്ങൾ കാമലോഭങ്ങളായിരുന്നതിനാൽ തൽക്ഷണം അവൻ അവിടെത്തന്നെ സേനയെ നിൎത്തി പാളയമടിച്ചു. ആദ്യം അവൻ ഉദ്ദിഷ്ടസാദ്ധ്യത്തിന്നായി ആരുമറിയാതെ യത്നങ്ങൾ ചെയ്തു. അവൻ ഗൂഢചാരന്മാരെ നഗരത്തിലേക്കയച്ച് അവർ മുഖാന്തരം, അഭിസാരിണികളായ കുലടകൾക്കു കോഴ കൊടുത്തു സ്വാധീനപ്പെടുത്തി റാണിയോട് ഉടമ്പടി ചെയ്വാൻ ഉത്സാഹങ്ങൾ ചെയ്തു. എന്നാൽ ചാരിത്രശുദ്ധി മുതലായ സന്മാൎഗ്ഗനിഷ്ഠകളെപ്പററി അവനുണ്ടായിരുന്ന ജ്ഞാനത്തിന്റേയും ആലോചനയുടേയും അതൃത്തിയിൽനിന്ന് എത്രയോ വിദൂരമായ ഒരു സ്ഥാനത്തിൽ ആരോഹണം ചെയ്തിട്ടുള്ള പത്മിനിയെ സംബന്ധിച്ചു താൻ വിചാരിച്ചതു കേവലം തെററായിപ്പോയി എന്ന് അവൻ കണ്ടു. ഇപ്രകാരം തന്റെ ഗൂഢാലോചനകൾ വിഫലങ്ങളായി എന്നു കേട്ടപ്പോൾ ആ മഹമ്മദീയൻ അവന്റെ മഹാസൈന്യത്തെ ചിറ്റൂർ നഗരത്തിനു നേരെ നയിച്ച്

ആ വിശേഷപ്പെട്ട നഗരത്തെ നിരോധിച്ചു. എന്നാൽ അതിതീക്ഷ്ണമായ സൽക്കാരമാണ് അവനു ലഭിച്ചത്. ആയുധങ്ങൾ ആയുധങ്ങളോടിടഞ്ഞു. മീവാറിലെ ധീരപുത്രന്മാർ അവരുടെ കോട്ടസ്ഥാനമായ ശിലാസമുച്ചയംപോലെ സുസ്ഥിരന്മാരായിരുന്നു. അതി ഘോരമായ ആയോധനങ്ങൾ ഉണ്ടായി. രാത്രിയും പകലും ഇടസ്സിടെ യുദ്ധങ്ങൾ നടന്നുകൊണ്ടിരുന്നു. രാജപുത്രന്മാർ മരിക്കുന്നതിനോ അല്ലെങ്കിൽ വിജയം നേടുന്നതിനോ സന്നദ്ധന്മാരായി. നേരേമറിച്ചു മഹമ്മദീയർ രാജ്യത്തെ ആക്രമിച്ചു പിടിച്ചടക്കുന്നതിനും ഒരുങ്ങി. പത്മിനിയെ കരസ്ഥമാക്കാത്തപക്ഷം താൻ കൽപ്രദേശമായ രാജപുത്രസ്ഥാനത്തിൽ പ്രാണൻ കളയുന്നതാണെന്ന് അലാവുദ്ധീൻ ഒരു പ്രതിജ്ഞയും ചെയ്തു.

അനേകം മാസങ്ങൾ ഈ വിധം കഴിഞ്ഞിട്ടും മഹാനഗരിയായ ചിറവർ മഹമ്മദീയരുടെ അക്ഷീണമായ നിരോധത്തെ തടുത്തു നിന്നു. എന്നാൽ ആ പുരത്തിലെ രക്ഷാസൈന്യങ്ങളുടെ സംഖ്യ നാൾക്കുനാൾ കുറഞ്ഞു വന്നു. മഹമ്മദീയർ അവരുടെ എണ്ണത്താൽ വിജയോന്മുഖന്മാരായി. ഭീമസിംഹൻ ആ നഗരത്തെ അവസാനം വരെ കാത്തു. എന്നാൽ ഒടുവിൽ അദ്ദേഹത്തിനു നിവൃത്തിയില്ലാതായിത്തീർന്നു. അദ്ദേഹത്തിൻെറ ഭടന്മാർ മിക്കപേരും മരിച്ചും മുറിയേററും നശിച്ചുപോയി. അതിനാൽ ഒടുവിൽ ഭീമസിംഹൻ സമാധാനത്തിനായിട്ട് അപേക്ഷിക്കുകയും അതിന്നായി ധനം കൊടുക്കാമെന്നറിയിക്കുകയും ചെയ്തു. ഈ വിധമുള്ള ആലോചന നടത്തുന്നതിന്ന് അദ്ദേഹത്തിനു വളരെ വൈമനസ്യമുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ധീരശിരോമണിയായ ആ മഹാപുരുഷന് ഇവ്വണ്ണമുള്ള അവമാനത്തേക്കാൾ മരണം കാമ്യമായിരുന്നു. എന്നാലും തൻെറ പ്രിയപ്പെട്ട പ്രജകളുടെ ക്ഷേമത്തിനുവേണ്ടി ശ്രേഷ്ഠനായ അദ്ദേഹം എല്ലാററിനും കീഴടങ്ങി. എന്നാൽ മഹാകഷ്ടം! രാക്ഷ

സബുദ്ധിയും ക്രൂരനും കാമപാരവശ്യത്താൽ മതിമറന്നവനുമായ അലാവുദ്ധീൻ സമാധാനത്തിനുള്ള ആലോചനകളെയെല്ലാം ധിക്കരിച്ചു. രാജപുത്രന്മാർക്ക് സമാധാനലബ്ധിക്ക് ഒരു മാർഗ്ഗം മാത്രമേയുള്ളു എന്നും അതു അവരുടെ പ്രിയരാജ്ഞിയായ പത്മിനിയെ തന്റെ കാമസമ്പ്രാപ്തിക്കായി കൈവിട്ടു തരുന്നതാണെന്നും ആ നീചൻ മറുപടി പറഞ്ഞയച്ചു. ഈ അവമാനകരമായ ഉടമ്പടിയെ രാജപുത്രന്മാർ ഐകകണ്ഠ്യേന നിരസിക്കയും, മരണാന്തംവരെ പോർചെയ്വാൻ ഉറയ്ക്കുകയും ചെയ്തു. ഇപ്രകാരം യുദ്ധം വീണ്ടും ആരംഭിക്കയും നിരോധം അഭിന്നമായിത്തന്നെ നിൽക്കയും ചെയ്തു.

ഇങ്ങിനെ ഏകദേശം ഒന്നരക്കൊല്ലത്തോളം കഴിഞ്ഞിട്ടും അലാവുദ്ധീനു രാജപുത്രതലസ്ഥാനം കൈവശപ്പെടുത്തുവാൻ സാധിച്ചില്ല. ഘോരമായ കൊടുങ്കാററിനാൽ ഇളകിമറിയുന്ന മഹാസമുദ്രത്തിലെ, തള്ളി അലയുന്ന തിരമാലകളുടെ ഇടവിടാതെയുള്ള സംഘട്ടനത്തെ ഉറച്ച പാറകൾ ഏതുവിധം തൃണപ്രായമായി കരുതുന്നുവോ അപ്രകാരം മഹമ്മദീയന്റെ അനന്തസൈന്യങ്ങളുടെ കഠോരമായ ആക്രമണത്തെ രാജപുത്രന്മാർ തടുത്തു നിന്നു പോരാടി. വീരനായ മഹമ്മദീയന് ഒടുവിൽ മനസ്സു മടുത്തു യുദ്ധം മതിയെന്നു തോന്നി. ചിറവൂർ നഗരത്തേയും രാജപുത്രന്മാരേയും ഇതിലധികം ഉപദ്രവിക്കാതെ വിട്ടുപോകുന്നതിന് അവന് അർദ്ധമനസ്സായി. എന്നാൽ പത്മിനിയെ കിട്ടുമോ ഇല്ലയോ എന്ന് ഒന്നുകൂടി പരീക്ഷിച്ചുനോക്കാതെ പിൻമാറുന്നതിന് അവന്റെ അഭിമാനം സമ്മതിച്ചില്ല. അതിനാൽ അവൻ സമാധാനം നൽകാമെന്ന് ഉറച്ചു, പത്മിനിയെ ഒരു കണ്ണു കാണിച്ചുതന്നാൽ താൻ സന്തോഷത്തോടുകൂടി രാജപുത്രന്മാരുമായി സന്ധിചെയ്തു ചിറവൂരിൽനിന്നൊഴിഞ്ഞുപോകുവാൻ ഒരുക്കമാണെന്നു ദൂതന്മാർമുഖേന ഭീമസിംഹനെ അറിയിച്ചു.

ഇക്കാലത്തു രാജപുത്രന്മാർ വളരെ കഷ്ടത്തിലായിരുന്നതിനാൽ അവർ സൈനികനിയമാനുസരണമായ ഒരു യോഗംകൂടി കാൎയ്യാലോചന ചെയ്കയും ഒടുവിൽ പത്മിനിയുടെ ഛായ ഒരു കണ്ണാടിയിൽകൂടി കണ്ടു തൃപ്തിപ്പെടുവാൻ അലാവുദ്ധിൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യുന്നതിന് അനുവദിക്കാമെന്നും, എന്നാൽ അയാൾ സ്വല്പം ചില അനുചരന്മാരോടുകൂടി മാത്രമേ കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുവാൻ പാടുള്ളൂ എന്നും തീൎച്ചയാക്കുകയും ചെയ്തിട്ടു വിവരം അയാളെ അറിയിച്ചു. ഈ ആലോചനയെ അലാവുദ്ധീൻ സ്വീകരിച്ചതിനാൽ ഒരു ദിവസം നിശ്ചയിക്കയും, യുദ്ധം നിൎത്തുകയും ചെയ്തു. നിശ്ചയിച്ച ദിവസം അലാവുദ്ധിൻ ഉടമ്പടിപ്രകാരം കോട്ടയ്ക്കുള്ളിൽ വന്നു പത്മിനിയെ ഒരു കണ്ണാടിയിൽകൂടി കണ്ടു. അനന്തരം അയാൾ അത്യന്തം സന്തുഷ്ടനായപോലെ ഭാവിക്കയും, രാജ്യത്തെ ആക്രമിച്ചതിനു പല പ്രകാരത്തിൽ ഭീമസിംഹനോടു ക്ഷമായാചനം ചെയ്കയും, ചിറ്റൂരിന്റെ ഉററ ബന്ധുവായി ആജീവനാന്തം ഇരുന്നുകൊള്ളാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. അയാൾ ഭീമസിംഹനോട് ഇങ്ങിനെ പറഞ്ഞു:— 'എന്റെ സ്നേഹിത! ഭവാന്റെ വംശക്കാരായ രാജപുത്രന്മാർ ഇത്രത്തോളം ശൌൎയ്യപരാക്രമമുള്ളവരാണെന്നും അവരുടെ രാജപ്രതിനിധിയായ അങ്ങുന്ന് ഈ വിധം കീൎത്തിമാനും ശ്രേഷ്ഠനുമാണെന്നും ഞാൻ മുമ്പിൽ അറിഞ്ഞിരുന്നെങ്കിൽ അങ്ങയുടെ വൈരിയാകുന്നതിനു പകരം മൈത്രിയെ കാംക്ഷിക്കുമായിരുന്നു. ഏതായാലും ഇപ്പോഴെങ്കിലും അങ്ങയുടെ സ്നേഹം സമ്പാദിക്കുവാൻ എനിക്കു സാധിച്ചതിനാൽ ഞാൻ കൃതാൎത്ഥനായി. ഇനി മേലാൽ എല്ലാ കാലത്തും മഹമ്മദീയരും രാജപുത്രന്മാരും സഖികളായിട്ടേ ഇരിക്കയുള്ളൂ. നാം തമ്മിലുള്ള വൈരം ഇപ്പോൾ അവസാനിച്ചിരിക്കുന്നു' എന്നു പറഞ്ഞ് അലാവുദ്ധിൻ ഭീമസിംഹന്റെ കൈപിടിച്ചുകൊണ്ടു

പിന്നെയും ഇപ്രകാരം അപേക്ഷിച്ചു:— 'നാം തമ്മിൽ പിരിയുന്നതിന്നു മുമ്പിൽ എനിക്കു അങ്ങയോട് ഒരു പ്രാൎത്ഥന ചെയ്വാനുണ്ട്. അങ്ങ് എന്നെ അക്കാൎയ്യത്തിൽ ഭഗ്നാശയനാക്കുകയില്ലെന്നു വിശ്വസിക്കുന്നു. ധീരനായ അങ്ങ് എന്റെ പാളയത്തിൽ വന്ന് അങ്ങയുടെ മാന്യമായ സാന്നിദ്ധ്യംകൊണ്ട് അതിനെ അലങ്കരിക്കണം. ഇതാണ് എന്റെ അപേക്ഷ.' ശ്രേഷ്ഠബുദ്ധിയും സത്യവാനും നിഷ്കളങ്കനുമായ ആ രാജപുത്രവീരൻ ഈ ക്ഷണത്തെ സ്വീകരിച്ച് അടുത്തൊരുദിവസം പാളയത്തെ ദൎശിക്കാമെന്നു വാഗ്ദാനം ചെയ്തു.

അപ്രകാരം ഒരു ദിവസം ഭീമസിംഹൻ ഏതാനും ചില അനുയായികളോടുകൂടി കോട്ടയിൽനിന്നിറങ്ങി പാളയത്തിലേക്കു പുറപ്പെട്ടു. എന്നാൽ വൻചതിയനായ മുസൽമാൻ ആ വഴിയിൽ ഒരു സ്ഥലത്തു നൂറു സാദികളെ ഒളിപ്പിച്ചു നിൎത്തിയിരുന്നു. ഒരു കാട്ടിന്റെ പിൻഭാഗത്തു മറഞ്ഞു നിന്നിരുന്ന അവർ, ഭീമസിംഹനും പരിവാരവും അടുത്തെത്തിയപ്പോൾ മുമ്പോട്ടു ചാടി സംശയം കൂടാതെ പ്രയാണം ചെയ്യുന്ന രാജപുത്രന്മാരെ എതിൎക്കയും പൊടുന്നനവെ ആകയാൽ അവൎക്കു തടുക്കുവാൻ ഇടയാകുന്നതിന്നു മുമ്പിൽ തടവുകാരാക്കുകയും ചെയ്തു. ആ വൃത്താന്തം പരസ്യമായപ്പോൾ മഹമ്മദീയരുടെ പാളയത്തിൽ എത്രത്തോളം വലുതായ സന്തോഷവും കോലാഹലവും ഉണ്ടായോ അത്രത്തോളം ഭയവും വ്യസനവും കുഴപ്പങ്ങളും ചിറ്റൂരിലും ഉണ്ടായി. സാധുക്കളായ ചിറ്റൂർ നിവാസികളുടെ ഈ വിധമുള്ള മനോവ്യഥകൾ, മഹമ്മദീയപാളയത്തിൽനിന്ന് ഒരു ദൂതൻ വന്നു കോട്ടക്കു പുറത്തുനിന്നു താഴെ പറയുംപ്രകാരം പറഞ്ഞപ്പോൾ, ദ്വിഗുണങ്ങളായിത്തീൎന്നു. 'അല്ലയോ രാജപുത്രന്മാരേ! നിങ്ങൾ നമ്മുടെ രാജാവിന്റെ ആജ്ഞകളെ ശ്രവിച്ചുകൊള്ളുവിൻ. നിങ്ങൾ നിങ്ങളുടെ പത്മിനീറാണി

യെ ഞങ്ങളുടെ രാജാവും, സൈന്യപാലകനുമായ അലാവുഡീന തൽക്ഷണം കൊടുക്കാത്തപക്ഷം ഭീമസിംഹനെ വധിക്കയും, യുദ്ധം വീണ്ടും ആരംഭിക്കയും ചെയ്യുന്നതാകുന്നു.'

റാണ ലക്ഷ്മണസിംഹനും ഭീമസിംഹൻെറ പന്ത്രണ്ടു പുത്രന്മാരും ബാലന്മാരായിരുന്നതിനാൽ ഭീമസിംഹൻ ബദ്ധനായപ്പോൾ സൈന്യങ്ങളുടെ നേതൃത്വം വഹിച്ചതു പത്മിനിയുടെ സഹോദരനായ ഘോരസിംഹനാണ്. എന്നാൽ രാജ്യഭരണം ഭീമസിംഹൻെറ രാജ്ഞിയായ പത്മിനി തന്നെ നടത്തി. ആ മഹതി രാജ്യത്തുള്ള സകല സർദർമാരേയും സേനാനായകന്മാരേയും സാമന്തന്മാരേയും വിളിച്ച് ഒരു യോഗംകൂട്ടി രാജപ്രതിനിധിയെ വീണ്ടുകൊണ്ടുവരുന്നതിനും നഗരത്തെ രക്ഷിക്കുന്നതിനും വേണ്ട മാർഗ്ഗങ്ങൾ ആലോചിച്ചു. ധീരയായ റാണി ശത്രുസങ്കേതസ്ഥലത്തേക്കു പോകാമെന്നു സമ്മതിച്ച് ഒരു സൂത്രം പ്രയോഗിച്ചു. അതിൽ മഹമ്മദീയൻ കുടുങ്ങിപ്പോയി.

സമാധാനത്തിനുള്ള ആലോചനയോടുകൂടി ഒരു ദൂതനെ മഹമ്മദീയരാജാവിൻെറ സന്നിധിയിലേക്കയച്ചു. 'തൻെറ ഭർത്താവിനെ യാതൊരു ഹാനിയും കൂടാതെ നഗരത്തിലേക്കു മടക്കി അയയ്ക്കുകയും, തൻെറ ദാസീവർഗ്ഗം അവസാനംവരെ തന്നെ വിട്ടുപിരിയുന്നതല്ലായ്കയാൽ അവൎക്കു തന്നോട് കടവിലത്തെ യാത്ര പറയുന്നതിനു പാളയത്തിൽ വരുവാനനുവാദം നൽകയും ചെയ്യുന്നപക്ഷം താൻ മുസൽമാൻ രാജാവിൻെറ പ്രണയിനിയായിക്കൊള്ളാ'മെന്നു റാണി പറഞ്ഞിരിക്കുന്നതായി ദൂതൻ അലാവുഡീനെ അറിയിച്ചു. ഇതു കേട്ടപ്പോൾ അലാവുഡീൻെറ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. യാതൊരു പത്മിനിയുടെ വാചാമഗോചരമായ സൌന്ദൎയ്യാതിശയം തന്നെ ഭ്രാന്തമാനസനാക്കിത്തീൎത്തുവോ ആ പത്മിനി തൻെറ അങ്കസ്ഥിതയാകാറായി എന്ന് ആ കാമുകൻ തീൎച്ചയാക്കി. അതിനാൽ അവളു

ടെ ഉടമ്പടികളെയെല്ലാം യാതൊരു സംശയവും കൂടാതെ ആ ദുഷ്ടൻ സമ്മതിച്ചു. റാണിയെ കഴിയുന്ന വേഗത്തിൽ തൻെറ സമീപത്തേക്കയക്കവാൻ ദൂതനെ നിയോഗിച്ചയച്ചു.

പത്മിനി ഒരു പല്ലക്കിൽ കയറീട്ടാണ് കോട്ടക്കു പുറത്തു വന്നത്. ആ രാജ്ഞിയുടെ പിന്നാലെ, കഞ്ചുകങ്ങളുടെ ഇടയിൽ ആയുധങ്ങൾ ഒളിച്ചുവെച്ചിട്ടുള്ള മല്ലന്മാരായ രാജപുത്രയോദ്ധാക്കന്മാരാൽ എടുക്കപ്പെട്ട എഴുനൂറു പല്ലക്കുകൾ വേറെയും ഉണ്ടായിരുന്നു. ഓരോ പല്ലക്കിലും ആകണ്ടും ആയുധം ധരിച്ചിട്ടുള്ള ശൂരന്മാരായ ഈരണ്ടു രാജപുത്രവീരന്മാർ ഇരുന്നിരുന്നു. ആ കൂട്ടത്തിൽ സേനാനായകനായ ഗോരസിംഹനും, അദ്ദേഹത്തിൻെറ പന്ത്രണ്ടു വയസ്സു മാത്രം പ്രായമുള്ള ബാദലൻ എന്ന പുത്രനും ഉണ്ടായിരുന്നു. ഇതൊന്നും മുസൽമാന്മാർ സംശയിക്കപോലും ഉണ്ടായില്ല. അവർ സ്വാഗതം പറഞ്ഞു റാണിയെ എതിരേൽക്കയും അകമ്പടിയായി വന്ന അടച്ചുമൂടീട്ടുള്ള എഴുനൂറു പല്ലക്കുകളേയും നിശ്ശങ്കം തങ്ങളുടെ പാളയത്തിനുള്ളിൽ കടത്തുകയും ചെയ്തു.

അലാവുദ്ദീൻ പത്മിനിയെ എതിരേല്ക്കുന്നതിന്നു ബദ്ധപ്പെടുത്തി. എന്നാൽ ആ നായിക തൻെറ മൂടിയ പല്ലക്കിൽനിന്ന് 'അല്ലയോ മഹാരാജാവേ! ഞാൻ നിങ്ങളുടേതാവുന്നതിന്നായി ഇതാ വന്നിരിക്കുന്നു; എൻെറ ഭർത്താവിനെ ഞാൻ ഇനിയൊരിക്കലും കാണുകയില്ലല്ലൊ. അവസാനകാഴ്ചയായി അദ്ദേഹത്തെ ഒരിക്കൽ കാണുന്നതിന്ന് എന്നെ അനുവദിക്കണ'മെന്നിപ്രകാരം പറഞ്ഞു. രാജാവാകട്ടെ, ഇതിന്നു ന്യായമായ വിരോധമൊന്നും കാണാത്തതിനാൽ ഭീമസിംഹൻ തടവുകാരനായി കിടക്കുന്ന സ്ഥലത്തേക്കു പല്ലക്കു കൊണ്ടുപോകുന്നതിന്നാജ്ഞാപിച്ചു.

തലേദിവസം രാത്രിയിൽ, ധീരന്മാരായ രണ്ടു രാജപു

ത്രന്മാർ മഹമ്മദീയവേഷാവലംബികളായി മുസൽമാൻ പാളയത്തിൽ കടന്നു കൂടിയിരുന്നു. ഏററവും നല്ല രണ്ടു കുതിരകളോടുകൂടി വന്ന് അവർ ആരുമറിയാതെ പാളയത്തിനകത്തു കടന്നുകൂടുകയാണു ചെയ്തിരുന്നത്. തടവുകാരനായി റാണാവിനെ വെച്ചിരിക്കുന്ന കൂടാരത്തിന്നു സമീപം ഈ കുതിരകളെ തയ്യാറാക്കി നിർത്തുന്നതിന്ന് അവക്ക് ഉത്തരവുമുണ്ടായിരുന്നു. പല്ലക്കു റാണാവിൻെറ കൂടാരത്തിനു സമീപമെത്തി. പത്മിനി കുതിരക്കാരായ ആ ഭടന്മാരെ കാണുന്നതിന്ന് അത്യാഗ്രഹത്തോടുകൂടി അല്പം താമസിച്ചു. ഉടനെ അവരെ കൂടാരത്തിൻെറ കവാടസമീപസ്ഥരായി കണ്ടു സന്തോഷിച്ചു. പരിഭ്രമമെല്ലാം തീൎന്നു കൂടാരത്തിൽ കടന്നു.

ശത്രുക്കളുടെ സങ്കേതത്തിൽ തൻെറ പ്രാണപ്രിയയെ കണ്ടതുകൊണ്ടു ഭീമസിംഹൻ അത്യാശ്ചൎയ്യപ്പെടുകയും 'എന്താണിത്? നീ എന്തിനായി ഇവിടെ വന്നു?' എന്നിങ്ങിനെ അദ്ദേഹം ഉച്ചത്തിൽ ചോദിക്കയും ചെയ്തു. 'നിശ്ശബ്ദമായിരിക്കണം. കാലം വൃഥാ കളയുന്നതിന്നു തരമില്ല. ആയുധം ധരിക്കു. കൂടാരത്തിൻെറ പിന്നിൽ കുതിരകളുണ്ട്. നമ്മുടെ മോചനത്തിന്നുവേണ്ടിയുള്ള എല്ലാ ഏൎപ്പാടുകളും ചെയ്തിട്ടുണ്ട്. പ്രാണനാഥ! വരു, വരു' എന്നിങ്ങിനെ ആ ധീര പറഞ്ഞു. തങ്ങളെ നിവാരണം ചെയ്യുന്നതിന്നു കാവൽക്കാൎക്കു സമയം കിട്ടാതിരിക്കത്തക്കവിധം അത്ര വേഗത്തിൽ ഭീമസിംഹറാണാവും പത്മിനിയും കൂടാരത്തിൽനിന്നു പുറത്തു ചാടി മിന്നൽപിണരുകളെപ്പോലെ കുതിരകളുടെ നേൎക്കു അവർ പാഞ്ഞു. നിമിഷാൎദ്ധംകൊണ്ടു അവർ ആഗ്നേയാശ്വങ്ങളിൽ ആരോഹണംചെയ്കയും ദ്രുതഗതിയിൽ അവിടുന്നു മറകയും ചെയ്തു.

പാലകന്മാർ കോലാഹലമുണ്ടാക്കിത്തീൎത്തു. പാളയമാസകലം പരിഭ്രമംകൊണ്ടും ഭീതികൊണ്ടും വ്യാപ്തമായി. അതിന്നിടയിൽ രാജപുത്രന്മാർ തങ്ങളുടെ പല്ലക്കുകളിൽ

നിന്നിറങ്ങി മുസൽമാന്മാരെ എതിൎത്തു. അതുകൊണ്ടു രാജപുത്രപ്രഭുവിനേയും അദ്ദേഹത്തിൻെറ ധീരോദാത്തയായ ഭാൎയ്യയേയും പിന്തുടരുന്നതിന്നു മുസൽമാന്മാൎക്കു സന്ദൎഭമാകട്ടെ അവസരമാകട്ടെ ഉണ്ടായില്ല. അവർ ഓടിപ്പോയ വിവരം സ്വാമിഭക്തന്മാരായ രാജപുത്രയോദ്ധാക്കളാൽ മറച്ചുവെക്കപ്പെട്ടതിനാൽ അവർ അപജയംകൂടാതെ നഗരത്തിൽ എത്തി.

ഇതിനിടക്കു പാളയത്തിൽ രാജപുത്രന്മാർ, നായാട്ടുകാരാൽ എതിൎത്തു തടയപ്പെട്ട മൃഗേന്ദ്രന്മാരെപ്പോലെ, അതിഘോരമായി രണംതുടങ്ങി. അവർ അന്തമില്ലാത്ത മഹമ്മദീയസൈന്യത്താൽ വളയപ്പെട്ടുവെങ്കിലും ധീരനായകന്മാൎക്കുചിതമായ പരാക്രമകൎമ്മങ്ങളോടുകൂടിയത്രെ അവർ പോൎക്കളത്തിൽ പതിച്ചതു്. സേനാനാഥനായ ഘോരസിംഹൻ യുദ്ധം ഏററവും ഭയങ്കരമായിരുന്ന സ്ഥലത്തുവെച്ചു മരണം പ്രാപിച്ചു. തൽക്ഷണം സേനാനായകത്വം അദ്ദേഹത്തിൻെറ ബാലനായ പുത്രൻ ബദാലൻ സ്വീകരിച്ചു. പന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലൻ തൻെറ മുമ്പിൽവെച്ചു സൈന്യമദ്ധ്യത്തിൽ വിജയപുത്രനായ അഭിമന്യുവിനെപ്പോലെ ചാടി ധൈൎയ്യക്ഷയം കൂടാതെ ഘോരമായി യുദ്ധംചെയ്തു തൻെറ മുമ്പിലുള്ള ശത്രുക്കളെ മാൻകൂട്ടത്തെ വ്യാഘ്രങ്ങൾ കൊല്ലുംപോലെ നിഷ്പ്രയാസം കൊന്നുവീഴ്ത്തുന്നതിനെ കണ്ടുനില്ക്കുന്ന ഏതൊരുത്തനാണ് യുദ്ധം ചെയ്യാത്തതു്?

രാജപുത്രന്മാർ മൂലനാശം ചെയ്യപ്പെടുന്നതുവരെ പോരാടി. തങ്ങളുടെ പ്രിയപ്പെട്ട നാഥനെ രക്ഷപ്പെടുത്തുന്നതിനുവേണ്ട തരങ്ങൾ പത്മിനീറാണിക്കു ഉണ്ടാക്കിക്കൊടുക്കുന്നതിന്നായിരുന്നു അവർ പുറപ്പെട്ടുവന്നതു്. അപ്രകാരം തങ്ങളുടെ രാജാവിന്നുവേണ്ടി രാജപുത്രന്മാർ അവരുടെ ജീവനെ ഉപേക്ഷിച്ചു. യുദ്ധത്തിൽ മുസൽമാൻ സൈന്യത്തി

ന്റെ അദ്ധ്യാംശവും അവർ നശിപ്പിച്ചു. അലാവുദ്ദീൻ രാജാവിന്റെ പാളയം തീരെ നശിപ്പിച്ചു. എങ്കിലും ഈ വാൎത്ത രാജധാനിയിൽ അറിയിക്കുന്നതിന്നുപോലും ഒരാളെങ്കിലും ശേഷിക്കാതെ രാജപുത്രന്മാർ എല്ലാവരും പോൎക്കളത്തിൽ പതിച്ചു. അജ്ഞേയമായ കാലാന്തരത്തിരസ്കരണിയിൽ ഇതു കഴിഞ്ഞിട്ട് ഇപ്പോൾ പന്ത്രണ്ടു ശതാബ്ദങ്ങളിൽ പരം കഴിഞ്ഞുപോയിരിക്കുന്നുവെങ്കിലും രാജകുമാരനായ ബാദലന്റെയും ആ ധീരന്റെ രാജപുത്രസൈന്യങ്ങളുടേയും വീരകൎമ്മങ്ങളെ വാഴ്ത്തുന്ന സാഹിത്യങ്ങളും ഗാനങ്ങളും ഇന്നും നഗരങ്ങളിലും ഗ്രാമങ്ങളിലും പാടിവരുന്നതിനാൽ അവരുടെ യശസ്സ് ഇപ്പോഴും അഭിനവമായിത്തന്നെ ഇരിക്കുന്നു.

ഭീമസിംഹൻ രക്ഷ പ്രാപിക്കയും ധീരനായ ബാദലൻ വധിക്കപ്പെടുകയും ചെയ്തതിന്റെ ശേഷം യുദ്ധത്തിലെ ഇരുകക്ഷികളും നൈരാശ്യത്തോടുകൂടിയവരായി. മുസൽമാന്മാരെ നാമാവശേഷമാക്കാൻ കഴിഞ്ഞില്ലെങ്കിൽ പോരിൽ മരിച്ചുകളയാമെന്നു രാജപുത്രന്മാർ പ്രതിജ്ഞചെയ്തു. മുസൽമാന്മാരും ചിറ്റൂർ നഗരം കൈവശപ്പെടുത്തുന്നതിനും അല്ലാത്തപക്ഷം ശത്രുസൈന്യത്താൽ ഉന്മൂലനാശം ഭവിക്കുന്നതിനും തീൎച്ചയാക്കി. നിൎഭാഗ്യവശാൽ രാജപുത്രന്മാർ വിജയികളായിത്തീരുവാൻ വളരെ പ്രയാസമായിരുന്നു. ഉപരാജാവായ ഭീമസിംഹൻ ഒരു സ്വപ്നംകണ്ടു. 'എനിക്കു വിശക്കുന്നു, എനിക്കു വിശക്കുന്നു' എന്ന് ഒരു നിലവിളി രാത്രിതോറും അദ്ദേഹം കേൾക്കുന്നതായി തോന്നി. ചിറ്റൂരിലെ അധിഷ്ഠാനദേവതയായ ഭഗവതി ഭീമസിംഹനു പ്രത്യക്ഷയായി, രാജകുഡുംബത്തിലെ പന്ത്രണ്ടാളുകളുടെ ശിരഃച്ഛേദം ചെയ്തു രക്തം പാനം ചെയ്തല്ലാതെ തന്റെ ദാഹം തീരുന്നതല്ലെന്നു അരുൾചെയ്തു. ഇതിന്റെ ശേഷം ഭീമസിംഹന്റെ പുത്രന്മാർ ഓരോരുത്തരായി പതിനൊന്നുപേർ മുസൽമാന്മാരോടു യുദ്ധത്തിന്നു പുറപ്പെടുകയും ഓരോരുത്തരും ശ

ത്രുക്കളാൽ കൊല്ലപ്പെടുകയും ചെയ്തു. ഇനി ഒരായോധനം മാത്രമേ ഉണ്ടാകാനിടയുള്ളു. തങ്ങളുടെ നഗരദ്വാരത്തിൽ വന്നാക്രമിക്കുന്ന മുസൽമാന്മാരെ ഓടിച്ചുകളയുവാൻ രാജപുത്രന്മാർ ചെയ്യേണ്ടതായ ഉത്സാഹത്തിൽ അവസാനത്തേതു അതായിരിക്കുന്നതാണ്. ഇതിലും അവക്കു ജയം സിദ്ധിക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ലാത്ത പ്രകാരമാണു് കാണുന്നത്. എന്തുകൊണ്ടെന്നാൽ അവരുടെ സംഖ്യ ഏതാനും ശതങ്ങളായിരിക്കെ മഹമ്മദീയരുടേതു എത്രയോ സഹസ്രങ്ങളായിരുന്നു. എന്നാൽ അവർ എല്ലാവരും തങ്ങളുടെ സ്വരാജ്യരക്ഷണത്തിനുവേണ്ടി മരിപ്പാനൊരുമ്പെട്ടു. നിശ്ചയമായും തങ്ങളെല്ലാവരും നശിച്ചുപോകുമെന്നു അവർ കണ്ടതിനാൽ ചിറവൂർ രാജ്യത്തിന്റെ പുനഃസ്ഥാപനത്തിന്നുവേണ്ടി തങ്ങളുടെ രാജകുടുംബത്തിൽനിന്നു ഒരു കുഞ്ഞിനെയെങ്കിലും രക്ഷിക്കണമെന്നു രാജപുത്രന്മാർ തീച്ചയാക്കി ഭീമസിംഹന്റെ പുത്രന്മാരിൽ കനിഷ്ഠനെ രക്ഷപ്പെടുത്തി. കുട്ടിയെ ഒരു ദാസിയുടെ പക്കൽ കൊടുത്തയച്ചു. അവൾ കുട്ടിയേയുംകൊണ്ടു ഒരു കാട്ടിൽപോയി അഭയം പ്രാപിച്ചു. ഇപ്രകാരം രാജപുത്രരാജകുമാരന്മാരിൽ ഒരാളെ തങ്ങളുടെ മരണകരമായ നിരോധത്തിൽനിന്നു രക്ഷപ്പെടുത്തീട്ടുണ്ടായിരുന്നു എന്ന സംഗതി മുസൽമാന്മാർ അറിഞ്ഞതേയില്ല.

ചിറവൂർ രാജ്യനിവാസികളിൽ അംഗവൈകല്യമുള്ള വയോധികന്മാരും നിസ്സഹായികളായ കുട്ടികളും ഒഴിച്ചുബാക്കിയെല്ലാവരും നായകനായ ഭീമസിംഹന്റെ കീഴിൽ ശത്രുസൈന്യത്തോടു യുദ്ധം ചെയ്യുന്നതിന്നായി പുറപ്പെട്ടു. തങ്ങളുടെ ജീവനെ പ്രിയമായി വിക്രയംചെയ്തു എതിർസൈന്യത്തെ കഴിയുന്നേടത്തോളം അപജയപ്പെടുത്തിയശേഷം മൃതരാകുന്നതിന്നു ഒരു [illegible] ഉറച്ചുകൊണ്ടു നടത്തിയ ഭയങ്കരമായ സമരത്തെ അധികമായി വർണ്ണിക്കേണ്ട ആവശ്യമില്ലല്ലോ. പ്രഭാതംമുതൽ അസ്തമനംവരെ കഠോരമായി

പോർചെയ്തു. അസ്തമനത്തിങ്കൽ രാജപുത്രസൈന്യത്തിൽ ജീവനോടെ ഒരുത്തനെങ്കിലും ഉണ്ടായിരുന്നില്ല. എന്നാൽ അലാവുധിന്റെ മഹാസൈന്യവും ഒട്ടു മിക്കവാറും ഈ യുദ്ധത്തിൽവെച്ചു ഒടുക്കപ്പെട്ടു.

ഈ വ്യസനവർത്തമാനം വൈകുന്നേരം ചിറവൂരിൽ അറിഞ്ഞപ്പോൾ റാണി പത്മിനിയുടെ നിയോഗപ്രകാരം രാജപുത്രസ്ത്രീകൾ പട്ടണത്തിന്റെ നടുവിലായി ഒരു വലിയ ചിത കൂട്ടി. റാണി തന്റെ ദാസികളാലും പട്ടണവാസികളായ സകല സ്ത്രീകളാലും അനുഗതയായി പുറപ്പെട്ടുവന്നു ചിതയ്ക്കു തീ കൊടുത്തു. ഉടനെ സർവ്വസംഹാരിയായ അഗ്നിഭഗവാൻ അലർച്ചയോടുകൂടി അത്യുച്ചത്തിൽ ജ്വലിച്ചു. പട്ടണത്തിലെ മരണക്കാഴ്ചയെ വെളിപ്പെടുത്തിക്കൊണ്ടു അഗ്നി ആ ദിക്കെല്ലാം പ്രകാശിച്ചു. പത്മിനി സ്ത്രീകളോടുകൂടി അഗ്നികുണ്ഡത്തെ ഏഴു പ്രദക്ഷിണം വെച്ചു ജ്വലിക്കുന്ന തീയിൽ ചാടി. കൂടെ ഉണ്ടായിരുന്ന സ്ത്രീകളെല്ലാവരും ആ മനസ്വിനിയെ അനുകരിച്ചു അഗ്നിപ്രവേശം ചെയ്തു. അലാവുദ്ധീൻ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ സകലവും ഭസ്മമായിക്കണ്ടു. കുണ്ഡത്തിലെ അഗ്നി പക്ഷെ ശമിച്ചുതുടങ്ങിയിരിക്കുന്നു.

അവൻ ഇങ്ങിനെ യുദ്ധത്തിൽ ജയിക്കയും ചിറവൂർ പിടിച്ചടക്കുകയും ചെയ്തു. എന്നിട്ടു അവനുണ്ടായ ലാഭമെന്താണ്? അംഗങ്ങൾ സ്വാധീനമില്ലാത്ത വയോധികന്മാരും, അനാഥന്മാരായ കുഞ്ഞുങ്ങളും—ഇവർ മാത്രമായിരുന്നു അവനു കൊള്ളയിടുവാൻ കിട്ടിയ മുതൽ. ശിഷ്ടമെല്ലാം നശിച്ചുപോയി.

## ൬. അഗ്ഗളത്തിലെ രാജ്ഞി.

ബീഹാർ ദേശത്ത് ഇപ്പോഴത്തെ ബക്സാറിനു സമീപം അഗ്ഗളമെന്ന സ്ഥലത്തു ഒരു ഹിന്ദുസംസ്ഥാനമുണ്ടായിരു

നു. ഗൌതമൻ എന്നായിരുന്നു അവിടത്തെ രാജാവിന്റെ നാമധേയം. അദ്ദേഹത്തിന്റെ കളത്രമാണു നമ്മുടെ കഥാനായിക. രാജാവു്, ഡൽഹി നഗരത്തിൽ വാണിരുന്ന മഹമ്മദീയ ചക്രവൎത്തിക്കു കൊടുക്കേണ്ടിയിരുന്ന കപ്പം കൊടുക്കാതിരുന്നതുകൊണ്ടു്, അദ്ദേഹത്തോടു യുദ്ധോദ്യുക്തമായി യാനമാരംഭിക്കുവാൻ അയോദ്ധ്യയിലെ ഗവൎണ്ണർ ചക്രവൎത്തിയാൽ നിയുക്തനായി. ധീരനായ രാജാവിനോടു കിടനില്പാൻ തനിക്കു കഴികയില്ലെന്നു ഗവൎണ്ണൎക്കു വേഗത്തിൽ അനുഭവപ്പെട്ടു; എന്തുകൊണ്ടെന്നാൽ ഹതശേഷമായ ചക്രവൎത്തിയുടെ സൈന്യം അനായാസേന പരാജിതമാക്കപ്പെട്ടു. പരാജയത്തിന്നു സഹജമായ ത്വരയോടും ഭയത്തോടും ഇങ്ങിനെ സൈന്യശേഷം മടങ്ങിയതിൽ പിന്നെ രാജാവു തന്റെ പ്രാകാരത്തിലേക്കു ജയഭേരി പ്രഘോഷത്തോടുകൂടി പ്രത്യാഗമിച്ചു സ്വവിജയാഘോഷകമായി ഒരു സദ്യ അതിപ്രസിദ്ധമായി കഴിച്ചു.

പിന്നെ ഒരിക്കൽ, പൌൎണ്ണമാസിദിവസം രാജ്ഞി വളരെ ഉൽക്കണ്ഠാകുലയായിത്തീൎന്നു; എന്തുകൊണ്ടെന്നാൽ അവൾ പാവനിയായ ഗംഗാനദിയിൽ സ്നാനം സാധിച്ചില്ലെങ്കിൽ, അതു സ്വഗൃഹത്തിൽ വല്ല ഗ്രഹപ്പിഴയും സംഭവിക്കുന്നതിന്റെ സൂചനമായിരുന്നു. എന്നാൽ ഗംഗയുടെ ഇരുകരയും അവരുടെ ശത്രുക്കളുടെ കൈവശത്തിലിരുന്നിരുന്നു. ഏകാന്തത്തിൽ ഇരുന്നു ഈ കാൎയ്യത്തെപ്പററി ഗാഢമായി ചിന്തചെയ്തതിന്റെ ശേഷം, തന്റെ പരിചാരികമാരോടുകൂടി പ്രാകാരത്തിൽനിന്നു തെററിമാറി, ഏതാനും മൈൽസ്സമാത്രം ദൂരമുള്ളതായ ബക്സാറെന്ന സ്ഥലത്തുള്ള സ്നാനഘട്ടത്തിൽ ബദ്ധപ്പെട്ടു ചെന്നു കുളിച്ചുമടങ്ങിപ്പോരുന്നതിന്നു അവർ തീൎച്ചപ്പെടുത്തി. അജ്ഞാതമായി സഞ്ചരിച്ചു പ്രാകാരത്തിൽ ഝടിതി മടങ്ങിയെത്തുവാൻ അവൾക്കു കഴിയുമായിരുന്നു.

രാത്രിയിൽ ഔത്സുക്യസമേതം കാൽനടയായി അവർ ഗമിച്ചു. പ്രഭാതമായപ്പോൾ,

'ക്വചിന്മുനിഗണൈഃ സ്തുതാ ക്വചി
ദനംഗസംപൂജിതാ
ക്വചിൽ കലകലസ്വനാ ക്വചി-
ദധീരയാദോഗണാ
ക്വചിദ്രവികരോജ്ജ്വലാ ക്വചി-
ദുദഗ്രപാതാകുലാ
ക്വചിജ്ജനവിഗാഹിതാ ജയ-
തി ഭീഷ്മമാതാ സതീ.'

'പാപാപഹാരി ദുരിതാരിതരംഗധാരി
ശൈലപ്രചാരി ഗിരിരാജഗുഹാവിദാരി
ഝംകാരകാരി ഹരിപാദരജോപഹാരി
ഗാംഗം പുനാതു സതതം ശുഭകാരി വാരി.'

എന്നൊക്കെ കവികളാൽ വൎണ്ണിതയായ ഗംഗയുടെ തീരത്തെ പ്രാപിച്ചു. ത്വരമാണങ്ങളായ പാദങ്ങളോടും സന്തുഷ്ടമായ ഹൃദയത്തോടും അവർ ബദ്ധപ്പെട്ടു് ഘട്ടങ്ങളിൽ ചെന്നുചേൎന്നു; പാൎവ്വണശ്രാദ്ധങ്ങൾ കഴിച്ചു് പുണ്യനദിയിൽ സ്നാനവും ചെയ്തു. ഇത്രയും ശുഭമായി കഴിഞ്ഞുകൂടി. എന്നാൽ ഇങ്ങിനെ ഒരു കുലീന, അലക്ഷിതയായി ഗംഗാഘട്ടങ്ങളിൽ ചെല്ലുന്നതു അസാദ്ധ്യമാണല്ലൊ. ഉടൻതന്നെ ഈ സംഗതിയെപ്പററി സമീപത്തുതന്നെ കൂടാരമടിച്ചു് വസിച്ചിരുന്ന അയോദ്ധ്യാഗവൎണ്ണൎക്കു അറിവുകിട്ടി. ഈ കുലീന, അങ്ഗളത്തിലെ രാജ്ഞിയല്ലാതെ മററാരുമല്ലെന്നു അയാൾ വേഗത്തിൽ മനസ്സിലാക്കുകയും ചെയ്തു. ലേശവും താമസം കൂടാതെ രാജ്ഞിയെ ബന്ധനസ്ഥയാക്കുന്നതിന്നു അയാൾ ആജ്ഞാപിച്ചു.

പരിചാരികമാരോടുകൂടി രാജ്ഞി സ്വപ്രാകാരത്തിലേക്കു മടങ്ങിവരുമ്പോൾ, അവർ മഹമ്മദീയഭടന്മാരാൽ ച

ററപ്പെട്ടു. രാജ്ഞിയുടെ ഹൃദയത്തിന്റെ താൽക്കാലികാവസ്ഥ കവിവാക്യത്തിൽ വർണ്ണിക്കുന്നതു ഉത്തമമായിരിക്കും.

'ഭയമവളുടെയുള്ളിലായിരുന്നു
നയനജലങ്ങൾ പൊഴിച്ചതില്ല രാജ്ഞി
അരികളരികിലാകവേ, ജ്വലിച്ചി-
ട്ടുരുരുചിപൂണ്ടുതദീയദൃഷ്ടി, വൈരാൽ.
പരിസരഗതദാസിയായ്‌ജ്ജുഗുപ്സാ-
സ്ഫുരിതമൊടങ്ങവൾ നിന്നഹോ! സുധീരം
പരുഷതരഗഭീരമായയോദ്ധ്യാ-
പുരപതിയെപ്പരിചോടധിക്കരിച്ചും.'

ധൈര്യവതികളായ ഈ സ്ത്രീകളിൽ ഓരോരുത്തരും അവരുടെ വസ്ത്രങ്ങൾക്കുള്ളിൽ ഓരോ കഠാരി ഒളിച്ചുവെച്ചിട്ടുണ്ടായിരുന്നു. അവർ അവയെ വലിച്ചെടുത്തിട്ട് മാർഗ്ഗരോധകരെ വെട്ടിനീക്കി പ്രാകാരത്തിലേക്കു കടക്കുവാൻ തുടങ്ങി. എന്നാൽ ഇതു അസാദ്ധ്യമാണെന്നു കണ്ടപ്പോൾ രാജ്ഞി ഇപ്രകാരം വിളിച്ചുപറഞ്ഞു.

'ഇവിടെയൊരുവരില്ലേ? ഹിന്ദുവർഗ്ഗോ-
ത്ഭവരൊരുഹിന്ദുസഗർഭ്യനില്ലയോ മേ?
എവനുപ്രിയയതാവു, ഹിന്ദുമാതാ-
വൊരുവളൊരുത്തമഹിന്ദുധർമ്മപത്നി.
ഉണരുകൊരുവരുണ്ടിവണ്ണമെന്നാൽ
തുണതരുവാനണവിൻ ക്ഷണേന നിങ്ങൾ
പിണയുമടനെറിങ്ങളിൽ കടുത്തൽ
ബണബലമെന്നുടെ ശാപമീശനാണേ!'

മോഹകരങ്ങളായ ഈ വാക്കുകൾ രാജ്ഞിയുടെ ഓഷ്ഠപുടത്തിൽനിന്നു നിസ്സരിച്ച മാത്രയിൽത്തന്നെ, അഭയചന്ദ്രൻ എന്നും നിർഭയചന്ദ്രൻ എന്നും രണ്ടുപേർ ഏതാനും അനുചരന്മാരോടുകൂടി ഉൽഘോഷിച്ചുകൊണ്ട് ശത്രുക്കളുടെ ഇടയിൽ ചാടിവീണു. ഏതാനും മുഹൂർത്തങ്ങൾക്കുള്ളിൽ, ഇവർ,

ച്ചുറ്റും വന്നുവളഞ്ഞു, തങ്ങളെ പിടിപ്പാൻ യത്നിച്ചിരുന്ന കണ്ടകന്മാരിൽനിന്നു ഊർജ്ജിതമായി സ്വയംരക്ഷചെയ്തുകൊണ്ടുനിന്നിരുന്ന രാജ്ഞിയുടേയും പരിവാരത്തിൻേറയും സമീപത്തെ പ്രാപിച്ചു. അത്യന്തമായ സാഹസം ചെയ്ത് ജനസംഘത്തിൻെറ നടുവെ, അവർ ഒരു മാർഗ്ഗം തെളിയിച്ചതിൻെറ ശേഷം സ്ത്രീജനങ്ങളെ തങ്ങളുടെ മദ്ധ്യേ രക്ഷിച്ചുകൊണ്ട് പ്രാകാരത്തിൽ ചെന്നുചേരുവാൻ യത്നിച്ചു. എന്നാൽ ആ ഉദ്യമം കേവലം നിരാശ്യവും വഴിയിൽ മുന്നോട്ടുള്ള ഓരോ അടിയും ഖഡ്ഗപാതംകൊണ്ട് സമ്പാദിക്കേണ്ടതും ആയിരുന്നു. മരണം നേരിടത്തക്കവിധത്തിൽ മുറിവേററു ശൂരനായ നിർഭയചന്ദ്രനും അവൻെറ കൂടെ മററനേകം പേരും നിലത്തു പതിച്ചു. എന്നാൽ പിന്നേയും വേഗത്തിൽ രാജ്ഞിക്കും ആളുകൾക്കും രക്ഷ സിദ്ധിച്ചു. ഈ വർത്തമാനം അഗ്ഗളത്തിലെ പ്രഭുവിന്നു കിട്ടിയ ഉടൻതന്നെ അദ്ദേഹം ആളുകളുമായി തൻെറ പത്നിയെ രക്ഷിക്കുവാൻ വന്നുചേർന്നു. മഹമ്മദീയർ, അദ്ദേഹത്തേയും ധീരന്മാരായ അനുചരന്മാരേയും കണ്ട മാത്രയിൽ പിൻതിരിഞ്ഞു ധാവനംചെയ്തു.

'സകലരുമഥരാജ്ഞീദർശനാൽതോഷമാർന്നാർ,
വികലതകൾകളഞ്ഞുംഭൂരിധൈര്യംകലർന്നും
പരിജനമൊടുചേർന്നാരാജ്ഞിചെയ്തോരുയുദ്ധം
നിഖിലരുമുരചെയ്താരൈകകണ്ഠ്യേനവാഴ്ത്തി.'

അനന്തരം അഗ്ഗളത്തിലെ രാജാവു അഭയചന്ദ്രൻെറ ധൈര്യംകണ്ട് സ്വപുത്രിയെ അയാൾക്കു വിവാഹംചെയ്തുകൊടുത്തു. അയോദ്ധ്യയിലെ ഗവർണ്ണരുടെ കഥ ഒടുവിലെന്തായി എന്നു വിചാരിക്കുന്നു? അഗ്ഗളത്തിലെ രാജ്ഞിയെ ഭീരുതാപ്രേരിതനായി എതിർത്തതിന്നു ശത്രുവും മിത്രവും ഒരുപോലെ അയാളെ അധിക്ഷേപിച്ചു.

'മഹത്വമുള്ളോരുകുലാംഗനക്കുനേർ
ഗ്രഹിച്ചതാനായുധമെന്നമൂലമായ്
വഹിച്ചുലജ്ജാഭരമായവൻവയോ-
ബഹുത്വമാന്നൊക്കെനരച്ചശേഷവും.'

## ൪. കൎമ്മദേവി.

അവണ്ണിതം എന്ന നാട്ടിൽ മഹിളനാഥൻെറ മകളായി കൎമ്മദേവി എന്ന ഒരു കന്യകയുണ്ടായിരുന്നു. അദ്ദേഹം ഒരു മഹാരാജാവോ രാജാവോ ആയിരുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ മകൾ സൌന്ദൎയ്യവും പഠിപ്പും ഉള്ള ഒരു കുമാരിയായിരുന്നതിനാൽ മൈസൂർ രാജ്യത്തിലെ രാജാവു ആ കന്യകയെ വിവാഹംചെയ്താൽ കൊള്ളാമെന്നു താല്പൎയ്യപ്പെട്ടു. മഹിളനാഥൻ രാജാവിൻെറ താല്പൎയ്യത്തെ അംഗീകരിച്ച് മുറപ്രകാരം വിവാഹനിശ്ചയം ചെയ്തിട്ട് മംഗലകരമായ അടിയന്തരത്തിന്നു ദിവസം നിശ്ചയിച്ചു.

എന്നാൽ അതിലേക്കു ഉത്സാഹത്തോടെ ചെയ്ത ഏൎപ്പാടുകളെല്ലാം അവണ്ണിതത്തിലെ പ്രഭുവിൻെറ ഗൃഹത്തിൽ പരിചിതനല്ലാത്ത ഒരാൾ വന്നപ്പോൾ, തെററിപ്പോയി. അയാളുടെ പേർ സാധു എന്നായിരുന്നു. സാധു വലിയ പരാക്രമശാലിയും ഉറച്ച ധൈൎയ്യമുള്ളവനും വനപ്രദേശത്തിലെ ഒരു പ്രഭുവും ആയിരുന്നു. നാട്ടിൽ ഉള്ളവരുടെ ഭീതിക്കു പാത്രമായിരുന്ന സാധു വളരെ ദൂരസ്ഥലങ്ങളിലും ആക്രമണങ്ങൾ നടത്തീട്ടുണ്ടായിരുന്നു. അവണ്ണിതത്തിലെ പ്രഭു സാധുവിൻെറ പരാക്രമങ്ങളെക്കുറിച്ച് പലപ്പോഴും കേട്ടിട്ടുണ്ടായിരുന്നു; എന്നാൽ സാധുവിനെ ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. അതിനാൽ ഒരിക്കൽ ഒരു ലഹള നടത്തിക്കഴിഞ്ഞു സാധു കാട്ടിലുള്ള വാസസ്ഥലത്തേക്കു തിരിച്ചുപോകുമ്പോൾ മഹിള

നാഥൻ അയാളെ ഗൃഹത്തിലേക്കു ക്ഷണിക്കയും സല്ക്കാരം സ്വീകരിച്ചാൽ കൊള്ളാമെന്നു അപേക്ഷിക്കുകയും ചെയ്തു. ഈ അപേക്ഷയെ കൈക്കൊണ്ടു് സാധു അവൎണ്ണിതത്തിൽ വന്നു് ഏഴുദിവസം താമസിച്ചു.

വീരനായ ആ യുവാവിനെ കണ്ട മാത്രയിൽ അയാളുടെ കണ്ണക്കൊത്ത ശരീരത്തിന്റെ കാന്തിയും അയാളുടെ യശസ്സും കമ്മദേവിയുടെ മനസ്സിനെ ആകർഷിച്ചു. അയാളുടെ പരാക്രമങ്ങളെ വൎണ്ണിക്കുന്ന അത്ഭുതകരങ്ങളായ കഥകളെ കമ്മദേവി ശ്രദ്ധയോടെ കേട്ടപ്പോൾ ആ മനസ്വിനിയുടെ ഹൃദയം സാധുവിന്നു അധീനമായിത്തീൎന്നു. എന്നാൽ ആ സ്ത്രീയുടെ കഷ്ടകാലത്താൽ ആ പ്രേമം തറവാട്ടിലുള്ളവൎക്കു സങ്കടങ്ങളേയും ആപത്തുകളേയും ഉണ്ടാക്കി. മണ്ഡൂരിലെ രാജാവിന്നു കമ്മദേവിയെ വിവാഹംചെയ്തുകൊടുപ്പാൻ മഹിളനാഥൻ മുമ്പിൽതന്നെ തീൎച്ചപ്പെടുത്തിയിരുന്നതുകൊണ്ടു് സാധുവിന്റെ പേരിൽ തോന്നിയ പ്രേമം ആ സാദ്ധ്വിയുടെ മരണത്തിന്നുകൂടെ കാരണമായിത്തീൎന്നു.

കമ്മദേവി തന്റെ അനുരാഗത്തെ സഖിമാരെ മനസ്സിലാക്കി. അവർ ആ വിവരം കന്യകയുടെ അമ്മയെ ധരിപ്പിച്ചു. അമ്മയാകട്ടെ മകളുടെ അനുരാഗകാൎയ്യം അച്ഛനോടു വെളിപ്പെടുത്തി. അപ്പോൾ മഹിളനാഥന്നു എന്തു ചെയ്യണം എന്നു് അറിവാൻ പാടില്ലാതെയായി. മണ്ഡൂർ രാജ്യത്തിലെ അധിപതിയോടു ചെയ്ത നിശ്ചയത്തെ അദ്ദേഹം എങ്ങിനെ തെറ്റിക്കും? അങ്ങിനെ ചെയ്യുന്നതു സംശയം കൂടാതെ ഒരു വലിയ അവമാനമായി രാജാവു വിചാരിക്കും; അപ്പോൾ യുദ്ധവും ആളപായവും രക്തപ്രവാഹവും ഉണ്ടാകും. അരുതു്—ഒരു താന്തോന്നിയായ പെങ്കിടാവിന്റെ കഥയില്ലാത്ത ആഗ്രഹത്തെ സാധിപ്പിക്ക കാരണത്താൽ ഘോരമായ യുദ്ധമുണ്ടായി രാജ്യം ചോരപ്പുഴയിൽ മുങ്ങുവാൻ ഒരിക്കലും സംഗതിയാകരുതു്; കമ്മദേവി മാതാ

രേയും മനസ്സിൽ കരുതരുത്, —മണ്ഡൂരിലെ രാജാവിനെ വരിക്കണം; അല്ലെങ്കിൽ ആരേയും വിവാഹം കഴിക്കാതെ ഇരിക്കണം.

എന്നാൽ തൻെറ പ്രാണവല്ലഭയുടെ ഹിതത്തിന്നു വിപരീതമായി പ്രവൎത്തിക്കാൻ കഴിയുന്ന ഒരു മനുഷ്യൻ ഉണ്ടോ? ലോകത്തിൽ സ്ത്രീകളുടെ സിദ്ധാന്തം എല്ലായ്പോഴും ഫലിച്ചു കാണുന്നതുപോലെ, ഇവിടേയും കാൎയ്യം ഒടുവിൽ സ്ത്രീകൾ പിടിച്ചുവിധംതന്നെ നടന്നു. മഹിളനാഥൻ അവരുടെ മനോഭാവത്തെ അനുസരിക്കേണ്ടിവന്നു. മറെറല്ലാസംഗതികളേക്കാൾ പ്രധാനമായി മകളുടെ സന്തോഷത്തെക്കുറിച്ച് ആലോചിക്കയാണ് വേണ്ടത് എന്നു അമ്മ വാദിച്ചപ്പോൾ കാൎയ്യത്തിന്നു വളരെ ഗൌരവമുണ്ടായി. സാധുവിൻെറ അച്ഛനോടു വിവാഹകാൎയ്യം പറയുവാൻ മഹിളനാഥൻ ഒരു ദൂതനെ അയച്ചു. അയാൾ വലിയ സന്തോഷത്തോടെ ആ ആലോചനയെ അംഗീകരിച്ചു എന്നു പറയേണ്ടതുമെന്നില്ലല്ലോ. എഴുനൂറു ബലവാന്മാരായ അനുചരന്മാരോടുകൂടെ പുറപ്പെട്ടു വരൻ അവന്തിതത്തിൽ എത്തി. മഹിളനാഥൻ കന്മദേവിയുടെ വിവാഹമഹോത്സവത്തെ വളരെ ഘോഷിച്ചു കഴിച്ചു. വധൂവരന്മാർ സന്തോഷത്തോടെ വനാന്തരത്തിൽ ഉള്ള ഗൃഹത്തിലേക്കും പുറപ്പെട്ടു.

മഹിളനാഥൻെറ പ്രവൃത്തി മണ്ഡൂരിലെ രാജാവിനെ വളരെ കോപിപ്പിച്ചു. അദ്ദേഹത്തിന്നു വിവാഹത്തെ തടുക്കാൻ കഴികയില്ല; എന്നാൽ പ്രതികാരം ചെയ്യണമെന്നദ്ദേഹം നിശ്ചയിച്ചു നാലായിരം ഭടന്മാരെ ചേൎത്തുകൊണ്ടു പുറപ്പെട്ടു വധൂവരന്മാൎക്കു പോകവേണ്ടുന്ന വഴിയിൽ അദ്ദേഹം കാത്തുനിന്നു.

അനുചരന്മാരോടൊരുമിച്ച് യാതൊരു ദോഷശങ്കയും കൂടാതെ സാധുവും ഭാൎയ്യയും ഉത്സാഹത്തോടെ വനപ്രദേശത്തിലേക്കു പോകയായിരുന്നു. അധികംദൂരംപോകുംമുമ്പെ

ഭഗ്നാശനും വിഷണ്ണനുമായ മണ്ഡൂരിലെ രാജാവു പട്ടാളത്തോടെ വന്ന് അവരുടെ വഴി തടഞ്ഞു നില്ക്കുന്നതു അവർ കണ്ടു. ഗൃഹത്തിലേക്കുപോകാൻ വഴികിട്ടണം എങ്കിൽ അവർ യുദ്ധംചെയ്കതന്നെ വേണം.

മണ്ഡൂരിലെ രാജാവു, ധീരനായ ഒരു ശത്രു എന്നതുപോലെ, പക്ഷബലംകൊണ്ടുള്ള സഹായത്തെ വകവെച്ചില്ല. അദ്ദേഹം സാധുവിനെ ദ്വന്ദ്വയുദ്ധത്തിന്നു വിളിച്ചു. രണ്ടുപക്ഷത്തിലുമുള്ള ഭടന്മാരും തനിപ്പോരിൽ നേൎത്തു ചട്ടങ്ങളനുസരിച്ച് പല പരാക്രമങ്ങളെ കാണിച്ചു. അനുചരന്മാരുടെ ധൈൎയ്യത്തേയും സാമൎത്ഥ്യത്തേയും കണ്ട് സന്തോഷിച്ച് രണ്ടു പ്രഭുക്കളും കുറെ നേരം നിന്നു.

കടുവിൽ ധീരനായ സാധു പോരുചെയ്വാൻ ഒരുമ്പെട്ടു. മണ്ഡൂരിലെ രാജാവു സാധുവിനോടു നേൎക്കുവാൻ ആഞ്ഞുനില്ക്കയായിരുന്നു. സാധു ഭാൎയ്യയുടെ അടുക്കൽ വന്നു യാത്രപറഞ്ഞു. ഭാൎയ്യ ഭൎത്താവിന്റെ അരയിൽ വാൾ കെട്ടി ഇപ്രകാരം പറഞ്ഞു. 'പ്രാണനാഥ! ഇവിടുന്നു യുദ്ധംചെയ്യുന്നതു ഞാൻ നോക്കിനില്ക്കാം. ഇവിടുന്നു വീഴുകയാണെങ്കിൽ മരണത്തിലും ഞാൻ ഇവിടത്തെ അനുഗമിക്കാം.' മണ്ഡൂരിലെ രാജാവു സാധുവിനെ പിന്നെയും പിന്നെയും പോരിന്നു വിളിച്ചു; ആ സ്ത്രീ ധൈൎയ്യത്തോടെ സംസാരിച്ചു എങ്കിലും ഭൎത്താവിനോടു യാത്രപറഞ്ഞ് പിരിയുവാൻ ആ മഹതിക്കു കഴിഞ്ഞില്ല. പ്രേമഭാരത്താൽ ഗാഢമായി ആലിംഗനംചെയ്ത് മുറുക്കിയിരുന്ന പ്രിയതമയുടെ കൈകളെ സാധു, കടുവിൽ, ഉതറി വിടുവിച്ച് രാജാവിനോടു നേൎക്കുവാൻ ഒരുമ്പെട്ടു.

എതിരാളിക്കു മുമ്പേ ഒരു വെട്ടുകൊടുക്കുന്നതു താൻ ആയിരിക്കണം എന്നുള്ള ആഗ്രഹത്തോടെ രണ്ടുപേരും നേൎത്തു. എന്നാൽ സാധു ആകുന്നു ആദ്യം മണ്ഡൂരിലെ രാജാവിന്റെ കഴുത്തിൽ ഒരു വെട്ട് ഏല്പിച്ചത്. മിന്നലിന്റെ

വേഗത്തോടെ അദ്ദേഹം എതിരാളിക്കും ഒന്നു കൊടുത്തു. തന്റെ പ്രാണനാഥന്റെ തലയിൽ വാൾ വീഴുന്നതു കർമ്മദേവി കണ്ടു. രണ്ടുപേരും നിലത്തുവീണു. സാധുവിന്നു മരണംതന്നെ വന്നുപോയി; രാജാവിന്റെ മുറിവിൽനിന്നു വളരെ രക്തം ഒഴുകിയതിനാൽ അദ്ദേഹത്തിന്നു തളൎച്ചമാത്രമേ ഉണ്ടായുള്ളു.

സാധു മരിച്ചുപോയതിനാൽ വലിയ വിഷാദവും നിലവിളിയും ഉണ്ടായി. എന്നാൽ കർമ്മദേവിയുടെ കണ്ണിൽനിന്നു ഒരു തുള്ളിവെള്ളം വന്നില്ല. ഉടനെ ഭർത്താവിന്റെ പട്ടാളക്കാരുടെ നേതൃത്വത്തെ ആ സ്ത്രീ വഹിച്ച് അയാളുടെ സമീപത്തിൽ കിടന്നിരുന്ന വാളിനെത്തന്നെ എടുക്കയും തടുക്കാൻ ഇടകൊടുക്കാതെ തന്റെ തോളിൽനിന്നു ഇടത്തെ കൈവെട്ടി ഇടുകയും ചെയ്തു. കാട്ടിൽ ഉള്ള കോട്ടയിൽ ചെന്നു ഭർത്താവിന്റെ അച്ഛന്റെ അടുക്കൽ ആ കൈ കൊടുക്കണം എന്നും ധീരനായ മകന്റെ ഭാൎയ്യയായിരിപ്പാൻ തക്ക യോഗ്യത തനിക്കുണ്ടായിരുന്നു എന്നു പറയണമെന്നും ആ സ്ത്രീ ആജ്ഞാപിച്ചു. പിന്നീടു തന്റെ വലത്തെ കൈ വെട്ടിയെടുത്തു അച്ഛന്റെ കയ്യിൽ കൊടുക്കണമെന്നും ധീരന്മാരായ മഹിളന്മാരുടെ വംശത്തിൽ ജനിച്ച സ്ത്രീ മരിക്കേണ്ടതുപോലെ താൻ മരിച്ചു എന്ന് അദ്ദേഹത്തിനോടു പറയണമെന്നും കർമ്മദേവി കൂടെയുള്ളവരോടു ആജ്ഞാപിച്ചു. തന്റെ ആജ്ഞയെ അനുസരിക്കുവാൻ അവൎക്കു മടിയുണ്ടെന്നു കർമ്മദേവി കണ്ടപ്പോൾ സിംഹിയെപ്പോലെ അവരുടെ നേരെ തിരിഞ്ഞു 'നിങ്ങളുടെ നായികയുടെ വരുതിയെ ലംഘിക്കുവാൻ നിങ്ങൾക്കു ധൈൎയ്യം ഉണ്ടോ?' എന്നു ഉച്ചത്തിൽ ചോദിച്ചു. അപ്പോൾ പട്ടാളത്തിൽനിന്നു ഒരാൾ മുമ്പോട്ടുവന്നു പറഞ്ഞു. 'ദേവി! ചട്ടങ്ങളെല്ലാം ഞങ്ങൾ മറന്നുപോയി. നിങ്ങളുടെ പേരിൽ തോന്നിയ ഭക്തികൊണ്ടും ബഹുമാനംകൊണ്ടും ഞങ്ങൾ സംശയിച്ചു നിന്നതാണ്'. നിങ്ങളു

നായികയായി ഞങ്ങൾ അംഗീകരിച്ചില്ലെന്നും അതിനാൽ നിങ്ങളുടെ വരുതിയെ ഞങ്ങൾ വകവെച്ചില്ലെന്നും ആരും പറയുവാൻ ഇടയാകരുത്. നിങ്ങളുടെ അനുവാദപ്രകാരവും ഉത്തരവും പ്രകാരവും നിങ്ങളുടെ കൈ ഞാൻ വെട്ടുന്നു.' കമ്മദേവി ഒരു പാവയെപ്പോലെ നിന്നു രണ്ടാമത്തെ കൈകൂടെ വേർപെട്ടതായി കണ്ടു.

പിന്നീടു ആ മഹതി അഗ്നിപ്രവേശത്തിനായി ഒരുങ്ങി പോക്കുളത്തിൽ സാധു മരിച്ചുവീണ സ്ഥലത്തുതന്നെ ഒരു ചിത ഉണ്ടാക്കിച്ചു, രണ്ടു പട്ടാളക്കാരും ആത്തുഘോഷിച്ചുകൊണ്ടിരിക്കവെ, കമ്മദേവി കത്തിക്കാളുന്ന തീയിൽ ചാടി, ഭത്താവിന്റെ പ്രേതത്തോടുകൂടെ തന്റെ ശരീരത്തെ, ശാന്തമായും നിശ്ശബ്ദമായും ദഹിപ്പിച്ചു.

## ൯. താരാഭായി.

'തോഡം എന്നതു രാജപുട്ടാണിലെ ഒരു ചെറിയ രാജ്യമായിരുന്നു. പതിനാറാം നൂററാണ്ടിന്റെ ആരംഭത്തിൽ 'സുരഥൻ' എന്ന രാജാവായിരുന്നു ആ രാജ്യം ഭരിച്ചിരുന്നത്. എന്നാൽ അദ്ദേഹം ഡൽഹിയിലെ മുഗൾചക്രവത്തിയുടെ ശക്തിമത്തായ സേനയുടെ ആക്രമങ്ങളിൽനിന്നും സ്വരാജ്യത്തെ രക്ഷിക്കുന്നതിന്നു തക്ക ബലവാനായിരുന്നില്ല. അവർ കൂട്ടമായി വന്ന് ഞെരുക്കിത്തുടങ്ങി. ഇതിനെക്കുറിച്ച് സുരഥൻ അയൽപ്രധാനികളോടും അധിപതിയായ മീവാറിലെ മഹാറാണാ സംഗ്രാമസിംഹനോടുംനേരിട്ടുവന്നോ സേനകളെ അയച്ചോ സഹായിക്കുന്നതിന്നു അപേക്ഷിക്കുകയും ചെയ്തു. എന്നാൽ മഹാറാണാ മുതൽ ഏററവും ചെറിയ രാജാവായ താക്കർ വരെയുള്ള എല്ലാ രാജപുത്രരാജാക്കന്മാരിൽ ഓരോരുത്തരും അവനവന്റെ രാജ്യര

ക്ഷയെപ്പററി ഉൽക്കണ്ഠിതന്മാരായിരുന്നു. അവരെല്ലാവരും അതേമാതിരി കഷ്ടാവസ്ഥയിൽ ആയിരുന്നല്ലോ. അവരിൽ ഓരോരുത്തരേയും മുസൽമാന്മാർ എതിൎക്കുകയും അവർ അവരുടെ രാജ്യം രക്ഷിക്കുന്നതിൽ ശ്രമപ്പെടുകയും ചെയ്തു. അതിനാൽ ആരും സുരഥന്റെ സഹായത്തിന്നായി വന്നില്ല.

അദ്ദേഹം തന്റെ രാജ്യത്തെ രക്ഷിക്കാൻ നിവൃത്തിയുള്ളതെല്ലാം ചെയ്തു എങ്കിലും അവസാനത്തിൽ അദ്ദേഹത്തിനു സ്വരാജ്യത്തിൽനിന്നു ഓടിപ്പോകേണ്ടിവരികയും തന്റെ ഏററവും പ്രിയമായ തോഡാസംസ്ഥാനം വിജയികളായ മുസൽമാന്മാൎക്ക് അധീനപ്പെടുകയും ഉണ്ടായി.

അദ്ദേഹം തന്റെ ഏകപുത്രിയായ താരയോടുംകൂടി ചിറ്റൂരിനു സമീപമുള്ള 'മീവാർ' രാജ്യത്തിലെ തലസ്ഥാനമായ ബിഡ്നൂരിലേയ്ക്കു തിരിച്ചു. അദ്ദേഹം അവിടെ സ്വസ്ഥവൃത്തിയിൽ കാലക്ഷേപം ചെയ്തുവെങ്കിലും തന്റെ തോഡാരാജ്യത്തേയും അവിടെ കഷ്ടപ്പെട്ടുകൊണ്ടിരുന്ന സ്വപ്രജകളേയും ഒരിക്കലും വിസ്മരിച്ചില്ല. ഭടന്മാരും, ഉപായങ്ങളും, പണവും, ആയുധങ്ങളുമില്ലാതെ അദ്ദേഹത്തിനു എന്തു ചെയ്വാൻ കഴിയുമായിരുന്നു? അധിരാജനായ ചിററൂർ രാജാവാകട്ടെ അദ്ദേഹം തന്നെ ഡില്ലിസൈന്യങ്ങളാൽ ഉപദ്രുതനായിരുന്നതിനാൽ സുരഥനു യാതൊരു സഹായവും ചെയ്വാൻ ശക്തനായില്ല. എന്നാൽ സുരഥൻ തന്റെ നഷ്ടമായ രാജ്യത്തെ വീണ്ടെടുക്കുന്നതിനുള്ള ആശയെ ഉപേക്ഷിച്ചില്ല. തന്റെ 'തോഡ'യുമായി വീണ്ടും കൂടിച്ചേരുന്നതിനുള്ള കാലം തീച്ചയായി വരുമെന്നുതന്നെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. സുരഥനു പുത്രനില്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ആശയെല്ലാം പ്രിയപുത്രിയായ താര അവലംബമായിത്തീരുകയും, അദ്ദേഹം താരയെ ഒരു പുത്രനെപ്പോലെ വളൎത്തുകയും, ആ ബാലികയ്ക്കു് ഒരു ഭടനു വേണ്ട വിദ്യാഭ്യാസങ്ങളെല്ലാം നൽകുകയും ചെയ്തു. താര ബാല്യത്തിൽ തന്നെ കുതിരസവാരി ചെയ്യുന്നതിനും വാൾ, അമ്പ്, വില്ലു

മുതലായ ആയുധങ്ങൾ ഉപയോഗിക്കുന്നതിനും പഠിച്ചു. എല്ലാ പ്രകാരത്തിലും ആ പെൺകുട്ടി ഒരു ധീരയായിരുന്നു. താരയോളം സൌന്ദൎയ്യവിശേഷമുള്ള സ്ത്രീകൾ രാജപുത്താനായിൽ മററാരും ഉണ്ടായിരുന്നില്ല. ഒരു ശ്രേഷ്ഠസ്ത്രീയുടെ എല്ലാ വിശിഷ്ടഗുണങ്ങളും തികഞ്ഞിരുന്നതിന്നു പുറമെ ആ മഹതി ഒരു സിംഹിയെപ്പോലെ ധീരയും, ഒരു വ്യാഘ്രിയെപ്പോലെ ശൂരയും, ഒരു ശ്രേഷ്ഠനായ രാജപുത്രഭടനോടൊപ്പം യുദ്ധനിഷ്ണാതയുമായിരുന്നു. പലതവണയും സുരഥൻ സ്വരാജ്യത്തെ വീണ്ടെടുക്കുന്നതിന്നു യുദ്ധത്തിൽ ഏൎപ്പെടുകയും അപ്പോൾ എല്ലാം താര അദ്ദേഹത്തിന്റെ പാൎശ്വവൎത്തിനിയായി പൊരുതുകയും ചെയ്തിരുന്നു.

ദുൎഭാഗ്യത്താൽ രാജ്യം വീണ്ടെടുക്കുന്നതിന്നു അവസരം ലഭിച്ചില്ലെങ്കിലും താൻ പുത്രിക്കു കൊടുത്തുവരുന്ന യുദ്ധശിക്ഷണം തന്റെ പിൽക്കാലമെങ്കിലും രാജ്യം വീണ്ടെടുക്കുന്നതിന്നു പുത്രിയെ പൎയ്യാപ്തയാക്കുമെന്നു അദ്ദേഹം പ്രത്യാശിച്ചു. സ്വരാജ്യമായ തോഡാവിൽനിന്നു മുസൽമാന്മാരെ ഓടിക്കുന്നതിന്നു കഴിയുന്ന ഒരുവനല്ലാതെ മററാരും അതിസുന്ദരിയും സമൎത്ഥയുമായ തന്റെ താരയെ പാണിഗ്രഹണം ചെയ്യരുതെന്നു അദ്ദേഹം നിശ്ചയിച്ചു. താരയുടെ നിസ്തുലമായ സൌന്ദൎയ്യസാമൎത്ഥ്യങ്ങളുടെ യശസ്സു രാജസ്ഥാനമെല്ലാം പരന്നു. മനോഹരമോഹനയായ ഈ ബാലികയെ വിവാഹം ചെയ്യുന്നതിൽ അനേകരാജകുമാരന്മാൎക്കു ആശ വൎദ്ധിച്ചുവെങ്കിലും സുരഥൻ തന്റെ നിശ്ചയത്തെ ഭേദിപ്പിച്ചില്ല.

പല വരന്മാരും താരയെ പാണിഗ്രഹണം ചെയ്യാൻ വന്നതിൽ ഓരോരുത്തരും ഉപേക്ഷിക്കപ്പെട്ടു. ഒടുവിൽ മീവാറിലെ റാണാവിന്റെ മൂന്നാമത്തെ പുത്രനായ ജയമല്ലൻ ആ ധീരയെ പ്രാൎത്ഥിച്ചു. സുരഥൻ റാണാവിന്നു കപ്പം കൊടുത്തുവന്നിരുന്ന ഒരു രാജാവായിരുന്നു. ഈ മഹാന്റെ

പുത്രനെ സ്വപുത്രിക്കു വരനായി ലഭിക്കുന്നതു അദ്ദേഹത്തിന്നു ഏററവും ബഹുമാനവുമായിരുന്നു. എന്നാൽ സുരഥന്റെ സ്വദേശസ്നേഹം മറെറല്ലാ ഉപാധികളിലും ഉപരിയായി വരുന്നതിനാൽ അദ്ദേഹം അയാളുടെ അപേക്ഷയെ നിരസിച്ചു. 'എന്റെ ദേശത്തെ വീണ്ടെടുക്കുന്ന ഒരുവനല്ലാതെ ഇവളെ കൊടുക്കുന്നതല്ല' എന്നു ഖണ്ഡിതമായി പറഞ്ഞു. ജയമല്ലൻ ഗവ്വിഷ്ഠനും ദുരഭിമാനിയും ദുശ്ചരിതനുമായിരുന്നതുകൂടാതെ ഒരു ഭീരുവും നീചനുമായ വിടനുമായിരുന്നു. അയാൾ സുരഥനെ പുച്ഛിക്കയും ഗ്രാമ്യപരിഹാസങ്ങൾ ചെയ്കയും അയാളുടെ പുത്രിയെപ്പററി 'നിന്റെ സുന്ദരിയായ പുത്രിയെ സന്തോഷപുരസ്സരം എന്റെ കുതിരക്കാരനു കൊടുപ്പാൻ തോന്നത്തക്കവണ്ണം ഒരു അധോഗതി നിനക്കു താമസിയാതെ സംഭവിക്കും' എന്നു അധിക്ഷേപിക്കയും ചെയ്തു. സുരഥനു തീരെ സഹിക്കാൻ പാടില്ലാതെ ആയി തന്റെ വാൾ ഊരി രാജകുമാരനു തടക്കാൻ സാധിക്കുന്നതിന്നു മുമ്പിൽ അയാളുടെ ശിരസ്സിനെ നിലത്തു പതിപ്പിച്ചു.

'ശൂരന്മാരായ രാജപുത്തുകളുടെ ഒരു അധിപതി ഇരിക്കേണ്ടതുപോലെത്തന്നെ മഹത്വമുള്ളവനായിരുന്ന അദ്ദേഹം തന്റെ പുത്രന്റെ കലശലുകൾ അറിഞ്ഞപ്പോൾ ഇങ്ങിനെ പറഞ്ഞു. 'കൊള്ളാം — അവനതു വേണ്ടതുതന്നെ; കുലത്തിനവമാനകാരിയും, മറെറാരു രാജപുത്രനും ചെയ്യാൻ തുനിയാത്ത നിന്ദ്യകമ്മത്തിനു അവൻ ഒരുമ്പെട്ടവനും ആകയാൽ അവനെ കൊന്ന കരത്തിന്നു ഞാൻ സുരഥനു മാപ്പു കൊടുക്കുന്നു.'

റാണാവിനു 'പൃഥിരായി' എന്നു പേരായി വേറൊരു പുത്രനുണ്ടായിരുന്നു. അയാൾ തന്റെ പിതാവിന്റെ തൃപ്തികേടു സമ്പാദിക്കയും മീവാർ രാജ്യത്തിൽനിന്നും നാടുകടത്തപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ജയമല്ലന്റെ മര

ണാനന്തരം റാണാ തൻെറ നിഷ്കാസിതനായ പുത്രനെ തിരിയെ വിളിച്ചു സ്വകുടുംബത്തിലെ ഒരു രാജകുമാരന്നു ന്യായമായി കൊടുക്കേണ്ടതുപോലെയുള്ള സ്ഥാനമാനങ്ങൾ എല്ലാം കൊടുത്തു. അയാളുടെ പ്രത്യാഗമനത്തെ ചിറവൂർ നിവാസികൾ അഭിനന്ദിച്ചു. അയാൾ അവിടത്തെ രാജകുമാരന്മാരിൽ ഏററവും ശ്രേഷ്ഠനായിരുന്നതുമല്ലാതെ അയാളെപ്പോലെ അത്ര സുന്ദരനും ധീരനും സമൎത്ഥനും യോദ്ധാവുമായി മറെറാരുമില്ലായിരുന്നു. പ്രകൃതയുവതിയായ രാജകുമാരിക്കു എല്ലാ രാജപുത്രരാജാക്കന്മാരിലുംവെച്ചു യോഗ്യനായ വരൻ അയാളായിരുന്നു. താരയുടെ പാണിഗ്രഹണം ചെയ്യുന്നതിന്നു രാജപുത്രാനാം ഒട്ടുക്കു യോഗ്യനായ ഒരുത്തൻ ഉണ്ടായിരുന്നുവെങ്കിൽ അതു ചിറവൂരിലെ രാജകുമാരനായ പൃഥ്വിറായി തന്നെയായിരുന്നു. റാണാവിന്നും ഇക്കാൎയ്യം സമ്മതമായിരുന്നു. സുരഥനും അയാളെ തൻെറ ജാമാതാവായി കാണുന്നതിൽ സന്തോഷമുണ്ടായിരുന്നു. താരക്കു സ്വയമേ പൃഥ്വിയോടും പൃഥ്വിക്കു താരയോടും ഗാഢമായ അനുരാഗമുണ്ടായിരുന്നു. ഹാ കഷ്ടം! സൎവ്വസമ്മതമായ ഈ കാൎയ്യസിദ്ധിയിൽ വലുതായ ഒരു പ്രതിബന്ധം നേരിട്ടു. തോഡാരാജ്യം ഭരിക്കുന്നതിന്നു പ്രാപ്തനായ ഒരുവനല്ലാതെ സ്വപുത്രിയെ കന്യകാപ്രദാനം ചെയ്തുകൊടുക്കുന്നതല്ലെന്നു സുരഥൻ ഗൌരവമായി ശപഥം ചെയ്തിരുന്നല്ലൊ.

പൃഥ്വിറായി ഒന്നു ശ്രമിച്ചുനോക്കാൻ നിശ്ചയിച്ചു. യത്നംചെയ്തു യുദ്ധത്തിൽ മരിക്കുക; അല്ലെങ്കിൽ പ്രിയതാരയെക്കൂടാതെ ജീവിച്ചിരിക്കുക. താരയോടുകൂടാതെയും അവമാനകരമായും ജീവിച്ചിരിക്കുന്നതിനേക്കാൾ ബഹുമതിയോടുകൂടി മരിക്കുകതന്നെ അധികം നല്ലത്. അയാൾ സമൎത്ഥന്മാരായ ഇരുനൂറു രാജപുത്രസാദികളെ ശേഖരിക്കുകയും തോഡാരാജ്യത്തിലേക്കു പുറപ്പെടുന്നതിന്നു സന്നദ്ധനാകുകയും ചെയ്തു. [illegible] താര ന

ൻെറ പ്രിയനോടുകൂടി പോയി എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

അവർ തോഡായ്ക്കു സമീപം ചെന്നു ഒരു വൻകാട്ടിൽ പാളയമടിച്ചു. മതവിശ്വാസത്തിനുവേണ്ടി പ്രാണത്യാഗം ചെയ്തവനായ 'ഹുസയി' നിൻെറ ഓമ്മക്കായി ആഘോഷിക്കപ്പെടുന്ന 'മൊഹറം' എന്ന വാഷികമഹോത്സവദിവസത്തിൽ പൃഥിറായ് അപ്രതീക്ഷിതമായി മഹമ്മദന്മാരെ എതിപ്പാൻ നിശ്ചയിച്ചു. ഈ സന്ദഭത്തിൽ മഹമ്മദന്മാർ ഉദ്വേഗംകൊണ്ടു ഭ്രാന്തന്മാരും മതോൽക്കണ്ഠകൊണ്ടു ഉജ്ജ്വലിക്കുന്നവരുമായിരുന്നു. അവർ രാക്ഷസന്മാരെപ്പോലെ ഭയങ്കരന്മാരായി തീരുന്നതു ഈ ദിവസത്തിലാണ്; എന്നാൽ പൃഥിറായി അവരെ എതിപ്പാൻ നിശ്ചയിച്ചതും ഈ ദിനത്തിൽ തന്നെ ആയിരുന്നു. അപരാഹ്നത്തിൽ നേരത്തെ രണ്ടു സാദികൾ മറെറാരുത്തനാൽ അനുഗതരായി തോഡായിലെ ദുഗ്ഗത്തിൽ പ്രവേശിച്ചു. ഇതിൽ ആദ്യത്തെ രണ്ടുപേർ താരയും പൃഥിറായിയും മൂന്നാമത്തവൻ പൃഥിറായിയുടെ ഏററവും വിശ്വസ്തനും സ്നേഹിതനുമായ സൈംഗറിലെ നായകനുമായിരുന്നു. അയാൾ തൻെറ ആളുകളെ കോട്ടയുടെ നേരെ അടുത്തുവരുന്നതിന്നു ആജ്ഞാപിച്ചിരുന്നു. രാജപുത്രസാദികൾ കോട്ടയുടെ ചുവട്ടിൽ എത്തി നിശ്ചലമായും നിശ്ശബ്ദമായും മരപ്പാവകളെപ്പോലെ തക്കം നോക്കിയിരുന്നു. ഇതിനിടയ്ക്കു കോട്ടയ്ക്കകത്തു കടന്ന ആ മൂന്നു ശൂരന്മാരും തങ്ങളുടെ കഠിനകൃത്യങ്ങളെ ആരംഭിച്ചിരുന്നു. അവർ തങ്ങളുടെ കയ്യിൽ കിട്ടിയവർ ആരായിരുന്നാലും കൊല്ലാൻ തുടങ്ങി. അവിടെ എല്ലാം ക്ഷണംകൊണ്ടു പരിഭ്രമവും കോലാഹലവുമായി. ജനങ്ങൾ ഭയന്നു ഓടിത്തുടങ്ങി. ഭടന്മാർ ആയുധങ്ങളും കവചങ്ങളും കൂടാതെ നാനാഭാഗങ്ങളിലേക്കും പാഞ്ഞു. വലുതായ ഭേരി മുഴങ്ങി. ദുഗ്ഗത്തിൻെറ വാതിൽ ബന്ധിക്കപ്പെട്ടു.

ഇതെല്ലാം പൃഥ്വിരായി കരുതിയിരുന്നു. അയാൾ തൻെറ എല്ലാ ആളുകളോടുംകൂടി പോയിരുന്നാൽ മഹമ്മദീയരെ അപ്രതീക്ഷിതമായി ആക്രമിക്കുവാൻ സാധിക്കയില്ലെന്നു അറിഞ്ഞിരുന്നു. അയാൾ കോട്ടവാതുക്കൽ എത്തുംമുമ്പുതന്നെ കുതിരകളുടെ ഖുരശബ്ദം പ്രാകാരവാസികൾ കേൾക്കും. ഉടനെ കോട്ടവാതിൽ ബന്ധിക്കുകയും നേരിട്ടുകാണുന്ന അയാളുടെ ഭടന്മാരുടെ മേൽ മഹമ്മദീയർ എല്ലാവിധ അസ്ത്രങ്ങളേയും പ്രയോഗിക്കുകയും ചെയ്യും. ഇതായിരുന്നു അദ്ദേഹം തൻെറ ആളുകളോടുകൂടി കോട്ടയിൽ വരാതിരിപ്പാനുള്ള കാരണം. അവരുടെ ആരുടേയും ശ്രദ്ധയെ ആകർഷിച്ചില്ല. അവർ മഹമ്മദീയരെ എതിർത്തപ്പോൾ എല്ലാവരുടേയും ശ്രദ്ധ സ്വാഭാവികമായി അവരിൽ പതിഞ്ഞു. അലക്ഷിതമായി കോട്ടയിലേക്കു അടുക്കാനുള്ള തക്കം കിട്ടിയതിനാൽ അയാളുടെ ആളുകൾ മുന്നോട്ടു പാഞ്ഞു. രാജകുമാരൻ കോട്ടവാതുക്കൽ ഓടി എത്തി അതിനെ തുറന്നു രാജപുത്രന്മാൎക്കു അകത്തു പാഞ്ഞുകയറുന്നതിന്നു അവസരം കൊടുക്കുകയും ചെയ്തു.

എല്ലാം മുൻകൂട്ടിത്തന്നെ ഏൎപ്പാടുചെയ്തിരുന്നതുപോലെ പൂൎത്തിയായി. കോട്ടവാതിൽ തുറന്നു പൃഥ്വിരായിയുടെ വീരന്മാരായ രാജപുത്രഭടന്മാർ അകത്തു പാഞ്ഞുകടന്നു പരിഭ്രമിച്ചു കുഴങ്ങുന്ന മഹമ്മദീയരെ വെട്ടിനുറുക്കാൻ തുടങ്ങി. അവർ ഒരുമിച്ചുകൂടാൻ ശ്രമിച്ചുവെങ്കിലും അവരുടെ ശ്രമം വിഫലമാവുകയും കരിയിലകൾപോലെ രാജപുത്രഭടന്മാരുടെ വാളിൻകീഴിൽ പതിച്ചുതുടങ്ങുകയും ചെയ്തു. താര തൻെറ പ്രിയനോടു ചേൎന്നു പൊരുതു സ്വരാജ്യത്തിന്നു ശത്രുക്കളും, സ്വപ്രജകൾക്കു ഉപദ്രവകാരികളുമായ പലരേയും വെട്ടിവീഴിച്ചു. വൈകുന്നേരത്തോടുകൂടി വിജയം സിദ്ധമായി. നാലിൽ മൂന്നു ഭാഗം മഹമ്മദന്മാർ ചത്തുവീണു. ശേഷിച്ചവർ നാലു വഴിക്കും ഓടിത്തുടങ്ങി. അവരെ പിന്തുടൎന്നു രാജപു

ഭടന്മാരെ താര തടുത്ത് 'അവർ ജീവിച്ചുകൊള്ളട്ടെ; നമ്മുടെ ഉദ്ദേശം സ്വരാജ്യത്തെ വീണ്ടെടുക്കുകയല്ലാതെ അവരെ കൊല്ലുണമെന്നില്ലല്ലോ' എന്നു ആ ധീര പറഞ്ഞു. ഈ വിജയാനന്തരം അത്യാഡംബരപൂർവ്വം താരയുടേയും പൃഥിരായിയുടേയും വിവാഹോത്സവം നടന്നുവെന്നു വിശേഷിച്ചു പറഞ്ഞറിയേണ്ടതില്ലല്ലോ. സുരഥൻ തനിക്കു നഷ്ടമായ പ്രിയമായ തോഡയിലേക്കു തിരിച്ചുവന്നു. താമസിയാതെ പൃഥിരായിയേയും താരയേയും രാജകീയമായ സകല ചുമതലകളേയും അധികാരങ്ങളേയും ഏല്പിച്ച് അദ്ദേഹം ബഡ്നൂരിലേക്കു മടങ്ങി സ്വസ്ഥവൃത്തി അവലംബിച്ചു. അവർ സുഖമായി ഒന്നോ രണ്ടോ വർഷം രാജ്യം വാണു. അപ്പോൾ അവരുടെ ഭാഗ്യമായ ജീവിതത്തിന്നു അവസാനം വരുത്തുന്നതായ ഒരു ദൗർഭാഗ്യം സംഭവിച്ചു.

അതായതു പൃഥിരായിക്കു 28-ം താരക്കു 17-ം വയസ്സു പ്രായമായപ്പോൾ തന്നെ അവരുടെ സർവ്വോപഭോഗനിദാനമായ ജീവിതം അസ്തമിക്കാനിടയായി. പൃഥിക്ക് ഏററവും പ്രിയമുള്ള ഒരു സഹോദരി ഉണ്ടായിരുന്നു. ആ സ്ത്രീയെ പ്രാവുരായി എന്നൊരാൾ വിവാഹം ചെയ്തിരുന്നു. ഈ പ്രാവുരായി ഒരു ധൂർത്തനും പരോപദ്രവിയുമായിരുന്നതുകൂടാതെ തന്റെ ഭാര്യയേയും ഉപദ്രവിച്ചുവന്നു. അവസാനത്തിൽ യുവതിയായ രാജ്ഞിക്കു അയാളുടെ ഉപദ്രവം ദുസ്സഹമായി അയാളോടുകൂടി കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലായിത്തീർന്നു. സ്വഭർത്താവിന്റെ ശല്യത്തിൽനിന്നും രക്ഷപ്പെടാൻ അന്യഗതിയില്ലെന്നുകണ്ട് ആ യുവതി തന്റെ ശൂരനായ സഹോദരനു ഒരു എഴുത്തയച്ചു. തന്റെ ഭർത്താവു തന്നോടുചെയ്ത അവമാനത്തിനു പ്രതിശാന്തി വരുത്താൻ ആരെങ്കിലുമുണ്ടെങ്കിൽ അതു തന്റെ ധീരനായ സഹോദരൻ പൃഥിരായി അല്ലാതെ മററാരുമല്ലെന്നു ആ യുവതി അറിഞ്ഞിരുന്നു. ആ സ്ത്രീ ഇപ്രകാരം എഴുതി:—

'എന്റെ ഭർത്താവിന്റെ ഉപദ്രവങ്ങൾ അസഹ്യമായിത്തീൎന്നിരിക്കുന്നു. അയാൾ എല്ലായ്പ്പോഴും കുടിക്കുകയും പറയാൻ വയ്യാത്ത സംഗതികളിൽ സദാ ഏൎപ്പെട്ടു കാലക്ഷേപം കഴിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പാവപ്പെട്ട സഹോദരിയെക്കുറിച്ചു അല്പമെങ്കിലും സ്നേഹമൊ അനുകമ്പയോ ഉള്ളപക്ഷം ദുഃഖാസ്പദവും നിന്ദാവഹവും ആയ ജീവിതത്തിൽനിന്നും അവളെ രക്ഷിക്കുക.'

പൃഥ്വീരായി എഴുത്തു കിട്ടിയ ഉടനെ പ്രാവുരായിയുടെ ഗൃഹത്തിലേക്കു പുറപ്പെട്ടു. അയാളുടെ ഭീരുത്വത്തേയും ഗൎഹ്യമായ നടത്തയേയും പററി അയാളെ ശാസിച്ചു. കഴിഞ്ഞുപോയ ദുൎന്നടത്തയ്ക്കു പരിഹാരമായും ഭാവിയിലെ നല്ല നടത്തയ്ക്കു ജാമ്യമായും അയാളുടെ ഭാൎയ്യയുടെ ചെരിപ്പിനെ തലയിൽ വെക്കണമെന്നു അയാളെ നിർബ്ബന്ധിച്ചു. പ്രാവുരായി തന്റെ സ്യാലനെക്കുറിച്ചു ഭയമുള്ളവനായിരുന്നു; പൃഥ്വി ഒരു സ്ഥിരചിത്തനാണെന്നു അയാൾ അറിഞ്ഞിരുന്നു. പൃഥ്വീരായിക്കു വേണമെങ്കിൽ പ്രാവുരായിയെ കൊല്ലാമായിരുന്നു. തന്നോടു് ആജ്ഞാപിച്ചതിനെ പ്രാവുരായി ചെയ്തു; എങ്കിലും അയാൾ പൃഥ്വിയുടെ നേരെ കഠിനരോഷത്തോടെ പെരുമാറുകയും തന്നെ പരസ്യമായി അവമാനിച്ചതിന്നു പ്രതീകാരം ചെയ്യാൻ തീൎച്ചപ്പെടുത്തുകയും ചെയ്തു.

എന്നാൽ അയാൾ തന്റെ ദുഷ്ടമായ നിശ്ചയത്തെ മനസ്സിലൊളിപ്പിക്കയും പൃഥ്വീരായിയിൽ ഏററവും ആദരവോടെ അയാളെ തന്റെ ആതിത്ഥ്യം സ്വീകരിക്കുന്നതിന്നു നിർബ്ബന്ധിക്കയും ചെയ്തു. ശുദ്ധനും നിഷ്കപടബുദ്ധിയുമായ പൃഥ്വീരായി തന്നെ അപായപ്പെടുത്താൻ നിശ്ചയിച്ചിരുന്ന വിവരം സ്വപ്നത്തിൽപോലും അറിഞ്ഞിരുന്നില്ല. അദ്ദേഹം പ്രാവുരായിയുടെ ക്ഷണനത്തെ സസന്തോഷം സ്വീകരിക്കുകയും അയാളുമായി ഒരു മുത്താഴത്തിന്നു താമസിക്കുകയും ചെയ്തു.

ആ ഭോജനത്തിൽ മരണകരമായ വിഷം, പാനം ചെയ്യാനുള്ള മദ്യത്തിൽ കലത്തി, പ്രാപ്പരായി പൃഥിരായിക്ക കൊടുത്തു. ആ രാജകുമാരൻ ഒരു ശങ്കയും കൂടാതെ അതു കുടിക്കുകയും ചെയ്തു. അദ്ദേഹം തന്റെ സഹോദരിയുടെ വീടു വിട്ടപ്പോൾതന്നെ മോഹിച്ചു മറിഞ്ഞു വീണു. ആ വത്തമാനം ക്ഷണത്തിൽ തന്റേയും അച്ഛന്റേയും കൊട്ടാരത്തിൽ എത്തി. അദ്ദേഹത്തിന്റെ പ്രാണപ്രിയയായ താര തന്റെ ഭത്താവിന്റെ സമീപത്തിൽ ഓടിയെത്തി. അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവും സഹോദരന്മാരും വസ്തുത എന്തെന്നറിയാതെ ബദ്ധപ്പെട്ടുവന്നു. പൃഥിയെ രക്ഷിക്കാൻ പല ഉപായങ്ങളും ചെയ്തവെങ്കിലും ഒന്നുംതന്നെ ഫലിച്ചില്ല. ഉച്ചത്തിൽ മുറവിളിക്കുന്ന ചിറമൂർ നിവാസികളുടെ മദ്ധ്യത്തിൽ പൃഥി കരഞ്ഞുംകൊണ്ടിരിക്കുന്ന തന്റെ പ്രിയതാരയുടെ മടിയിൽ കിടന്നു അന്ത്യശ്വാസത്തെ ഉച്ഛ്വസിച്ചു.

താര തന്റെ ഭത്താവിന്റെ കൂടെ മരിച്ചു സതീവ്രതം അനുഷ്ഠിക്കാനാണ് നിശ്ചയിച്ചത്. ആ പതിവ്രത ബാല്യത്തിലും യൌവനത്തിലും ഇരുന്നതുപോലെ അവസാനത്തിലും ഒരു ധീരനായികയായിത്തന്നെ ഇരുന്നു. ആ ധീരയുടെ ശ്വശുരൻ മഹാരാണാ, പിതാവായ സുരഥൻ, സ്യാലൻ എന്നുവേണ്ട, ചിറമൂർ നിവാസികളെല്ലാം മൃതനായ ഭത്താവിനെ അനുഗമിക്കുന്നതിലുള്ള ആ മനസ്വിനിയുടെ നിശ്ചയത്തെ ഉപേക്ഷിക്കുന്നതിനു അപേക്ഷിച്ചു. എന്തുകൊണ്ടെന്നാൽ അവർക്കെല്ലാവക്കും താര അതിമാത്രം പ്രേമഭാജനമായിരുന്നു. എന്നാൽ ആ സതി അതുകൊണ്ടു അശേഷം കുലുങ്ങാതെ അത്ര കരുണമായ സ്വരത്തിൽ അവരെ ക്ഷമാപണം ചെയ്തു. എത്രയെന്നാൽ.—അവക്കു മൌനമായി നില്ക്കുകയല്ലാതെ തങ്ങളുടെ അപേക്ഷയെ ആവത്തിക്കുന്നതിനു തുനിയാൻ കഴിഞ്ഞില്ല. താമസിയാതെ ഒരു ചിത ച

മസ്കരിക്കപ്പെട്ടു. അതിൽ പൃഥ്വിയുടെ മൃതശരീരം ആരോപിതമായി. താര ഭയാവഹമായ സതീധൎമ്മാചരണവും ആരംഭിച്ചു. താൻ ഒരു ദുഷ്കൎമ്മം ചെയ്യുന്ന ഭാവന ലേശംകൂടാതെ ആ ധീര ദാരുണങ്ങളായ അനുകരണതന്ത്രങ്ങളെല്ലാം അനുഷ്ഠിച്ചു. ക്രിയാവസാനത്തിൽ ഭേരികളുടേയും വെടികളുടെയും ശബ്ദം മുഴങ്ങുന്നതിന്നിടയിൽ ചിതയിൽ അഗ്നി ഹിതമായി. അത്തു ക്ഷണത്തിൽ പ്രകാശമാനമായി ഉജ്ജ്വലിക്കുകയും ശബ്ദങ്ങളെ ഉണ്ടാക്കുകയും ചെയ്തുതുടങ്ങി. താരയുടെ ശരീരത്തിൽ ചലനമേ ഉണ്ടായില്ല. സ്വഭൎത്താവിന്റെ ശവശരീരത്തെപ്പോലെ നിൎജ്ജീവയായി കിടന്നു. പക്ഷെ അഗ്നി ജ്വലിക്കുംമുമ്പുതന്നെ താര മരിച്ചിരിക്കാം.

ഒരു മണിക്കൂറിനകം എല്ലാം പൎയ്യവസാനിച്ചു. ധൈൎയ്യവതിയും സ്ഥൈൎയ്യവതിയുമായ താരയും ആ സ്ത്രീരത്നത്തിനു സമനും ഉദാരനുമായ പൃഥ്വിരായിയും എരിഞ്ഞു ഭസ്മാവശേഷിതരായി. ചിറ്റൂർ നിവാസികൾ തങ്ങൾക്കു ഭവിച്ച നഷ്ടത്തോടുകൂടി സ്വഗൃഹങ്ങളിലേക്കു മടങ്ങി. ആ നഷ്ടം എന്നന്നേയ്ക്കും അപരിഹാൎയ്യമാണെന്നും അവർ വിചാരിച്ചു.

---

## ൯. പാന്നാ.

---

സാംഗരാമസിംഹൻ രാജപുട്ടാണിയിൽ മീവാറിലെ ഏററവും കീൎത്തിപ്പെട്ട രാജാക്കന്മാരിൽ ഒരാളായിരുന്നു. എന്നാൽ അദ്ദേഹം താനറിയാതെ, പണ്ടു പരിചാരകനായിരുന്നു് ഇപ്പോൾ പ്രധാനമന്ത്രിപദത്തിലേക്കുയൎത്തപ്പെട്ട ബനാബീരെന്ന ഒരാൾക്കു വശംവദനായിത്തീൎന്നു. പക്ഷെ ബനാബീരിന്റെ സ്വഭാവം വാസ്തവത്തിൽ എല്ലാവരും ധരിച്ചിരുന്നതുപോലെ ഉള്ളതായിരുന്നില്ല. അയാൾ മാക്കീബ

ത്തിനെപ്പോലെ അത്യാഗ്രഹിയും ഡന്മാൎക്കിലെ ഘാതുകനായ രാജാവിനെപ്പോലെ ക്രൂരനും ആയിരുന്നു. എന്നാൽ രാജാവിന്നു അയാളുടെ പേരിൽ വിശ്വാസമുണ്ടായിരുന്നു. അയാൾ വളരെ സ്വാമിഭക്തിയും സ്നേഹവും ഉള്ള ഒരാളാണെന്നാണു അദ്ദേഹം ധരിച്ചിരുന്നത്. അതുകൊണ്ടു അദ്ദേഹം മരിക്കാറായപ്പോൾ ആറു വയസ്സു മാത്രം പ്രായമുള്ള പുത്രനായ ഉദയസിംഹൻെറ രക്ഷാധികാരിയായി ബാനബീരിനെ നിയോഗിച്ചു.

ബാലനായ ഉദയൻ സാമാന്യം നല്ലൊരു രാജപുത്രകുടുംബത്തിൽ ജനിച്ച പന്നാ എന്നു പേരുള്ള ഒരു ധാത്രിയുടെ ചുമതലയിലേല്പിക്കപ്പെട്ടു. അവൾ രാജകുമാരനെ സമവയസ്കനായ അവളുടെ പുത്രനെപ്പോലെ ലാളിച്ചും സ്നേഹിച്ചും വളൎത്തി. അവൾ കൊട്ടാരത്തിലെ പഴക്കംചെന്ന ഒരു ശേവക്കാരിയായിരുന്നു. അവൾക്കുമുമ്പു പണ്ടുപണ്ടേതന്നെ അവളുടെ അമ്മയും അമ്മൂമ്മയും അവരുടെ പൂൎവ്വികന്മാരും കൊട്ടാരത്തിൽ ജോലിക്കാരായിരുന്നു. അങ്ങിനെ അവളുടെ കുടുംബത്തിന്നുതന്നെ രാജകുടുംബത്തിൻെറ നേരെ ഒരു സ്നേഹം ഉണ്ടായിരുന്നു. അവരെല്ലാം അവരുടെ സ്വാമിമാരോടു വിശ്വാസത്തോടെ പ്രവൎത്തിക്കയും അവരിൽ പലരും രാജകുഡുംബത്തിലെ പല അംഗങ്ങൾക്കും അത്ഭുതകരങ്ങളായ സഹായങ്ങൾ ചെയ്കയും ചെയ്തിരുന്നു. എന്നാൽ അവയിൽ ഒന്നുംതന്നെ സ്വാൎത്ഥപരിത്യാഗത്തോടും സ്വദേശാഭിമാനത്തോടും സ്നേഹത്തോടും പന്നായാൽ ചെയ്യപ്പെട്ട ആ പ്രവൃത്തിയോടു ഒരിക്കലും ഉപമിക്കാവുന്നതല്ല.

ബാനബീരിൻെറ സഹിക്കാൻ പാടില്ലാത്ത അത്യാഗ്രഹത്തിന്നു അയാൾ രാജസ്ഥാനത്തിൽ ഏററവും മനോഹരവും ധനപുഷ്ടിയുള്ളതുമായ രാജ്യത്തിൻെറ പ്രധാനമന്ത്രിയും പിന്നീടു രാജപ്രതിനിധിയും ആയതിൻെറ ശേഷവും തൃപ്തി

വന്നില്ല. അയാൾ അതിലും അധികമായ സ്ഥാനത്തിന്നു ആഗ്രഹിച്ചു. സിംഹാസനാപഹരണംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും അയാൾ തൃപ്തനാകുന്നതല്ലായിരുന്നു.

ഒരു ഹീനകുലത്തിൽ ഒരു പാവപ്പെട്ട ദാസിയുടെ പുത്രനായി ജനിച്ചു യാതൊരു വിദ്യാഭ്യാസവും കൂടാതെ വിധിവൈഭവംകൊണ്ടു കാര്യത്തിൽ അയാൾ മീവാറിലെ രാജാവുതന്നെ ആയിത്തീൎന്നു. ഇതുകൊണ്ടും അയാൾക്കു തൃപ്തിയായില്ല. അയാൾ തനിക്കു മാത്രമല്ല തന്റെ സന്തതിക്കും രാജപദവിയും ബഹുമാനങ്ങളും കിട്ടുന്നതിന്നു ആഗ്രഹിച്ചു.

എന്നാൽ ഉദയസിംഹൻ ജീവനോടുകൂടിയിരിക്കുന്നല്ലോ. ആ കുമാരൻ ജീവിച്ചിരിക്കുന്നതുവരെ അയാൾക്കു മീവാറിലെ രാജാവാകാൻ തരമില്ല. അത്യാഗ്രഹം, അയാൾക്കു മുമ്പും പിമ്പും പലരേയും എന്നപോലെ, അയാളേയും ഒരു രാക്ഷസനാക്കിത്തീൎത്തു.

അയാൾ ബാലകനെ കൊല്ലുന്നതിന്നു തീൎച്ചപ്പെടുത്തി. ആ അന്യായമായ പ്രവൃത്തി ചെയ്യുന്നതിന്നു അയാൾക്കു മററാരേയും വിശ്വസിച്ചു പറഞ്ഞേല്പിക്കാൻ പാടില്ലായിരുന്നു. അതു വെളിയിലായാൽ അയാളുടെ സ്വന്തജീവൻ ഒരു കാശിന്നു വിലയില്ലാതെയാകും. രാജകുടുംബത്തിന്റെ ബന്ധുക്കളും ആശ്രിതന്മാരുമായ സകല രാജപുത്രനായകന്മാരും ഒന്നായിച്ചേൎന്നു അയാൾ എവിടെത്തന്നെ അഭയം പ്രാപിച്ചാലും തിരഞ്ഞുപിടിച്ചു കൊല്ലും. കാര്യം രഹസ്യമായി നടത്തണം. മററാരും അറിയുന്നതിന്നു ഇടയാകാതെ ആ ക്രൂരമായ കുലപാതകത്തെ അയാളുടെ സ്വന്തകൈകൾ തന്നെ ചെയ്യുകയും വേണം. കാര്യം നടന്നുകഴിഞ്ഞാൽ പിന്നെ നല്ല വാക്കുകൊണ്ടും മുഖസ്തുതികൊണ്ടു അയാൾക്കു നല്ല പരിചയവും സാമൎത്ഥ്യവുമുള്ള നല്ലതോ ചീത്തയോ ആയ മററനേകം വിദ്യകളാലും മണ്ടന്മാരായ ആ രാജപുത്ര

നായകന്മാരെ മിരട്ടിക്കൊണ്ടുപോകാമെന്നും അയാൾക്കു അറിയാമായിരുന്നു.

രാജപ്രതിനിധിയുടെ അത്യാഗ്രഹത്തോടുകൂടിയ ഹൃദയത്തിൻെറ അഗാധതയെ ആരുംതന്നെ സൂക്ഷിച്ചിരുന്നില്ല. സിംഹാസനത്തിലേക്കുള്ള അയാളുടെ പ്രവേശനമാർഗ്ഗത്തെ തടഞ്ഞിരുന്ന ആ ഒരുതടസ്ഥത്തെ ഇല്ലാതെയാക്കുന്നതിന് അയാൾ എന്തൊരുസൂത്രത്തെയാണ് ആലോചിച്ചിരുന്നതെന്ന് ആരും അറിഞ്ഞില്ല; എന്നാൽ ആ മഹത്തായ രാജമന്ദിരത്തിൽ അയാളുടെ സ്വഭാവത്തെ അറിഞ്ഞിരുന്ന ഒരാൾ ഉണ്ടായിരുന്നു. എത്ര ഭയങ്കരങ്ങളായ വിചാരങ്ങളാണ് അയാളുടെ മനസ്സിൽ ഉരുണ്ടു മറിഞ്ഞുകൊണ്ടിരുന്നതെന്നും എത്ര കഠിനമായ കുലപാതകം ചെയ്യാനാണ് അയാൾ ആലോചിച്ചുകൊണ്ടിരുന്നതെന്നും അവനു മനസ്സിലായി. അവൻ കൊട്ടാരത്തിലെ ഭൃത്യനായിരുന്നു. പാന്നായെപ്പോലെ അവനും ഒരു പഴയ ഭൃത്യനായിരുന്നു. അവൻ മാത്രമല്ല, അവൻെറ മുമ്പ് അവൻെറ അച്ഛനും അച്ഛൻെറ അച്ഛനും അവരുടെ പൂർവ്വികന്മാരും കൊട്ടാരത്തിൽ ജോലിയുള്ളവരായിരുന്നു. ബാനബീരിന്ന് ഒരു ഭൃത്യൻെറ നിലയിൽനിന്നും പ്രധാനമന്ത്രി പദത്തിലേക്കും അവിടുന്നു രാജപ്രാതിനിധ്യത്തിലേക്കും ഝടിതിയായി കയററമുണ്ടായത് അവന് ഒട്ടും രസിച്ചില്ല.

രാത്രിയിൽ ഏകദേശം 10 മണിയായി. പാന്നാ രാജകുമാരനേയും സ്വന്തപുത്രനേയും ഉറക്കിയേച്ച് എന്തോ തുന്നൽപണി ചെയ്തുകൊണ്ടിരുന്നു. സകലത്തും നിശ്ശബ്ദമായി ഒരിടത്തും ഒരു ശബ്ദവും കേൾക്കാതെയായി. പെട്ടെന്നു അവളുടെ മുറിയിലേക്കു ധൃതിയോടുകൂടി അടുത്തു വരുന്ന പാദശബ്ദങ്ങളാൽ അവളുടെ ശ്രദ്ധ ആകർഷിക്കപ്പെട്ടു. ഈ സമയത്ത് അവളുടെ പുരമുറിയിലേക്കു വരുന്നത് ആരായിരിക്കാം എന്ന് അവൾക്ക് ആലോചിക്കാൻ കഴിയുന്നതിനു മു

ന്നു കൊട്ടാരത്തിലെ ക്ഷുരകൻ അവളുടെ മുമ്പിൽ വന്നുനിന്നു.

പാന്നാ—'എന്താണ്ട് വന്നത്? വിശേഷിച്ച് വല്ല വർത്തമാനങ്ങളുമുണ്ടോ?'

ക്ഷുരകൻ—'ഉണ്ട്. ഏററവും ഭയങ്കരങ്ങളായ വർത്തമാനങ്ങളുണ്ട്. രാജകുമാരനെ കൊല്ലാൻ രാജപ്രതിനിധി ഇപ്പോൾ ഇവിടെ എത്തും.'

പാന്നാ—'ഇങ്ങിനെ സംഭവിച്ചേക്കുമെന്നുള്ള എൻെറ ഭയം വാസ്തവമായി. ഞാൻ ഒരിക്കലെങ്കിലും അയാളെ സ്നേഹിക്കയോ വിശ്വസിക്കയോ ചെയ്തിട്ടില്ല. രാജകുമാരനെ നാം രക്ഷിക്കണം.'

ക്ഷുരകൻ—'നാം വിചാരിച്ചാൽ എന്തു കഴിയും? പാന്നേ! നീ പറയുമ്പോലെ ഞാൻ ചെയ്യാം' കുറച്ചുനേരം മൌനമായിരുന്നതിൻെറ ശേഷം പാന്നാ പറഞ്ഞു. 'നാം രാജകുമാരനെ കൊട്ടാരത്തിൽനിന്നും ഏതെങ്കിലും രക്ഷയുള്ള ഒരു സ്ഥലത്തേക്കു മാററണം.'

ക്ഷുരകൻ—'ഹാ കഷ്ടം! രാജപ്രതിനിധി ഇന്നു കൊട്ടാരമൊട്ടുക്കു കാവലിടിച്ചിട്ടുണ്ട്. ഇന്നു രാത്രിയിൽ ഒരു കുഞ്ഞിനേയും കൊണ്ടുപോകുന്ന ഒരുത്തരേയും വെളിയിൽ വിടരുതെന്ന് അയാൾ പ്രത്യേകം കല്പന കൊടുത്തിട്ടുണ്ട്.'

പാന്നാ—അങ്ങിനെയാണെങ്കിൽ അതിലും നമുക്കയാളെ കബളിപ്പിക്കാം. ആ കുട്ടയിങ്ങെടുക്കു. ഞാൻ രാജകുമാരനെ അതിൽ കിടത്തി ചവറുകൊണ്ടു മൂടിക്കളയും. ഒരു തൂപ്പുകാരനെപ്പോലെ താൻ അതെടുത്തു കൊണ്ടുപോയാൽ തന്നോട് ആരും ഒന്നും ചോദിക്കയില്ലെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. കുമാരനെ ഉപദ്രവമൊന്നുമില്ലാത്ത ഒരു സ്ഥലത്തു കൊണ്ടുപോകു.'

പിന്നീട് പാന്നാ ഒരു കച്ചവടക്കാരൻെറ പേർ പറഞ്ഞ്, രാജകുമാരനെ അയാളുടെ വീട്ടിൽ കൊണ്ടുപോകാൻ ക്ഷുരകനോട് ആവശ്യപ്പെട്ടു.

ക്ഷുരകൻ'— എന്നാൽ രാജപ്രതിനിധി വേഗം ഇവിടെ വരുമല്ലൊ. രാജകുമാരൻ പോയ്പ്പോയതായി കാണുമ്പോൾ പട്ടണം മുഴുവൻ തിരഞ്ഞു കണ്ടുപിടിക്കാൻ ആളുകളെ അയക്കും. രാജകുമാരനെ രക്ഷിക്കാൻ ഒരു നിവൃത്തിയുമില്ലാതെയാകും.' പന്നാ വളരെ സാവധാനമായി പറഞ്ഞു. 'രാജകുമാരനെ ഇവിടെനിന്നു മാററിയതായി അയാൾ അറികയില്ല. എൻെറ മകൻ ഇവിടെയുണ്ടല്ലൊ. ഞാൻ അവനെയെടുത്തു പള്ളിമെത്തയിൽ കിടത്താം. എൻെറ മകൻെറ പാവപ്പെട്ട ജീവന് അനേകം തലമുറകളായി എൻെറ കുടുംബത്തിൻെറ രക്ഷിതാവും ഉപകാരിയും മീവാറിലെ ഭാവിരാജാവും ആയ കുമാരനെ രക്ഷിക്കാൻ കഴിയുമെങ്കിൽ— പന്നാ അവളുടെ ജീവിതം അനുഗ്രഹിക്കപ്പെട്ടതായി കരുതും.'

ക്ഷുരകൻ ഒന്നും പറയാൻ ശക്തിയില്ലാതെ സ്തബ്ധനായി നിന്നു. പന്നാ എഴുന്നേററു കുട്ടയെടുത്തു രാജകുമാരനെ അതിൽ കിടത്തി ചവറുകൊണ്ടു മൂടി അതു തലയിലെടുത്തുംകൊണ്ടു പതുക്കെ കൊട്ടാരത്തിൽനിന്നും വെളിയിൽ പോകാൻ ക്ഷുരകനോടു പറഞ്ഞു. അവൻ പിന്നെയും ഒന്നും മിണ്ടാതെ ഒരു വിഗ്രഹംപോലെ നിന്നു. പന്നാ വീണ്ടും അവനോടു കുട്ടയെടുത്തു കൊണ്ടുപോകാൻ പറഞ്ഞു.

ക്ഷുരകൻ—'പന്നാ! നീ എന്താണ് ചെയ്യുന്നത്?'

പന്നാ—'ഞാൻ എൻെറ കൃത്യത്തെയാണ് ചെയ്യുന്നത്.'

ക്ഷുരകൻ പോകുന്നതിനു നിർബ്ബന്ധനായി ഭവിച്ചു. പന്നാ പുത്രനെ എടുത്തു പള്ളിമെത്തയിൽ കിടത്തി ക്ഷമയോടുകൂടി ഘാതകൻെറ വരവും കാത്തിരുന്നു. നേരം മണി പത്തുണ്ടായി; കൊട്ടാരം മുഴുവൻ നിശ്ശബ്ദമായിരുന്നു. എന്നാൽ പെട്ടെന്നു കാലടികളുടെ ശബ്ദം കേട്ടു പന്നാ ഞെട്ടി. അവൾ തിരിഞ്ഞു നോക്കിയപ്പോൾ ബനേബീർ അവിടെ നി

ല്ലുന്നതു കണ്ടു. പാന്നാ എഴുന്നേററ് അയാൾക്ക് ഉപചാരം ചെയ്തു.

ബാനബീർ—'രാജകുമാരനെന്തു ചെയ്യുന്നു? ഞാൻ അദ്ദേഹത്തിൻെറ ശരീരസ്ഥിതിയെക്കുറിച്ച് ഉൽകണ്ഠിതനായി അദ്ദേഹത്തെ കാണാനാണ് വന്നത്.'

ആരാണ് മെത്തയിൽ കിടക്കുന്നതെന്നു നോക്കാതെ അയാൾ ആ ബാലൻെറ നെഞ്ചത്ത് ഒരു മൂർച്ചയുള്ള കഠാരി കുത്തിയിറക്കി. മർമ്മഭേദകമായ ഒരു നിലവിളി രാത്രിയുടെ നിശ്ശബ്ദതയിൽ മുഴങ്ങി കേൾക്കയും കൊട്ടാരം മുഴുവൻ അതിൻെറ പ്രതിധ്വനി ആവർത്തിക്കയും ചെയ്തു. ബാനബീർ വേഗം പുറകോട്ടുമാറി. ആ ഘാതുകകൃത്യത്തിൽ രക്തമണിഞ്ഞ കൈകളോടുകൂടി പിടിക്കുന്നതിന് ഇടയാകരുതെന്നു കരുതി സ്വന്ത മുറിയിലേക്ക് ഓടിപ്പോയി.

നാലുവശത്തുനിന്നു രാജകുമാരൻെറ മുറിയിലേക്ക് ആളുകൾ ഓടിക്കേറിവന്നു; പാന്നാ മോഹാലസ്യപ്പെട്ടു ബോധമില്ലാതെയും രാജകുമാരൻ രക്തത്തിൽ കിടന്നു പിടയ്ക്കുന്നതും കണ്ടു. കൊട്ടാരം മുഴുവൻ ഉച്ചത്തിൽ വിലാപങ്ങൾ തുടങ്ങി. പട്ടണമൊട്ടുക്കു വലിയ വ്യസനത്തിലായി. പാന്നായ്ക്കു ബോധം വന്നപ്പോൾ രാജകുമാരനെ കൊന്നതാരാണെന്നു പറവാൻ ആളുകൾ അവളെ നിർബ്ബന്ധിച്ചുതുടങ്ങി. സത്യത്തെ മറയ്ക്കുന്നതാണ് നല്ലതെന്നു നിശ്ചയിച്ച് അവൾ ഇങ്ങിനെ പറഞ്ഞു.

പാന്നാ—'ഒരു കറുത്ത മനുഷ്യൻ ഝടിതിയായി വന്നു കയറി രാജകുമാരനെ കൊന്നു.' ഉദയസിംഹരാജൻ മരിച്ചുവെന്നുതന്നെ എല്ലാവരും തീർച്ചപ്പെടുത്തി. പാന്നാ ജോലിയിൽനിന്നും ഒഴിഞ്ഞു രാജകുമാരനെ ഗൂഢമായി സൂക്ഷിച്ചിരുന്ന സ്ഥലത്തു പോയി താമസിച്ചു രാജകുമാരനെ 'അഷാ' എന്നു പേരായ ഒരു ജൈനവ്യാപാരിയുടെ വീ

ട്ടിൽ താമസിപ്പിക്കയും യൌവനമാകുന്നതുവരെ അവിടെത്തന്നെ ശുദ്ധമായി വളൎത്തുകയും ചെയ്തു.

ഉദയസിംഹൻ രാജകുമാരനായി അംഗീകരിക്കപ്പെട്ടു എന്നും ബാനബീർ ശിരഃഛേദം ചെയ്യപ്പെട്ടു എന്നും സംഗാരാമസിംഹൻെറ പുത്രനും അവകാശിയുമായ കുമാരൻ സിംഹാസനാരോഹണം ചെയ്തു എന്നും പ്രത്യേകം പറഞ്ഞിട്ടാവശ്യമില്ലല്ലോ. പന്നായെ അവളുടെ മരണംവരെ രാജാവു സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു.

## ൭ ഗാനോറിലെ രാജ്ഞി.

ഗാനോർ മദ്ധ്യമ ഇന്ത്യയിൽ ഒരു ചെറിയ ഹിന്തുരാജ്യമായിരുന്നു. ഹിന്തുരാജ്യങ്ങൾ ഓരോന്നായി, ചന്ദ്രോദയത്തിൽ അബ്ധിതരംഗങ്ങൾപോലെ; കേറിക്കേറി വരുന്ന മഹമ്മദീയപ്രതാപത്തിൻെറ അലംഘനീയമായ ആക്രമണത്തിന് അധീനപ്പെട്ടു നാമാവശേഷമായിത്തീരുംകാലത്ത് ഈ ചെറുരാജ്യമായ ഗാനോർ മാത്രം നല്ല ധൈൎയ്യം പോരാടി സ്വാതന്ത്ര്യത്തെ നിലനിൎത്തിപ്പോന്നു. കാലക്രമത്താൽ പഠാണികൾ ഡൽഹിയിൽനിന്നു ബഹിഷ്കൃതന്മാരായി കൂട്ടംകൂട്ടമായി ഇന്ത്യയെ ആക്രമിച്ച മൊഗിളന്മാരാൽ പഠാണികൾ നാനാ ദിക്കുകളിലേക്കും ഓടിക്കപ്പെട്ടു. അവരുടെ രാജ്യങ്ങൾ ജേതാക്കൾക്കധീനമായി. പരാജിതന്മാരായി എങ്കിലും ധീരന്മാരും ബലവാന്മാരുമായ പഠാണിപ്രഭുക്കന്മാരും സൈന്യാധിപന്മാരും ഡൽഹിയിൽ നിന്നും പലായനം ചെയ്തു നൂതനരാജ്യങ്ങളെ കൈവശപ്പെടുത്തുവാൻ തുടങ്ങുകയും ഹിന്തുരാജാക്കന്മാരെ അവരുടെ സമൃദ്ധങ്ങളായ രാജ്യങ്ങളിൽനിന്നു ഓടിക്കുവാൻ സന്നദ്ധരാകയും ചെയ്തു. ഇങ്ങിനെ പുറപ്പെട്ട പഠാണികളിൽ ഒരു സമൂഹത്തിൻെറ നായകനായ

ഒരു ഖാൻ ഡൽഹിയിൽനിന്ന് ഓടിപ്പോന്നു ചേകവരോടു കൂടി ഗാനോർ രാജ്യത്തിൽ കടന്ന് അതിനെ പിടിച്ചടക്കി മഹമ്മദീയശക്തിയെ പ്രതിഷ്ഠിക്കുവാൻ തീൎച്ചയാക്കി. എന്നാൽ ആ കാൎയ്യം അയാൾക്കു അത്ര ക്ഷണസാദ്ധ്യമായിരുന്നില്ല. ധീരനായ ഹിന്ദുരാജാവു തന്റെ സന്നാഹങ്ങളോടു കൂടി പഠാണികളോട് എതിർത്തുനിന്നു പോരുന്നതിനാൽ ഓരോ അംഗുലം സ്ഥലം കൈവശപ്പെടുത്തുന്നതിനും അതിഘോരമായ രണം വേണ്ടിവന്നു. എന്നാൽ ജയലക്ഷ്മി അന്ത്യത്തിൽ മഹമ്മദീയരെ സസ്മിതം കടാക്ഷിച്ചതിനാൽ ഹിന്ദുക്കൾ തോററു തുടങ്ങി. ശൂരനായ രാജാവും, അദ്ദേഹത്തിന്റെ ധീരോത്തമന്മാരായ അനേകം സൈന്യങ്ങളും പോരിൽ വധിക്കപ്പെട്ടു.

ഈ വ്യസനവൎത്തമാനം ഗാനോറിൽ എത്തിയപ്പോൾ പരേതനായ രാജാവിന്റെ പട്ടമഹിഷിയായ രാജ്ഞി പ്രിയതമന്റെ ചരമഗതിയെ ഓൎത്തു സാധാരണ സ്ത്രീകളെപ്പോലെ ക്രന്ദനം ചെയ്കയല്ല ഉണ്ടായത്. തൽക്ഷണം ആ മഹതി തന്നാൽ അല്പനേരംകൊണ്ടു ശേഖരിക്കുവാൻ കഴിഞ്ഞിടത്തോളം പോരാളികളോടൊന്നിച്ചു, ജേതാക്കളായ പഠാണികളോടു പിന്നൊഴിക്കാതെ നിന്നു പോരാടുന്ന തന്റെ സൈന്യങ്ങളോടു പോയിച്ചേൎന്നു, ഭൎത്താവു വഹിച്ചിരുന്ന സൈന്യത്തിന്റെ നേതൃത്വം കൈക്കൊണ്ടു. ധീരയായ രാജ്ഞിയുടെ സാന്നിദ്ധ്യത്താൽ ഗാനോർ സൈന്യത്തിന്നു പൂൎവ്വാധികം ഉത്സാഹവും ധൈൎയ്യവും ഉണ്ടായി. രാജ്ഞിയാകട്ടെ സൈന്യഭരണത്തിൽ തന്റെ ഭൎത്താവിനെപ്പോലെ തന്നെ നൈപുണ്യമുള്ളവളായിരുന്നു. ആ മഹതിയുടെ അധീനത്തിൽ ഭടന്മാർ രണവീരന്മാരാൽ മാത്രം സാദ്ധ്യമാംവണ്ണം പോരാടി. എന്നാൽ അവരുടെ അമാനുഷയത്നങ്ങളെല്ലാം വിഫലമായതേയുള്ളൂ. പഠാണിനായകന്റെ സൈന്യം പരപ്പേറിയതായിരുന്നു. എന്നാൽ രാജ്ഞിയെ സഹായിക്കു

ന്നതിന്നു രണ്ടുമൂവായിരം ശൂരന്മാരായ യോദ്ധാക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ശൂരന്മാരുടെ സംഖ്യ ദിനംപ്രതി കുറഞ്ഞു വന്നതിനാൽ മഹമ്മദീയരുടെ ആക്രമണത്തിൽനിന്നു രാജ്യത്തെ രക്ഷിക്കുന്നതിന് അശക്യമായിരുന്നു. നിരാശയായെങ്കിലും അതിഘോരമായ രണം കൂടാതെ ഒരടി മുന്നോട്ടു വെക്കുന്നതിന്നു രാജ്ഞി ശത്രുക്കളെ സമ്മതിച്ചില്ല. ഈ വണ്ണം തന്റെ രാജ്യത്തിലെ അഞ്ചു കോട്ടകളെ ആ ധീര തട്ടുന്നിന്നു രക്ഷിച്ചു എങ്കിലും ഒടുവിൽ നില്ക്കക്കള്ളിയില്ലാതെ ഓടി നർമ്മദാ തീരത്തിലുള്ള ആ മനസ്വിനിയുടെ അവസാനകോട്ടയിൽ അഭയം പ്രാപിക്കേണ്ടിവന്നു. രാജ്ഞി നർമ്മദാതീരം വിട്ടു കോട്ടയിൽ എത്തിക്കൂടുമ്പോഴക്കു ശത്രുക്കൾ ആ സ്ത്രീരത്നത്തേയും ശേഷിച്ച സൈന്യത്തേയും പിന്തുടൎന്നു നദീതീരത്തെത്തി അശ്വാരൂഢന്മാരായ പഠാണി സൈന്യം നില്ക്കാതെ തൽക്ഷണം അതിക്രൂരതയോടെ കോട്ടയെ എതിൎത്തതിനാൽ ഗോപുരദ്വാരങ്ങൾ ബന്ധിക്കേണ്ടിവന്നുപോയി. കോട്ടവാതിൽ പെട്ടെന്നടച്ചു പോയതിനാൽ രാജ്ഞിയുടെ കൂടെ ഉണ്ടായിരുന്ന ഭടന്മാൎക്കെല്ലാവൎക്കും കോട്ടയിൽ കടക്കുന്നതിന്നു സാധിച്ചില്ല. ഈ നിൎഭാഗ്യസംഭവത്താൽ പുറത്തു ശ്രേണിയിലും കരയിലുമായി പെട്ടുപോയ അനേകം യോദ്ധാക്കൾ രാക്ഷസന്മാരായ പഠാണികളുടെ വൎഗ്ഗങ്ങൾക്ക് അരനിമിഷത്തിനുള്ളിൽ ഇരയായി ഭവിച്ചു. എന്നാൽ അവരിൽ പലരും ധീരന്മാരായ ഹിന്തുക്കളാലും യമലോകപ്രാപ്തരായി.

ഭഗ്നാശയന്മാരായി കോട്ടയിൽ പെട്ട രക്ഷിവൎഗ്ഗങ്ങൾ വളരെ കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ കുപിതന്മാരായ മഹമ്മദിയന്മാരാൽ വളയപ്പെട്ടു. കാൎയ്യം ഒന്നുമില്ലെന്നു നിശ്ചയമുണ്ടെങ്കിലും ശൂരന്മാരായ ആ സ്വല്പം ഭടന്മാർ പരാജിതരാകപ്പെടുന്നതുവരെ അവരുടെ രാജ്ഞിയുടെ സമീപത്തുന്നിന്നു വിട്ടുപിരിയാതെ ആ ധീരയോടൊപ്പം യു

ധം ചെയ്തു. പഠാണികൾ കോട്ടമതിലുകളെ ഭേദിച്ചും കയറിക്കടന്നും കോട്ടക്കകത്തു ചാടിവീണു. ഈ സ്ഥിതിയിൽ, കീഴടങ്ങുകയല്ലാതെ നിവൃത്തിയില്ലെന്നു കണ്ടു. രാജ്ഞി, താൻ കീഴടങ്ങുവാൻ ഒരുക്കമായിരിക്കുന്നതിനാൽ സൈന്യവധം നിൎത്തണമെന്നു ജേതാവിനോടപേക്ഷിക്കുവാൻ ഒരു ദൂതനെ നിശ്ചയിച്ചു.

ദൂതിൻെറ വൎത്തമാനം അറിഞ്ഞപ്പോൾ പഠാണിനായകൻ വളരെ സന്തോഷിക്കയും ദൂതനെ സബഹുമാനം സല്ക്കരിക്കയും ചെയ്തു. രാജ്യലബ്ധിക്കുള്ള മോഹം കഴിഞ്ഞാൽ ഖാനിൻെറ രണ്ടാമത്തായ ആഗ്രഹം രാജ്ഞിയുടെ പാണിഗ്രഹണമായിരുന്നു. ആ വീരപത്നിയുടെ സൌന്ദൎയ്യവിശേഷത്താൽ ആ നീചൻ അപഹൃതചിത്തനായിത്തീൎന്നിരിക്കുന്നു. അതിനാൽ അയാൾ ഒരു ദൂതനോട് ഇപ്രകാരം പറഞ്ഞയച്ചു:—'എടോ വീര! താൻ ചെന്നു രാജ്ഞിയോട് അവരുടെ ധൈൎയ്യം കണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു എന്നും, അവർ, രാജ്ഞിയായിരിക്കുവാൻ എല്ലാംകൊണ്ടും യോഗ്യയാണെന്നും, മുമ്പിലത്തെപ്പോലെ ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം അവൎക്കു മേലാലും രാജ്ഞിയായിരിക്കുവാൻ സാധിക്കുന്നതാണെന്നും, ഞാൻ അവരുടെ ഹിതം അനുവൎത്തിക്കുവാൻ സദാ സന്നദ്ധനായ ദാസനാണെന്നും ഗാനോർ രാജ്യത്തേയും എന്നേയും അവർ ഒരുപോലെ ഭരിക്കുന്നത് എനിക്കു പൂൎണ്ണസമ്മതമാണെന്നും, ഞാൻ എന്നും ഒരടിമയെപ്പോലെ അവരെ അനുസരിക്കുന്നതാണെന്നും അറിയിക്കുക'. ഖാനിൻെറ ഹിതത്തെ അനുസരിക്കാതിരിക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നും, വിസമ്മതം പറഞ്ഞാൽ നിൎബ്ബന്ധം നിശ്ചയമാണെന്നും ധൈൎയ്യവതിയായ നമ്മുടെ നായിക അറിഞ്ഞിരുന്നതിനാൽ അനുസരിക്കുംവിധം താഴെ പറയുന്ന മറുവടിയോടുകൂടി ദൂതനെ വീണ്ടും അയച്ചു.

“അങ്ങയുടെ ശൌര്യപരാക്രമങ്ങളും സ്ഥിരനിശ്ചയവും കണ്ടു ഞാൻ ഏററവും സന്തോഷിക്കുന്നു. എന്നെപ്പോലെയുള്ള സ്ത്രീകൾ സർവ്വദാ ധീരതയേയും സാമർത്ഥ്യത്തെയും അഭിനന്ദിക്കുന്നവരാണ്. എന്റെ ഭർത്താവാകുവാൻ അങ്ങ യോഗ്യൻതന്നെയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നെ അങ്ങുന്നു ഭാര്യയായി സ്വീകരിക്കുന്നപക്ഷം അതു എനിക്കു വലിയ മാനവും ജന്മസാഫല്യവുമാണ്. എന്നാൽ ഒന്ന് അങ്ങ് അനുവദിക്കണം. എന്റെ കുഡുംബസമ്പ്രദായം അനുസരിച്ചു നമ്മുടെ വിവാഹമഹോത്സവം ഈ രാജഗൃഹത്തിന്റെ ചന്ദ്രമണ്ഡപത്തിൽവെച്ചുകൊണ്ടാടണം. അങ്ങയുടേയും എന്റേയും അവസ്ഥയ്ക്കനുരൂപമായ വസ്ത്രാഭരണാദ്യലങ്കാരങ്ങളോടുകൂടി വിവാഹത്തിനു തയ്യാറായി വരുവാൻ എനിക്കു രണ്ടു മണിക്കൂർ സമയം തരണം”.

ഈ ദൌത്യപ്രകാരമുള്ള സകല അപേക്ഷകളും ഖാൻ സന്തോഷപൂർവ്വം സമ്മതിച്ചുവെന്നു പറയേണ്ടതില്ലല്ലൊ. ആ മ്ലേച്ഛനു ഇതിലധികം സന്തോഷം ഇനി വരുവാനില്ല. വിവാഹസമയം ധരിക്കുന്നതിനായി മനോഹരമായ ഒരു കഞ്ചുകവും വിലയേറിയതും രത്നഖചിതവുമായ ഒരു ഹാരവും അയാൾക്കു സമ്മാനമായി രാജ്ഞിയുടെ പക്കൽനിന്നു കിട്ടിയപ്പോൾ അയാളുടെ പരമാനന്ദം ഹൃദയം കവിഞ്ഞൊഴുകി. യുദ്ധസംബന്ധമായ കോലാഹലങ്ങളും നിലവിളികളും വിവാഹപൂർവ്വഗാമികളായ സംഗീതാദി മനോജ്ഞസ്വരങ്ങൾക്കു കീഴടങ്ങിക്കഴിഞ്ഞു. സന്തോഷകോലാഹലങ്ങൾ മാത്രമേ എവിടേയും കേൾക്കുവാനുള്ളു. പഠാണികൾ ആ യുദ്ധങ്ങളെ ഉപേക്ഷിച്ചു നായകന്റെ മണവാട്ടിയുടെ കല്യാണവും സൌഖ്യവും ഉദ്ദേശിച്ചു സുരാപാനം ചെയ്തുതുടങ്ങി. തന്നാൽ കാമിക്കപ്പെട്ടനാ പ്രൌഢയായ സുന്ദരീരത്നത്തിന്റെ സൌന്ദര്യവിലാസത്തെ ഈക്ഷണം ചെയ്യുന്നതിനു അക്ഷമനായിട്ടു ഖാൻ കാത്തിരുന്നു.

ഒടുവിൽ സകലതും തയ്യാറായിരിക്കുന്നു എന്നു ദൂതൽ മുഖാന്തരം അറിവുകിട്ടി. ഖാൻ തൽക്ഷണം രാജ്ഞിയാൽ സമ്മാനിക്കപ്പെട്ട കഞ്ചുകവും മാലയും ധരിച്ച് അഴകുരാവണനെപ്പോലെ ചന്ദ്രമണ്ഡപത്തിലേക്കു കയറിച്ചെന്നു രാജ്ഞിയെ ദർശിച്ചു. ആ സുന്ദരിയെ കണ്ടപ്പോൾ അവരുടെ ആകാരസുഷമയെപ്പററി കേട്ടതെല്ലാം ശരിയാണെന്ന് അയാൾക്കു ബോദ്ധ്യം വന്നു. അവരുടെ സൌന്ദര്യകാന്തി അവർണ്ണനീയമായിരുന്നു. അവർ അവരുടെ സൂക്ഷ്മപടനിർമ്മിതമായ ഒരു ദന്തചാവട്ടയിലും അവരുടെ സഖിമാരായ സ്ത്രീജനങ്ങൾ കുറച്ച് അകലെ അണിയായി നിരത്തിവെച്ചിട്ടുള്ള ആസനങ്ങളിലും ഇരിക്കയായിരുന്നു. ഈ ആസനങ്ങളെല്ലാം കിങ്കാബ് നീരാളംകൊണ്ടു മൂടപ്പെട്ട ചാക്കുകൾപോലെ കാണപ്പെട്ടു. വിശേഷവസ്ത്രാഭരണങ്ങൾ അണിഞ്ഞിട്ടുള്ള അവരുടെ എല്ലാവരുടെ കയ്യിലും ഓരോ കൊളുത്തിയ പന്തം ഉണ്ടായിരുന്നു. രാജ്ഞിയുടെ ക്ഷണം സ്വീകരിച്ചു ഖാൻ, തയ്യാറാക്കി വെച്ചിരുന്ന ഒരു പീഠത്തിന്മേൽ ഇരുന്നു. ഉപമാഹീനമായ സുന്ദരിയുടെ സൌന്ദര്യത്തിന്നു അയാൾ അടിമയായി പോയതിനാൽ അവരുടെ എത്ര നിസ്സാരമായ ആഗ്രഹമെങ്കിലും, സ്വയംസിദ്ധമായ മര്യാദയോടും സൌമ്യതയോടും നിറവേററുന്നതിന്നു അയാൾ ഒരുക്കമായിരുന്നു. കുറെ നേരം അവർ തമ്മിൽ സംസാരിച്ചുകഴിഞ്ഞു. രാജ്ഞിയുടെ മുഖാരവിന്ദത്തെ വീക്ഷണം ചെയ്തുകൊണ്ടിരുന്ന സമയത്തു മാരാതുരനായ ഖാനിന്നു മണിക്കൂറുകൾ മിനിട്ടുകളായി തോന്നി. ഇങ്ങിനെ മോഹാർണ്ണവത്തിൽ മഗ്നനായിരുന്ന പഠാണിനായകന്റെ മുഖഭാവം പെട്ടെന്നു മാറി. അയാൾക്കു അത്യുഷ്ണം ബാധിച്ചപോലെ തോന്നി. താലവൃന്തങ്ങളാൽ വീശപ്പെട്ടിട്ടും പനിനീർമുതലായ ജലങ്ങൾ തളിച്ചിട്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല. പ്രാണവേദന സഹിക്കാൻ വഹിയാതെ അ

യാൾ കല്യാണവസ്ത്രങ്ങളെ കീറി എറിയുവാൻ തുടങ്ങി. ഈ അവസരത്തിൽ രാജ്ഞി എഴുനീററുനിന്ന് അയാളോടിങ്ങിനെ പറഞ്ഞു:— "എടോ! ദുഷ്ട! തൻെറ അവസാനം അടുത്തു എന്നറിക. താൻ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ വിഷമയങ്ങളാണ്. തന്നെ തൊട്ടു അശുദ്ധമാകാതെ കഴിക്കുവാൻ എനിക്കു ഗത്യന്തരമുണ്ടായിരുന്നില്ല". ഇതു കേട്ടപ്പോൾ ഖാനിൻെറ അനുചരന്മാർ, ഭയത്താൽ ഇടിവെട്ടുകൊണ്ടവരേപ്പോലെ സ്തംഭിച്ചു നിന്നുപോയി. അവർ ക്ഷണഭംഗുരമായ ആ മോഹാലസ്യത്തിൽനിന്നു മുക്തരാകുന്നതിനു മുമ്പിൽ വീരപത്നിയും പതിവ്രതാശിരോമണിയുമായ രാജ്ഞി ചന്ദ്രാങ്കണത്തിൽനിന്ന്, അഗാധമായ നർമ്മദയിൽ കൂസൽകൂടാതെ ചാടി വീർയ്യസ്വർഗ്ഗം പ്രാപിച്ചു, ഭർത്താവിനോടു ചേർന്നു.

ഭ്രാന്തചിത്തന്മാരായ പഠാണികൾ ശേഷിച്ച സ്ത്രീകളോടടുത്തു. അവരാകട്ടെ ഭയം കൂടാതെ അവർ ഇരുന്നിരുന്ന ആസനങ്ങളിൽ കയ്യിലുണ്ടായിരുന്ന പന്തത്താൽ തീ കൊളുത്തി. ആ ആസനങ്ങൾ വെടിമരുന്നു നിറച്ചിട്ടുള്ള ചാക്കുകളായിരുന്നു. ഉടനെ ഭൂമിയേയും ആകാശത്തേയും നാരായവേരോടെ ഇളക്കി പറിക്കുന്നതായ ഒരു അതി ഘോരരവവും പൊട്ടലും ഉണ്ടായി. കോട്ട അസ്ഥിഭാരത്തോടുകൂടി ഇളകുകയും ഭയാനകമായ ഒരു ധൂമസ്തംഭം ആകാശമാർഗ്ഗത്തോളം ഉയരുകയും ഉണ്ടായി. ധൂമജാലത്തിൽനിന്നു ദിക്കെല്ലാം ഒഴിവായി നോക്കിയപ്പോൾ ഗനോർരാജഗൃഹത്തിൻെറ ചന്ദ്രാങ്കണത്തിൽ പിണ്ഡാകൃതിയായ ചില ശവശരീരങ്ങളല്ലാതെ മറെറാന്നും കാണ്മാനുണ്ടായിരുന്നില്ല.

ഖാനിൻെറ അർദ്ധദഗ്ദ്ധമായ ദേഹം കണ്ടുകിട്ടി. അതിനെ പഠാണികൾ ഭോപ്പാൽ രാജ്യത്തേക്കു പോകുന്ന വഴിയിരികിൽ കുഴിച്ചിട്ടു. ഇപ്പോഴത്തെ ഭോപ്പാൽനവാബ് വംശത്തിൻെറ സ്ഥാപകൻ മേൽ വിവരിച്ച വിധം അകാലമൃ

തിയെ പ്രാപിച്ച ഖാനാണ്. അയാളുടെ ശവകുടീരത്തെ ദശിക്കുന്നത് ആ ദിക്കിൽ നടപ്പുള്ള ഒരു മാതിരി ഒന്നരവാടൻപനിയ്ക്കും എങ്ങലിന്നും ഒരു സിദ്ധൌഷധമാണെന്നു പ്രസിദ്ധമായിരിക്കുന്നു. ഇതെന്തൊരത്ഭുതം!

## വ്യ. നായകൻെറ പതി.

ബങ്കാളരാജ്യം ഭരിച്ചിരുന്ന പഠാണിരാജാക്കന്മാരിൽ ഒടുവിലത്തെ ആളായിരുന്നു സുലിമാൻ. അക്ബർ ഡൽഹിയിൽ സിംഹാസനാരോഹണം ചെയ്തപ്പോൾ ഉത്തരഇന്ത്യയിൽ ബങ്കാൾ ഒഴികെയുള്ള സകല രാജ്യങ്ങളും അദ്ദേഹത്തിൻെറ ഭരണത്തിന്നധിനമായി ഭവിച്ചു. പഠാണിരാജാവിനെ വഴിപ്പെടുത്തി ബങ്കാൾ കൈവശമാക്കുന്നതിന് അക്ബർ ഡൽഹിയിൽ നിന്നു മുനിംഖാനെ ഒരു വലിയ സൈന്യത്തോടുകൂടി അയച്ചു. സുലിമാൻ കൊല്ലപ്പെടുകയും അദ്ദേഹത്തിൻെറ പുത്രൻദൌദഖാൻ ഒറീസ്സായിലേക്കു ഓടിപ്പോകയും ചെയ്തു.

എന്നാൽ മുകിളന്മാർ സമീപത്തേക്കു വരുന്നുണ്ടെന്നു കേട്ടപ്പോൾ സുലിമാൻ തൻെറ സ്വത്തു മുഴവൻ ബങ്കാളത്തിൻെറ തെക്കുഭാഗത്തുള്ള ജസ്സൂർ എന്ന നഗരത്തിലേക്കു മാററിവെച്ചു. ഈ സ്ഥലം, ഒരു ബങ്കാളിയും തന്നാൽ 'രാജാ വിക്രമാദിത്യൻ' എന്ന സ്ഥാനം നൽകപ്പെട്ടവനും ആയ തൻെറ ഭണ്ഡാരകാര്യാന്വേഷക മന്ത്രിയുടെ അധിവാസസ്ഥലമായിരുന്നു. അദ്ദേഹം സുലിമാന് ഏററവും വിശ്വാസമുള്ള സേവകന്മാരിൽ ഒരാളായിരുന്നതിന്നു പുറമേ സമുദ്രത്തോടു തൊട്ടുകിടക്കുന്ന ദക്ഷിണബങ്കാൾ മുഴവൻ ഭരിച്ചിരുന്നത് അദ്ദേഹമാണെന്നു പറയാം.

അക്കാലത്തു ബംഗാളത്തിലെ രാജ്യഭരണസമ്പ്രദായം ഒരുവക പ്രഭുസമുദായ രാജ്യഭരണത്തോടു തുല്യമായിരുന്നു. ദേശാധികാരികൾ അവരവരുടെ അധികാരാതൃത്തിക്കകത്തു പൂർണ്ണസ്വാതന്ത്ര്യത്തോടു കൂടിയവരായിരുന്നു. രാജകീയമായ സകല അവകാശങ്ങളും പ്രത്യേകാധികാരങ്ങളും അവർ അനുഭവിച്ചിരുന്നു. നവാബിന്നു കപ്പം കൊടുത്തു വന്ന കാലത്തോളം അവരെ സ്വേച്ഛാനുസരണം പ്രവർത്തിക്കുന്നതിന്നു പഠാണിരാജാക്കന്മാർ അനുവദിച്ചിരുന്നു. എന്നാൽ പലപ്പോഴും അവർ മത്സരിക്കുകയും കപ്പം അടയ്ക്കുന്നതിൽ ഉപേക്ഷ കാണിക്കുകയും ചെയ്തിരുന്നു. പലപ്പോഴും അവർ തമ്മിൽ തമ്മിൽ കലഹിക്കുകയും നവാബിന്റെ അധികാരത്തെ വിസ്മരിക്കുകയും ചെയ്തിരുന്നു. നവാബിന്റെ സൈന്യത്തിന്റെ മുഖ്യവേല കലഹജനകന്മാരായ ഈ അധികാരികളെക്കൊണ്ടു ക്രമപ്രകാരം കപ്പം അടപ്പിക്കുകയും അവർ അന്യോന്യം കലപ്പെടുത്തുവാൻ ഇടകൊടുക്കാതെ നോക്കുകയും ആയിരുന്നു.

സുലിമാൻ ഹതനാവുകയും ദൌദഖാൻ ഓടിപ്പോവുകയും ചെയ്തപ്പോൾ ബംഗാൾ ജിതയായില്ല. അധികാരികൾ കപ്പം അടക്കാതെയായി. പക്ഷെ മുകിൾ സേനാധിപതിക്കു അതിലേക്കു ദൃഷ്ടിപതിപ്പാൻ അവസരമുണ്ടായിരുന്നില്ല. അദ്ദേഹം ഓടിപ്പോയ നവാബിനെ പിന്തുടന്നു. അയാളെ പിടിക്കേണ്ട ഒരു ഒറ്റക്കാര്യത്തിന്നാണ് അദ്ദേഹം അപ്പോൾ മനസ്സു മുഴുവൻ വെച്ചിരുന്നത്. ഒരു കൊല്ലം മത്സരിച്ചതിന്റെ ശേഷം ദൌദഖാനെ കൊന്ന് അദ്ദേഹത്തിന്റെ സൈന്യത്തെ ഛിന്നഭിന്നമാക്കിത്തീർത്തു. നവാബിന്റെ സേനാപതിയായ കല്ലുഖാൻ ചക്രവത്തിയുമായി സമാധാനമാവുകയും ഒറീസ്സയിൽ വാണുകൊൾവാൻ അനുവദിക്കപ്പെടുകയും ചെയ്തു.

എന്നാൽ മുകിൾഗവർണ്ണരായ രാജാ ടോഡർമാളുടെ

ദൃഷ്ടി പ്രധാനികളുടെ നേരെ പതിഞ്ഞപ്പോൾ അവർ എല്ലാവരും പ്രത്യക്ഷത്തിൽ മത്സരത്തിന്നു ഒരുമ്പെട്ടതായി കണ്ടതിനാൽ അദ്ദേഹത്തിന്നു മോൺഗിയർ കോട്ടയ്ക്കകത്തു രക്ഷ പ്രാപിക്കേണ്ടി വന്നു. ഹിന്ദുക്കളും പഠാണികളുമായ ബങ്കാൾ പ്രഭുക്കന്മാരെല്ലാവരും കോട്ടയ്ക്കു ചുററും വളഞ്ഞു. ഏകദേശം ഒന്നര കൊല്ലത്തോളം പുറത്തു പോകുവാൻ നിവൃത്തിയില്ലാതെ കോട്ടയ്ക്കകത്തു കിടക്കേണ്ടിവന്നു. ഒടുവിൽ അദ്ദേഹത്തിൻെറ പ്രസിദ്ധമായ സന്ധികരണസാമൎത്ഥ്യത്താൽ ഹിന്ദുപ്രധാനികളെ സ്വാധീനപ്പെടുത്തി. അവരുടെ സഹായത്താൽ പഠാണികളെ ബങ്കാളത്തുനിന്ന് ഓടിക്കുകയും രാജ്യത്തു വീണ്ടും സമാധാനം ഉണ്ടാക്കുകയും ചെയ്തു. ഹിന്ദുരാജാക്കന്മാർ അക്ബറിൻെറ മേൽക്കോയ്മയെ സമ്മതിക്കുകയും പഠാണിനവാബിന്നു കൊടുത്തുവന്നിരുന്നതുപോലെ അദ്ദേഹത്തിന്നു കപ്പം കൊടുത്തുകൊള്ളാമെന്നു ഏല്ക്കുകയും ചെയ്തു. രാജാവിക്രമാദിത്യൻ മററുള്ള പ്രഭുക്കന്മാരുടെ ദൃഷ്ടാന്തത്തെ അനുസരിച്ചു മുകിൾവൈസ്രോയിയെ അടിവണങ്ങി തൻെറ അധികാരസ്ഥലത്തേക്കു പോയി. കുറെ സംവത്സരത്തോളം അദ്ദേഹം തൻെറ രാജ്യത്തെ സമാധാനത്തോടെ ഭരിക്കുകയും 'രാജാപ്രതാപാദിത്യൻ' എന്ന ഒരു പുത്രനേയും വിട്ട് ജസ്സൂരിൽവെച്ചു ചരമഗതിയെ പ്രാപിക്കയും ചെയ്തു.

പ്രതാപാദിത്യൻ വളരെ ശക്തിമാനായ ഒരു രാജാവായിത്തീൎന്നു. അദ്ദേഹത്തിന്നു 'ഭസൂരേശ്വരി' എന്ന പേരോടുകൂടിയ ഒരു ഭാൎയ്യയുണ്ടായിരുന്നു. അവരുടെ യഥാൎത്ഥമായ പേർ എന്താണെന്നു അറിഞ്ഞുകൂട. 'ഭസൂരേശ്വരി' എന്നതു അവിടുത്തെ കുലദൈവത്തിൻെറ പേരാണ്. വംശസ്ഥാപകൻെറ മുമ്പാകെ ദേവി പ്രത്യക്ഷമായി കുഡുംബത്തിൽ നന്മയും സൽഗുണവും ഉള്ള കാലത്തോളം അവിടം വിട്ടു പോകയില്ലെന്ന് അരുളിച്ചെയ്തതായി പറയ

പ്പെടുന്നു. പ്രസ്ഥാനസൂചകമായി രാജമന്ദിരത്തോടു തൊട്ടു കിടക്കുന്ന ദേവാലയത്തിലെ വിഗ്രഹത്തിന്റെ മുഖം തിരിച്ചു വെക്കുന്നതാണെന്നു ദേവി വാഗ്ദാനം ചെയ്കയും ഉണ്ടായത്രേ. രാജധാനിയിൽ ഇപ്പോൾ രണ്ടു ഭാസുരേശ്വരികളുണ്ടു്. ഒന്നു ദേവിയും മറേറതു പ്രതാപാദിത്യന്റെ പത്നിയും. പക്ഷെ ഒന്നു സചേതനവും മറേറതു ശിലാനിൎമ്മിതവും ആകുന്നു.

പ്രതാപാദിത്യൻ ക്രമേണ വളരെ വളരെ ശക്തിമാനും വളരെ ദുർവൃത്തനും ആയിത്തീൎന്നു. അദ്ദേഹം ഒരു വമ്പിച്ച സൈന്യത്തെ ശേഖരിക്കുകയും രാജ്യത്തുള്ള കലഹകാരന്മാരായ സകലരും അദ്ദേഹത്തിന്റെ ഭാഗത്തു ചേരുകയും ചെയ്തു. അനന്തരം നാടുകളും നഗരങ്ങളും കൊള്ളയിടുവാനും നശിപ്പിപ്പാനും കപ്പം തരുന്നതിലേക്കു അയൽരാജാക്കന്മാരെ അന്യായമായി ശാസിപ്പാനും തുടങ്ങി. പരന്ത്രീസ്സുകാരായ കടൽക്കള്ളന്മാരേയും മഗ്ഗ് കൊള്ളക്കാരേയും തന്റെ സൈന്യത്തോട് ഏകോപിപ്പിച്ചു. രാജ്യത്തിന്റെ ഒരററം മുതൽ അങ്ങേ അററം വരെ നശിപ്പിപ്പാനായി അദ്ദേഹം പുറപ്പെട്ടു. മുകിൾ വൈസ്രോയിക്കു് അതിബലവാനായ അദ്ദേഹത്തെ ശിക്ഷിക്കത്തക്ക ശക്തിയുണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. സ്വന്തനഗരത്തിൽ വെച്ചുതന്നെ അദ്ദേഹം വൈസ്രോയിയെ എതിൎത്തു. ചക്രവൎത്തിയെ തന്റെ രാജാവാണെന്നു സമ്മതിപ്പാനൊ അദ്ദേഹത്തിന്നു കപ്പം കൊടുപ്പാനൊ പ്രതാപാദിത്യൻ കൂട്ടാക്കിയില്ല.

എന്നാൽ അയൽരാജാക്കന്മാരിൽനിന്നു ധനം അപഹരിക്കുകയും അവരെ കലപ്പെടുത്തുകയും ചെയ്തതുകൊണ്ടു മാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. സ്വന്തം അമ്മാമനായ വസന്തറായിയുടെ നേൎക്കുതന്നെ അയാൾ തിരിഞ്ഞു. വസന്തറായിയെപ്പോലെ ഗുണവാനായിട്ടു അക്കാലത്തു ആരും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹം സകല ജനങ്ങളുടേയും

സ്നേഹബഹുമാനങ്ങൾക്കു ഭാജനമായ ഒരു വയോധികനാ യിരുന്നു. തന്റെ ഭാഗിനേയന്റെ നടപടിയെപ്പററി വസന്തരായിക്ക് അശേഷം തൃപ്തിയുണ്ടായിരുന്നില്ല. പ്രതാപാദിത്യനെ ദുൎമ്മാൎഗ്ഗത്തിൽനിന്നു തിരിച്ചു കൊണ്ടുവരുന്നതിന്നു കഴിയുന്നതും അദ്ദേഹം യത്നിച്ചു. പക്ഷെ അദ്ദേഹത്തിന്റെ ബുദ്ധിപൂൎവ്വകവും യുക്തിയുക്തങ്ങളും ആയ വാക്കുകൾ കേവലം അരണ്യരോദനമായി കലാശിച്ചതേയുള്ളു. തന്റെ പ്രജകൾ തന്നെ സ്നേഹിച്ചിരുന്നില്ലെന്നു പ്രതാപാദിത്യൻ അറിഞ്ഞു. തന്റെ മാതുലനാണ് അവരുടെ 'ഈശ്വരൻ' എന്നും അദ്ദേഹം മനസ്സിലാക്കി; ഒരു സമയം ജനങ്ങൾ തന്നോടു എടഞ്ഞു വസന്തരായിയെ സിംഹാസനാരൂഢനാക്കിയെങ്കിലോ എന്നു ഭയപ്പെട്ടു. തന്റെ സ്ഥാനം ഉറപ്പിക്കുന്നതിന്നായി അയാൾ ആ സാധുമനുഷ്യനെ കുഡുംബത്തോടുകൂടി കൊലപ്പെടുത്തുവാൻ തീൎച്ചയാക്കി. സാദ്ധ്വിയായ അദ്ദേഹത്തിന്റെ പത്നി ഭൎത്താവിനെ ഈ ക്രൂരകൃത്യാലോചനയിൽനിന്നു പിൻവലിപ്പിക്കുവാൻ ശ്രമിച്ചിട്ടു വിഫലമായെന്നു കണ്ടപ്പോൾ ഈ നീചവൃത്തി ചെയ്വാൻ അദ്ദേഹത്തിന്നു ഒരിക്കലും ഇടകൊടുക്കാതിരിപ്പാനുള്ള മാൎഗ്ഗത്തെ ആ സുശീല ധൈൎയ്യസമേതം അവലംബിക്കുവാൻ തീൎച്ചയാക്കി

അക്കാലത്തു പ്രഭുക്കന്മാർ ആചരിച്ചും ബഹുമാനിച്ചും വന്നിരുന്നതും ഇപ്പോഴും ബങ്കാളത്തു നടപ്പുള്ളതും ആയ ഒരു പഴയ ആചാരമുണ്ടായിരുന്നു. ഒരു മാന്യയുവതി തന്റെ പക്ഷത്തെ രക്ഷിക്കുന്നതിന്നു പരാക്രമശാലിയായ ഒരു യോദ്ധാവിനെ ആവശ്യപ്പെട്ടാൽ അവൾ തന്റെ കങ്കണത്തെ ഒരു പ്രസിദ്ധ ധീരപുരുഷന്റെ അടുക്കലേയ്ക്കോ യോദ്ധാക്കന്മാരുടെ ഒരു സദസ്സിലേയ്ക്കോ അയയ്ക്കും. ആ കങ്കണം ആ സംഘത്തിന്റെ മദ്ധ്യത്തിൽ വലിച്ചെറിയുവാൻ പറഞ്ഞു ഒരു ദാസിവശംകൂടി അയയ്ക്കുന്നു. അവിടെ ഹാജരുള്ള ധീരപു

രുഷന്മാരിൽ ഒരുവൻ അതെടുത്തു അവളുടെ ആജ്ഞയെ അനുസരിക്കുമെന്നും മരണംവരെ അവളുടെ പക്ഷത്തെ സഹായിക്കുന്നതാണെന്നും പ്രതിജ്ഞചെയ്യുന്നു. ഒരു ദിവസം പ്രതാപാദിത്യൻ രാജസദസ്സിൽ ഇരിക്കുമ്പോൾ രാജ്ഞിയുടെ പരിചാരികമാരിലൊരുവൾ ആ സദസ്സിൽ വന്നു എല്ലാവർക്കും ആശ്ചര്യമുണ്ടാകത്തക്കവണ്ണം 'കങ്കണ'ത്തെ ആ പൃമുഖത്തിന്റെ മദ്ധ്യത്തിൽ എറിഞ്ഞു. സദസ്യന്മാർ എല്ലാവരും ആശ്ചര്യസ്തബ്ധന്മാരായി എല്ലാവരും രാജാവിന്റെ നേരെ അതിതാൽപര്യത്തോടുകൂടി നോക്കി. പക്ഷെ അദ്ദേഹം അനങ്ങിയതേയില്ല. അദ്ദേഹത്തിന്റെ രൂക്ഷമായ മുഖത്ത് ഒരു കറുപ്പുനിറം വ്യാപിച്ചു. ഒരു യോദ്ധാവു പതുക്കെ എഴുന്നിററു. അദ്ദേഹം രാജാവിന്റെ പ്രധാനസേനാധിപനും രാജ്ഞിയുടെ സോദരനും ആയിരുന്നു. അയാൾ പതുക്കെ അടുത്തുചെന്നു 'കങ്കണം' എടുത്തു രാജാവിനെ നോക്കി ഇങ്ങിനെ പറഞ്ഞു:—'ഈ കങ്കണം രാജ്ഞിയുടെ പക്കൽ നിന്നു വരുന്നതാണ്. ഏതു കാര്യത്തിലാണ് അവരെ സഹായിക്കേണ്ടതു എന്നു എനിക്കറിഞ്ഞുകൂട. അവർ ഒരു 'നായകനെ' ആവശ്യപ്പെടുന്നു. രാജ്ഞിയിൽനിന്നു വരുന്നതാകകൊണ്ട് അതു അവരുടെ ഭർത്താവും രക്ഷിതാവും സഹായിയും സ്വാമിയുമായ നമ്മുടെ ധീരനായ രാജാവു തന്നെ സ്വീകരിക്കുമെന്നാണ് വിചാരിച്ചിരുന്നത്. എന്നാൽ അവിടുന്നു അതു സ്വീകരിപ്പാനുള്ള ഭാവം കൂടാതെ അതു തൊടാതെ ഇരിക്കുന്നതിനാൽ ഈ സംഘത്തിൽ ശൂരപുരുഷന്മാർ ആരുമില്ലെന്നുള്ള അപവാദത്തിനു ഇടയായെങ്കിലോ എന്നു ഭയപ്പെട്ട് ഞാൻ തന്നെ അതെടുത്തു മരണംവരെ അവരുടെ പക്ഷത്തെ രക്ഷിച്ചുകൊള്ളാമെന്നു സത്യത്തിന്മേൽ വാഗ്ദാനം ചെയ്യുന്നു.'

രാജാവു കുപിതനായി. പക്ഷേ ഒന്നും പറഞ്ഞില്ല. ദാസി മധുരസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—'രാജാവു സന്ത

റായിയേയും അദ്ദേഹത്തിന്റെ കുടുംബത്തേയും രക്ഷിക്കണമെന്നാണ് രാജ്ഞിയുടെ ആഗ്രഹവും ഈ കങ്കണം സ്വീകരിക്കുന്ന ധീരപുരുഷനോടുള്ള ആജ്ഞയും.' 'അങ്ങിനെതന്നെ അതു ചെയ്തുകൊള്ളാം' എന്നു പറഞ്ഞ് ആ ശൌര്യപുരുഷൻ സ്വസ്ഥാനത്തുപോയി ഇരുന്നു.

രാജാവു പെട്ടെന്നു കൂടിക്കാഴ്ച അവസാനിപ്പിച്ച് അദ്ദേഹത്തിന്റെ അകത്തേക്കു പോയി. അദ്ദേഹത്തിന്നു ഈ ലോകത്തിൽ ആരെയെങ്കിലും ഭയമുണ്ടെങ്കിൽ അതു അദ്ദേഹത്തിന്റെ ഭാര്യയെയാണ്. എല്ലാംകൊണ്ടും അവർ പ്രതാപാദിത്യന്റെ ഭാര്യയായിരിക്കത്തക്ക യോഗ്യതയുള്ളവളാണ്. അവർ ക്രൂരനായ ഒരു സിംഹത്തോടു ചേൎന്ന ഭയങ്കരിയായ ഒരു പെൺസിംഹമാണ്. അദ്ദേഹം അവരെ അരികെ വിളിച്ച് ആശ്ലേഷിച്ചും നല്ല വാക്കുകൾ പറഞ്ഞും ശാസിച്ചും പലവിധത്തിലും വസന്തറായിയെ രക്ഷിക്കേണമെന്നുള്ള അവരുടെ വിചാരത്തെ മാററുവാൻ നോക്കി. അദ്ദേഹത്തിന്നു അനുഭവിക്കുവാൻ വെച്ചിട്ടുള്ളതു ഇന്നതാണെന്നും തീൎച്ചയായിരിക്കുന്നു. അദ്ദേഹം മരിക്കണം. അല്ലെങ്കിൽ നമ്മൾ അപകടത്തിലാകും എന്നു രാജാവു പറഞ്ഞു. 'അപകടത്തിലായാലും ഇല്ലെങ്കിലും ഇങ്ങിനെയുള്ള ഒരു കഠിനക്രിയ ചെയ്വാൻ ഞാൻ ഒരിക്കലും അങ്ങയെ അനുവദിക്കയില്ല' എന്നു ഭാൎയ്യ മറുവടി പറഞ്ഞു.

വൃദ്ധനായ മാതുലനെ കൊല്ലുന്നതു അസാദ്ധ്യമാണെന്നു കണ്ടപ്പോൾ പ്രതാപൻ ചതിപ്രയോഗത്തെ ആലംബിച്ചു. തന്റെ ദുഷ്ക്രിയകളെ കുറിച്ച് അദ്ദേഹം പശ്ചാത്താപം ഭാവിച്ചു. അമ്മാമന്റെ അരികെ പോയി കാല്ക്കൽവീണ് അനേകം പ്രാവശ്യം ക്ഷമായാചനം ചെയ്തു. രാജാവസന്തരായി ജസ്സൂരിൽനിന്നു കുറെ അകലെയുള്ള ഒരു കോട്ടയിലാണ് പാൎത്തിരുന്നത്. പ്രതാപരാജന്റെ കൊട്ടാരത്തിലേക്കു ചെല്ലുന്നതിന്നു അദ്ദേഹം സ്നേഹപൂൎവ്വം ക്ഷണിക്കപ്പെടുകയും ക്ഷണം സ്വീകരിക്കുകയും ചെയ്തു.

എന്നാൽ എത്രതന്നെ പശ്ചാത്താപം ഭാവിച്ചെങ്കിലും രണ്ടാളുകൾക്കു അദ്ദേഹത്തിൻെറ ഉദ്ദേശത്തെപ്പററി വളരെ സംശയമുണ്ടായിന്നു. വസന്തരായിയുടെ പുത്രനെ തൻെറ രക്ഷസ്ഥാധീനനാക്കിയതിൻെറ ശേഷമേ ധീരയായ റാണി അദ്ദേഹത്തെ ക്ഷണിക്കുന്നതിന്നു ഭൎത്താവിന്നനുവാദം കൊടുത്തുള്ളു. വൃദ്ധനായ വസന്തരായി ജസ്സൂരിലേക്കു പുറപ്പെടുന്നതിന്നു മുമ്പ് ഒരു കപോതത്തെ കയ്യിലെടുത്തു. 'ഈ കപോതം തിരികെ നിൻെറ അടുക്കലേക്കു വരുന്നതുകണ്ടാൽ ഞാൻ മരിച്ചു എന്നോ ബന്ധനത്തിലാണെന്നോ തീൎച്ചയാക്കിക്കൊള്ളൂ' എന്നു അദ്ദേഹം ഭാൎയ്യയോടു പറഞ്ഞു.

വസന്തരായി അല്പം ചില അകമ്പടിക്കാരോടുംകൂടി പുറപ്പെട്ടു. എന്നാൽ ക്രൂരനായ പ്രതാപരാജനാൽ നിയോഗിക്കപ്പെട്ട ഘാതകന്മാർ വഴിയിൽവെച്ച് അദ്ദേഹത്തെ തടുത്തു കൊലപ്പെടുത്തി. പ്രാവു തക്കസമയത്തു കോട്ടയിൽ എത്തി. വൃദ്ധരാജാവിൻെറ ഭാൎയ്യയും കുടുംബവും ഇനിയും തങ്ങൾക്കു വല്ല ഉപദ്രവം നേരിട്ടെങ്കിലൊ എന്നു ഭയപ്പെട്ട് രാജധാനിയിലുള്ള ഒരു കുളത്തിൽ മുങ്ങിമരിച്ചു. വസന്തരായിയുടെ പുത്രൻ റാണിയുടെ അധീനത്തിൽ ആയിരുന്നതിനാൽ രക്ഷപ്പെട്ടു.

ഇങ്ങിനെയുള്ള ഒരാൾക്കു അധികകാലം സ്വൈരമായി രാജ്യഭാരം ചെയ്യാൻ സാധിക്കുന്നതല്ല. ധൂൎത്തനായ ഈ രാജാവിനെ ശിക്ഷിക്കുന്നതിന്നു മുകിൾചക്രവൎത്തിയുടെ സേനാധിപന്മാരിൽവെച്ച് ഏററവും യോഗ്യനായ രാജാ മാൻസിങ്ങ് ഒരു വലിയ സൈന്യസമേതം അയക്കപ്പെട്ടു. അദ്ദേഹം ഗംഗാനദീതിരത്തു ചെന്നു പ്രഭുക്കന്മാരുടെ സഹായത്തേയും സമ്പാദിച്ച് ജസ്സൂരിലേക്കു നേരെ പുറപ്പെട്ടു. നഗരത്തിൻെറ സമീപം പാളയം അടിച്ച് രാജാവിൻെറ അടുക്കലേക്കു ഒരു 'പ്രമാണ'വും അതോടുകൂടിത്തന്നെ ഒരു തൂക്കുകയറും വാളും കൊടുത്ത് ഒരു ദൂതനെ അയച്ചു. ധൂൎത്തനായ ആ ദു

മാണത്തെ ആയിരം ഖണ്ഡമായി കീറി വാൾ താൻതന്നെ എടുത്തു തുൿകയറും ദൂതനോടു തിരികെ എടുത്തുകൊള്ളുവാൻ പറഞ്ഞു. 'ഇതു സ്വന്തം യജമാനന്റെ കഴുത്തിലിടുവാൻ നിന്റെ സേനാപതിയോടു പറ' എന്നു പറഞ്ഞു.

യുദ്ധം തീൎച്ചയാക്കി. പ്രതാപന്നു അമ്പത്തീരായിരം ഖഡ്ഗധാരികളും മുപ്പതിനായിരം കുന്തക്കാരും പതിനായിരം കുതിരപ്പട്ടാളങ്ങളും ഇരുനൂറാനകളും നൂറു പീരങ്കികളും ഉണ്ടായിരുന്നു. ഇതിന്നെല്ലാററിന്നും പുറമെ പരന്ത്രീസ് കപ്പൽകവൎച്ചക്കാരിൽനിന്നും മഗ്ഗ് കൊള്ളക്കാരിൽനിന്നും ഏതാനും പേരും അദ്ദേഹത്തിന്റെ സഹായത്തിന്നു വന്നുചേൎന്നു. ഈ വമ്പിച്ച സൈന്യത്തിന്റെ അധികഭാഗത്തോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടു. കാലത്തുമുതൽ വൈകുന്നേരം വരെ ഭയങ്കരമായ യുദ്ധം ഉണ്ടായി. രാജകീയസൈന്യങ്ങളെ അകത്തി അവരുടെ കാലാൾ മുഴുവനും ഛിന്നഭിന്നമാക്കുവാൻ പ്രതാപന്നു സാധിച്ചു. അദ്ദേഹത്തിന്നു തീൎച്ചയായി ജയം സിദ്ധിക്കുമെന്നുള്ള ദിക്കായി. അപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ സൈന്യങ്ങളുടെ ഇടയിൽ പെട്ടെന്നു ഒരു ക്ഷോഭം ഉണ്ടായി. അവർ കൂട്ടംവിട്ടു നാലുപുറത്തേക്കും ഓടുവാൻ തുടങ്ങി. ഇങ്ങിനെ അവർ പെട്ടെന്നു ഓടുവാനുള്ള കാരണം അന്വേഷിച്ചതിൽ ഭാസുരേശ്വരി പോയി എന്നു അദ്ദേഹത്തോടു ആരൊ പറഞ്ഞു. അദ്ദേഹത്തിന്നു ഇതിന്റെ സാരം മനസ്സിലായില്ല. 'എന്റെ ഭാൎയ്യ മരിച്ചുവോ?' എന്നു ചോദിച്ചു. 'ഇല്ല, മഹാരാജാവേ! നമ്മുടെ മഹാദേവി പോയിരിക്കുന്നു' എന്ന് അവരിൽ ഒരാൾ പറഞ്ഞു.

ഭാസുരേശ്വരീഭഗവതി തന്റെ പ്രസ്ഥാനത്തെ സൂചിപ്പിക്കുമെന്നും അവളുടെ പ്രയാണത്തോടുകൂടി ജസ്സൂരിലെ കീൎത്തിചന്ദ്രൻ അസ്തമിക്കുമെന്നും ഉള്ളതു സകലരാലും വിശ്വസിക്കപ്പെട്ടിരുന്ന ഒരു ഐതിഹ്യമാണെന്നും മുമ്പു പറഞ്ഞുവല്ലൊ. ദേവി മുഖംതിരിച്ചു, എന്നുവെച്ചാൽ അവൾ പോ

യി എന്നു ഒരു ശ്രുതി പടയാളികളുടെ ഇടയിൽ കാട്ടുതീ പോലെ പരന്നു. അവരുടെ ബുദ്ധി ക്ഷയിച്ചു. ജയിക്കാമെന്നുള്ള മോഹമെല്ലാം ത്യജിച്ച് നാലുപുറത്തേക്കും ഓടി. എത്രയോ ധൈയ്യമുള്ള രാജാവിനും ഈ ആപൽക്കരമായ വിശ്വാസത്തെ ത്യജിപ്പാൻ കഴിഞ്ഞില്ല. ഈ വത്തമാനം കേട്ടപ്പോൾ അദ്ദേഹം മോഹാലസ്യപ്പെട്ടു. ശത്രുപക്ഷക്കാർ ഈ അവസരത്തെ വെറുതെ വിട്ടില്ല. ഒരുകൂട്ടം കുതിരപ്പട്ടാളം പെട്ടെന്നു അദ്ദേഹത്തിനെ ചെന്നു പിടിക്കുകയും അല്പനിമിഷത്തിനകം അദ്ദേഹം ശത്രുക്കളാൽ ബദ്ധനാവുകയും ചെയ്തു.

രാജകീയസൈന്യത്തിൻെറ ജയം പൂണ്ണമായി. രാജാമാൻസിങ്ങ് നഗരത്തിന്നടുത്തു ചെന്നു. എന്നാൽ അതു നല്ലവണ്ണം രക്ഷിക്കപ്പെട്ടിരുന്നതായി കണ്ടതിൽ ആശ്ചയ്യപ്പെട്ടു. അന്വേഷിച്ചതിൽ ധീരയായ റാണി സൈന്യാധിപത്യം വഹിച്ചതായും സ്വരാജ്യത്തിൻെറ സ്വാതന്ത്ര്യരക്ഷയ്ക്കു മരിക്കുവാൻ ഒരുങ്ങിയിരിക്കുന്നതായും കണ്ടു. കോട്ട വിട്ടുതരുവാൻ ആവശ്യപ്പെട്ട് മാൻസിങ്ങ് ഒരു ദൂതനെ അയച്ചു. 'ഇല്ല, കോട്ട വിട്ടുതരണമെങ്കിൽ ചില നിശ്ചയങ്ങൾ അനുസരിക്കണം. ചക്രവത്തിയുടെ സൈന്യങ്ങളോട് എതിത്തു നിന്നു ഈ കോട്ടയെ രക്ഷിക്ക എന്നുള്ളതു അനാവശ്യമായി അനവധി ആളുകളുടെ ജീവനാശം വരുത്തുകയാണെന്നു എനിക്കറിയാം. എൻെറ നഗരം കൊള്ളയിടുകയില്ലെന്നും എൻെറ പ്രജകളിൽ യാതൊരുവന്നും യാതൊരുവിധം ഉപദ്രവവും ചെയ്കയില്ലെന്നും രാജാ മാൻസിങ്ങ് ഒരു രാജപുത്രൻെറ വാക്കു പറകയാണെങ്കിൽ ഞാൻ യാതൊരു തടസ്ഥവും കൂടാതെ കോട്ട വിട്ടുകൊടുക്കാം. വേറെ ഒരു നിശ്ചയംകൂടിയുണ്ട്. എൻെറ ഭത്താവു ജീവിച്ചിരിപ്പുണ്ടെങ്കിൽ ആ ഭത്താവിനെ അനുഗമിപ്പാൻ അദ്ദേഹം ഒരു ഹിന്ദുവിൻെറ നിലയിൽ ഒരു ഹിന്ദുപത്നിയായ എന്നെ അനുവദി

ക്കണം. ഇതെല്ലാം അദ്ദേഹത്തോടു പറയൂ. അദ്ദേഹം സമ്മതിക്കാത്തപക്ഷം ആക്രമം സഹിക്കുന്നതിന്നു ഒരു ജീവിപോലും ഇവിടെ ശേഷിക്കാതാവുന്നതുവരെ നമുക്കു യുദ്ധം ചെയ്യാം' എന്നു അവർ പറഞ്ഞു.

രാജാ മാൻസിങ്ങ് അവരുടെ അപേക്ഷകളെയെല്ലാം കൈക്കൊണ്ടു. അവർ ഭർത്താവൊന്നിച്ച് അദ്ദേഹത്തിന്റെ ബന്ധനാവസ്ഥയിൽ പങ്കുകൊണ്ടു. ഡൽഹയിലേക്കു പുറപ്പെട്ടു. എന്നാൽ അദ്ദേഹത്തെ ഒരു വലിയ ഇരിമ്പുകൂട്ടിലാക്കി സൂക്ഷിച്ചിരുന്നതിനാൽ കാശിക്കു സമീപം വഴിയിൽ വെച്ചുതന്നെ അദ്ദേഹം മരിച്ചുപോകയും, റാണി ഭർത്താവിനെ ദഹിപ്പിച്ചിരുന്ന അഗ്നികുണ്ഡത്തിൽ തന്നെ ചാടി ജീവത്ത്യാഗം ചെയ്കയും ചെയ്തു.

## ൯. ജോഡ്പൂരിലെറാണി.

ഷാജിഹാന്റെ വാഴ്ചക്കാലത്തു ഡൽഹിരാജധാനിയിലെ ഏററവും പ്രബലനായ പ്രഭു ജസ്വണ്ട്സിംഹനായിരുന്നു. തന്റെ പിതാവിന്റെ സിംഹാസനം പിടിച്ചടക്കി അദ്ദേഹത്തെ ബന്ധനത്തിലാക്കുവാനായിക്കൊണ്ടു ഡൽഹിയെ എതിർപ്പാൻ അരങ്ങസിബ്ബ് വന്നസമയം നിരോധിക്കുന്നതിന്നു ജസ്വണ്ട്സിംഹൻ ഏതാനും രാജപുത്രന്മാരോടുകൂടി പുറപ്പെട്ടു. നർമ്മദാനദിയുടെ സമീപത്തുവെച്ചു ഒരു യുദ്ധം ഉണ്ടായി. എന്നാൽ സൂര്യാസ്തമനത്തോടുകൂടി അവരിൽ പതിനായിരംപേർ രണാങ്കണത്തിൽ മൃതന്മാരായതിനാൽ ജസ്വണ്ടസിംഹൻ സ്വരാജ്യത്തേക്കു മടങ്ങേണ്ടിവന്നു. ലജ്ജാകരവും വ്യസനകരവുമായ ഈ പരാജയം തന്റെ ഭാര്യക്കു കലശലായ വ്യസനത്തേയും കോപത്തേയും ഉണ്ടാക്കുമെന്നു

നിശ്ചയമുണ്ടായിരുന്നതിനാൽ തലസ്ഥാനത്തോടടുക്കുംതോറും അദ്ദേഹത്തിന്നു മനസ്താപം വൎദ്ധിച്ചുവന്നു.

ഭൎത്താവു സമീപത്തെത്തിയ വിവരം റാണി കേട്ടപ്പോൾ അദ്ദേഹത്തിൻെറ നിൎഭാഗ്യത്തിൽ തനിക്കുള്ള സഹതാപത്തെ അറിയിക്കുന്നതിന്നായി ആളെ പറഞ്ഞയക്കുന്നതിന്നു പകരം ആ ധൈൎയ്യശാലിനി കോട്ടവാതിലുകളെ അടയ്ക്കുന്നതിന്നും അവമാനിക്കപ്പെട്ട ആ പുരുഷനെ അകത്തു പ്രവേശിപ്പിക്കാതിരിക്കുന്നതിന്നും ആജ്ഞാപിക്കയാണു് ഉണ്ടായതു്.

‘അയാൾ എൻെറ ഭൎത്താവല്ല. ജോഡ്പൂരിലെ രാജാവും ധീരനായ മീവർ റാണയുടെ ജാമാതാവുമായ ഒരാൾ ഇത്ര നികൃഷ്ടനായിരിപ്പാൻ പാടില്ല’ എന്നാണു രാജ്ഞി പറഞ്ഞതു്. പെട്ടെന്നു ആ മഹതിയുടെ മനസ്സുമാറി ‘എൻെറ ഭൎത്താവു മരിച്ചിരിക്കണം, പരാജിതനും നിന്ദിതനുമായി അദ്ദേഹം മടങ്ങി വരികയില്ല’ എന്നു പറഞ്ഞു സ്വദേഹത്യാഗം ചെയ്യുന്നതിന്നു തീക്കുണ്ഡം കൂട്ടുവാൻ രാജ്ഞി ആജ്ഞാപിച്ചു.

കിംബഹുനാ; പ്രിയതമനെ സന്ദൎശിക്കേണമൊ എന്നു തീൎച്ചപ്പെടുത്തുവാൻ നിവൃത്തിയില്ലാതെ ആ സാദ്ധ്വി അസ്വസ്ഥചിത്തയായി എട്ടൊൻപതു ദിവസം കഴിച്ചുകൂട്ടി; എങ്കിലും ഭൎത്താവിനെ കാണുകതന്നെ എന്നു ഒടുവിൽ തീൎച്ചയാക്കി. കോട്ടവാതിൽ തുറക്കുകയും ഭൎത്താവു അകത്തു പ്രവേശിക്കുകയും ചെയ്തു. കോപം ശമിച്ച ശേഷം ഭൎത്താവിൻെറയും അനുചരന്മാരുടേയും ക്ഷതങ്ങളെ ഉണക്കുന്നതിന്നു റാണി ദയാപൂൎവ്വം യത്നിച്ചു. അരങ്ങസിബ്ബ് ഡൽഹിയിൽ തൻെറ സ്ഥാനം ഉറപ്പിച്ച ശേഷം താൻ ഭയപ്പെടത്തക്ക നിലയിലുള്ള ഏകപുരുഷനായ ജസ്വണ്ട്സിംഹൻെറ പ്രാബല്യത്തെ മൂലവിച്ഛേദം ചെയ്യേണമെന്നാണു നിശ്ചയിച്ചതു. അതിനാൽ കാബൂളിൽ ലഹള നടന്നിരുന്ന

തക്കം നോക്കി അവിടെക്കയച്ച സൈന്യത്തിന്റെ നായകനായി ആ രാജാവിനെ നിയോഗിച്ചു. ലഹളക്കാരും മുറാളന്മാരുമായ പഠാണികൾ പ്രബലനായ രാജാവിനേയും ധൈൎയ്യശാലികളായ രാജപുത്രന്മാരേയും കീഴടക്കി കൊള്ളുമെന്നു ചക്രവൎത്തിക്കു പൂൎണ്ണവിശ്വാസമുണ്ടായിരുന്നു.

ആ ഉദ്യോഗം ബഹുമതിക്കും അപകടത്തിന്നും ഹേതുഭൂതമായിരുന്നതുകൊണ്ടു ജസൗണ്ട് സിംഹൻ അതിനെ സ്വീകരിച്ചു. ഭൎത്താവിനെ അനുഗമിച്ചു കഷ്ടപ്പാടുകളെ പങ്കുകൊള്ളുന്നതിന്നായി ധീരയായ രാജ്ഞിയും ഒരുമ്പെട്ടു. ജോഡ്പൂരിലെ രാജ്യഭാരം തങ്ങളുടെ പുത്രനായ പൃഥ്വിസിംഹനെ ഏല്പിച്ചു യുദ്ധവിദഗ്ദ്ധന്മാരായ സൈന്യസമേതം പഠാണികളുടെ നേരെ യുദ്ധത്തിന്നായി പുറപ്പെട്ടു.

ഒരു സാധാരണസ്ത്രീയുടേയും റാണിയുടേയും നിലയിൽ തന്നെ ആദരിക്കുന്നതിന്നു ആ രാജ്ഞി അനുവദിച്ചില്ല. ആ ധൈൎയ്യശാലിനി ഒരു യോദ്ധാവിനെപ്പോലെ തന്റെ ഭൎത്താവൊന്നിച്ചു സവാരിചെയ്കയും യുദ്ധയാത്രയുടെ ബുദ്ധിമുട്ടുകളെല്ലാം അനുഭവിക്കുകയും ചെയ്തു. അവർ ഇങ്ങിനെ കുന്നും താഴ്വരകളും ഹിമസംഹതികളും കടന്നു വളരേ നാൾ കഷ്ടപ്പാടുകൾ സഹിച്ചു കാബൂളിൽ എത്തുകയും തദ്രാജ്യവാസികളെല്ലാം രാജദ്രോഹികളായി കാണപ്പെടുകയും ചെയ്തു. അവൎക്കു വിശ്രമം ഉണ്ടായോ എന്നു സംശയമാണ്. നാഗരികമില്ലാത്തവരുടെ മദ്ധ്യത്തിൽ അപരിചിതകാലാവസ്ഥകൊണ്ടും അതികഠിനമായ മഞ്ഞുകൊണ്ടും അവർ നന്നെ ബുദ്ധിമുട്ടി. തന്റെ ഭൎത്താവിനു നേരിട്ട സകല ആപത്തുകളിലും രാജ്ഞി സമാവകാശിയായിരുന്നു. ആ മഹതി അദ്ദേഹത്തെ (ഛായയെന്നപോലെ) അനുഗമിച്ചു ശത്രുക്കളോടു പോരാടി. രാജ്ഞിയുടെ ധൈൎയ്യം, സഹനശക്തി, നിശ്ചഞ്ചലത മുതലായ ഗുണങ്ങൾ ധീ

രന്മാരും ബലവാന്മാരുമായ രാജപുത്രവീരന്മാരിൽ അത്ഭുതം ജനിപ്പിച്ചു.

എങ്കിലും നിർഭാഗ്യവശാൽ ജസ്വന്ത് സിംഹന്നു ദീർഘകാലം ജീവിച്ചിരിപ്പാൻ ഇടയായില്ല. അതിന്നുള്ള കാരണം അദ്ദേഹം ആരുടേയെങ്കിലും അന്യായകർമ്മത്തിന്നധീനനായതായിരിക്കണം. അദ്ദേഹത്തിൻെറ പുത്രനായ പൃഥ്വിസിംഹൻ, ചക്രവർത്തിയാൽ ഡൽഹിയിലേക്കു ക്ഷണിക്കപ്പെടുകയും ബഹുമാനപൂർവ്വം എതിരേല്ക്കപ്പെടുകയും ചെയ്തുവെന്നു വരികിലും ആ രാജകുമാരനെ തൽക്ഷണം വിഷം കൊടുത്തു കൊന്നു. ജസ്വന്ത് സിംഹൻ കാബൂളിൽനിന്നു തിരിച്ചെത്തുകയില്ലെന്നും അദ്ദേഹത്തിൻെറ പുത്രന്മാർ തനിക്കു മനസ്സമാധാനം ഇല്ലാതാക്കുന്നതിന്നു ജീവിച്ചിരിക്കുയില്ലെന്നും ഔരംഗസീബ് ശപഥം ചെയ്തതായി പറയപ്പെടുന്നു.

ഭർത്തൃനഷ്ടയായി അഫ്ഗാനിസ്ഥാനിൽ കൊടുങ്കാടുകളുടെ മദ്ധ്യേ കിടക്കുന്ന റാണിയുടെ സ്ഥിതിയോ വളരെ കഷ്ടമായിട്ടുള്ളതാകുന്നു. പ്രാണപ്രണയിനി എന്ന നിലയിൽ തൻെറ ഭർത്താവോടുകൂടി ചിതാപ്രവേശം ചെയ്യുമായിരുന്നു. രാജ്ഞി ഗർഭിണിയായിരുന്നതിനാൽ അതിന്നനുവദിക്കപ്പെട്ടില്ല. അതിനാൽ അപകടം കൂടാതെ അവർ ഇന്ത്യയിലെത്തുന്നതുവരെ തൻെറ വിശ്വസ്തഭടന്മാരുടെ നേതൃത്വം വഹിച്ചു.

അധികനാൾ കഴിയുന്നതിന്നു മുമ്പു കാബൂൾനഗരത്തിൽ വെച്ചു രാജ്ഞിക്കു ഒരു ബാലൻ സഞ്ജാതനാകയും പ്രസവാരിഷ്ടങ്ങളെല്ലാം തീൎന്നു ശരീരബലം വേണ്ടുംവണ്ണം സിദ്ധിച്ചുവെന്നു കണ്ടപ്പോൾ സമരധീരന്മാരായ സേനയോടുകൂടെ ഇന്ത്യയിലേക്കു പുറപ്പെടുകയും ചെയ്തു. പെഷവാർവരെ അവർ യുദ്ധംചെയ്തുകൊണ്ടുതന്നെ പോകേണ്ടിവന്നു. ധീരോത്തംസയായ തങ്ങളുടെ രാജ്ഞിയെ യാതൊരാപ

ത്തും കൂടാതെ എഴതിരേററു നാട്ടിലേക്ക കൂട്ടിക്കൊണ്ടു പോകുവാൻ പുറപ്പെട്ടിരുന്ന രാജപുത്രന്മാർ ഇവിടെ വെച്ച് അവരോട ചേൎന്നു.

പതുക്കെ അവർ ഡൽഹിയിൽ എത്തി. രാജ്ഞിയും തന്റെ അനുചരന്മാരും ജോഡ്പൂരിലേക്ക പോകുവാൻ നിശ്ചയിച്ചു; എങ്കിലും യുദ്ധംകൂടാതെ അതു സാദ്ധ്യമല്ലെന്ന് അവർ കണ്ടു. രാജകിശോരനെ തന്റെ വശം ഏല്പിച്ചുകൊടുക്കണമെന്ന് അരംഗസിബ്ബ് രാജ്ഞിയെ നിബ്ബന്ധിച്ചു; എന്നാൽ അയാളുടെ ആജ്ഞയെ രാജ്ഞി തീരെ നിരസിക്കയാണുണ്ടായത്. രാജകുമാരനേയും രാജ്ഞിയേയും രക്ഷിക്കേണ്ടതിന്നു തങ്ങളുടെ ജീവനേപ്പോലും തൃണീകരിച്ചു യുദ്ധം ചെയ്വാൻ രാജപുത്രന്മാർ തീൎച്ചയാക്കി.

രാജകുമാരനെ ഒരു പലഹാരക്കൊട്ടയിൽവെച്ചു വിശ്വസ്തനായ ഒരു മഹമ്മദീയനെ ഏല്പിക്കുകയും, അവർ പറഞ്ഞ സ്ഥലത്ത് എത്തുന്നതുവരെ ആ ബാലനെ സൂക്ഷിച്ചുകൊള്ളാമെന്ന് അവൻ വാക്കുകൊടുക്കുകയും ചെയ്തിരുന്നു.

അവൻ രാജകുമാരനേയുംകൊണ്ടു പുറപ്പെട്ട ഉടനെ അവർ പാൎത്തിരുന്ന കൊട്ടാരത്തിൽനിന്ന് ആയുധപാണികളായി നിൎഗ്ഗമിച്ചു. ധീരയായ രാജ്ഞിയും അവരുടെ കൂടെ ഉണ്ടായിരുന്നു. ആ മഹതി ധരിച്ചിരുന്ന ഖഡ്ഗം, അവരിൽ ചിലരുടെ കയ്യിലുണ്ടായിരുന്ന ദീപജ്വാലാസ്സൾത്താൽ മിന്നൽപോലെ പ്രകാശിച്ചിരുന്നു. പെട്ടെന്നു ചക്രവൎത്തിയുടെ സൈന്യങ്ങൾ രാജധാനിയെ വളയുകയും ആ സൈന്യബലത്തെ ധിക്കരിച്ചു പുറത്തുപോവാൻ അവർ ശ്രമിക്കയും ചെയ്തു. രണശൂരന്മാർ ധൈൎയ്യത്തോടുകൂടി പോരാടി വീരസ്വൎഗ്ഗം പ്രാപിച്ചു. എന്നാൽ യുദ്ധവൎത്തമാനം വന്നറിവിക്കുന്നതിന്നു ദുൎല്ലഭം ചിലർ ശേഷിച്ചില്ലെന്നില്ല. വളരെ ചെറിയതായ രാജപുത്രസൈന്യത്താൽ അന്നു

ഡൽഹിവീഥികളിൽവെച്ചു നടത്തപ്പെട്ട യുദ്ധം എത്രയും പ്രശംസാൎഹമായ കൃത്യങ്ങളിൽ ഒന്നായിട്ടാണു പരിചാരന്മാർ ഇന്നും ഘോഷിച്ചുവരുന്നത്.... .....

എന്തുകൊണ്ടെന്നാൽ —

"ഏകോദശസഹസ്രാണി യോധയേദ്യസ്തുധന്വിനാം
ശസ്ത്രശാസ്ത്രപ്രവീണശ്ച മഹാരഥ ഇതി സ്മൃതഃ"

എന്ന പ്രമാണപ്രകാരം ചക്രവൎത്തിയുടെ സൈന്യത്തിലെ ആയിരം പടയാളികൾക്കു എതിരായി മഹാരഥനായ ഒരു രാജപുത്രൻ വീതമാണ് യുദ്ധംചെയ്തത്. ധീരോത്തമന്മാരായ സേനകളുടെ ഈ പ്രവൃത്തി തങ്ങളുടെ രാജ്യത്തേയും റാണിയേയും ബാലനായ രാജകുമാരനേയും രക്ഷിക്കവാനായിരുന്നുവെന്നു വിശിഷ്യ പ്രസ്താവിക്കേണമെന്നില്ലല്ലൊ.

രാജകുമാരനെ കൊണ്ടുവന്നു സൂക്ഷിക്കുന്നതിന്നായി ചട്ടംകെട്ടിയിരുന്ന സ്ഥലത്തു ശേഷിച്ച പടയാളികളോടുകൂടി മുറിയേററു രക്തം പ്രവഹിച്ചുകൊണ്ടിരുന്ന രാജ്ഞി എത്തിയപ്പോൾ അതികോമളാകാരനായിരിക്കുന്ന രാജകുമാരൻ സുഖമായിരിക്കുന്നതിനെ അവർ കണ്ടു. പുത്രാവലോകനത്താൽ ആനന്ദനിമഗ്നയായ റാണി പുത്രനെ എടുത്തു ബലപ്പെട്ട നടക്കുകയും മിവാർരാജാവായ സഹോദരൻെറ അടുക്കലെത്തുകയും ചെയ്തു.

രാജ്ഞി ജോഡ്പൂരിലേക്കു മടങ്ങിച്ചെന്നു ചക്രവൎത്തിയെ എതിൎത്തു പരാജയപ്പെടുത്താനുള്ള ഉദ്ദേശത്തെ കരുതിക്കൊണ്ടു ആ വംശശത്രുക്കളോടു പോരാടുവാൻ തക്ക പ്രായം തൻെറ തനയനു തികയുന്നതുവരെ ആ രാജകുമാരൻെറ അവകാശങ്ങളെ കാത്തു രക്ഷിച്ചുപോന്നു. ചക്രവൎത്തിയുടെ ഭീരുതാസൂചകമായ പ്രവൃത്തി രാജപുത്രന്മാർ അദ്ദേഹത്തെ എതിൎക്കുവാൻ കാരണമാക്കിത്തീൎത്തു. നിസ്സഹായയായ ഒരു വിധവയേയും തൽപുത്രനേയും എതിൎക്കുനിമി

ത്തം ഹിന്ദുമതദ്വേഷിയായ അയാളോടു കഠിനമായ പ്രതിക്രിയ ചെയ്യേണ്ടതിന്നു രാജപുത്രവീരന്മാരെല്ലാം ഏകോപിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. ഡൽഹിസാമ്രാജ്യത്തിലെ അന്തശ്ഛിദ്രത്തെ മാത്രമല്ല, അതിൻെറ അധഃപതനത്തേയും കൂടി കാണുന്നതിന്നു വിധവയായ രാജ്ഞിക്കു സംഗതിയായി. വിശ്രുതയും വൃദ്ധയുമായ രാജ്ഞി വീൎയ്യസ്വൎഗ്ഗം പ്രാപിച്ച തൻെറ പ്രിയതമനെ സന്ദൎശിക്കുവാനോ എന്നു തോന്നുമാറു, പരലോകം പ്രാപിച്ചു.

---

## ൧൦. ഭവാനിറാണി.

---

ബങ്കാളരാജ്യം മഹമ്മദീയരുടെ ആധിപത്യത്തിൻകീഴിലായിരുന്ന കാലത്തും ആ രാജ്യത്തിലെ ആഭ്യന്തരകാൎയ്യങ്ങളെല്ലാം നടത്തിവന്നിരുന്നത് ഹിന്ദുരാജാക്കന്മാർതന്നെയായിരുന്നു. ഹിന്ദുരാജാക്കന്മാർ വളരെ പ്രബലന്മാരും ആ കാലത്തെ ബങ്കാളതലസ്ഥാനമായിരുന്ന മുൎഷിദാബാദിൽ വാണിരുന്ന നവാബിന്നു അധികം സംഖ്യ കപ്പംകൊടുക്കേണ്ട ഏകസംഗതി ഒഴിച്ചു ശേഷം എല്ലാം അവസ്ഥകൾകൊണ്ടും സ്വാതന്ത്ര്യന്മാരും ആയിരുന്നു. പല അവസരങ്ങളിലും ഇവരിൽ ഓരോരുത്തർ കപ്പം കൊടുപ്പാൻ കൂട്ടാക്കാതിരിക്കുകയും അപ്പോഴെല്ലാം ഇവരെ കീഴടക്കാൻവേണ്ടി നവാബിന്നു സൈന്യങ്ങളെ അയക്കുകയും വേണ്ടിവന്നിരുന്നു.

ക്രിസ്ത്വാബ്ദം പതിനെട്ടാം നൂറ്റാണ്ടിൻെറ അവസാനത്തോടുകൂടി മഹമ്മദീയരുടെ പ്രതാപം ക്ഷയിച്ചുതുടങ്ങി. ഡൽഹിചക്രവൎത്തിക്കു ചക്രവൎത്തി എന്ന നാമം മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ ആശ്രിതന്മാരും കീഴുദ്യോഗസ്ഥന്മാരും സ്വാതന്ത്ര്യത്തെ പ്രാപിച്ചു. ചക്രവൎത്തി

എന്നൊരാൾ ഉണ്ടെന്നുള്ള ഭാവനകൂടി അവൎക്കുണ്ടായിരുന്നില്ല. കാലക്രമേണ ഇവരുടെ ശക്തിക്കും പ്രതാപത്തിനും ഹാനി ഭവിച്ചു. ഇവരുടെ കീഴിലായിരുന്ന രാജാക്കന്മാരും ഇവൎക്കു കീഴടങ്ങാതെ എതിരായി പ്രവൎത്തിപ്പാനും സ്വാതന്ത്ര്യം നടിപ്പാനും തുടങ്ങി.

ബങ്കാളത്തിലെ പ്രബലന്മാരായ മഹമ്മദീയരാജാക്കന്മാരിൽ കടുവിലത്തെ ആൾ ആലിവൎദ്ദി എന്നവനായിരുന്നു. അയാളുടെ പിന്തുടൎച്ചാവകാശി സുരാജഡൌള്ള എന്നൊരു ചെറുപ്പക്കാരൻ ആയിരുന്നു. ആലിവൎദ്ദി തന്റെ അസാധാരണ സാമൎത്ഥ്യംകൊണ്ടും നയോപായംകൊണ്ടും നന്നേ പണിപ്പെട്ടു ബങ്കാളരാജാക്കന്മാരെക്കൊണ്ടു തന്റെ ആധിപത്യത്തെ സമ്മതിപ്പിച്ചിരുന്നു, എങ്കിലും സൂക്ഷ്മത്തിൽ നവാബിനെ നിശ്ചയിക്കുന്നതു ഇവരുടെ ബോദ്ധ്യം പോലെ ആയിരുന്നു. ബങ്കാളരാജാക്കന്മാരിൽവെച്ചു ഏററവും പ്രബലന്മാർ കൃഷ്ണനഗരരാജാവായ കൃഷ്ണചന്ദ്രൻ, ഡക്കായിലെ രാജാവായ രാജവല്ലഭൻ, പാട്നായിലെ രാജാവായ രവിദുൎല്ലഭൻ, നാട്ടൂരിലെ റാണിഭവാനി എന്നീ നാലു പേർ ആയിരുന്നു. ഇവരെപ്പോലെതന്നെ പ്രബലന്മാരായി വേറെ രണ്ടുപേൎക്കൂടി ഉണ്ടായിരുന്നു. അവർ ജഗൽസേട്ട് എന്ന ഉണ്ടികക്കച്ചവടക്കാരനും, സേനാനായകനായ മീർജാഫറും ആയിരുന്നു. ബങ്കാളരാജ്യഭരണകൎത്താവിന്റെ നിശ്ചയം ഈ ആറു പേരുടേയും, അധീനത്തിലായിരുന്നു. അവർ അത് ഇംഗ്ലീഷുകാൎക്ക് ആക്കിക്കൊടുക്കുകയും ചെയ്തു.

ഭവാനിറാണി ഭരിച്ചിരുന്ന നാട്ടൂർരാജ്യം സ്കോട്ട് ളണ്ടിനോളം വലിപ്പമുള്ളതായിരുന്നു. മൂൎഷിദാബാദിലെ നവാബിന്ന് ഈ രാജ്യത്തിൽനിന്ന് അമ്പത്തിരണ്ടുലക്ഷം ഉറുപ്പിക കപ്പം കിട്ടിയിരുന്നു. അമ്പതിനായിരത്തോളം കുതിരപ്പട്ടാളവും കാലാൾപടയുംകൂടിയുള്ള സൈന്യത്തിന്റെ

ചിലവുകഴിച്ച് ഈ രാജ്യത്തിലേക്കു ഒന്നരക്കോടി ഉറുപ്പിക മുതലെടുപ്പുണ്ടായിരുന്നു. ഭവാനിറാണിയുടെ ഭൎത്താവായ രാമകാന്തൻ നന്നെ ചെറുപ്പത്തിൽതന്നെ രാജാവായിരുന്നു. ഈ മാതിരി സന്ദൎഭങ്ങളിൽ സാധാരണ സംഭവിക്കുന്നതുപോലെ യുവാവായ രാമകാന്തനും വിഷയസുഖത്തിലും സ്ത്രീസേവയിലും ഏററവും ആസക്തനായിത്തീൎന്നു. അയാളുടെ അച്ഛന്റെ ദിവാനായിരുന്ന ദയറാമന്നു അയാളുടെ ദുൎന്നടപ്പുകളിൽനിന്നു രാമകാന്തനെ വിലക്കുവാൻ കഴിഞ്ഞില്ല. അയാളുടെ ഭാൎയ്യയും താരുണ്യവതിയുമായ ഭവാനി കണ്ണീരോടുകൂടി അപേക്ഷിച്ചിട്ടും ആവലാതി പറഞ്ഞിട്ടുംകൂടി അയാൾ തന്റെ വിടവൃത്തികളിൽനിന്നു വിരമിച്ചില്ല. അയാൾ ദയറാമനെ പണിയിൽനിന്നു പിരിച്ചു. പണം പുല്ലുപോലെ ധ്വംസനംചെയ്തു. അയാൾ രാജ്യകാൎയ്യങ്ങളിൽ ലേശം ശ്രദ്ധവെച്ചില്ല. പടയാളികൾക്കുള്ള ശമ്പളം ബാക്കിവെച്ചു. നവാബിന്നു കൊടുക്കേണ്ടതായ കപ്പം മുതലായതു കൊടുക്കാതെയായി. അതിനാൽനവാബ് നാട്ടൂരിലേക്കു തന്റെ സൈന്യങ്ങളെ അയച്ചു രാമകാന്തനെ രാജ്യഭ്രഷ്ടനാക്കി വേറെ ഒരുവനെ രാജാവാക്കിവാഴിച്ചു. രാമകാന്തൻ നാട്ടൂർരാജ്യംവിട്ടു മുൎഷിദാബാദിൽ താമസിച്ചിരുന്ന ജഗൽസേട്ടിന്റെ വീട്ടിൽപോയി ശരണം പ്രാപിച്ചു.

വിഷയത്തിൽ മുങ്ങിയിരുന്ന രാമകാന്തൻ ഒന്നിന്നും കൊള്ളരുതാത്തവനായിത്തീൎന്നു. അയാൾ കഷ്ടപ്പാടിലും വ്യസനത്തിലും അകപ്പെട്ടു. നിത്യവൃത്തിക്കുംകൂടി നന്നെ കഴക്കത്തിലായപ്പോൾ ബുദ്ധിശാലിനിയും പതിവ്രതയുമായ തന്റെ ഭാൎയ്യക്കു കീഴടങ്ങി ആ സാദ്ധ്വി പറഞ്ഞതുപോലെ കേട്ടുനടന്നു. അയാൾ അന്നുമുതല്ക്കു കേവലം ശൂന്യപ്രായനായിത്തീൎന്നു. അയാളുടെ കാൎയ്യമെല്ലാം നടത്തിവന്നതു ഭവാനിയായിരുന്നു. റാണി ദയറാമനെ വീണ്ടും വിളിച്ചുവരുത്തി, തന്റെ പണ്ടങ്ങളെല്ലാം വിററു നവാബിന്റെ ഉ

ദ്യോഗസ്ഥന്മാരെല്ലാം കൈക്കൂലികൊടുത്തു അവരെ സ്വാധീനപ്പെടുത്തി. നന്നെ പണിപ്പെട്ട് ഒരുവിധത്തിൽ നവാബിനെക്കൊണ്ടു തൻെറ ഭൎത്താവിനെ വീണ്ടും നാട്ടൂരിലെ രാജാവാക്കി വാഴിപ്പിച്ചു. ഭാൎയ്യയും ഭൎത്താവും അതുവരെ തങ്ങളെ സദയം സല്ക്കരിച്ചുവന്ന ജഗൽസേട്ടിനോടു യാത്ര പറഞ്ഞു നാട്ടൂർ രാജ്യത്തിലേക്കു പോയി. നാട്ടൂർ രാജ്യവാസികളെല്ലാം ഇവർ മടങ്ങിവന്നതുകണ്ടു വളരെ സന്തോഷിച്ചു.

എന്നാൽ ഭവാനിക്കു അധികകാലം സുഖമായിരിപ്പാൻ കഴിഞ്ഞില്ല. രാമകാന്തൻ താമസിയാതെ മരിച്ചു. ഭൎത്താവിൻെറ മരണം നിമിത്തം റാണി കേവലം നിസ്സഹായയായിത്തീൎന്നു. അവൾക്കു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവർ ബാല്യത്തിൽതന്നെ മരിച്ചുപോയി. ആ മഹതിയുടെ പുത്രിയായ താരക്കു ബാല്യത്തിൽ തന്നെ വൈധവ്യം ഭവിച്ചു. ഭൎത്താവു മരിച്ചപ്പോൾ ഭവാനിക്കു 32 വയസ്സു പ്രായമായിരുന്നു. രാജ്യത്തിലെല്ലാം കലക്കങ്ങളും സംഭവിച്ചിരുന്ന ആ കാലത്ത് ഒരു വലിയ രാജ്യം ഭരിക്കേണ്ട ഗൗരവമായ ചുമതല ഭവാനിയുടെ മേൽ വന്നുചേൎന്നു. എന്നാൽ ഇത്രയും വലിയ ചുമതല വേണ്ടുംവണ്ണം നിൎവ്വഹിപ്പാനുള്ള സാമൎത്ഥ്യം ഭവാനിക്കുണ്ടായിരുന്നു. രാജ്യഭരണതന്ത്രങ്ങളിലും സാമോപായത്തിലും ഭവാനി അദ്വിതീയയായിരുന്നു. ആ സ്ത്രീരത്നം ഒരു ദിവാൻെറയോ അമാത്യൻെറയോ ഉപദേശത്തെ അപേക്ഷിക്കാതെ ഒരു വലിയ രാജ്യം ഭരിച്ചുപോന്നു എന്നു മാത്രമല്ല തൻെറ സൈന്യത്തിൻെറ നേതാവും ആ ധീരതന്നെയായിരുന്നു. ഇന്ത്യാരാജ്യത്തിൽ ബ്രിട്ടീഷു സാമ്രാജ്യലക്ഷ്മിയുടെ ആദ്യമായ ധ്വജസ്തംഭം പ്രതിഷ്ഠിക്കപ്പെട്ട പ്ലാസ്സിയിൽ നടന്നിരുന്ന യുദ്ധം എങ്ങിനെ അവസാനിക്കുമെന്നു അറിവാൻവേണ്ടി ഭവാനിറാണി തൻെറ ആൾക്കാരോടുകൂടി ആ സ്ഥലത്തുനിന്നു വളരെ ദൂരത്തല്ലാത്ത ഒരു

ഷിക്കിൽ നിന്നിരുന്നു. ഭവാനി രാജ്യകാര്യങ്ങൾ നോക്കാൻ തുടങ്ങിയതിന്നുശേഷം അന്നത്തെ നവാബിന്റെ അക്രമങ്ങളിൽനിന്നു തന്റെ രാജ്യത്തെ രക്ഷിപ്പാൻ ഒരു പ്രബലമായ സൈന്യം മുഖ്യ ആവശ്യമാണെന്നു ആ മഹതിക്കു തോന്നി. ഇന്ത്യാചരിത്രവായനക്കാർ യുവാവായ സുരാജഉഡൌള ഏതുമാതിരി മനുഷ്യനായിരുന്നു എന്നു ധാരാളം അറിവാൻ ഇടയുള്ളതാണ്. അയാളുടെ സുഖാനുഭവങ്ങൾക്കു പണം ഏററവും ആവശ്യമായിരുന്നു. പൂർവ്വികന്മാർ സമ്പാദിച്ചുവെച്ചിരുന്ന പണമെല്ലാം അയാൾ ധ്വംസനംചെയ്തു. തന്റെ രാജ്യത്തിലെ മുതലെടുപ്പുകൊണ്ടു അയാളുടെ ചിലവുകൾക്കു മതിയായില്ല. പണത്തിന്നുവേണ്ടി എന്തും ചെയ്യുവാൻ അയാൾ സന്നദ്ധനായിരുന്നു. നീതിന്യായം എന്താണെന്നു അയാൾക്കു അറിവില്ലായിരുന്നു. ജനോപദ്രവംചെയ്തു പണം അപഹരിക്കുക അയാളുടെ നിത്യത്തൊഴിലായിരുന്നു. തന്റെ സൈന്യങ്ങളോടു എതിർത്തുനില്പാൻ വയ്യാത്ത നാട്ടുരാജാക്കന്മാരുടെ സർവ്വസ്വവും അപഹരിച്ചു അയാൾ അവരെ കുലചെയ്യിച്ചു. എന്നാൽ ഈ ക്രൂരകൃത്യങ്ങൾ നടത്തിയിരുന്നതു മുഴുവനും അയാളുടെ അറിവോടുകൂടി ആയിരുന്നില്ലെന്നുകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. ഈ കൃത്യങ്ങൾ നടത്തിയിരുന്നത് അയാളുടെ ചുററും കൂടിയിരുന്ന എന്തും ചെയ്യാൻ മടിയില്ലാത്ത ചില ദുരാത്മാക്കൾ ആയിരുന്നു. അയാൾക്കു നന്നെ ചെറുപ്പമായിരുന്നു.

ബങ്കാളരാജ്യത്തിലെ സ്ഥിതി ഇന്നവിധം പര്യവസാനിക്കുമെന്നു മുൻകൂട്ടി കാണ്മാനുള്ള ബുദ്ധി ഭവാനിക്കുണ്ടായിരുന്നു. ഏറെത്താമസിയാതെ രാജ്യത്തിൽ ഒരു പരിവർത്തനമുണ്ടാവുമെന്നു ആ സ്ത്രീരത്നം മുൻകൂട്ടി കണ്ടു. മഹമ്മദീയരുടെ ആധിപത്യം അസ്തമിതപ്രായമായതു കണ്ടു ഭവാനി സന്തോഷിച്ചു. ഹിന്ദുക്കൾക്കു പ്രാബല്യം ലഭിക്കാൻ ഇതു നല്ല ഒരു അവസരമായിരുന്നു. ഹിന്ദുക്കൾ തങ്ങൾ തമ്മി

ലുള്ള തുച്ഛമത്സരങ്ങളെ ഉപേക്ഷിച്ചു യോജിക്കുന്നപക്ഷം ബംഗാളരാജ്യം ഹിന്തുക്കളുടെ അധീനത്തിലാവുന്നതാണ്. ഭവാനിക്കു രാജ്യലോഭം ലേശം ഉണ്ടായിരുന്നില്ല. ബംഗാളരാജ്യം തനിക്കു കിട്ടേണമെന്നും ആ മനസ്വിനി കാംക്ഷിച്ചില്ല. എന്നാൽ ആ രാജ്യത്തിന്നുവേണ്ടി ഒരു വലിയ യുദ്ധം ഉണ്ടാവുമെന്നു ഭവാനി മുൻകൂട്ടി കണ്ടു. ആ യുദ്ധത്തിന്നു തയ്യാറായിരിപ്പാനും നവാബിൻെറ ആക്രമങ്ങളെ തടുപ്പാനുംവേണ്ടി രാജ്ഞി തൻെറ സൈന്യത്തിൽ പലേ പരിഷ്കാരങ്ങളും വരുത്തി അതിനെ നല്ല സ്ഥിതിയിലാക്കാൻ പരിശ്രമിച്ചു. അല്പകാലത്തിന്നുള്ളിൽ ആ സൈന്യം ബംഗാളസൈന്യങ്ങളുടെ ഇടയിൽവെച്ചു ഒന്നാം കിടയായിത്തീൎന്നു. ആ സൈന്യത്തിൻെറ യോഗ്യത പരീക്ഷിപ്പാനായി ഉടനെ ഒരു അവസരം വന്നു.

വൈധവ്യം പ്രാപിച്ചിരുന്ന, ഭവാനിയുടെ മകൾ താര ആ കാലത്തുണ്ടായിരുന്ന സ്ത്രീകളിൽവെച്ചു ഏററവും സുന്ദരിയായിരുന്നു. നവാബിൻെറ കൂടെയുണ്ടായിരുന്ന ചില ദുർബുദ്ധികൾ താരയുടെ രൂപലാവണ്യത്തെപ്പററി അയാളോടു വളരെ പ്രശംസിച്ചു പറഞ്ഞു. വേണ്ടിവന്നാൽ ബലാൽക്കാരം ചെയ്തും ആ യുവതിയെ പിടിച്ചുകൊണ്ടുവരുവാനായി നവാബ് അവൎക്കു കല്പനകൊടുത്തു. ഈ ആൾക്കാരുടെ മുഖ്യോദ്ദേശം നാട്ടൂർ രാജ്യത്തിലേക്കു പോയി റാണിയുടെ ഭണ്ഡാരം കവൎച്ചചെയ്യണമെന്നായിരുന്നു. നവാബിൻെറ പേരും പറഞ്ഞു അയാളുടെ സൈന്യത്തിൻെറ സഹായത്തോടുകൂടി തങ്ങളുടെ ഉദ്ദേശം നിറവേററാൻ അവർ തീൎച്ചയാക്കി.

യുവാവായ നവാബിൻെറ രതിലാഭത്തിന്നുവേണ്ടി മകളെ അയച്ചുകൊടുക്കേണമെന്നു അവർ ഒരു ദൂതൻ മുഖാന്തരം റാണിയെ അറിയിച്ചു. 'ദൂതൻ അവദ്ധ്യനാ'ണല്ലോ എന്നു വിചാരിച്ചു റാണി ആ ദൂതനെ കൊല്ലിച്ചില്ല. എ

ങ്കിലും ആ ക്രിയ ഒഴിച്ചു ശേഷം വേണ്ടേടത്തോളം ഉപദ്രവം ചെയ്തു. 'താൻ അവരുടെ കല്പന കേട്ടു നടക്കാൻ ഇരിക്കുന്നവളല്ല' എന്ന് അവരോടു ചെന്നു പറവാനായി ആ ദൂതനെ മടക്കി അയച്ചു. ഉടനെ താരയെ ബലാൽകാരമായി പിടിച്ചുകൊണ്ടുവരുവാനും ഭവാനിയെ രാജ്യഭ്രഷ്ടയാക്കി ഭണ്ഡാരം മുഴുവനും കവച്ചു ചെയ്യാനും വേണ്ടി അവർ ഒരു സൈന്യത്തെ അയച്ചു. എന്നാൽ സൈന്യത്തെ അയയ്ക്കാനുള്ള ആലോചന ഇവരുടെ മനസ്സിൽ കടക്കുന്നതിനു മുമ്പായിട്ടുതന്നെ ഭവാനി മുൻകരുതലോടുകൂടി അവരെ എതിരേല്ക്കാൻ തയ്യാറായിരുന്നു. റാണിതന്നെ തന്റെ സൈന്യത്തിന്റെ നേതാവായി നഗരത്തിന്റെ ബഹിർഭാഗത്തേക്കു വന്നു ശത്രുക്കളോടു യുദ്ധംചെയ്തു. മഹമ്മദീയസൈന്യം തീരെ തോററു പിന്തിരിഞ്ഞു ഓടിപ്പോയി. അവർ മൂഷിദാബാദിലേക്കു തിരിച്ചുപോവാൻ ശ്രമിച്ചു. തന്റെ രാജ്യത്തിന്റെ അതൃത്തി കടക്കുന്നതുവരെ റാണി ശത്രുസൈന്യത്തെ പിന്തുടൎന്നു. വാസ്തവത്തിൽ ആ കാലത്തു ബങ്കാളരാജ്യനിവാസികൾ മുഴുവനും മഹമ്മദീയൎക്കു വിരോധികളായിരുന്നു. മഹമ്മദീയസൈന്യത്തിന്നു നാട്ടുകാരിൽനിന്നു അടിക്കടി തടസ്സം നേരിട്ടു. അവരുടെ സാമാനങ്ങളെല്ലാം നാട്ടുകാർ തട്ടിപ്പറിച്ചു. കണ്ട ദിക്കുകളിൽ വെച്ചു നാട്ടുകാർ മഹമ്മദീയപടയാളികളുടെ വധംകൂട്ടി.

സുരാജഡൌളയ്ക്കു തന്റെ രാജ്യത്തിൽ ഇരിക്കപ്പൊറുതിയില്ലാതായിത്തുടങ്ങി. നാലു പുറത്തുനിന്നും ശത്രുക്കൾ അയാളെ ബാധിച്ചുതുടങ്ങി. ആരുടെ നേരെയാണ് ആക്രമിക്കേണ്ടത് എന്നും ആരോടാണ് എതിൎത്തുനില്ക്കേണ്ടത് എന്നും അയാൾക്കു അറിവുണ്ടായിരുന്നില്ല. ഹിന്തുരാജാക്കന്മാർ അയാളെ രാജ്യഭ്രഷ്ടനാക്കി വേറെ ഒരുവനെ സിംഹാസനത്തിൽ വാഴിക്കാൻ തീൎച്ചയാക്കി. കൃഷ്ണചന്ദ്രരാജാവും രാജവല്ലഭരാജാവും രവിദുർല്ലഭനും ജഗൽസേട്ടിന്റെ

വീട്ടിൽ ഒന്നിച്ചുകൂടി തങ്ങളുടെ മന്ത്രാലോചനയ്ക്കു ഭവാനിറാണിയേയും ക്ഷണിച്ചു. മീർജാഫർ തങ്ങളുടെ ഉപദേശപ്രകാരം നടന്നുകൊള്ളാമെന്നും ബങ്കാളരാജ്യത്തെ കഴിയുന്നേടത്തോളം ദാക്ഷിണ്യത്തോടുകൂടി ഭരിച്ചുകൊള്ളാമെന്നും ഏററിട്ടുണ്ടെന്നും അതുകൊണ്ടു അയാളെ രാജാവാക്കി വാഴിക്കേണ്ടതാണെന്നും ജഗൽസേട്ടു പ്രസ്താവിച്ചു. മീർജാഫർ നവാബിൻെറ സേനാപതിയാണ്. മഹമ്മദീയസൈന്യം മുഴുവനും അയാളുടെ കീഴിലാണ്. ആ സ്ഥിതിക്കു യുദ്ധവും ആൾനാശവും കൂടാതെ മീർജാഫ്റെ രാജാവാക്കി വാഴിക്കാൻ കഴിയുന്നതാണ്. 'മാന്യസ്നേഹിതരേ! മഹാരാജാക്കന്മാരെ! ബങ്കാളരാജ്യത്തിലെ സിംഹാസനത്തിൽ ഒരു ഹിന്തുരാജാവിനെ വാഴിപ്പാൻ നിങ്ങൾ വിചാരിച്ചാൽ കഴിയുന്നതല്ലേ? അതിന്നു തക്ക കാലവും അവസരവും ഇതാണല്ലൊ' എന്നു ഭവാനിറാണി പറഞ്ഞു.

"ഹേ റാണി! അതിന്നു ആഗ്രഹിക്കാത്തവർ ആരാണുള്ളത്? ആയിരം കൊല്ലത്തിലധികം കാലം നാം അന്യരാജ്യക്കാൎക്കു കീഴടങ്ങിയിരുന്നതുകൊണ്ടു നമ്മുടെ ചിരപ്രതിഷ്ഠിതമായ ഗൌരവം തീരെ നശിച്ചുപോയിരിക്കുന്നു. വിദേശീയരിൽനിന്നു നമ്മുടെ രാജ്യത്തെ രക്ഷിക്കുവാൻ തക്ക ബലമുള്ള സൈന്യവും നമുക്കില്ല; അതിന്നുംപുറമെ ഹിന്തുക്കൾ തമ്മിൽ ഒരുമ ലേശംപോലും ഇല്ലെന്നു മാത്രമല്ല അവർ തമ്മിൽ മത്സരം വേണ്ടതിലധികമുണ്ടുതാനും. ഒരു ഹിന്തുവിനെ രാജാവാക്കി വാഴിക്കുന്നതു പ്രകൃതിക്ഷോഭത്തിന്നു കാരണമായിത്തീരുന്നതാണ്. എന്നു മാത്രമല്ല ഈ ലാക്കു നോക്കി മഹാരാഷ്ട്രർ ഒരുസമയം ബങ്കാളരാജ്യം നമ്മുടെ പക്കൽനിന്നു കൈവശപ്പെടുത്താനും എളുപ്പമുണ്ട്. അവരെപ്പററി നമുക്കു യാതൊരു അറിവും ഇല്ല. അവർ വളരെ ക്രൂരന്മാരുമാണ്. മഹമ്മദീയരുമായിട്ടു നാം വളരെക്കാലമായി ഏട പഴകീട്ടുള്ളതുകൊണ്ടു അവൎക്കു നമ്മേയും നമുക്ക്

അവരേയും പററി നല്ലവണ്ണം അറിവുണ്ട്. അതുകൊണ്ടു മഹമ്മദീയരിൽ ഒരുവനെ രാജാവാക്കുന്നതാണ് അധികം നല്ലത്' എന്നു കൃഷ്ണചന്ദ്രൻ പറഞ്ഞു.

'അവിടുന്ന് ഇപ്പോൾ അഭിപ്രായപ്പെട്ടതിൻെറ യുക്തിഗൌരവത്തെ ഞാൻ സമ്മതിക്കുന്നു; എന്നാൽ രാജ്യം കിട്ടിയതിൻെറ ശേഷം മീർജാഫറും സുരാജഡെയൗളയെപ്പോലെതന്നെ ദുഷ്ടനായിത്തീർന്നാൽ പിന്നെ നമുക്കുള്ള നിവൃത്തി എന്തായിരിക്കും?' എന്നു റാണി ചോദിച്ചു.

'ആ സംഗതിയെപ്പററി ഞങ്ങൾ ആലോചിക്കാതിരുന്നിട്ടില്ല. മീർജാഫർ മര്യാദയ്ക്കു നടക്കാത്ത പക്ഷം ഞങ്ങൾ ഇംഗ്ലീഷുകാരുടെ സഹായം ആവശ്യപ്പെടാൻ തീർച്ചയാക്കീട്ടുണ്ട്. അവർ വളരെ പ്രബലന്മാരാണ്. അവർ വെറും കച്ചവടക്കാരാകുന്നു. രാജ്യലോഭം അവരിൽ കാണപ്പെടുന്നില്ല. കച്ചവടത്തിന്നു വേണ്ട ചില ഒത്താശകളും അധികാരങ്ങളും നാം അവൎക്കു കൊടുത്താൽ അവർ എപ്പോഴും നമ്മുടെ വശവൎത്തികളായിരിക്കുന്നതാണ്. അവരുടെ സഹായംകൊണ്ടു മീർജാഫറെ നാം പറയുന്നതുപോലെ കേട്ടു നടത്തിപ്പാൻ നമുക്കു കഴിയുന്നതാണ്' എന്നു രാജവല്ലഭൻ പറഞ്ഞു.

'അതിന്നും പുറമെ സുരാജഡെയൗള അവരുടെ കല്ക്കത്തയിലുള്ള കോട്ടയെ ഈയിടയിൽ നശിപ്പിച്ചു കളഞ്ഞിരിക്കുന്നു. അവർ അയാളോട് ഇതിന്നു പകരം ചോദിക്കാൻ തീർച്ചയായും ശ്രമിക്കും. പുതിയ നവാബ്—ആരായാലും വേണ്ടില്ല—ഇംഗ്ലീഷുകാരോടു സഖ്യം ചെയ്യാത്ത പക്ഷം തൻെറ ഭരണത്തിൻെറ ആരംഭത്തിൽതന്നെ അയാൾക്ക് അവരുമായി യുദ്ധം ചെയ്യേണ്ടിവരും' എന്നു ജഗൽസേട്ടു പറഞ്ഞു.

'ദക്ഷിണ ഇന്ത്യയിലെ മുസൽമാൻ നവാബിനെ അവർ തോല്പിച്ചു എന്നു ഞാൻ കേൾക്കയുണ്ടായി' എന്നു രവിദുർല്ലഭൻ പറഞ്ഞു.

'മഹാരാജാക്കന്മാരേ! ഞാൻ കേവലം ഒരു സ്ത്രീയാണ്. ഗംഭീരമായ രാജ്യഭരണവിഷയങ്ങളിൽ നിങ്ങളെ ഉപദേശിപ്പാൻ ഞാൻ മുതിരുന്നില്ല. എങ്കിലും ഇംഗ്ലീഷുകാരും മഹാരാഷ്ട്രന്മാരെപ്പോലെ ക്രൂരന്മാരും ഉൽകൎഷേച്ഛുക്കളും ആവുകയും, രാജ്യഭരണത്തിന്റെ രുചി അറിഞ്ഞതിന്റെ ശേഷം അവർ തങ്ങളുടെ വ്യാപാരവൃത്തിയെ മറന്നു രാജാക്കന്മാരായിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുന്നപക്ഷം പിന്നെ നമുക്ക് എന്താണ് നിവൃത്തിയുള്ളത്? മഹാരാഷ്ട്രന്മാരേക്കാൾ ഇംഗ്ലീഷുകാർ നമുക്കു വിദേശീയരല്ലെ? അവരെപ്പററി നമുക്ക് ഒരു അറിവും ഇല്ലല്ലോ. ഞാൻ മീർജാഫറുടേയോ മഹാരാഷ്ട്രന്മാരുടേയോ ഇംഗ്ലീഷുകാരുടേയോ പക്ഷപാതിനിയല്ല. നാം സുരാജദൌളയുടെ കുടുംബത്തിലേയ്ക്കു പല വിധത്തിലും കടപ്പെട്ടിട്ടുള്ളവരാണ്. വേണമെങ്കിൽ സുരാജദൌളയെ രാജ്യഭ്രഷ്ടനാക്കിക്കൊൾവിൻ. എന്നാൽ ആ വംശത്തിൽ ജനിച്ച ഒരുവനെത്തന്നെ രാജാവാക്കി വാഴിക്കേണ്ടതാണ്' എന്നു ഭവാനി പറഞ്ഞു.

ഇങ്ങിനെ വളരെ നേരം വാദം നടന്നതിന്റെ ശേഷം ഇംഗ്ലീഷുകാരുടെ ഒത്താശയോടുകൂടി മീർജാഫറെ നവാബാക്കി വാഴിപ്പാനായി അവർ ഒരു വിധം ഭവാനിറാണിയെ പറഞ്ഞു സമ്മതിപ്പിച്ചു. ഭവാനിക്ക് ഈ ഏൎപ്പാടിനു ലേശം മനസ്സുണ്ടായിരുന്നില്ല. ഒടുക്കം മനമല്ലാത്ത മനസ്സോടുകൂടി സമ്മതിച്ച രാജ്ഞി ഇങ്ങിനെ പറഞ്ഞു. 'മഹാരാജാക്കന്മാരേ! നിങ്ങളുടെ തീൎപ്പ് എനിക്കു ബാധകമായിട്ടുള്ളതാണ് എങ്കിലും ഈ പരിവൎത്തനം നമ്മുടെ രാജ്യത്തേക്കു ഗുണകരമായിട്ടുള്ളതല്ലെന്ന് എന്റെ മനസ്സിൽ തോന്നുന്നു. കാലാന്തരത്തിൽ ഇംഗ്ലീഷുകാർ പ്രബലന്മാരായി വരും. നാം തമ്മിൽ യോജിച്ചു നമ്മളിൽ ആരെയെങ്കിലും രാജാവാക്കാനും മഹാരാഷ്ട്രന്മാരെ വിശ്വസിപ്പാനും നമുക്കു തരമില്ലാത്ത സ്ഥിതിക്ക് ഉശിരില്ലാത്ത ഒരു മഹമ്മദീയനെ രാജാവാക്കി വാ

ശിക്കുന്നതിനേക്കാൾ നല്ലത് ഈ രാജ്യത്തെ ഇംഗ്ലീഷുകാരെ ഏല്പിച്ചു കൊടുക്കുന്നതാണ്. അവർ നല്ലവരായിരിക്കാം. നമ്മുടെ ഭാഗ്യം പരീക്ഷിച്ചു നോക്കുക.'

'നമുക്കു മീർജാഫറെ പരിക്ഷിച്ചു നോക്കാം. അയാൾ മോശക്കാരനായി വന്നാൽ പിന്നെ നമുക്ക് ഇംഗ്ലീഷുകാരെ ഏല്പിക്കാം' എന്നു കൃഷ്ണചന്ദ്രൻ പറഞ്ഞു.

കാര്യമെല്ലാം മേൽ വിവരിച്ചപ്രകാരം തീർച്ചയാക്കി. ഇന്ത്യാചരിത്രം വായിച്ചിട്ടുള്ളവർക്കെല്ലാം പ്ലാസ്സി യുദ്ധവർത്തമാനം അറിയുന്നതാണല്ലൊ. സുരാജഉദൌള യുദ്ധത്തിൽ തോററു ഓടി; മീർജാഫർ ഇംഗ്ലീഷുകാരുമായി യോജിച്ചു. ഭവാനിറാണി കുറെ ദൂരത്തുനിന്നു യുദ്ധം നോക്കിക്കൊണ്ടു നിന്നതിൻെറ ശേഷം തൻെറ സൈന്യത്തോടുകൂടി നാട്ടിലേക്കു പോയി. ക്ലൈവ് മൂഷിദാബാദിൽ ചെന്നു നവാബിൻെറ ഭണ്ഡാരം കൈക്കലാക്കി. അയാൾ മീർജാഫറെ വിധിപൂർവ്വം രാജാവാക്കി വാഴിച്ച് ഇംഗ്ലീഷുകാർക്കു വേണ്ടതായ അധികാരങ്ങളെല്ലാം നവാബിനോടു വാങ്ങി കല്ക്കത്തയിലേക്കു പോവുകയും ചെയ്തു.

കുറെ കാലത്തിനുള്ളിൽ ബങ്കാളത്തിൽ വലുതായ ഒരു പരിവർത്തനം ഉണ്ടായി. ഇംഗ്ലീഷുകാർ ബങ്കാളസിംഹാസനത്തെ പല പ്രാവശ്യം ലേലം വിളിച്ച് അധികവിലക്കു വിളിച്ചുവന്നു വിററു. മീർജാഫറെ ഭ്രഷ്ടനാക്കി അവർ മീർകാസിം എന്നാളെ രാജാവാക്കി വാഴിച്ചു. ക്ഷണകാലത്തിനുള്ളിൽതന്നെ അവർ മീർകാസിമിനെ ഓടിച്ചു മീർജാഫറെ വീണ്ടും നവാബാക്കി. ഇങ്ങിനെ പലവിധ മാററങ്ങളും അടിക്കടി ഉണ്ടായി. എന്നാൽ ഇതെല്ലാം മൂഷിദാബാദിലുള്ള രാജധാനിയുടെ അതിരിന്നകത്തു മാത്രമാണ് ഉണ്ടായത്. നവാബിന്നോ ഇംഗ്ലീഷുകാർക്കോ രാജ്യത്തിലെ ആഭ്യന്തരകാര്യങ്ങളിൽ ഏപ്പെടാനുള്ള സമയമോ അവസരമോ മനസ്സോ ഉണ്ടായിരുന്നില്ല. അതിനാൽ ബങ്കാളരാജ്യത്തു സമാധാന

വും ജനങ്ങൾക്കു സന്തൃപ്തിയും ഉണ്ടായിരുന്നു. പ്രസ്താവകാലത്തു വാസ്തവത്തിൽ ഉത്തരബങ്കാളം മുഴുവനും ഭരിച്ചിരുന്നതു ഭവാനിറാണിയും ദക്ഷിണബങ്കാളം ഭരിച്ചിരുന്നതു കൃഷ്ണചന്ദ്രനും പൂർവ്വബങ്കാളം ഭരിച്ചിരുന്നതു രാജവല്ലഭനും പശ്ചിമബങ്കാളം ഭരിച്ചിരുന്നതു രവിദുർല്ലഭനും ആയിരുന്നു. അവർ നവാബിൻെറയും ഇംഗ്ലീഷുകാരുടേയും സ്നേഹിതന്മാരായിരുന്നു. അവർ കപ്പം ശരിക്കു കൊടുത്തു വന്നിരുന്നതുകൊണ്ട് അവരുടെ പേരിൽ യാതൊരു ആക്ഷേപവും ഉണ്ടായിരുന്നില്ല. അവർ ജീവിച്ചിരുന്ന കാലം മുഴുവനും ബങ്കാളത്തിൽ ക്ഷേമവും സമൃദ്ധിയും ജനതൃപ്തിയും സമാധാനവും ഉണ്ടായിരുന്നു.

തൻെറ ജീവിതദശയുടെ ഉത്തരഭാഗം ഭവാനി തൃപ്തിയോടും ശാന്തതയോടും കഴിച്ചുകൂട്ടി. രാജ്യകാൎയ്യാന്വേഷണത്തിന്നു പ്രാപ്തിയുള്ള മന്ത്രിമാരെ നിശ്ചയിച്ചു ജനക്ഷേമത്തിന്നു വേണ്ടതാക്കു നിയമങ്ങൾ ഉണ്ടാക്കി ഭവാനി തൻെറ മരണംവരെ രാജ്യം നല്ല നിലയിൽ ഭരിച്ചുപോന്നു.

രാജ്യകാൎയ്യങ്ങളെല്ലാം നല്ലനിലയിൽ ആക്കിയതിൻെറ ശേഷം ഭവാനി ഒരു പുത്രനെ ദത്തെടുത്തു സകല അധികാരങ്ങളും അദ്ദേഹത്തെ ഏല്പിച്ചു കൊടുത്തു. അതിൻെറ ശേഷം പാവനമായ ഗംഗാതീരത്തിൽ താമസിച്ച് ഈശ്വരധ്യാനം ചെയ്തു തൻെറ കാലം കഴിക്കാൻ ഭവാനി തീൎച്ചയാക്കി.

മുഷിദാബാദിൽനിന്നു കുറെ ദൂരത്തായിട്ടു ഗംഗയുടെ മറുകരയിൽ ഭവാനി ഒരു രാജധാനി പണിചെയ്യിച്ചു. കാലക്രമത്തിൽ രാജധാനിയുടെ ചുററും ഒരു പട്ടണമായിത്തീൎന്നു. തൻെറ വിശ്രുതമായ ജീവിതത്തിൻെറ അവശേഷം അന്നദാനധൎമ്മാദികൾ ചെയ്തുംകൊണ്ട് ആ ഭക്ത കഴിച്ചുകൂട്ടി. സംസ്കൃതഭാഷാഭിവൃദ്ധിക്കുവേണ്ടി ഭവാനി കൊല്ലന്തോറും വളരെ ദ്രവ്യം ചിലവുചെയ്തു. അനാഥകളായ അനവ

ധി സ്ത്രീപുരുഷന്മാൎക്ക റാണി ഭക്ഷണം കൊടുത്തും വൎഷാശനം കൊടുത്തും അവരെ രക്ഷിച്ചുപോന്നു. ധൎമ്മശാലകളോടു കൂടിയ വളരെ ക്ഷേത്രങ്ങൾ പണി ചെയ്യിച്ചു; ജലദുൎഭിക്ഷം തീൎക്കാൻ വേണ്ടി വളരെ ജലാശയങ്ങൾ നിൎമ്മിച്ചു. കാശയിൽ വളരെ ക്ഷേത്രങ്ങളും സത്രങ്ങളും പണി ചെയ്യിച്ചു. ധൎമ്മവിഷയമായി ചുരുങ്ങിയത് ഒരു കൊല്ലത്തിൽ 25 ലക്ഷം ഉറുപ്പിക ഭവാനിറാണി ചിലവിട്ടു വന്നിരുന്നുവത്രേ.

ക്രിസ്ത്വാബ്ദം 1803-ാമതു വൎഷത്തിൽ 79-ാമത്തെ വയസ്സിൽ ഭവാനിറാണി കാലഗതിയെ പ്രാപിച്ചു. അപ്പോൾ മരിച്ചതു റാണിയുടെ ഭാഗ്യം തന്നെയാണ്. അല്ലെങ്കിൽ ബങ്കാളരാജ്യത്തിൽ താമസിയാതെ സംഭവിച്ച പലേ മാററങ്ങളും തത്സംബന്ധമായി ഉണ്ടായ പലേ ദ്രോഹങ്ങളും ക്രൂരകൃത്യങ്ങളും അനീതിയും ആ ഭാഗ്യവതിക്കു കാണേണ്ടിവരുമായിരുന്നു.

ഭവാനിയുടെ ദത്തുപുത്രനായ രാമകൃഷ്ണരാജാവു രാജ്യംഭരിക്കുന്നതിന്നു പകരം സന്ന്യാസവൃത്തിയെ അവലംബിച്ചു തൻെറ സ്വത്തിൻെറ മിക്ക ഭാഗവും അയാൾ ദാനധൎമ്മങ്ങൾക്കായി കൊടുത്തു. രാജ്യകാൎയ്യങ്ങളിലുണ്ടായ തകരാറു നിമിത്തം കുറെ സ്വത്തു വിററു പോകയും ചെയ്തു. രാമകൃഷ്ണൻ മരിച്ചപ്പോൾ വിശാലമായ നാട്ടൂർ രാജ്യത്തിൻെറ കിഞ്ചിച്ഛേഷം മാത്രമേ ആ രാജകുടുംബത്തിൻെറ അധീനത്തിൽ ഉണ്ടായിരുന്നുള്ളു. ആ അവശേഷം ഇപ്പോഴും ഭവാനിറാണിയുടെ വംശ്യന്മാരുടെ അധീനത്തിൽ തന്നെയാണ്. ഈ കുടുംബത്തിലെ പ്രധാനിക്കു ബ്രിട്ടീഷു ഗവൎമ്മേണ്ടിൽനിന്നു 'മഹാരാജാ ബഹദൂർ' എന്ന ബഹുമാനം സിദ്ധിച്ചിട്ടുണ്ട്.

---

## ൧൧. ഉണ്ടികക്കാരന്റെ മകൾ.

ശിരാജനവാബിന്റെ ഭരണകാലത്തു ജീവിച്ചിരുന്നവളും, കുലീനയുമായ ഒരു യുവതിയുടെ ചരിത്രത്തെ പ്രസ്താവിക്കാം. നവാബിന് ഇക്കാലത്ത് ഇരുപതു വയസ്സു പ്രായമായിരുന്നു. അനിയന്ത്രിതമായ വിഷയാസക്തിയാലും തന്റെ പിതാമഹനായ ആലിവർഡിയുടെ അതിമാത്രമായ ലാളനത്താലും, നികൃഷ്ടന്മാരായ സഹചരന്മാരുടെ സംസർഗ്ഗത്താലും അയാൾ അത്യന്തം ഗർഹണീയമായ ചിത്തവൃത്തിയെ സമ്പാദിച്ചിരുന്നു. അയാൾ തന്റെ കൂട്ടുകാരുമായി ചേർന്ന് ഇഷ്ടംപോലെയുള്ള ദുഷ്പ്രവൃത്തികൾ ചെയ്തു തുടങ്ങി. യുവതികൾ, അവരുടെ ഭർത്താക്കന്മാരുടെ അടുക്കൽനിന്ന് അപഹരിക്കപ്പെട്ടു. പുത്രികൾ, പിതാക്കന്മാരുടേയും, സഹോദരികൾ സഹോദരന്മാരുടേയും സമക്ഷത്തുവെച്ച് അവമാനിക്കപ്പെട്ടു. സ്ത്രൈണനായ ഈ നവാബിന്റെ രാജ്യഭരണകാലത്ത് ഒരു സ്ത്രീയുടേയും ചാരിത്രം നിർബ്ബാധമായിരുന്നില്ല.

ഈ പീഡനത്തിൽനിന്ന് അയാളുടെ ബലവാന്മാരായ പ്രഭുക്കന്മാരും ഒഴിക്കപ്പെടാതിരുന്നു. അയാൾ അവരുടെ സുന്ദരികളായ പുത്രിമാരേയും, സഹോദരിമാരേയും പരസ്യമായി ആവശ്യപ്പെടുകയും, അതു നിഷ്പ്രയോജനമായി കാണപ്പെട്ടപ്പോൾ അവരെ വഞ്ചിക്കുന്നതിനായി ഓരോ കൌശലങ്ങൾ പ്രയോഗിക്കുകയും ചെയ്തിരുന്നു.

മുർഷിദാബാദിലെ വ്യാപാരികളിൽവെച്ച് അതിസമ്പന്നന്മാർ ജഗൽസേട്ടുമാരായിരുന്നു. അവരുടെ ബാങ്കുകൾ ഇന്ത്യയിൽ എല്ലാ പട്ടണങ്ങളിലും സ്ഥാപിക്കപ്പെട്ടിരുന്നു. പ്രബലന്മാരായ രാജാക്കന്മാരിൽ പലരും അവർക്കു കടപ്പെട്ടിരുന്നു കൂടാതെ മഹാനായ മുഗൾ ചക്രവർത്തിയും അവരോടു പണം കടം വാങ്ങീട്ടുണ്ടായിരുന്നു. ഇപ്രകാരം ഇന്ത്യയിൽ

അവർ ധനംകൊണ്ടും യശസ്സുകൊണ്ടും അഗ്രഗണ്യന്മാരാ യിത്തീൎന്നു.

ശിരാജന്റെ കാലത്തു, മാധവചന്ദ്രൻ, ജഗൽസേട്ടുമാ രുടെ നായകനും അസാമാന്യ എന്നു പേരായ അയാളുടെ പുത്രി, സൌന്ദൎയ്യാതിരേകത്താൽ മുൎഷിദബാദിലുള്ള യുവതി കളുടെ കൂട്ടത്തിൽ, അദ്വിതീയയും ആയിരുന്നു. നവാബ് ഇവളിൽ കാമാന്ധനായിത്തീൎന്നു; എങ്കിലും ധനപതിയും പ്രതാപനിധിയുമായ മാധവചന്ദ്രന്റെ പുത്രിയെ പരസ്യ മായി ആവശ്യപ്പെടുന്നതിന്, അയാൾ ധൈൎയ്യപ്പെട്ടില്ല. ഒ രു ദിവസം രാത്രിയിൽ നവാബ് സ്ത്രീവേഷം ധരിച്ചു, മാധ വചന്ദ്രന്റെ ഗൃഹത്തിൻ കടന്നു. അശങ്കിതനായിട്ട് അ യാൾ അസാമാന്യയുടെ വാസസ്ഥലത്തിൽ എത്തി. പക്ഷേ നവാബിന് ആദ്യമായി അവളുടെ സൌന്ദൎയ്യം കണ്ടു സ ന്തോഷിക്കണമെന്നല്ലാതെ വേറെ ഒരു വിചാരവും ഇല്ലായി രുന്നിരിക്കാം. എങ്കിലും ആ സുന്ദരീരത്നത്തിന്റെ മുഖ മുഖദൎശനത്തിൽ, അയാൾ മതിമറന്ന് അവളെ ആലിംഗ നം ചെയ്യുന്നതിന്നായി അടുത്തു ചെല്ലുകയും ഭയാക്രാന്തയാ യ ആ യുവതി അവിടെനിന്ന് ഓടി തന്റെ ഭൎത്താവിന്റെ അടുക്കൽ ചെന്നു സകല വൃത്താന്തവും പറഞ്ഞു കേൾപ്പിക്ക യും ചെയ്തു. കോപാന്ധനായ ആ ഭൎത്താവു വേഷപ്രച്ഛന്നനാ യ നവാബിനെ അനുധാവനംചെയ്തു ഭവനത്തിൽനിന്നു വെ ളിയിൽ കടക്കുവാൻ തുടങ്ങുമ്പോൾ അയാളെ പിടികൂടുക യും, രാജോചിതമായ വിധത്തിൽ പ്രഹരിക്കയും ചെയ്തു. ന വാബ് ഒരു പ്രകാരത്തിൽ ജീവനോടെ രക്ഷപ്പെട്ടു എങ്കിലും തനിക്കു സംഭവിച്ച അവമാനത്തേയും ആശാഭംഗത്തേയും അയാൾ ഒരിക്കലും മറന്നില്ല.

ഏതാനും ദിവസങ്ങൾക്കിടയിൽ സാധുവായ ആ ഭ ൎത്താവു രാജവീഥിയിൽവെച്ചു പരസ്യമായി കൊല്ലപ്പെട്ടു. നിൎദ്ദയനായ നവാബ് അവന്റെ തല വെട്ടിയെടുപ്പിച്ച് ക

രു വെള്ളിത്തളികയിൽവെച്ച് അഭിമാനവതിയായ അവന്റെ ഭാൎയ്യക്കു കാഴ്ചയായി സമ്മാനിച്ചു. ഈ കാഴ്ചയാൽ അ സാമാന്യക്കുണ്ടായ വിചാരങ്ങളെ വൎണ്ണിച്ചിട്ടാവശ്യമില്ലല്ലോ. വൃത്താന്തം മുഴുവൻ കേട്ടപ്പോൾ ആ സാധ്വീമണി ശോകമൂൎഛയെ പ്രാപിക്കയും അഞ്ചാറു ദിവസങ്ങൾക്കുള്ളിൽ ഉന്മാദത്തിന്റെ ചിഹ്നങ്ങൾ അവളിൽ കാണപ്പെടുകയും ചെയ്തു.

ബലവാന്മാരായ തന്റെ പ്രഭുക്കന്മാരുടെ നേൎക്കു താൻ പ്രവൎത്തിച്ച ഈ മാതിരി ക്രൂരകൃത്യങ്ങൾ നിമിത്തം ശിരാജന്റെ നാശം അനിവാൎയ്യമായിത്തീൎന്നു. ബങ്കാളത്തെ രാജാവു തന്റെ രാജ്യം തന്റെ സേനാപതിയായ പട്ടാണിയെ ഏല്പിച്ചു തീൎത്ഥയാത്രയ്ക്കായി പൊയ്ക്കളഞ്ഞതിൽ പിന്നെ അദ്ദേഹത്തിന്റെ സിംഹാസനം ഈ പ്രഭുക്കന്മാൎക്ക് അധീനമായിരുന്നു. ദുശ്ചരിതനായ ശിരാജനെ മാററി അയാളുടെ സ്ഥാനത്തിൽ സേനാപതിയായ മിയർ ജാഫറിനെ വാഴിക്കുന്നതിന് അവർ നിശ്ചയിച്ചു. ഇതിലേക്ക് അവർ ഇംഗ്ലീഷു കച്ചവടക്കാരുടെ സഹായത്തെ അപേക്ഷിച്ചു. പ്ലാസിയിലെ യുദ്ധത്തിൽ മിയർ ജാഫർ തന്റെ വരുതിയിലുള്ള സൈന്യത്തെ യുദ്ധക്കളത്തിൽ നയിക്കാതെ വാങ്ങിനിന്നുകളഞ്ഞു. നവാബിന്റെ കൂടെയുണ്ടായിരുന്ന സൈന്യവും സേനാപതിയുടെ ഉപദേശത്താൽ ശത്രുക്കളെ എതിൎക്കാതെ പിന്മാറിനിന്നു. ഇംഗ്ലീഷ് സേനാനിയായ ക്ലൈവ് ഒരു നോട്ടത്തിൽ സംഗതികളുടെ സ്ഥിതി മനസ്സിലാക്കിക്കൊണ്ടു നവാബിന്റെ ഭടന്മാരെ എതിൎക്കുന്നതിന്നു തന്റെ ഭടന്മാരോടാജ്ഞാപിച്ചു. അവർ അപ്രകാരം എതിൎക്കുകയും നവാബിന്റെ സൈന്യം യുദ്ധക്കളത്തിൽനിന്ന് ഓടിപ്പോകയും ചെയ്തു.

പരാജിതനായ നവാബ് മുൎഷിദബാദിലേക്കു ഓടി. എന്നാൽ അവിടെ തനിക്കു രക്ഷയില്ലെന്നു കണ്ട് അയാൾ

പിന്നേയും പടിഞ്ഞാട്ടു ഓടുകയും, ഭഗവാന്ഗോലം എന്ന സ്ഥലത്തുവെച്ചു മിയർജാഫരുടെ ഒരു ഭടൻ അയാളെ പിടിച്ചു തിരികെ മൂഷിദബാദിൽ കൊണ്ടുവരികയും ചെയ്തു. അവിടെ വെച്ചു മിയർജാഫരുടെ പുത്രനായ മീരാന്റെ കല്പനപ്രകാരം ഒരു മഹമദ്ബഗ് അയാളുടെ ഗളച്ഛേദം ചെയ്തു. അതിന്റെ ശേഷം അയാളുടെ മൃതശരീരത്തെ ഒരു ആനപ്പുറത്തുവെച്ചു ഒരു കള്ളന്റെ ശവംപോലെ മൂഷിദബാദിലെ തെരുവുകളിൽകൂടി സംസ്കാരത്തിന്നായി കൊണ്ടുപോയി. അസാമാന്യ ഈ കാലമത്രയും ഒരു അസ്ഥാവസ്ഥയിലായിരുന്നു. തന്റെ ഭർത്താവിന്റെ വധംമുതൽ ശിരാജന്റെ മരണദിവസംവരെ ചിലപ്പോൾ അവൾ ഒരു വാചാലയും ഉന്മത്തയും, ചിലപ്പോൾ ബധിരയും മൂകയും, പലപ്പോഴും ഭയങ്കരരൂപിണിയും ആയിരുന്നു. അവളുടെ അച്ഛൻ വൈദ്യോത്തമന്മാരെക്കൊണ്ടു ചികിത്സിപ്പിച്ചു എങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല. ശിരാജന്റെ വധവൃത്താന്തം കേട്ടപ്പോൾ തന്റെ ഭർത്താവിനെ കൊന്ന ആളുടെ ക്ഷതസംകുലമായ മൃതശരീരം കാണുന്നതുകൊണ്ട് അവളുടെ പ്രതീകാരേച്ഛയും, അതോടുകൂടി അവളുടെ രോഗവും ശമിക്കുമെന്നുള്ളതിനാൽ അവളെ ശിരാജന്റെ ശ്മശാനത്തിൽ കൊണ്ടുപോകണമെന്നു ഒരാൾ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായപ്രകാരം നടത്തുകയും തന്റെ ഭർത്തൃഘാതുകന്റെ ഇഹലോകം അവസാനിക്കുന്നതിനെ അവൾ കാണുകയും ചെയ്തു.

രണ്ടരവഷങ്ങളായിട്ടു ഇപ്പോൾ അവളുടെ ബുദ്ധിക്കു തന്റേടം ഉള്ളതായി തോന്നി. കുറെ നേരം ആ ശവത്തെ നിശ്ചലമായി നോക്കിക്കൊണ്ട് നിന്നതിന്റെ ശേഷം അവൾ തിരിഞ്ഞു തന്റെ ദാസികളിൽ ഒരുവളോടു ഇങ്ങിനെ വധിക്കപ്പെട്ടവൻ ആരാണെന്നും അവന്റെ മേലുള്ള കുറ്റം എന്തെന്നും ചോദിച്ചു. അവൻ അവളുടെ ഭർത്താവി

ന്റെ ഘാതുകനാകുന്നു എന്നും അവളുടെ ഭർത്താവിനെ കല ചെയ്ത നവാബിനു ഉചിതമായ ശിക്ഷ കൊടുത്തു എന്നും ദാസി പറഞ്ഞു. ദാസി പറഞ്ഞതിന്റെ സാരം അവൾക്ക മനസ്സിലായില്ലെന്നു തോന്നി. പെട്ടെന്നു അവൾക്ക വിവരമുണ്ടായി, തന്നെ വീട്ടിലേക്ക തിരിച്ചുകൊണ്ടുപോകുവാൻ പറഞ്ഞു.

അവർ അവളെ തിരികെ ഗൃഹത്തിലേക്ക കൊണ്ടുപോയി. അപ്പോൾ അവളുടെ സ്വഭാവം വളരെ ശാന്തമായിരുന്നു. അമ്മയോടും മററും അവൾ വളരെ ക്രമമായി സംസാരിച്ചു. അവളുടെ ചിത്തഭ്രമം ഇത്ര പെട്ടെന്നു മാറിയതിനാൽ അവൎക്കെല്ലാം വിസ്മയം ഉണ്ടായി. എന്നാൽ അവൾ കൂടക്കൂടെ ഇങ്ങിനെ പറയാറുണ്ടായിരുന്നു:—'ഞാൻ ചെയ്യാനുള്ളതിനെ ഈശ്വരൻ ചെയ്തു. അദ്ദേഹം എന്റെ കൃത്യത്തെ ചെയ്തതിനാൽ അദ്ദേഹം ചെയ്യാനുള്ള കൃത്യത്തെ ഞാൻ ചെയ്യണം. അദ്ദേഹത്തിന്റെ കൃത്യത്തെ ഞാൻ ചെയ്യും' ഇതിന്റെ അൎത്ഥം ആൎക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അൎത്ഥം മനസ്സിലായതു വളരെ വൈകീട്ടായിപ്പോയി. ഒരു ദിവസം അസാമാന്യയെ പെട്ടെന്നു കാണ്മാനില്ലാതെയായി.

അവൾ എവിടെ പോയി എന്ന് ഒരുത്തൎക്കും അറിവാൻ പാടില്ലായിരുന്നു. അവൾ അൎദ്ധരാത്രി തന്റെ ഭവനത്തിൽ നിന്നു ഒളിച്ചിറങ്ങിയതിന്റെ ശേഷം എവിടെക്കാണ് ഓടിപ്പോയതെന്നു അവൾക്കുതന്നെ അറിയാൻ പാടില്ലായിരുന്നു. തന്റെ ഭർത്താവിനെ കൊന്ന ആളുടെ മുറിപ്പെട്ട ശരീരവും അതിൽനിന്നു പുറപ്പെട്ട രക്തവും കണ്ടതിൽ പിന്നെ അവളുടെ മനസ്സിൽ സദാ ഉണ്ടായിരുന്ന വിചാരം ഇപ്രകാരമായിരുന്നു. അസാമാന്യ,അവളുടെ ഭർത്താവിനെ വധിച്ച ആളുടെ നേരെ കഠിനമായ പ്രതികാരം ചെയ്യേണ്ടതായിരുന്നു. അവൾ അവനെ സിംഹാസനത്തിൽനിന്നും ഒഴിക്കുകയും, വധിക്കുകയും, അവന്റെ മൃതശരീരത്തെ ശകലിക്കുക

യും ചെയ്യേണ്ടതായിരുന്നു. കരുണാവാരിധിയായ ദൈവം അവനെ രക്ഷിക്കേണ്ടിയിരുന്നു. അവൻ ദുഷ്ടനെങ്കിലും ദൈവം അവനെ സ്നേഹിക്കേണ്ടിയിരുന്നു. അവൾ ചെയ്യേണ്ടിയിരുന്നതിനെ ദൈവം ചെയ്യതിനാൽ അദ്ദേഹം ചെയ്യേണ്ടിയിരുന്നതിനെ അവൾ ചെയ്യണം. അവൻ മരിച്ചുപോയതിനാൽ അവന്റെ ആളുകൾക്കുവേണ്ടി അവൾ അതിനെ ചെയ്യണം. ഈ വിചാരം അവളുടെ മനസ്സിനെ അതികഠിനമായി പീഡിപ്പിക്കുകയും, രണ്ടാമതും ചിത്തഭ്രമം പിടിപെട്ടു അവൾ സ്വഗൃഹം വിട്ടു ഓടിപ്പോവുകയും ചെയ്തു.

അവൾ ഭഗവങ്ങോലയിൽ എത്തിയപ്പോൾ അവൾക്കു സന്തോഷകരമായ ഒരു വർത്തമാനം കിട്ടി. മുർഷിദബാദിൽനിന്നും ശിരാജനോടുകൂടി പുറപ്പെട്ട അസംഖ്യം ആളുകളിൽ ഒരു സ്ത്രീ മാത്രം സമ്പത്തിലെന്നപോലെ ആപത്തിലും അവന്റെ ഭാഗധേയത്തിൽ പങ്കുകൊള്ളുന്നതിന്നായി അവനെ അനുഗമിച്ചിരുന്നു. ഈ സ്ത്രീ, വിഷയിയും, പരസ്ത്രീരതനുമായ ഭർത്താവിനാൽ സവിശേഷം അവമാനിതയും ശിരാജന്റെ ഭാര്യയുമായ മഹേരുന്നെഷാബീഗമായിരുന്നു. ശിരാജൻ അവളെ 'ഗൾ' (പനിനീർപുഷ്പം) എന്നു വിളിച്ചിരുന്നു. പതിനാറു വയസ്സു പ്രായമുള്ളവളും പൂർണ്ണഗർഭയുമായ അവൾ ദുർഗ്ഗമമാർഗ്ഗങ്ങളിൽ കൂടി തന്റെ ഭർത്താവിനെ അനുഗമിച്ചു, അയാളുടെ അനവധി സ്നേഹിതന്മാരിലും ബന്ധുക്കളിലും അവൾ അല്ലാതെ വേറെ ആരും കൂടെ ഉണ്ടായിരുന്നില്ല.

ഭഗവങ്ങോലയിൽവെച്ചു അവൾ ഒരു സ്ത്രീപ്രജയെ പ്രസവിക്കുകയും, അതുനിമിത്തം ശിരാജൻ ഏതാനും ദിവസം ആ സ്ഥലത്തു താമസിക്കുകയും ചെയ്തു. ഈ താമസമായിരുന്നു അയാളുടെ മരണത്തിനു കാരണമായിത്തീർന്നതു്. ഒരിക്കൽ ബംഗാൾ, ബീഹാർ, ഒറിസ്സാ എന്നീ ദിക്കുകളുടെ നവാബിന്റെ പ്രിയതമയായി അസമാനസുഖങ്ങളെ അനു-

ഭവിച്ചുകൊണ്ടിരുന്ന ആ യുവതി ഇപ്പോൾ ആശരണയായിട്ടു ദരിദ്രയായ ഒരു സ്ത്രീയുടെ കുടിലിൽ അഭയം പ്രാപിക്കേണ്ടിവന്നു. ഇവിടെ അവൾ ഒമ്പതു മാസത്തോളം പാർത്തപ്പോൾ മറ്റൊരു സ്ത്രീ അവളെക്കുറിച്ചു അന്വേഷണങ്ങൾ നടത്തുന്നതായി അവൾ അറിഞ്ഞു. തന്റെ ഭർത്താവിനെ വധിച്ച ആളുകൾ തന്നേയും വിട്ടുകളകയില്ലെന്നു അവൾ ഭയപ്പെട്ടു. എന്നാൽ ഈ ഭയം അവളുടെ ക്ഷേമത്തെ ഉദ്ദേശിച്ചല്ല, ഓമനയായ അവളുടെ കുഞ്ഞിനെ ഉദ്ദേശിച്ചു മാത്രമായിരുന്നു. അതിനാൽ തന്നെ ആരോ അന്വേഷിക്കുന്നതായി കേട്ടപ്പോൾ അവൾ തന്റെ കുഞ്ഞിനെ വസ്ത്രത്തിൽ പൊതിഞ്ഞുകൊണ്ടു അവിടെനിന്നു ഓടി.

ഭ്രാന്തപ്രായയായ അസാമാന്യ, അവൾ പോയ ദിക്കിലെല്ലാം അവളെ അനുഗമിച്ചു. എങ്കിലും ഒരിടത്തും അവളെ കാണ്മാൻ കഴിഞ്ഞില്ല. സാധുവായ മഹേരുന്നീഷയ്ക്കു ആരോ നിഴൽപോലെ തന്നെ അനുഗമിക്കുന്നു എന്നല്ലാതെ അയാളുടെ ഉദ്ദേശങ്ങൾ അറിവാൻ പാടില്ലായിരുന്നു. അതിനാൽ അവൾ അവിടവിടെ ഓടിത്തളർന്നു ഗംഗാതീരത്തിൽ എത്തുകയും, അവിടെവെച്ചു അസാമാന്യ അവളെ കണ്ടുകൂടുകയും ചെയ്തു. ഇപ്പോൾ ശിറാജൻ മരിച്ചിട്ടു മൂന്നു വർഷമായി. ഈ കാലം അത്രയും അയാളുടെ ഭാര്യ ഗ്രാമങ്ങളിലും, നഗരങ്ങളിലും ഓടുകയും, അസാമാന്യ, വേട്ടപ്പട്ടിയെപ്പോലെ അവിടെയെല്ലാം അവളുടെ പിറകെ എത്തുകയും ചെയ്തിട്ടുണ്ടു്. മൂന്നുവർഷം കഴിഞ്ഞപ്പോൾ അവർ തമ്മിൽ കാണുന്നതിനും ഇടയായി! അന്നേദിവസം അതികലശലായ വൃഷ്ടിപാതവും കൊടുങ്കാറ്റും നിമിത്തം ഗംഗാജലം ഭയങ്കരമായ വിധത്തിൽ ഇളകിയിരുന്നു. മനുഷ്യരും മൃഗങ്ങളും വെളിയിൽ ഇറങ്ങാത്ത ഈ സന്ദർഭത്തിൽ അനാഥയായ മഹേരുന്നീഷ, തന്റെ കുഞ്ഞിനെ മാറിൽ അണച്ചുകൊണ്ടു ഗംഗയുടെ തീരത്തിൽ ഓടിയെത്തി. അസാമാന്യയും അവളുടെ പിറകേ തന്നെ എത്തി.

നദീതീരത്തിൽ നിന്നിരുന്ന വള്ളക്കാരോട് അവൾ തന്നെ അക്കരെ കൊണ്ടു വിടണമെന്ന് അപേക്ഷിക്കുകയും, പ്രതിഫലമായി തൻെറ വിരലിൽ ഉണ്ടായിരുന്ന വിലയേറിയ മോതിരം കൊടുക്കാമെന്നു പറകയും ചെയ്തു. അപ്പോഴത്തെ സ്ഥിതിയിൽ അവർ വള്ളം വെയ്ക്കുന്നതിനു വളരെ തർക്കം പറഞ്ഞുവെങ്കിലും അവരിൽ ഒരുത്തൻ ജീവിതത്തേക്കാൾ ധനത്തെ ആഗ്രഹിച്ച് അതിലേക്കു സമ്മതിച്ചു. മഹേരുന്നിഷയേയും അവളുടെ കുഞ്ഞിനേയും കയററിക്കൊണ്ടു വള്ളം കാൽ നാഴികയോളം അകന്നപ്പോഴയ്ക്കും അസാമാന്യ നദീതീരത്തിൽ എത്തി, ആശാഭംഗത്തോടെ വള്ളത്തിൻെറ ഗതിയെ സൂക്ഷിച്ചുകൊണ്ടുനിന്നു.

അല്പം ദൂരംകൂടി പോയപ്പോൾ വള്ളം മറിയുകയും നിർഭാഗ്യയായ ആ അമ്മയും മകളും ഗംഗയുടെ ഘോരങ്ങളായ തിരമാലകളിൽ മറയുകയും, ഉച്ചമായ ഒരു നിലവിളിയോടുകൂടി അസാമാന്യ നദിയിലേക്കു കുതിച്ചു ചാടുകയും ഒരുമിച്ചു തന്നെ കഴിഞ്ഞു. അവൾക്കു നീന്തുന്നതിനു നല്ല പരിചയമുണ്ടായിരുന്നതിനാൽ, താമസിയാതെ മഹേരുന്നിഷയെ പിടിച്ചുകൊണ്ടു നീന്തിത്തുടങ്ങി. തിരമാലകളുടെ ശക്തിയെ ജയിച്ച് ഏകദേശം മൂന്നുമണിക്കൂറുകൊണ്ട് അസാമാന്യ തൻെറ ഭാരത്തെ കരയിൽ എത്തിച്ചു. മഹേരുന്നിഷ മരിച്ചിരുന്നുവെങ്കിലും അവളുടെ മാറിൽ അണച്ചു ദൃഢമായി പിടിച്ചിരുന്ന ശിശുവിൻെറ പ്രാണൻ പോയിട്ടില്ലായിരുന്നു.

ഇനി അധികം പറയേണ്ടതില്ല. അസാമാന്യ തൻെറ ദത്തുപുത്രിയോടുകൂടി കിഴക്കേ ബംഗാളത്തിൽ വളരെനാൾ പാർത്തു; അവിടെയുള്ള അനേകഭവനങ്ങളിൽ ഈ മാതാവും പുത്രിയും ഇപ്പോഴും ഭഗവതിമാരായി വരിക്കപ്പെട്ടുവരുന്നു.

## ൫൨. ദേവിചൌധരണി.

ബ്രിട്ടീഷ് ഇന്ത്യാസാമ്രാജ്യത്തിൽ ഒന്നാമത്തെ ഗവൎണ്ണർ ജനറൽ വാറൻ ഹേസ്റ്റിംഗ്സായിരുന്നു. ഇംഗ്ലീഷുകാർ ബംഗാളത്തിലെ നവാബിനെ അടൎത്തുൺ കൊടുത്തു രാജ്യാധികാരത്തിൽനിന്നു വേർപെടുത്തി സൈന്യത്തേയും ഭണ്ഡാരത്തേയും തങ്ങളുടെ നേർവരുതിയിലാക്കി പഴയ രാജ്യഭരണസമ്പ്രദായത്തെ പാടേ ധ്വംസനം ചെയ്തു. ഈ നവീന ഭരണകൎത്താക്കൾ പ്രഭുക്കളെ കേവലം കരം പിരിവിടലക്കായി കോയ്മയിൽനിന്ന് ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള സിൽബന്തികളെന്നും അവൎക്കുള്ള ദേശങ്ങളെ സൎക്കാരിൽനിന്നു അവൎക്കായി കുത്തകപ്പാട്ടത്തിനു കൊടുക്കപ്പെട്ടിട്ടുള്ള വസ്തുക്കൾ മാത്രമെന്നും വിചാരിച്ചു. പ്രഭുക്കന്മാരിൽ പലരും ഇംഗ്ലീഷുകാർ ഏൎപ്പെടുത്തിയ ഈ നൂതനഭരണസമ്പ്രദായത്തെ നോക്കി അന്ധാളിച്ച് അനേകംപേർ അതിലേക്കു കീഴ് വണങ്ങുവാൻ വിസമ്മതിക്കയും പലരും പരസ്യമായി ലഹളയ്ക്ക് ആരംഭിക്കുകയും ചെയ്തു. എന്നാൽ ഈ പ്രഭുക്കന്മാർ ഇംഗ്ലീഷുകാരുടെ വലിയ തോക്കുകൾക്കു കിടയല്ലാതിരുന്നതിനാൽ ചെല്ലുന്ന ദിക്കിലൊക്കെയും തോല്പിക്കപ്പെടുകയും പ്രാസാദങ്ങളിൽനിന്നു ബഹിഷ്കരിക്കപ്പെടുകയും ചെയ്തു. അവരുടെ ദേശങ്ങളിൽ പലതും കണ്ടുകെട്ടപ്പെട്ടു. അനേകം പ്രഭുക്കന്മാരെ ജേതാക്കൾ തൂക്കിക്കൊല്ലുകയും പലരേയും കാരാഗൃഹങ്ങളിലിട്ടു കഷ്ടപ്പെടുത്തുകയും ചെയ്തു. കൽക്കത്തായിലെ ഉദ്യോഗസ്ഥന്മാൎക്കു കൈക്കൂലി കൊടുക്കുവാൻ സാധിച്ചവർ മാത്രമേ കണ്ടുകെട്ടിലും ഉപദ്രവത്തിലും ബന്ധനത്തിലും വധത്തിലും നിന്നു വിമുക്തരായുള്ളു.

ഇപ്രകാരം ആ രാജ്യം മുഴുവനും ഒരു വലിയ കലാപത്തിനു വശംവദമായിരുന്നു. അരാജകത്വം എല്ലാടവും പ്രത്യക്ഷമായി. രാജഭ്രഷ്ടന്മാരായ പ്രഭുക്കന്മാർ ദീവെട്ടിക്കൊ

ള്ളക്കാരായും പിടിച്ചുപറിക്കാരായും തീൎന്ന് അവർ നാടുമുഴുവൻ കൊള്ളയിടുകയും ഗ്രാമങ്ങളിലും നഗരങ്ങളിലും കയറി പിടിച്ചുപറിക്കയും അവരുടെ അയൽപക്കക്കാരായ സാധുക്കളോടു തോന്നിയതെല്ലാം പ്രവൎത്തിക്കയും ചെയ്തു. ബലഹീനന്മാരുടെ സംരക്ഷണത്തിന് ആരുംതന്നെ ഉണ്ടായിരുന്നില്ല. നവാബിൻെറ കഥയോ തീൎന്നു. ഇംഗ്ലീഷുകാർ രാജ്യത്തിൽ ശ്രദ്ധയുള്ളവരായും കാണപ്പെട്ടില്ല. അവരുടെ ഉദ്ദേശ്യം ആകക്കൂടി കഴിയുന്നതും വേഗത്തിൽ കുബേരന്മാരായി തങ്ങളുടെ ദൂരസ്ഥങ്ങളായ ഗൃഹങ്ങളിലേക്കു തിരികെ പോകണമെന്നു മാത്രമായിരുന്നു. സദാ സുഭിക്ഷത്തിനും ഇരിപ്പിടമായ ബംഗാളും ഒരു മഹത്തായ കലാപത്തിൽ അകപ്പെട്ടിരുന്നു.

ബീഹാറിൻെറ അതിൎത്തിമുതൽ ഗംഗാതീരംവരെ കിടക്കുന്ന പശ്ചിമബംഗാളും മുഴുവൻ ഒരുകൂട്ടം മഹാ ശക്തന്മാരായ കൊള്ളക്കാൎക്ക് ഇരയായിത്തീൎന്നു. അവർ നവാബിനെ ധിക്കരിക്കയും ഇംഗ്ലീഷുകാരെ പുച്ഛിക്കയും ചെയ്തു. വിസ്തീൎണ്ണമായ ഈ ദേശം മുഴുവൻ അവൎക്ക് അധീനമായിരുന്നു. അവർ ദ്രവ്യസ്ഥന്മാരുടെ സ്വത്തു യഥേഷ്ടം പിടിച്ചുപറിക്കയും നഗരങ്ങളിലും പട്ടണങ്ങളിലും പച്ചപ്പകൽ തീവെട്ടിക്കൊള്ള നടത്തുകയും ചെയ്തു.

നോക്കുവിൻ! ആശ്ചൎയ്യത്തിലത്യാശ്ചൎയ്യം! ഈ തീവെട്ടിക്കൊള്ളക്കാരിൽ പ്രധാനി ഒരു സ്ത്രീയായിരുന്നു. അവരുടെ നാമധേയമെന്തെന്ന് ആരുമറിഞ്ഞിരുന്നില്ല. ചിലർ, റാണിമാ എന്നും മററു ചിലർ ഗൌരിമാ എന്നും വേറെ ചിലർ ദേവി ചൌധരാണി എന്നും അവരെ വിളിച്ചുവന്നിരുന്നു. അവരുടെ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടിരുന്ന അനുയായികളിൽതന്നെ ആരും അവരെ ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. അവർ എവിടെ താമസിച്ചുവന്നു എന്നും ആരായിരുന്നു എന്നും ആൎക്കും രൂപമില്ലായിരുന്നു. ആ സ്ത്രീ സ്വയം

ഗലയോ വിധവയോ എന്നും ഇങ്ങിനെ അവർ പിടിച്ചുപറിക്കാരിയായിത്തീരുന്നതിനുള്ള കാരണമെന്തെന്നും അറിവുള്ളവർ ആരുമുണ്ടായിരുന്നില്ല. എന്നാൽ ആ സ്ത്രീയുടെ നാമധേയം ബീറാർ, ബർഡ്വാൻ മുതലായ സമീപപ്രദേശങ്ങളിൽ മാത്രമല്ല ബംഗാളരാജ്യം മുഴുവൻ ഭയപ്രദമായിരുന്നു. സ്ത്രീകൾ ശൌരിമാരിനെ വിളിച്ചു കുട്ടികളുടെ കരച്ചിൽ നിർത്തി. സമാധാനശീലന്മാരായിരുന്ന പ്രഭുക്കന്മാർ ദേവി ചൌധരണിയുടെ പേർ കേട്ടു വിറച്ചു.

നവാബിന് ഈ കുഴപ്പത്തെ നിർത്തി കൊള്ളക്കാരെ പിടിച്ചുയക്കുന്നതിനുള്ള ശക്തിയും ഇംഗ്ലീഷുകാർക്കു ധനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളെ അല്ലാതെ ആലോചിക്കുന്നതിനു സമയവും ഇല്ലായിരുന്നു എന്നു മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. അതിനാൽ ദേവി ചൌധരാണിക്കും കൂട്ടർക്കും അവർക്കു ബോധിക്കുന്നതൊക്കെയും പ്രവർത്തിക്കുവാൻ യാതൊരു പ്രതിബന്ധവുമില്ലായിരുന്നു. സ്വല്പകാലാന്തരത്തിൽ ആ സ്ത്രീയുടെ ഉദ്ദേശ്യം ഒന്നു മാറിയതായി കാണപ്പെട്ടു. അവർ അതിനുമേൽ ഒരു പിടിച്ചുപറിക്കാരിയുടെ നിലയിൽനിന്നു മാറി രാജവേഷം ധരിച്ചു ബംഗാളത്തിലെ രാജ്ഞി എന്നു തന്നെത്താൻ പ്രസിദ്ധപ്പെടുത്തി. തന്റെ സഹായത്തിനായി കൊള്ളക്കാരേയും മോഷണക്കാരേയും മാത്രമല്ല ഒരു മഹാ ശക്തിമത്തായ സേനയേയുംകൂടി ചേർക്കുകയും പ്രഭുക്കന്മാരിൽ പലരും അവരുടെ പാർശ്വത്തിൽ ചേരുകയും ചെയ്തു. അവരുടെ ഉദ്ദേശ്യത്തെ അവർ ഗോപ്യമായി വെച്ചുകൊണ്ടിരുന്നില്ല. ഇംഗ്ലീഷുകാരേയും മഹമ്മദീയരേയും ബഹിഷ്കരിച്ചു തന്റെ രാജ്യത്തെ സ്വാതന്ത്ര്യമാക്കുകയാണ് തന്റെ താല്പര്യമെന്നുള്ളത് അവർ പരസ്യമായി പ്രസ്താവിച്ചു.

ബംഗാളം മുഴുവൻ ഈ സംഗതികൾ എല്ലാവർക്കുമറിയാമായിരുന്നു എങ്കിലും തന്റെ കൂട്ടുകാർക്കല്ലാതെ ആ രാജ്ഞിയെ ആർക്കും കാണുവാൻ ഇടവരാതിരിക്കയും അവർ

എവിടെ പാൎത്തുവെന്നും ഏതു പ്രാസാദമാണ് അവർ തന്റെ കച്ചേരിയാക്കിയത് എന്നും ആരും അറിയാതിരിക്കയും ചെയ്തു. എന്നാൽ അവർ അതിൽ പിന്നീട് ഒരു പിടിച്ചുപറിക്കാരിയല്ലെന്നും സൎവ്വസമ്മതയായ ബംഗാളരാജ്ഞിയാണെന്നും പ്രഭുക്കന്മാർ അവരുടെ കീഴ്പെരുതിയിൽ വേല ചെയ്കയും കപ്പം കൊടുക്കയും ചെയ്തുവന്നു എന്നുള്ളതും പ്രത്യക്ഷമായിരുന്നു.

ഈ കൊള്ളക്കാരെപ്പററിയുള്ള വൎത്തമാനം ആദ്യമായി കൽക്കത്തയിൽ കേട്ടപ്പോൾ അവിടെയുള്ള ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ അപഹസിക്കയാണുണ്ടായത്. ഒരു ബംഗാളസ്ത്രീയാൽ നയിക്കപ്പെട്ട ഒരു കൂട്ടം കള്ളന്മാരെപ്പററി അവൎക്ക് ഗൌനിക്കുവാൻ തക്കവണ്ണം എന്താണുള്ളത്! അവരുടെ ആക്രമങ്ങളേയും പിടിച്ചുപറിയേയും വാറൻഹേസ്റ്റിംഗ്സിനെ ധരിപ്പിച്ചപ്പോൾ അദ്ദേഹം തനിക്ക് ഒരു കൊള്ളക്കാരിയായ സ്ത്രീയുടെ പുറകെ പോകുന്നതിൽ അധികം ഗൌരവമുള്ള കാൎയ്യങ്ങൾ പലതും നോക്കുവാനുണ്ടായിരുന്നു എന്നാണ് മറുപടി പറഞ്ഞത്.

ഈ വിധത്തിൽ യാതൊരു തടസ്ഥവും കൂടാതെ ദേവിചൌധരാണി നാൾക്കുനാൾ ശക്തയായിത്തീൎന്നു ഭാവിയായ ശണ്ഠയ്ക്കു വേണ്ട ഒരുക്കങ്ങൾ ഒക്കെയും ചെയ്തു. അതുവരേയും ആ സ്ത്രീയുടെ അനുചരന്മാർ ഒരു ക്ലുപ്തമായ അതൃത്തിക്കകമെ കൊള്ളയിട്ടുവന്നിരുന്നുള്ളു. എന്നാൽ ഈ അവസരത്തിൽ അവൎക്ക് ഇംഗ്ലീഷ് ഖജനാവുകൾ കൊള്ളയിടുന്നതിനും ഇംഗ്ലീഷുകാരെ അവരുടെ പാൎപ്പിടങ്ങളിൽനിന്ന് അടിച്ചോടിക്കുന്നതിനും അനുമതി സിദ്ധിച്ചു. ഓരോ ഡിസ്ത്രിക്ട് ഖജനാവായി അവരുടെ അധീനതയിൽ ആകയും ഓരൊ ഉദ്യോഗസ്ഥനായി അവരുടെ ലഹളയേയും കലപാതകത്തേയും കവൎച്ചയേയും പററി പറയുവാൻ കൽക്കത്തയിലേക്കു പോയിക്കൊണ്ടിരിക്കയും ചെയ്തു. ഒരു ദിവസം ഈ ദസ്യുക്കൾ

ആരുമറിയാതെ അർദ്ധരാത്രിസമയം ആ പ്രധാനനാഗരത്തിന്റെ മദ്ധ്യഭാഗംവരെ ചെന്ന് അവിടത്തെ ഒരു ദ്രവ്യസ്ഥനായ പണക്കച്ചവടക്കാരന്റെ ഗൃഹത്തെ കൊള്ളയിട്ടു. ഇംഗ്ലീഷ് പട്ടാളക്കാർ പുറത്തേക്കിറങ്ങി എങ്കിലും അവർ സഹായത്തിനായെത്തുന്നതിനു മുമ്പുതന്നെ ദേവി ചൌധരാണിയും അനുയായികളും കടന്നുകളഞ്ഞു.

ഗവർണർ ജനറലിന് ഒടുവിൽ ഈ പിടിച്ചുപറിക്കാരിയുടെ കാര്യം ചെയിററ്സിങ്ങിന്റെ ഭണ്ഡാരാപഹരണത്തേക്കാളോ നന്ദകുമാരന്റെ വധത്തേക്കാളോ ഒട്ടുംതന്നെ അപ്രധാനമല്ലെന്നു ബോധപ്പെട്ടു. നാട്ടിലെല്ലാടവും ലഹള വിശദമായി കാണപ്പെട്ടതിനാൽ ഇംഗ്ലീഷുകാർക്ക് ഭയമുണ്ടായി. പരമ്പരയായി തങ്ങൾ അനുഭവിക്കുന്ന ബന്ധനത്തിൽനിന്നു തങ്ങളെ മോചിപ്പിക്കുന്നതിലേക്കു ജനങ്ങൾ സന്നദ്ധന്മാരായെന്ന് അവക്കു തോന്നി. അവർ ദേവി ചൌധരാണി എന്നു പറയുന്നതു കേവലം ഒരു വ്യാജമാണെന്നും അങ്ങിനെ ഒരു പേർ ജനങ്ങളെ ക്ഷോഭിപ്പിക്കുന്നതിലേക്കുവേണ്ടി ചില സൂത്രധാരന്മാർ നിർമ്മിച്ച് അവരോടു തങ്ങളുടെ സ്വാതന്ത്ര്യപ്രാപ്തിക്കുള്ള പരിശ്രമത്തിൽ തങ്ങളെ സഹായിക്കുവാൻ സാക്ഷാൽ ദേവിതന്നെ പ്രത്യക്ഷീഭവിച്ചിരിക്കുന്നു എന്നു പറഞ്ഞുകേൾപ്പിച്ചു എന്നും വിശ്വസിച്ചു. അവർ തൽക്ഷണം തന്നെ ഈ കൊള്ളക്കാരോടു യുദ്ധത്തിനായി ഒരു സൈന്യത്തെ തയ്യാർ ചെയ്യുന്നതിനും ഒട്ടും താമസംകൂടാതെ ലഹള ശമിപ്പിക്കുന്നതിനും ഗവർണ്ണർ ജനറലിനെ നിർബ്ബന്ധിച്ചു.

ഒരു സൈന്യം ഉടൻതന്നെ അയക്കപ്പെട്ടു. ആ സേനയുടെ പ്രവൃത്തിയെ ഇവിടെ നമുക്കു വിസ്തരിക്കേണമെന്നില്ല. കൊള്ളക്കാരിയും കൂട്ടരും എല്ലാന ദിക്കിലൊക്കയും തോല്പിക്കപ്പെട്ടു എന്നുമാത്രം പ്രസ്താവിക്കുന്നതുകൊണ്ടു പ്രകൃതത്തിനു മതിയാകുന്നതാണ്. ഇംഗ്ലീഷുകാരുടെ സൈന്യം അവരെ ഒരോ സ്ഥലത്തുനിന്നായി അടിച്ചോടിച്ചു നഗരങ്ങ

ളിലും പട്ടണങ്ങളിലും നിന്നു മിരട്ടി വനങ്ങളിലും പ്രാകാര ങ്ങളിലും വെച്ചു ധ്വംസനം ചെയ്തു. ഒടുവിൽ ഇംഗ്ലീഷ്കാർ ഒരു ബലവത്തായ നിരോധത്തെ എതിരിടേണ്ടിവന്നു. കൊള്ളക്കാർ അതിമാനുഷരെപ്പോലെ പൊരുതു. ഓരോ അംഗുലവും ബയണററിൻെറ അഗ്രംകൊണ്ടു ജയിക്കേണ്ടതായി വന്നു. അവർ യുദ്ധവീരന്മാരെപ്പോലെ തന്നെയാണ് പോർ ചെയ്തതും മരിച്ചതും. ഇംഗ്ലീഷ്കാൎക്കും കഠിനമായ നഷ്ടം നേരിട്ടു. ഒടുവിൽ അവർ ദസ്യുക്കളെ ഒരു ദുൎഗ്ഗത്തിലേക്കു ഓടിച്ച് അതിൻെറ പ്രാകാരങ്ങൾക്കുള്ളിൽ അവർ രക്ഷ പ്രാപിക്കേണ്ട ദിക്കായി.

ഇംഗ്ലീഷ്കാർ മുന്നോട്ടു നടന്നപ്പോൾ ഒരു ഭയങ്കരമായ പീരങ്കി അവരെ എതിൎത്തു കൊത്തളങ്ങളിൽനിന്നു ബാണങ്ങളും പീരങ്കിയുണ്ടകളും മഴപോലെ അവരുടെ മേൽ പതിച്ചു. ഒരു കൂട്ടം ദസ്യുക്കൾ അപ്രതീക്ഷിതമായി ഒരു വനത്തിൽനിന്നു ചാടി ഇംഗ്ലീഷ്സൈന്യത്തെ പാൎശ്വഭാഗത്തിൽ ആക്രമിച്ചു. യുദ്ധം മൂന്നുമണിക്കൂർ നേരത്തേക്കു നിലനിന്നു. ഇംഗ്ലീഷ്കാർ പടനിലമെങ്ങും പതിച്ചു. ദുൎഗ്ഗത്തിൻെറ ജനലിൽകൂടി ഒരു പീരങ്കി അവരുടെ ഇടയിൽ വളരെ നാശത്തെ വരുത്തുകയായിരുന്നു. ഇംഗ്ലീഷ്സേനാനി ഇതിനെ നിൎത്തണമെന്നു നിശ്ചയിച്ചു. തൻെറ ഉമേദവാരന്മാരോട് ഈ പീരങ്കിയെ കുന്തംകൊണ്ടു കുത്തുവാൻ ആജ്ഞാപിച്ചു. പീരങ്കിയുടെ സമീപത്തുള്ള ശത്രു തുലോം നൈരാശ്യത്തോടുകൂടി ചെയ്യപ്പെട്ട ഓരോരുത്തനും ബയണററുകൊണ്ടു മരിക്കുന്നതുവരെ ആ കൊള്ളക്കാരെല്ലാവരും പീരങ്കിയെ ചുററിനിന്നു. ഒരാൾ മാത്രം അററംവരെ ജീവിച്ചിരിക്കയും ആശ്ചൎയ്യകരമായ കൌശലത്തോടുകൂടി ആ പീരങ്കിയെ പ്രയോഗിക്കയും ചെയ്തുകൊണ്ടിരുന്നു. ഒരു രാജപുത്രയോധൻ ഈ വീരൻെറ നേരെ പാഞ്ഞ് അവനെ വെട്ടിവീഴ്ത്തുവാൻ തൻെറ ആയുധമായ ഖഡ്ഗത്തെ ഉയൎത്തി. ഉടനെ ആ

വീരൻ പീരങ്കിയിന്മേൽ ചാടി തന്റെ ശത്രുവിന്റെ വാളി നെ തട്ടിനീക്കി; എന്നാൻ വേഗത്തിൽ പരാജിതനാക്കപ്പെട്ടു. ഒരു ഇംഗ്ലീഷ് യോദ്ധാവു പീരങ്കിയിന്മേൽ ചാടി അയാളെ ബയണററുകൊണ്ടു കുത്തിക്കൊല്ലുകയും ചെയ്തു.

ദുർഗ്ഗത്തിന്റെ വാതലിൽ ഇത്ര ധൈര്യമായി നിന്നു പൊരുതിയ യുദ്ധവീരൻ ഒരു സ്ത്രീയാകുന്നു എന്നു പിന്നീട് അറിയപ്പെട്ടു. അവളുടെ ശരീരത്തെ ദേവിചൌധാണിയു ടേതാണെന്നു ചിലർ നിശ്ചയിച്ചു. എന്നാൽ പലരും ആ സ്ത്രീ മരിച്ചിട്ടില്ലെന്നും തന്റെ അനുചരന്മാർ വധിക്കപ്പെട്ട പ്പോൾ ആകാശത്തിലേക്ക് അന്തർദ്ധാനം ചെയ്കയാണ് ചെ യ്തത് എന്നും പ്രസ്താവിച്ചു. ഇതെങ്ങിനെയായാലും ഈ ക ഥാനായകിയുടെ നാമധേയം ഇന്നും ബംഗാൾരാജ്യത്തിൽ എല്ലാ ദിക്കിലും വന്ദിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തുവരുന്നു.

## ൩൩. റാണി അഹല്യാഭായി.

മഹാരാഷ്ട്രരാജവംശത്താൽ ഭരിക്കപ്പെട്ടുവരുന്നതിൽ മു ഖ്യമായിട്ടുള്ള ഒന്നാണ് ഇൻഡൂർരാജ്യം. ഈ രാജ്യം ഭരിച്ചു കൊണ്ടിരുന്ന മൾഹർറാവു ക്രിസ്താബ്ദം ൧൭൬൬-ൽ മരിക്ക യാൽ പ്രപൌത്രനായ മാലിറാവു രാജാവായി. ഈ പ്രഭു ഖാ ണ്ഡിറാവു, റാണി അഹല്യാഭായി എന്നിവരുടെ പുത്രനാ യിരുന്നു. ഇവരിൽ ഖാണ്ഡിറാവുവിനെ ബിൽസ് എന്ന വർഗ്ഗക്കാർ കൊന്നതിനുശേഷം അഹല്യാഭായി ഒരു ഹിന്ദുവി ധവയെന്ന നിലയിൽ വളരെ ഒതുങ്ങിയ മട്ടിൽ പാർത്തുവ ന്നു. എന്നാൽ മാലിറാവു കുറച്ചുകാലം മാത്രം ജീവിച്ചിരുന്നു സന്തതിയില്ലാത്തവനായി മരിച്ചുപോവുകയാണ് ഉണ്ടായ ത്. അതുകൊണ്ടു ഇദ്ദേഹത്തിന്റെ കാലശേഷം ഇൻഡൂർ

രാജ്യഭാരം കയ്യേല്പ്പവാൻ ആരും ഉണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ റാണി അഹല്യാഭായി തന്റെ വൃദ്ധാവസ്ഥ വിട്ടു രാജ്യഭാരം കയ്യേല്ക്കേണ്ടതായി വന്നു. ഈ സ്ത്രീരത്നം ബുദ്ധിസാമർത്ഥ്യവും ധൈര്യവും കാര്യപ്രാപ്തിയുമുള്ളവളായിരുന്നു. ഒരു നൂററമ്പതു വർഷത്തിലധികം കാലം കഴിഞ്ഞിട്ടും തെക്കെ ഇന്ത്യയിൽ ഈ സ്ത്രീരത്നത്തെയുള്ള ബഹുമാനം ഇപ്പോഴും നിലനില്ക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. റാണി അഹല്യാഭായിയുടെ നിര്യാണശേഷം അനേകം രാജാക്കന്മാരും രാജ്ഞിമാരും വരികയും പോകയും ചെയ്കയുണ്ടായിട്ടുണ്ട്. എങ്കിലും ജനങ്ങൾ അവരിലാരേയും അഹല്യാഭായിയെപ്പോലെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിട്ടില്ല.

ദുഷ്ടന്മാർ, തരംകിട്ടുമ്പോൾ, തങ്ങളുടെ ദുരാഗ്രഹത്തേയും മററും സാധിപ്പിക്കുന്നതിന്നു തന്റേടമില്ലാത്തവരായിട്ടെന്നപോലെ, എന്തും ചെയ്വാൻ മടിക്കാതിരിക്കുക ലോകത്തിലെങ്ങും പതിവായിരിക്കുന്നപ്രകാരം, ഈ അവസരത്തിൽ ഇണ്ടൂർരാജ്യത്തും സംഭവിക്കാതിരുന്നില്ല. ഒരു ബലഹീനയായ സ്ത്രീയെന്ന് അവർ വിചാരിച്ചിരുന്ന അഹല്യാഭായി സിംഹാസനാരൂഢയായതിനെ കണ്ടപ്പോൾ, ഈ രാജ്ഞിയുടെ അധികാരത്തെ ഇല്ലായ്മചെയ്തു രാജ്യാധികാരം അന്യാധീനമാക്കി ഭണ്ഡാഗാരത്തേയും ജനങ്ങളേയും കൊള്ളയിട്ടു വേണ്ട പണം സമ്പാദിച്ചുകളയാമെന്നുള്ള വല്ലാത്തൊരു ദുർമ്മോഹം സാമാന്യത്തിലധികമായി അവൎക്കുണ്ടായി. എങ്കിലും വാസ്തവത്തിൽ അവർ ഇച്ഛാഭംഗപ്പെടുകയാണുണ്ടായത്. അഹല്യാഭായി, അവർ വിചാരിച്ചപ്രകാരമുള്ള ഒരു സ്ത്രീ അല്ലായിരുന്നു എന്നുമാത്രം പറഞ്ഞാൽ പോരാ; ഇണ്ടൂർരാജ്യം ഭരിച്ചിട്ടുള്ള സകലരേക്കാളും സമർത്ഥയായിരുന്നു എന്നു പറഞ്ഞേ മതിയാവൂ. രാജ്യകാര്യങ്ങളിൽ അനാവശ്യമായും അയോഗ്യമായും തലയിടുവാൻ ആൎക്കും നി

വൃത്തിയില്ലാത്ത വിധത്തിൽ വളരെ സ്വാതന്ത്ര്യമായി രാജ്യം ഭരിച്ചുവന്നു. അയോഗ്യന്മാരെയല്ല, യോഗ്യന്മാരെയത്രേ ഉദ്യോഗങ്ങളിൽ നിയമിച്ചത്. ഇങ്ങിനെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ പ്രജകളെ വല്ലവിധത്തിലും ഉപദ്രവിക്കുന്നുണ്ടോ എന്നറിവാനും മറ്റുമായി സകല കാൎയ്യങ്ങളിലും ദൃഷ്ടിവെച്ചുകൊണ്ടിരുന്നു. ഇപ്രകാരം ഈ രാജ്ഞി ദ്രോഹികളായവരെയെല്ലാം ഗവൎമ്മെണ്ടുദ്യോഗത്തിൽനിന്നു പിരിച്ചു യാതൊരു ദ്വേഷ്യരും ഗവൎമ്മെണ്ടിനെ ബാധിക്കാത്തവിധത്തിൽ കാൎയ്യം നടത്തിവന്നു. ഇതിൽവെച്ചു, പലൎക്കും അനിഷ്ടം തോന്നുകയും ദുഷ്ടന്മാൎക്കു പക വൎദ്ധിക്കയും രാജ്ഞിയെ സ്ഥാനഭ്രഷ്ടയാക്കുന്നതിന്ന് ഒരു വകക്കാരുണ്ടാവുകയും ചെയ്തു. ഇതിലേക്കു മുമ്പനായിനിന്നതു ഗംഗാധരയഷപൻറ് എന്ന ഒരാളാണ്. ഇദ്ദേഹം രാജകുടുംബത്തിലെ പുരോഹിതനായിരുന്നതിനാൽ ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്താമെന്നായിരുന്നു വിചാരിച്ചിരുന്നത്. എങ്കിലും രാജ്യകാൎയ്യങ്ങളിൽ തലയിടുവാൻ രാജ്ഞി ഇദ്ദേഹത്തെ സമ്മതിച്ചില്ല. 'മതസംബന്ധമായ സംഗതികളിൽ, എല്ലായ്പോഴും ഞാൻ അനുഷ്ഠിക്കേണ്ടുംവിധത്തിൽ നിങ്ങൾ പറയുംപ്രകാരം ചെയ്യാം. നിങ്ങൾക്കാവശ്യമില്ലാത്ത കാൎയ്യങ്ങളിൽ ഏൎപ്പെടാതിരിപ്പാൻ അപേക്ഷിക്കുന്നു' എന്നിങ്ങിനെ പുരോഹിതനോടു പറയുവാൻ രാജ്ഞി മടിക്കാറുണ്ടായിരുന്നില്ല.

രാജ്ഞിയുടെ ഈ വാക്കുകൾ പുരോഹിതനെ കോപപരവശനാക്കിത്തീൎത്തു. മധുറാവുവിന്റെ ഇളയച്ഛനും ഇണ്ടൂരിലെ പ്രമാണികളിൽ ഒരാളുമായ രഘുബ്ബാദാ എന്ന ആളുടെ അടുക്കൽ ഈ പുരോഹിതൻ ചെല്ലുകയും തന്റെ ഭാഗത്തു ചേരണമെന്ന് അപേക്ഷിക്കയും ചെയ്തു. ഇങ്ങിനെ ജനസ്വാധീനമുള്ള ചില പ്രഭുക്കളും ഉദ്യോഗസ്ഥന്മാരും ഈ വകക്കാരുടെ കൂട്ടുകെട്ടിൽ ഉൾപ്പെട്ടു; ഉയൎന്ന ഉദ്യോഗം കി

ട്ടേണ്ടതിന്നായി ശ്രമിച്ചവരിൽ ആയത്തു കിട്ടാതെ ഇച്ഛാഭംഗത്തോടുകൂടിയിരിക്കുന്നവരാണ് ഈ മത്സരത്തെ പ്രബലപ്പെടുത്തുവാൻ ആരംഭിച്ചത്. എന്തിനേറെപ്പറയുന്നു, ഈ മത്സരം പരമകാഷ്ഠയെ പ്രാപിച്ചു. മത്സരകക്ഷികൾ രഹസ്യനില വിട്ടു. ഒരു കുട്ടിയെ ദത്തെടുക്കണമെന്നും അഹല്യാഭായി ഒരു സ്ത്രീയാകകൊണ്ട് ഇണ്ടൂർ സിംഹാസനത്തിലിരിപ്പാനുള്ള യോഗ്യതയില്ലെന്നും മററുമുള്ള വിവരത്തിന്ന് ഒരു എഴുത്തെഴുതി അഹല്യാഭായിക്കയപ്പാൻ മത്സരകക്ഷികൾ മടിക്കയുണ്ടായില്ല.

അഹല്യാറാണി ഈ മത്സരകക്ഷികളുടെ സകല ഗതിയേയും സൂക്ഷ്മമായറിവാനും അതിനെ ഇല്ലായ്മ ചെയ്വാനും വേണ്ടുന്ന ഏർപ്പാടുകളെല്ലാം മുമ്പുകൂട്ടി ചെയ്തിട്ടുണ്ടായിരുന്നു. ഇക്കാര്യത്തിൽ രാജ്ഞിയുടെ ഒരുക്കങ്ങളെല്ലാം പൂർത്തിയായ ശേഷം രാജ്ഞി രഘുബ്ബാദയ്ക്കും മററു മത്സരക്കാർക്കും ഇങ്ങിനെ മറുവടി അയച്ചു. 'എന്നെ ഭയപ്പെടുത്തുകയോ എന്റെ രാജ്യത്തിൽ മത്സരം ഉണ്ടാക്കുകയോ ചെയ്യുന്നതിന്നു ഞാൻ അനുവദിക്കുമെന്നു വിചാരിക്കേണ്ട. ഞാനൊരു മഹാരാഷ്ട്രസ്ത്രീയാണ്. നിങ്ങളുടെ രാജ്ഞിയുടെ അനിഷ്ടം സമ്പാദിക്കാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കേണം. നിങ്ങൾ ക്രമക്കേടു പ്രവൃത്തിക്കുന്നതായി അറിയുന്നതുകൊണ്ടു നിങ്ങളെ പിടിച്ചു തടവിൽ പാർപ്പിക്കുന്നതിന്നു ഞാൻ എന്റെ ഉദ്യോഗസ്ഥന്മാർക്കു കല്പന കൊടുത്തിട്ടുണ്ട്. രാജ്ഞിയുടെ ഈ എഴുത്തു മത്സരക്കാർക്കു കിട്ടിയതോടുകൂടി അവരെല്ലാം പിടിച്ചു തടവിൽ പാർപ്പിച്ചു.

ഗംഗാധരയഷ്വന്റ് മാപ്പപേക്ഷിക്കയാൽ അദ്ദേഹത്തെ വീണ്ടും രാജഗൃഹത്തിലേക്കു വരുത്തി. മററുള്ളവരെല്ലാം പശ്ചാത്തപിച്ചു മേലാൽ രാജഭക്തിയുള്ളവരായിരുന്നുകൊള്ളാമെന്നു സത്യം ചെയ്കയാൽ അവരെ വിട്ടയച്ചു. രഘുബ്ബാദയെ വിട്ടയച്ചുവെന്നുവരികിലും ഇണ്ടൂർരാജ്യം വിട്ടു

പൊന്നുള്ളണമെന്ന് ആവശ്യപ്പെട്ടു. ഇതുനിമിത്തം, അയാൾ രാജപുത്രരുമായി എഴുത്തുകുത്തുകൾ നടത്തി. ഇണ്ടൂർ രാജ്യം അവർ പിടിച്ചടക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു എഴുത്തുകുത്തുകൾ നടത്തിയത്.

ഈ രഘുബ്ബാദായുടെ സകല ശ്രമവും നോക്കിക്കണ്ടറിഞ്ഞുകൊണ്ടിരുന്ന അഹല്യാഭായി പ്രതിവിധികൾ ചെയ്യാതിരിക്കുന്നതല്ലല്ലോ. രാജ്ഞി രണവീരന്മാരായ സേനാനായകന്മാരെ നിയമിക്കയും, സൈന്യത്തെ വർദ്ധിപ്പിക്കയും ചെയ്തു.

ഈ അവസരത്തിലാണ് രാജപുത്രന്മാരുടെ ആഗമനം. രാജ്യം ഒരു സ്ത്രീയുടെ ഭരണത്തിൻകീഴാണെന്നറികകൊണ്ടും, രഘുബ്ബാദാ രഹസ്യമായി സഹായിക്കുമെന്നു വിശ്വസിക്കകൊണ്ടും, ഇണ്ടൂരിലേക്കു വരുവാൻ രാജപുത്രർക്കു ധൈര്യക്ഷയമുണ്ടായില്ല. അവർ കടന്നുചെന്ന് ഒരു കോട്ട കൈവശപ്പെടുത്തുകയും അവിടത്തെ ഗവർണ്ണരെ ഓടിക്കയും ചെയ്തു. ഈ വർത്തമാനം ഇണ്ടൂരിലെത്തിയ ഉടനെ ആ ഗവർണ്ണരെ സഹായിപ്പാനായി സമർത്ഥന്മാരായ രണ്ടു സേനാനായകന്മാരേയും അയ്യായിരം സൈന്യത്തേയും രാജ്ഞി അയച്ചു. ഇതിനുപുറമെ രാജ്ഞി താനും അനവധി സൈന്യത്തോടുകൂടി പുറപ്പെട്ടു. എങ്കിലും പോർക്കളത്തിലേക്കു പോകേണ്ട ആവശ്യം രാജ്ഞിക്കു നേരിട്ടില്ല. രാജ്ഞിയുടെ സേനാനായകന്മാർ രാജപുത്രരെ പട്ടണത്തിൽനിന്ന് ഓടിച്ചുകളഞ്ഞു. രാജ്ഞി താൻതന്നെ യുദ്ധവീരന്മാരോടുകൂടി വരുന്നുണ്ടെന്നു കേൾക്കയാൽ അവർ മടങ്ങിപ്പോയി. അഹല്യാഭായിയുടെ ജീവകാലത്ത് ഇണ്ടൂർ രാജ്യത്തിന്റെ അതൃത്തിക്കകത്തു കടപ്പാൻ അവർ ശ്രമിക്കപോലും ഉണ്ടായില്ല.

അഹല്യാഭായിക്കു യുദ്ധസാമർത്ഥ്യം മാത്രമല്ല രാജ്യഭരണതന്ത്രജ്ഞാനം കൂടിയുണ്ടായിരുന്നു. അഹല്യാഭായി രാജ്യം ഭരിക്കാൻ തുടങ്ങിയപ്പോൾ, രാജ്യത്തു കള്ളന്മാരും പിട

ച്ചുപറിയും കലശലായിരുന്നു. സ്വരാജ്യത്തു കള്ളന്മാരെ ഇല്ലാതാക്കുന്ന ആൾക്കു തന്റെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കാമെന്നു പരസ്യമായി പ്രസ്താവിച്ചു. യശ്വന്റ്റാവു എന്ന ഒരു ചെറിയ പ്രഭു ഈ ചുമതലയെ ഭരമേല്ക്കയും വിജയിയായി ഭവിക്കയും ചെയ്തു. അഹല്യാഭായിയുടെ ജീവകാലത്ത് ആ വലിയ രാജ്യത്തൊരേടത്തും കൂട്ടായ്മക്കവൎച്ച ഉണ്ടായതായി കേട്ടിട്ടില്ല. അഹല്യാഭായി, മുൻപറഞ്ഞ വാക്കിൻപ്രകാരം, തന്റെ പുത്രിയായ മുക്തയെ ആ യശ്വൻറാവുവിനു വിവാഹം ചെയ്തുകൊടുത്തു.

നീതി നടത്തുന്ന കാൎയ്യത്തിൽ അഹല്യാഭായിക്കുണ്ടായിരുന്ന നിഷ്കൎഷ അതിരററതായിരുന്നു. ഉദ്യോഗസ്ഥന്മാർ പ്രജകളെ ഉപദ്രവിച്ചുവെന്നു വരാതിരിപ്പാൻ വേണ്ടതൊക്കെയും പ്രവൎത്തിക്കുന്നതിൽ ഉപേക്ഷ കാണിക്ക ഉണ്ടായിട്ടില്ല. ഒരിക്കൽ ധനികനായ ഒരു കച്ചവടക്കാരൻ സന്തതിയില്ലാത്തവനായി മരിച്ചു. വിധവ ദത്തെടുക്കണമെന്നു കരുതി അനുവാദത്തിനായപേക്ഷിച്ചു. എങ്കിലും ആ സ്ത്രീ കൂടി മരിച്ചാൽ ദ്രവ്യം മുഴുവൻ ഗവൎമ്മേണ്ടുവകയാക്കാമെന്നുള്ള ലാക്കോടുകൂടിയിരിക്കുന്ന ഉദ്യോഗസ്ഥൻ ദത്തെടുപ്പാനനുവദിച്ചില്ല. ഇക്കഥ അഹല്യാഭായിയുടെ ദൃഷ്ടിയിൽ പെട്ട ഉടനെ ദത്തെടുപ്പാൻ അനുവദിക്കയാണുണ്ടായത്.

മറെറാരിക്കൽ, ആ രാജ്യത്തു വലിയ ധനികന്മാരിൽ രണ്ടാളുകൾ മരിക്കയും വിധവമാരിരുവരും റാണിയുടെ അടുക്കൽചെന്നു ധനം മുഴുവനും എടുത്തുകൊൾവാൻ അപേക്ഷിക്കയും, തങ്ങൾ തീൎത്ഥയാത്രയ്ക്കായി ഒരുങ്ങിയിരിക്കുകയാണെന്നറിയിക്കുകയും ചെയ്തു. റാണി ഇതിന്നുത്തരമായി 'സോദരിമാരേ! നിങ്ങൾ കാണിച്ച ദയാശീലംനിമിത്തം ഞാൻ കൃതജ്ഞയായിരിക്കുന്നു. എന്റെ ആവശ്യം നിവൎത്തിപ്പാൻ വേണ്ടുന്ന ധനം എനിക്കുണ്ട്. വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ കുളം കുത്തിക്ക, സാധുക്കൾക്കു പാൎപ്പാൻ കെട്ടിടം

പണിയിക്ക മുതലായി ജനങ്ങൾക്കു പരക്കെ ഉപകാരമായി വരാവുന്ന വകക്കായി നിങ്ങളുടെ ദ്രവ്യത്തെ ചിലവുചെയ്തു കൊൾവിൻ' എന്നു മറുവടിപറഞ്ഞു. അവർ റാണിയുടെ അഭിപ്രായത്തെ സ്വീകരിക്കയും അതിൻപ്രകാരം പ്രവൎത്തിക്കയും ചെയ്തു.

അഹല്യാഭായിക്ക് ആഡംബരങ്ങളിൽ ആസക്തിയില്ലെന്നു സ്വജീവിതം വഴിയായി തെളിയിച്ചുകൊണ്ടിരുന്നു. രാജ്ഞിയെന്ന നിലയിൽ പുറത്തേക്കെഴുന്നള്ളേണ്ടതായി വരുന്ന അവസരങ്ങളിൽ പോലും വിലയേറിയ വസ്ത്രങ്ങളും മറ്റും ധരിക്കമാറില്ല. റാണി മിതവ്യയത്തിൻെറ ഒരു മാതൃകയായിരുന്നു. ഇങ്ങിനെ സമ്പാദിക്കുന്ന ധനം പരോപകാരാൎത്ഥം ചിലവു ചെയ്കയായിരുന്നു പതിവ്. ഈ രാജ്ഞി ഒരു കുളമോ കിണറോ കുത്തിക്കാതേയും സത്രം പണിയിക്കാതേയുമുള്ള ഒരു ഗ്രാമമെങ്കിലും ആ രാജ്യത്തുണ്ടോയെന്നു സംശയമാണ്. വളരെ ക്ഷേത്രങ്ങളും പണിയിച്ചിട്ടുണ്ട്. വിശ്രുതങ്ങളായ ക്ഷേത്രങ്ങൾ ഈ റാണിയുടെ നാമധേയത്തെ നിലനിൎത്തിവരുന്നു.

പക്ഷികളുടേയും മൃഗങ്ങളുടേയും കാൎയ്യത്തെ ഈ രാജ്ഞി ഓൎമ്മവെക്കാതിരുന്നിട്ടില്ല. അവയ്ക്കു മേയുന്നതിന്നു വേണ്ടുന്ന സ്ഥലം ഒഴിവാക്കി ഇട്ടിരുന്നു. അവയ്ക്കു് ആശുപത്രികളും ഉണ്ടായിരുന്നു. അഹല്യാഭായിയുടെ മുപ്പതു കൊല്ലത്തെ ശാന്തമായ രാജ്യഭരണകാലത്തിലെ സംഭവങ്ങളെല്ലാം പറയുന്നതായാൽ അവസാനിക്കുന്നതല്ല.

ക്രിസ്താബ്ദം ൧൭൯൫-ൽ റാണി അഹല്യാഭായി ചരമഗതിയെ പ്രാപിച്ചു. അഹല്യാഭായിയുടെ മരണം ഇണ്ടൂരിലുള്ളവൎക്കു മാത്രമല്ല ഇന്ത്യയിലുള്ളവൎക്കുകൂടി പരക്കെ വ്യസനഹേതുവായിരുന്നു. ഇന്ത്യയിൽ മറ്റൊരു അഹല്യാഭായി ഉണ്ടായിക്കാണുന്നതിന്നു വളരെക്കാലം വേണ്ടിവരുമെന്നുള്ള വിചാരത്തിന്മേൽ, അഹല്യാഭായിയുടെ മരണംമൂലം ഇന്ത്യക്കാൎക്കുണ്ടായ ദുഃഖം ദുസ്സഹമായിരുന്നു.

## ൰൪. കൃഷ്ണരാജകുമാരി.

ഉദയപുരത്തു മഹാരാജാവിന്റെ മകളായി സൌഭാഗ്യവതിയായി കൃഷ്ണ എന്ന ഒരു രാജകുമാരിയുണ്ടായിരുന്നു. രാജ്യസ്ഥാനത്ത് അവരേക്കാൾ സൌന്ദൎയ്യാതിരേകമുള്ളവരായ മറെറാരു പെൺകിടാവ് അന്നില്ല. മീവാറിലെ രാജകുമാരിയായ കൃഷ്ണക്കു ലാവണ്യാതിശയത്തിനു പുറമെ വൈദഷ്യ്യവും ഉണ്ടായിരുന്നു. യൌവനയുക്തയായപ്പോൾ അവരുടെ സൌന്ദൎയ്യത്താൽ അപഹൃതചിത്തന്മാരായ അനവധി രാജാക്കന്മാർ വിവാഹാൎത്ഥികളായിത്തീൎന്നു, എങ്കിലും അവരുടെ അച്ഛൻ അവരെ ജയപുരത്തെ ജഗത്സിംഹരാജാവിനാണ് കല്യാണം കഴിച്ചുകൊടുക്കുവാൻ തീൎച്ചയാക്കിയത്. വിവരം അറിഞ്ഞപ്പോൾ ജഗത്സിംഹൻ എണ്ണായിരം ഭടന്മാരുള്ള ഒരു ചെറിയ പട്ടാളത്തോടുകൂടി മുറപ്രകാരമുള്ള വിവാഹസന്ദേശവും തിരുമുൽക്കാഴ്ചയും ഉദയപുരത്തേക്ക് അയച്ചു.

ഈ വിവാഹതീൎച്ചയെക്കുറിച്ച് ഒരു ഭയങ്കരമായ യുദ്ധം രാജസ്ഥാനത്തു സൎവ്വത്ര ഉണ്ടായി. രാജസ്ഥാനം മുഴുവൻ ഒരു വലിയ പോൎക്കളമായിത്തീൎന്നു. യുദ്ധത്തിൽ മുറിയേററവരുടെ ശരീരത്തിൽനിന്നുള്ള രക്തപ്രവാഹം നദീപ്രവാഹംപോലെ ആയിരുന്നു. ആകപ്പാടെ രാജസ്ഥാനം മുഴുവൻ അവിടേയുള്ള രാജാക്കന്മാരുടെ പരസ്പരച്ഛിദ്രം നിമിത്തം ഒരു മഹാകലാപത്തിന്നു വിധേയമായി ഭവിച്ചു. ഇതിന്നെല്ലാം കാരണം ശാന്തമാനസയായ കൃഷ്ണകുമാരിയും ആയിത്തീൎന്നു. കഷ്ടം! അവരുടെ രൂപലാവണ്യം രാജസ്ഥാനത്തിന്ന് ആപൽകരമായും രാജപുത്രവംശത്തിന്നു നാശപ്രദമായും ആകുന്നു പരിണമിച്ചത്.

സുന്ദരിയായ രാജകുമാരിയെ കൈക്കലാക്കാൻ അത്യൌത്സുക്യത്തോടുകൂടിയിരുന്ന മണിസിംഹൻ എന്ന മാർവാറി

ലെ രാജാവും സ്വസ്ഥനായിരുന്നില്ല. തന്റെ മുമ്പു വാണിരുന്ന ഒരു രാജാവിനു കല്യാണം കഴിച്ചുകൊടുക്കാമെന്നു വെച്ചിരുന്നവളായതുകൊണ്ടു രാജകുമാരിയെ തനിക്കു കിട്ടേണ്ടതാണെന്നുള്ള അവകാശവും പറഞ്ഞുകൊണ്ടായിരുന്നു അയാളുടെ പുറപ്പാട്. അയാൾ തന്റെ അവകാശത്തെ കാണിച്ച് ഒരു എഴുത്തും ഒരു ദൂതനേയും മീവാറിലേക്ക് അയച്ചു. മണിസിംഹൻ ഈ കാലത്തു ജോഡ്പൂരിലെ രാജാവുംകൂടി ആയിരുന്നു. തന്റെ അഭിലാഷത്തെ നിറവേററാഞ്ഞാൽ യുദ്ധം ചെയ്തും പറഞ്ഞതുപോലെ കേൾപ്പിക്കുമെന്നും മേൽപറഞ്ഞ എഴുത്തിൽ സ്ഥാപിച്ചിരുന്നു.

മീവാററിലെ രാജാവ് അയാളുടെ പുരോഗാമികളെപ്പോലെ വലിയ ശക്തനൊ പ്രധാനിയൊ ആയിരുന്നില്ല. രാജപുത്രവംശത്തിന്റെ ഒരു പ്രമാണിയായിരുന്നുവെന്നുള്ള ബഹുമതി അയാൾക്ക് ഉണ്ടായിരുന്നുവെന്നല്ലാതെ പ്രബലനായിരുന്നില്ല. അയാളുടെ കീഴിലുള്ള രാജാക്കന്മാർക്ക് അയാളെക്കാൾ അധികം പ്രാബല്യവും സൈന്യങ്ങളും ഉണ്ടായിരുന്നു. എന്നുതന്നെയല്ല ഏതൽകാലത്തു രാജപുത്രന്മാരുടെ ശക്തി ക്ഷയിച്ചിരിക്കയുമായിരുന്നു. മഹമ്മദന്മാരായിട്ടുള്ള നിരന്തരയുദ്ധം അവരെ ദുർബ്ബലന്മാരാക്കിത്തീർത്തു. പരാക്രമശാലികളായ അനേകം യോദ്ധാക്കൾ കാലം കഴിച്ചുകൂട്ടിപോയിരിക്കേ, സിൻധ്യായും അയാളുടെ സേനകളും രാജപുത്രരാജ്യം പ്രവേശിച്ചു ദുർവ്വിധങ്ങൾ തുടൎന്നുവെന്നു പറഞ്ഞാൽ പോരാ; പ്രധാനനഗരങ്ങളെ കൊള്ളയിടുകയും ഇടപ്രഭുക്കന്മാരോട് ഒന്നൊഴിയാതെ കപ്പം വസൂലാക്കുകയും ചെയ്തു. മഹാരാജാവുംകൂടി വളരെ പണം കൊടുത്തിട്ടാണ് സമാധാനരക്ഷ ചെയ്തത്. മഹമ്മദീയരുടെ അക്ഷൌഹിണികളോടു തോൽമ കൂടാതെ പൊരുതവരും ഭാരതഖണ്ഡനിവാസികൾ മുഴുവൻ മുഗൾശക്തിയെ സഹിക്കവയ്യാതെ മുഗൾസാമ്രാട്ടിന്റെ പാദമൂലത്തിൽ അഭയം പ്രാപി

ച്ചിരുന്ന കാലത്തുകൂടി തല പൊക്കിപ്പിടിച്ചു നടന്നിരുന്നവരുമായ ശൂരരാജപുത്രന്മാർ മഹാരാഷ്ട്രന്മാരുടെ കയ്യിൽ കശാപ്പുകാരുടെ കയ്യിൽപെട്ട ആടുകളെപ്പോലെ യഥേഷ്ടം ഹതന്മാരായി. ഇതുകൊണ്ടും മുഴവനായില്ലെങ്കിൽ പാവനമായ രാജസ്ഥാനത്തിന്റെ ഒത്ത നടുവിൽതന്നെ ഒരു മഹമ്മദീയൻ പ്രമാണിയായിത്തീൎന്നു. അയാൾ ടോങ്കിലെ നവാബായിരുന്ന അമീയർഖാൻ ആയിരുന്നു. അയാൾ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള പ്രധാന കുമതികളിൽ ഒരുവനായിരുന്നു. അയാൾ ദുൎബ്ബലന്മാരായ രാജപുത്രന്മാരെ ശിങ്കിരി കളിപ്പിച്ചു എന്നു മാത്രമല്ല അവരുടെ ഇടയിൽ ഏഷണിക്കാരനായിത്തീൎന്നു് ഓരോരോ കക്ഷികളോടു ചേൎന്നു കൂടിയോരെ ചതിച്ചു് അവൎക്കു് അധോഗതി ആക്കിത്തീൎക്കുകയുമായിരുന്നു അയാളുടെ പതിവു്.

സുന്ദരിയായ രാജകുമാരി കൃഷ്ണയുടെ വിവാഹത്തെ സംബന്ധിച്ചുണ്ടായ കലാപകാലത്തു രാജസ്ഥാനത്തിലെ സ്ഥിതി മേൽപറഞ്ഞ പ്രകാരമായിരുന്നു. ബലാഢ്യനായ സിൻഢ്യ മാർവാറിലെ രാജാവിന്റെ വശംഗതനായിരുന്നു. റാണയുടെ ഉററസ്നേഹിതൻ എന്നായിരുന്നു നവാബ് അമീർഖാന്റെ നാട്യം. രാജപുത്രരാജാക്കന്മാർ മിക്കപേരും ജയപുരത്തിലെ രാജാവായ ജഗത്സിംഹന്റെ ഭാഗത്തു കൂടി.

എണ്ണായിരം ഭടന്മാരോടുകൂടി സിൻഢ്യ പുറപ്പെട്ടുവന്നു നഗരോപാന്തത്തിൽ പാളയമടിച്ചുകൂടി. ജയപുരത്തിലെ രാജദൂതനെ തൽക്ഷണം മടക്കി അയക്കണമെന്നും ആ രാജാവിന്നു തന്റെ മകളെ കല്യാണം കഴിച്ചുകൊടുക്കില്ലെന്നും പറയണമെന്നും സിൻഢ്യ റാണയോടു് ആജ്ഞാപിച്ചു; എന്നുമാത്രമല്ല മകളെ മാർവാറിലെ മണിസിംഹൻ എന്ന രാജാവിന്നു കല്യാണം കഴിച്ചുകൊടുക്കണമെന്നും നിൎബ്ബന്ധിച്ചു. സാധുവായ റാണ മഹാരാഷ്ട്രന്മാരുടെ ഏററത്തെ തടുക്കുന്നതിന്നു് ആളായിരുന്നില്ല. അതുകൊണ്ടു ഗ

ത്യന്തരമില്ലാതെ വിവാഹാൎത്ഥം വന്നവരെ പറഞ്ഞയയ്ക്കുക യും സിൻഡ്യ പറയുംപ്രകാരം നടന്നുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു. ഇത്ര വലിയ അവമാനം പൊറുക്കയല്ലെന്നു നിശ്ചയിച്ചു രാജസ്ഥാനത്തിൻെറ അത്യുന്നതപ്രഭാവമുള്ള കാലത്തുകൂടി കാണാത്ത പ്രകാരം മഹതിയായ ചമൂചക്രത്തെ വിജയപുരരാജാവു സംഭരിച്ചു. മാർവാറിലെ രാജാവു തൻെറ ബന്ധുവായ സിൻഡ്യയെ സഹായിപ്പാനായി തൻെറ പട്ടാളങ്ങളോടുകൂടി പോയി. അതിഘോരമായ ഒരു യുദ്ധമുണ്ടായി. 'അയ്യോ! മഹാദുഷ്ടർ തമ്മിൽ പിണഞ്ഞിട്ടയ്യായിരംകോടി ജീവൻ നശിച്ചു' എന്നു പറയുംപോലെ വളരെ പേർ ചത്തൊടുങ്ങി. എന്നിട്ടും കക്ഷികളിൽ ആരും പരാജിതന്മാരായിയെന്നു സമ്മതിപ്പാനോ യുദ്ധത്തിനു ഹേതുഭൂതയായ സുന്ദരിയെപ്പററിയുള്ള അവകാശത്തെ വിട്ടൊഴിയാനോ ഒരുക്കമുണ്ടായിരുന്നില്ല. ഈ കലാപത്തിൻെറ ഇടയിൽ മഹാപാതഗ്രസ്തമായ ഒരു നിദേശം മഹാറാണയെ അറിയിച്ചു.

നിധനേച്ഛുവായ ടോങ്കിലെ ഖാൻ കലഹാനലനെ തൽകാരണഭൂതയായ സാധ്വീരാജകുമാരിയുടെ രക്തത്താൽ നശിപ്പിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടു. തൻെറ പ്രിയകുമാരിയുടെ ജീവൻ, അവരെ പാണിഗ്രഹണം ചെയ്വാൻ രണ്ടു രാജാക്കന്മാർ തമ്മിലുള്ള വൈരദേവതയ്ക്കു ബലി കൊടുക്കേണ്ടതാണെന്നുള്ള നിദേശത്തെ മാനഭംഗത്തോടും കോപത്തോടും കൂടിയാണ് റാണ ധരിച്ചത്. കുടിലനായ അമീർഖാൻെറ നിർബ്ബന്ധവും അപാരമായുണ്ടായി. എന്തിനധികം വിസ്തരിക്കുന്നു; ഒടുവിൽ വളരെ വൈമനസ്യത്തോടുകൂടി സമ്മതിക്കുകയും രാജകുമാരിയായ കൃഷ്ണയെ കൊല്ലുവാനുള്ള കല്പന കൊടുക്കുകയും ചെയ്തു.

സാധാരണ കൊലനടത്തുന്ന ആരാച്ചാരല്ലല്ലൊ ഈ കൊലനടത്തേണ്ടത്. എന്നാൽ അത് ആരാണ് ചെയ്യേണ്ട

ത്? സൌഭാഗ്യവതിയായ രാജകുമാരിയുടെ മോഹനമായ വക്ഷസ്ഥലത്തു കഠാരത്തെ തറപ്പാൻ മാത്രം കഠിനാശയനായി രാജസ്ഥാനത്ത് ആരാണുള്ളത്? മഹാറാണാവിന്റെ സംബന്ധികളിൽ ഒരാളായ രാജാദൌളത്ത്സിംഹനോടാണ് കല്പനനടത്തുവാൻ ആദ്യമായി ആവശ്യപ്പെട്ടത്. അയാൾ ഭയത്താൽ സ്തംഭിതനായി 'ഈ കല്പന കല്പിക്കുന്ന നാവു പുഴുത്തുപോട്ടെ. ഇത്തരം കഠിനകമ്മത്താൽ ഉപാത്തമാകുന്ന മഹാറാണയുടെ ആനുകൂല്യം എനിക്കു തൃണപ്രായമാണ്' എന്നിങ്ങിനെ പറഞ്ഞു രാജശാസനയെ ധിക്കരിച്ചു കോപാവേശത്തോടുകൂടി രാജധാനി വിട്ടു പുറത്തേക്കു പോയി.

രാജാവിന്റെ പൂവ്വഭാര്യാപുത്രനും തന്നിമിത്തം രാജകുമാരിയുടെ ആങ്ങളയുമായ രാജാജോവൻദാസ്സിനെ രാജാവു വിളിച്ചു തൽക്കാലം നടത്തേണ്ടതായ കൃത്യത്തിന്റെ ആവശ്യകതയെപ്പററി പറയുകയും ആയതിനെ നടത്താൻ അയാളോട് ആജ്ഞാപിക്കുകയും ചെയ്തു. 'അച്ഛാ! എന്റെ പ്രിയസഹോദരിയെ ഞാൻ കൊല്ലണമെന്നു ഭവാൻ യഥാത്ഥമായി എന്നോട് ആജ്ഞാപിക്കുന്നുവോ?' എന്നു ചോദിച്ചതിന്നു 'മകനേ! നമ്മുടെ രാജ്യപാലനാത്ഥം അതു കത്തവ്യമായിത്തീന്നിരിക്കുന്നു' എന്നു രാജാവു മറുവടി പറഞ്ഞു. രാജകുമാരൻ കഠാരത്തെയെടുത്ത് അന്തഃപുരത്തിൽ രാജകുമാരിയുടെ അറയിലേക്കു പോയി.

യൌവനയുക്തയായി സവ്വാംഗസൌഭാഗ്യത്തോടും പാതകരഹിതാവസ്ഥയോടും മോഹനാകൃതിയോടുംകൂടി കൃഷ്ണഭ്രാതൃസമക്ഷത്തിൽ പ്രവിഷ്ടയായി പതിവുപോലെ സ്നേഹപുരസ്സരം അവർ ഭ്രാതാവിനെ അഭിവാദ്യം ചെയ്തു അയാളുടെ കല്പനകളെ ശിരസാ വഹിക്കുന്നതിന്നു സന്നദ്ധയായി നിന്നു. 'സഹോദരീ! മരിക്കാൻ സന്നദ്ധയായാലും' എന്നു രാജകുമാരൻ ഗൌരവത്തോടുകൂടി പറയുന്നതു കേട്ടിട്ടു കൃഷ്ണ

ഒന്നു പുഞ്ചിരികൊള്ളുകയും പിന്നീടു പൊട്ടിച്ചിരിക്കയും ചെയ്തു. 'ഞാൻ നേരംപോക്കല്ല പറയുന്നത്. മഹാറാണയുടെ കല്പനയാണിത്, നീ നിൻെറ രാജ്യത്തിന്നുവേണ്ടി മരിക്കയാണ്. സുഖഭ്രമിഷ്ഠമായ രാജസ്ഥാനത്തെ നിഷ്പ്രജമാക്കി ചെയ്യുന്ന ഘോരാഹവാത്ഥമാണ് സഹോദരീ! ഇത്' എന്നു രാജകുമാരൻ വീണ്ടും പറഞ്ഞു. കൃഷ്ണ ചിന്താഗ്രസ്തയായി സഹോദരനേയും പിന്നീടു പന്തിരിഞ്ഞു പ്രിയസഖിമാരേയും കാരോന്നു നോക്കി ഇപ്രകാരം പറഞ്ഞു. 'ഭ്രാതാവേ! നമ്മുടെ കുടുംബത്തിലെ പല കന്യകമാരും നമ്മുടെ രാജ്യത്തിന്നുവേണ്ടി പ്രാണത്യാഗം ചെയ്തിട്ടുള്ള അവസ്ഥയ്ക്കു ഭവാൻെറ സഹോദരി അവളുടെ വംശപാരമ്പയ്യത്തിൽ അയോഗ്യയായി കാണപ്പെടുന്നതല്ല: ഞാൻ മരിക്കണമെന്നു നമ്മുടെ അച്ഛൻ ആജ്ഞാപിച്ചിരിക്കകൊണ്ടു ഇതാ ഞാൻ സന്നദ്ധയായിരിക്കുന്നു. എനിക്കു മരണത്തെ വരിക്കാൻ തക്ക ഒരു സ്ഥലത്തേക്കു വഴി കാണിക്കൂ. തൻെറ രാജ്യത്തിന്നുവേണ്ടി മരിക്കയെന്നതിനേക്കാൾ ഉൽകൃഷ്ടമായി ശിശോദ്യവംശജയായ ഒരുത്തിക്കു മറെറന്താണുള്ളത?' 'അഹോ! എനിക്കുള്ള കല്പന നിന്നെ കൊ—കൊ—' എന്നിങ്ങിനെ സഗൽഗദം രാജകുമാരൻ പറഞ്ഞപ്പോൾ 'ഭ്രാതാവേ! എനിക്കു മനസ്സിലായി, വന്നാലും ഭവാൻെറ കത്തവ്യകമ്മത്തെ ചെയ്തു തന്നിമിത്തം ഭവൽസോദരിയെ അവളുടെ കത്തവ്യകമ്മത്തെ ചെയ്യാൻ സഹായിച്ചാലും'. തങ്ങളുടെ സ്നേഹഭാജനമായ രാജകുമാരിയുടെ പിന്നിൽ നിന്നിരുന്ന സഖിമാർ കരയുവാനും പിഴിയുവാനും തുടങ്ങിയപ്പോൾ കൃഷ്ണ ഇതു കണ്ടു അവരുടെ നേരെ തിരിഞ്ഞു 'പ്രിയസഖികളേ! എനിക്കുവേണ്ടി കരയരുത്. ഞാൻ വളരെ വളരെ സന്തോഷത്തോടുകൂടിയാണ് മരിക്കുവാൻ പോകുന്നത് എന്നറിഞ്ഞു നിങ്ങൾ സന്തോഷിച്ചാലും. രാജസ്ഥാനത്തിലെ പൌരവനിധനനിരോധനശക്തി എൻെറ രക്തത്തിനുണ്ടെങ്കിൽ അതു ഒഴുകട്ടെ. ഹേ! സൂ

ഷിമാരേ! അതു കഴികട്ടെ. എത്ര ആയിരം വീടുകളാണു ഈ യുദ്ധം നിമിത്തം ശുദ്ധശൂന്യങ്ങളായിത്തീൎന്നിട്ടുള്ളത്.'

ഈ ഘട്ടം രാജകുമാരന്നു ദുസ്സഹമായിത്തീൎന്നു. രാജകുമാരിയുടെ പ്രശസ്തശാന്തതയുടെ മുമ്പിൽ രാജകുമാരന്റെ മനോധൈൎയ്യം അപരികല്പിതമായി. അയാൾ കുഠാരത്തെ ജനലിൽ കൂടി പുറത്തെറിഞ്ഞു അകത്തുനിന്നു ഓടിപ്പോയി. ഓരോരുത്തരായി പലൎക്കും കല്പന കൊടുക്കയുണ്ടായി. മീവാർരാജ്യത്തു ഇദംപ്രഥമമായി സാമന്തരാജാക്കന്മാരും ഇടപ്രഭുക്കന്മാരും അവരുടെ മഹാരാജാവിന്റെ ആജ്ഞയെ നിരാദരിച്ചു.

രാജകുമാരിയെ ബലികൊടുപ്പാൻ പോകുന്നു എന്ന വൃത്താന്തം കാട്ടുതീപോലെ രാജധാനിയിൽ എങ്ങും വ്യാപിച്ചു. കൃഷ്ണയുടെ ജനനി വ്യസനാക്രാന്തയായി നിലവിളിച്ചു തന്റെ മകളുടെ പേരിൽ ജീവകാരുണ്യമുണ്ടാകുവാനായും പ്രസ്തുത ക്രൂരകൃത്യത്താൽ ലോകം ശാപഗ്രസ്തമാവാനായും പ്രാൎത്ഥിക്കാൻ തുടങ്ങി, രാജകുടുംബത്തിലുള്ളവരിൽ കൃഷ്ണമാത്രം അവരുടെ വിധിക്കു വിധേയയായും കാണപ്പെട്ടു. പ്രസ്തുത കഠിനകൎമ്മം ചെയ്വാൻ ഇനിയും ആരും ഉണ്ടായില്ല. 'ക്രൂരമായ കല്പനയെ റാണ നിരോധിക്കണേ!' എന്നു എല്ലാവരും സസംഭ്രമം പ്രാൎത്ഥിക്കുകയും അതിനെ അദ്ദേഹം പിൻവലിക്കുമെന്നു ആശപ്പെടുകയും ചെയ്തു.

ക്രൂരനായ അമീർഖാന്റെ വലയിൽ പെട്ടുകിടന്നിരുന്ന അദ്ദേഹം അതിൽ സ്വതന്ത്രനായിരുന്നില്ല. മഹാപാപിയായ അമീർഖാനു വിസമ്മതം ശ്രാവ്യമല്ല. കന്യകയെ കൊന്നില്ലെങ്കിൽ അയാൾ രാജവംശത്തിലുള്ളവരെയെല്ലാം ഹനിക്കും. മീവാർരാജ്യം മുഴുവനും കുട്ടിച്ചുവരാക്കും. കൊല്ലുവാനൊരുങ്ങിയിരിക്കുന്ന ക്രൂരന്മാരിൽ നിന്നു രാജകുമാരിയെ രക്ഷിപ്പാനും രാജപുത്രവംശത്തെ ബാധിപ്പാൻ പോകുന്ന അവമാനത്തെ നിരാകരിക്കാനും വേണ്ടി അനേകം രാ

ജപുത്രപ്രധാനികൾ ഉദയപുരത്തേക്കു ബദ്ധപ്പെട്ടവരുന്നു ണ്ടെന്നു അമീർഖാൻ കേട്ടതുകൊണ്ടു തന്റെ അഭിലാഷസിദ്ധിക്കു അയാളും തിടുക്കപ്പെടാൻ തുടങ്ങി. അമീർഖാൻ എല്ലാം അറിഞ്ഞിട്ടുള്ളതുകൊണ്ടു ക്രൂരമായ നിധനത്തെ ചെയ്യാനായി റാണയെ നിർബ്ബന്ധിച്ചു.

ഒരു കഠാരംകൊണ്ടു കുത്തി അവരെ കൊല്ലുവാൻ ആരേയും കാണാഞ്ഞിട്ടു അവരെ വിഷം കൊടുത്തു കൊല്ലുവാൻ കല്പനയായി. അതിലേക്കും പുരുഷന്മാർ ആരും വഴിപ്പെടായ്കയാൽ പെണ്ണുങ്ങൾ അതു നടത്തട്ടെ എന്നു നിശ്ചയിച്ചു. വിഷം നിറച്ച കിണ്ണവും കൊണ്ടു സഖിമാരിൽ ഒരാൾ അവരുടെ അടുത്തുചെന്നു അതു അവരുടെ അച്ഛനെ ചൊല്ലി അവക്കു കൊടുത്തു. അരമനയിൽ മുഴുവൻ അത്യുച്ചരോദനം ഉണ്ടായി. കാര്യം പറവാൻ ആക്കും ധൈര്യമില്ല, എല്ലാവരും നിലവിളിക്കുന്നു. എല്ലായിടത്തും കരച്ചിലും പിഴിച്ചിലും. രാജകന്യകയുടെ മാതാവു് ഉന്മത്തയെപ്പോലെ ശപിക്കുന്നതും അവിടെ ഒക്കെയും കേട്ടിരുന്നു.

എന്നാൽ 'മൃത്യു വന്നു ലലാടസീമനി നൃത്തകേളി തുടന്നു' സുന്ദരിയായ കൃഷ്ണ ഒരൊറ്റു കണ്ണുനീരെങ്കിലും വീഴ്ത്തിയില്ലെന്നുമാത്രമല്ല വിഷപൂർണ്ണമായ പാത്രത്തെ അവക്കു കൊടുത്തപ്പോൾ അവർ തല കുമ്പിട്ടു അതിനെ വാങ്ങുകയാണു ചെയ്തതു്. എന്നിട്ടു അവർ അവരുടെ സഖിമാരോടു യാത്ര പറഞ്ഞു. മാതാവിനോടു അനുഗ്രഹം യാചിച്ചു അച്ഛൻ ചിരഞ്ജീവിയായിരിപ്പാൻ പ്രാർത്ഥിച്ചു. ഒരക്ഷരം പോലും മിണ്ടാതെ പിന്നെ വിഷപാനം ചെയ്തു. തന്റെ അടുത്തുണ്ടായിരുന്നവളോടു അവർ സംസാരിച്ചുകൊണ്ടിരുന്നു. വിഷം അവരിൽ പിടിക്കുന്നില്ലെന്നു കണ്ടിട്ടു വീണ്ടും അവക്കു വിഷം കൊടുത്തു. അതും ഫലിച്ചില്ല. മനുഷ്യസ്ഥൈര്യത്തിന്റെ മറുകര കണ്ടുവാനോ എന്നു തോന്നുമാറു മൂന്നാമതും അവക്കു വിഷം കൊടുത്തു. മൂന്നാമതും പരമകാരുണികയായ പ്രകൃതി ഈ ക്രൂ

രകർമ്മത്തിനെ സഫലീകരിക്കുന്നതിൽ പ്രാതികൂല്യമാണു് കാണിച്ചതു്. ഒന്നുകൂടി പരീക്ഷിച്ചു. അതു സഫലമായി. മുൻ കൊടുത്തതിനേക്കാൾ വലിയ വിഷമമാണു് ഇക്കുറി കൊടുത്തതു്. ഒരു പുഞ്ചിരിയോടുകൂടി അവർ അതിനെ വാങ്ങി കുടിച്ചു. ക്രൗര്യം ഒടുവിൽ വിജയിയായി. സുഷുപ്തിയിൽ നിന്നു അവർ എപ്പോഴാണു ജാഗ്രത്തിലേക്കു മടങ്ങിയെത്തുന്നതു്! ഭാഗ്യശൂന്യയായ അവരുടെ മാതാവു പിന്നെ അധികം കാലം ജീവിച്ചിരുന്നില്ല. അവരുടെ ശരീരം കുറച്ചു ദിവസത്തിനുള്ളിൽ അഗ്നികുണ്ഡത്തെ പ്രാപിച്ചു.

## ൧൭. ചന്ദ്രവതി.

ഇന്ത്യാചരിത്രം വായിച്ചിട്ടുള്ളവരൊക്കെ ദിലീപസിംഹമഹാരാജാവിൻെറ വ്യസനകരമായ ജീവചരിത്രം ഓർമ്മനുണ്ടായിരിക്കണം. ഇംഗ്ലീഷുകാർക്കു പ്രത്യേകിച്ചും അദ്ദേഹത്തിൻെറ പേർ മറക്കത്തക്കതല്ല, അല്പം വർഷങ്ങൾക്കുമുമ്പു അദ്ദേഹം ഇംഗ്ലണ്ടിൽ പ്രമാണികളുടെ കൂട്ടത്തിൽ ഒരാളായിരുന്നു. രാജധാനിയിൽ എന്തുതന്നെ അടിയന്തരങ്ങളോ ആഘോഷങ്ങളോ ഉണ്ടായിരുന്നാലും ദിലീപസിംഹമഹാരാജാവിൻെറ വടിവൊത്തു തികഞ്ഞ സ്വരൂപവും ‘പഗ്രി’ത്തലപ്പാവും പ്രത്യേകം ദൃഷ്ടിയിൽപെടത്തക്കവയായിരുന്നു. അദ്ദേഹത്തിൻെറ അതിവിശേഷമായ ‘നാട്ടുഭവനം’ വെയിൽസുരാജകുമാരൻെറയും രാജകുമാരിയുടേയും എന്നല്ല രാജകുടുംബത്തിലെ സകല അംഗങ്ങളുടേയും പ്രമാണികളായ പ്രഭുക്കന്മാരുടേയും ഇഷ്ടത്തിനൊത്ത വിനോദഭൂമിയായിരുന്നു. ഇംഗ്ലീഷുകാരിൽ ആഭിജാത്യംകൊണ്ടുയർന്നവർ അവരുടെ വർഗ്ഗത്തിൽനിന്നു വേറെ ഒരാളായിട്ടല്ല അദ്ദേഹത്തിനെ കരുതിയിരുന്നതു്. അദ്ദേഹത്തിനെ കൂടാതെകണ്ടു പ്രഭുക്കന്മാരുടെ യാതൊരു യോഗവു കൂടുക പതിവില്ല.

'പഞ്ചാബിലെ സിംഹം' എന്നു പ്രസിദ്ധനായ സാക്ഷാൽ രഞ്ജിതസിംഹമഹാരാജാവിൻെറ പട്ടമഹിഷിയും ദിലീപസിംഹമഹാരാജാവിൻെറ അമ്മയുമായ മഹതിയാകുന്നു ഈ കഥാനായികയായ മഹാറാണി ജിന്ദൻ. അവരെ സാധാരണയായി മഹാറാണിജിന്ദൻ എന്നാണ് വിളിച്ചുവന്നിരുന്നത്. എങ്കിലും സാക്ഷാൽ പേരു ചന്ദ്രവതിയെന്നായിരുന്നു. രഞ്ജിതസിംഹൻെറ ഭാൎയ്യയായിരിപ്പാൻ തക്ക യോഗ്യത അവൾക്കുണ്ടായിരുന്നുവെന്നു പറയേണ്ടതില്ല. മഹാരാജാവാകട്ടെ ശകന്മാരെ കൂട്ടി യോജിപ്പിച്ചു അവരെ സകല ജാതിക്കാരിലും വെച്ചു ഒരു പ്രധാനവൎഗ്ഗമാക്കിത്തീൎത്തു. അദ്ദേഹത്തിൻെറ രാജശക്തി കാബൂൾമുതൽ ഡൽഹിവരെ വ്യാപിച്ചു. ബ്രിട്ടീഷുപട്ടാളങ്ങളോടു പൊരുതിനിന്നിട്ടുള്ള കാൽസാസ് എന്ന ദേശത്തിലെ പുതിയ സൈന്യത്തെ അദ്ദേഹമാണ് ശേഖരിച്ചത്. ഡൽഹിയിലെ യഥാൎത്ഥമായ രാജപട്ടം അദ്ദേഹം വഹിച്ചു ഇംഗ്ലീഷുകാരുടെ ഭക്തിക്കും ഭയത്തിന്നും ആസ്പദമായിത്തീൎന്നു. ഈ രഞ്ജിതസിംഹമഹാരാജാവു മരിക്കുന്ന സമയം ഖൾഗസിംഹൻ, ശരസിംഹൻ, ദിലീപസിംഹൻ ഇങ്ങിനെ മൂന്നു പുത്രന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ആ മഹാപുരുഷൻെറ അമാനുഷശക്തികൊണ്ടു ഒതുക്കിനിൎത്തിയിരുന്ന അനേകം അത്യാഗ്രഹികളും കപടന്മാരുമായ ഉദ്യോഗസ്ഥന്മാരേയും സേനാധിപതികളേയുമാണ് പുത്രന്മാൎക്കു പിതൃധനമായി കൊടുത്തിരുന്നത്. അദ്ദേഹത്തിൻെറ മരണശേഷം ഇവർ അധികാരശക്തികൊണ്ടുണ്ടാകാവുന്ന സുഖം അനുഭവിപ്പാനും പഞ്ചാബിലെ രാജ്യഭാരം കൈവശപ്പെടുത്തുവാനും അത്യാൎത്തിയോടുകൂടി ചെന്നായ്ക്കളെപ്പോലെ കലഹിച്ചു തുടങ്ങി. ഖൾഗസിംഹനെ കൊന്നു ശരസിംഹൻ സിംഹാസനാരോഹണം ചെയ്തു. പിന്നീട് അദ്ദേഹവും ജ്യേഷ്ഠനെ പിന്തുടൎന്നു. ഇങ്ങിനെ നാലു വൎഷങ്ങൾക്കിടയ്ക്കു രണ്ടു പുത്രന്മാരും മരിച്ചു. രാജ്യം മുഴുവനും

അഭ്യന്തരകലഹംകൊണ്ടും അഴിമതികൾകൊണ്ടും ആക്രമങ്ങൾകൊണ്ടു കലങ്ങിവശായി. മന്ത്രികളും സേനാധിപന്മാരും അധികാരവലിപ്പത്തിന്നുവേണ്ടി അന്യോന്യം ഛിദ്രിച്ചു സ്വാധീനത്തിലുണ്ടായിരുന്ന അധികാരംകൂടി കളഞ്ഞു കാലഗതിയെ പ്രാപിച്ചു. ഒടുവിൽ അഞ്ചു വയസ്സുമാത്രം പ്രായംചെന്ന രാജകുമാരൻ സൎവ്വസമ്മതത്തോടുകൂടി മഹാരാജാവായിട്ടു വാഴിക്കപ്പെടുകയും രാജകുമാരന്റെ അമ്മ ചന്ദ്രവതി സ്വയമായിട്ടു് രാജ്യകാൎയ്യം അന്വേഷിക്കുവാൻ തുടങ്ങുകയും ചെയ്തു.

അഗാധബുദ്ധി, സ്ഥിരധൈൎയ്യം, അതിശയിക്കത്തക്ക ഓജസ്സ് ഈ ഗുണങ്ങൾ തികഞ്ഞിട്ടുള്ളവളായിരുന്നു ചന്ദ്രവതി. ഒതുക്കവും വണക്കവും ഇല്ലാത്തവരും ധീരന്മാരുമായ ശകന്മാൎക്കു വഴിപോലെ യോജിച്ചൊരു രാജ്ഞിയും ആയിരുന്നു. ചന്ദ്രവതി രണാങ്കണത്തിൽ കാണിച്ചിരുന്ന പ്രതാപം ആലോചനാമണ്ഡപത്തിലും ഒരുപോലെ പ്രകടിപ്പിച്ചിരുന്നു. സൂക്ഷ്മം നോക്കുന്നതായാൽ ഭൎത്താവായിരുന്ന മഹാപുരുഷന്റെ സ്വഭാവവിശേഷങ്ങൾ മിക്കതും ഭാൎയ്യയുടെ സ്വഭാവത്തിലും പ്രതിബിംബിച്ചിരുന്നു. ചിന്നിച്ചിതറികിടന്നിരുന്ന തന്റെ അധികാരങ്ങളെല്ലാം ചന്ദ്രവതി കൂട്ടിച്ചേൎത്തു സ്വാധീനത്തിൽ ഉറപ്പിച്ചു. ഭരണാധിപന്മാരും സേനാധിപന്മാരും തമ്മിലുണ്ടായിരുന്ന കലഹങ്ങളും സ്പൎദ്ധകളും ഒതുക്കി ഇരുകക്ഷികളേയും യോജിപ്പിച്ചു. രാജ്യത്തെങ്ങും ക്ഷേമവും സമാധാനവും വളൎത്തി. കാൽസൈന്യം ഭൎത്താവിന്റെ പരിപാലനത്തിൽ ഇരുന്നിരുന്നപോലെ അത്ര ശക്തിമത്തും അജയ്യവും ആക്കിത്തീൎത്തു. പ്രാപ്തിയുള്ളവരെ അല്ലാതെ മേലുദ്യോഗങ്ങൾക്കു് ആരേയും നിയമിച്ചിരുന്നില്ല. മിടുക്കും ധൈൎയ്യവും കണ്ടു സൈന്യാധിപത്യം കൊടുത്തുവന്നു. ശരസിംഹനെ പടയാളികളിൽ തലവനായിട്ടും നിയമിച്ചു.

ഇംഗ്ലീഷ്ഷുകാരുടെ രാജ്യത്തിന്റെ അതിർ പഞ്ചാബ് രാജ്യത്തോടു തൊട്ടുകിടന്നിരുന്നു. പഞ്ചാബ് രാജ്യപരിപാലനത്തിന്റെ തികവും അവിടെയുള്ള ശകസൈന്യത്തിന്റെ പ്രാബല്യവും ഇംഗ്ലീഷ്ഷുകാൎക്കു ഭയകാരണങ്ങളായിത്തീൎന്നു. അവരുടെ അതിരുകളിൽ എല്ലാടവും പട്ടാളങ്ങളെ പാൎപ്പിക്കുകയും ശതദ്രു നദീതീരത്തിങ്കൽ വലുതായ ഒരു സൈന്യം സ്ഥാപിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു കരുതി ആയതിന്നുവേണ്ടി ഏൎപ്പാടുകൾ നടത്തി. ശകസൈന്യം അവരുടെ അതിരുവിട്ട് ഇംഗ്ലീഷ് അതൃത്തിയിലേക്കു കടന്നുവെന്ന് ഇംഗ്ലീഷ്ഷുകാരും, അതല്ല ഇംഗ്ലീഷ്ഷുകാർ തങ്ങളുടെ രാജ്യത്തെ ആക്രമിക്കയാണ് ചെയ്തത് എന്നു ശകന്മാരും അന്യോന്യം വഴക്കു പുറപ്പെടുവിച്ചു. കാരണം എന്തുതന്നേയായാലും വളരെ താമസംകൂടാതെ സുപ്രസിദ്ധമായ 'ശകയുദ്ധം' ആരംഭിച്ച് ഒരു വൎഷത്തോളം തുടൎച്ചയായിനിന്നു.

ഈ യുദ്ധകാലത്തു രാജ്യാധിപത്യവും സേനാധിപത്യവും ചന്ദ്രവതിയിങ്കൽതന്നെ പരിണമിച്ചു. ദ്രോഹികളും കൃതഘ്നന്മാരുമായ ചില ഉദ്യോഗസ്ഥന്മാരും സേനാധിപന്മാരും ചന്ദ്രവതിയെ ചതിച്ച് ഇംഗ്ലീഷ്ഷുകാൎക്കു ഗൂഢസഹായം ചെയ്തുവന്നു. വീരനായ ഭൎത്താവിന്റെ യശസ്സിനെ പരിപാലിപ്പാനും സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ രക്ഷിപ്പാനുമായി ചില സമയങ്ങളിൽ നമ്മുടെ നായികയ്ക്കു തനിച്ചുനിന്നു പൊരുതേണ്ടതായിട്ടുകൂടി വന്നിട്ടുണ്ട്. അതുകൊണ്ടൊന്നും അവൎക്കൊരിളക്കവുമുണ്ടായിട്ടില്ല. മന്ത്രികളുടേയും പടനായകന്മാരുടേയും സഹായം കൂടാതെ തന്നെ രാജ്യം ഭരിച്ചുകൊണ്ടും സൈന്യത്തെ നയിച്ചുകൊണ്ടും അവർ അചലംപോലെ സ്ഥിരയായിട്ടു നിന്നിരുന്നു. ഭയങ്കരമായ ഈ ശകയുദ്ധം ചരിത്രപ്രസിദ്ധമാണല്ലോ. മുഡ്കകിമുതലായ ദിക്കുകളിലുണ്ടായ ആഹവങ്ങളിലേപ്പോലെ ഇംഗ്ലീഷ്ഷുകാർ ഒരുകാലത്തും ഇന്ത്യയിൽ പടവെട്ടുകയുണ്ടായിട്ടില്ല. ഉദ്യോഗ

സ്ഥന്മാരുടേയും സേനാധിപന്മാരുടേയും ചതിപ്രയോഗത്തിന്റെ മദ്ധ്യത്തിൽ ഏകാകിനിയായിട്ടു മഹാറാണിക്കു എന്തൊന്നാണ് സാധിക്കുവാൻ കഴിയുന്നത്! ചന്ദ്രവതിയുടെ സൈന്യം പരാജയപരമ്പരയിൽ പെടുകയും ഒടുവിൽ അന്യഗതിയില്ലാതെ ചന്ദ്രവതി സഖ്യപത്രം ഒപ്പിടുകയും ചെയ്തു. സോബ്രോൺ എന്ന ദിക്കിൽ നടന്ന യുദ്ധത്തിൽ മഹാറാണിയുടെ സൈന്യത്തിനു തോൽവി പററി എന്ന് ഒരു പടനായകൻ വന്നു പറഞ്ഞപ്പോൾ സ്വാഭാവികമായ ശാന്തഗംഭീരതയോടുകൂടി ചന്ദ്രവതി പറഞ്ഞ മറുപടി 'എന്നാൽ എന്റെ കൽസസൈന്യം ഇനി യുദ്ധംചെയ്യട്ടെ' എന്നായിരുന്നു. മഹാറാണിയുടെ മന്ത്രിമാരിൽ ഒരാൾ യുദ്ധം സമാപിക്കുകയാണ് നല്ലതെന്ന് ഉപദേശിച്ചപ്പോൾ 'ഈ അവസരത്തിൽ എന്റെ ഭർത്താവ് എന്തു ചെയ്യുമോ അതാണ് ഞാൻ ചെയ്യുന്നത്. ഞാൻ ജീവിച്ചിരിക്കുന്ന കാലംവരെ പഞ്ചാബ്രാജ്യം ഘൂണന്മാൎക്കു അധീനപ്പെടുന്നതു കാണ്മാൻ ആഗ്രഹിക്കയില്ല' എന്നാണു ധൈൎയ്യശാലിനി മറുപടി പറഞ്ഞത്. ഈ നിശ്ചയം നിമിത്തം മഹാരാണിക്കു സഖ്യത്തിന് അപേക്ഷിക്കാതെ നിവൃത്തിയില്ലാതായിത്തീൎന്നതുവരെ യുദ്ധം നടന്നുകൊണ്ടിരുന്നു.

ജോൺ ലേറൻസ് എന്ന ഇംഗ്ലീഷ്കാരനെ ലാഹൂരിൽ റസേഡണ്ടായിട്ടു സ്വീകരിക്കത്തക്കവണ്ണവും രാജ്യകാൎയ്യങ്ങൾ സകലതും ആ ഉദ്യോഗസ്ഥനോട് ആലോചിച്ചു ചെയ്യത്തക്കവണ്ണവും സമ്മതിച്ചു മഹാറാണി സഖ്യപത്രം ഒപ്പിട്ടു. ഇപ്രകാരം ഫലംകൊണ്ടു രാജ്യഭരണം മുഴവനും റസേഡന്റിന്റെ അധീനത്തിൽ പെടുകയും അയാൾ മഹാറാണിയെ രാജ്യത്തുനിന്നും ഒഴിച്ചു പഞ്ചാബിലെ മേൽവാഴ്ച ഇംഗ്ലീഷ്കാൎക്ക് അധീനപ്പെടുത്തുവാൻ വേണ്ട മാൎഗ്ഗങ്ങൾ ഗൂഢമായി അന്വേഷിപ്പാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ഈ ആഗ്രഹം കപടനീതികൊണ്ടും വ്യാജതന്ത്രം കൊണ്ടുമല്ലാതെ പ്ര

ത്യക്ഷത്തിൽ സാധിക്കാവുന്നതല്ലായിരുന്നു. പന്ത്രണ്ടുവയസ്സമാത്രം പ്രായം ചെന്ന ദിലീപസിംഹരാജാവിന്റെ പേരു പറഞ്ഞു മഹാറാണിയെ രാജദ്രോഹത്തിന്നു കുററപ്പെടുത്തി പെററമ്മയെ നാടുകടത്തുവാൻ ബാലനായ രാജകുമാരനെക്കൊണ്ടു കല്പന കല്പിടുവിച്ചു. മഹാറാണിയെ ആദ്യം ശേഖരപുരത്തിലേക്കും പിന്നീടു കാശിയിലേക്കും മാററി.

നിരാകരണകല്പനയുംകൊണ്ടു് അധികാരി മഹാറാണിയുടെ സമീപത്തിൽചെന്നു പഞ്ചാബു് വിട്ടുപോകണമെന്നറിയിച്ചപ്പോൾ 'ആരുടെയാണു് ഈ കല്പന' എന്നു ക്ഷമയോടുകൂടി ചോദിച്ചു. കുമാരനായ മഹാരാജാവിന്റെ തന്നേയാണെന്നു് അധികാരി ബോധിപ്പിച്ചപ്പോൾ 'വേണ്ടില്ല; ഞാൻ രാജാവിനെ വണങ്ങേണ്ടവളാണു്. ഞാൻ പഞ്ചാബിലെ രാജ്ഞിയല്ല. അദ്ദേഹത്തിന്റെ അമ്മ എന്നു മാത്രമേയുള്ളൂ. അതുകൊണ്ടു ഞാൻ ശരിയായിട്ടു രാജ്യം വിട്ടുപോകണം. എന്നെക്കുറിച്ചു നിങ്ങൾ ലേശം ഭയപ്പെടേണ്ട. ഞാൻ കല്പനയെ നിരോധിക്കയാകട്ടെ എന്റെ സ്വന്തം പുത്രന്റെ നേരെ ജനങ്ങളെ ഇളക്കിത്തീക്കുകയാകട്ടെ ഒരിക്കലും ചെയ്യുന്നതല്ല. എല്ലാം കലാശിച്ചുവെന്നു എനിക്കു മനസ്സിലാകുന്നുണ്ടു്' എന്നുമാത്രം മറുപടി പറഞ്ഞു.

കാൽസസൈന്യത്തെ സന്തോഷിപ്പിക്കുവാൻ വേണ്ടി മാത്രമാണു് ചന്ദ്രവതിയെ കാശിയിലേക്കു മാററിയതു്. അവർ ആ സൈന്യത്തിന്റെ ഒരു പരദേവതയായിരുന്നു. കാശിയിലേക്കു മാററുന്ന വിവരം അവർ കേട്ടപ്പോൾ 'ഏതായാലും വേണ്ടില്ല, കാരാഗാരം കാശിയായാലും കാലപാണിയായാലും ശരിതന്നെ' എന്നു പറഞ്ഞു കാശിയിൽപോയി കൗതുകത്തോടും വണക്കത്തോടുംകൂടി താമസിച്ചുവന്നു. എന്നാൽ മനസ്സിന്നു തട്ടിയ ക്ഷോഭം അവക്കു സഹിക്കത്തക്കതല്ലായിരുന്നു. പുത്രനെ ചൊല്ലി ചന്ദ്രവതി വിലപിച്ചില്ല. കാരാഗൃഹവൃത്തിയെക്കുറിച്ചും അവർ വ്യസനിച്ചില്ല. അ

ധികാരധനാങ്ങളുടെ നാശത്തെ കുറിച്ചും മഹാറാണി ചിന്തിച്ചില്ല. പഞ്ചാബ്‌രാജ്യവും സ്വാതന്ത്ര്യവും യശസ്സും എന്നന്നേക്കും നഷ്ടമായിപ്പോയതിനെ ഓൎത്തിട്ടമാത്രമാണ് മഹാറാണിയുടെ മനസ്സ മങ്ങിപ്പോയത്. വ്യസനം സഹിക്കവയ്യാതെ രോഗത്തിൽ പെട്ട കാശിനഗരത്തിൽ അത്യാസന്നസ്ഥിതിയിൽ കിടപ്പായി.

ഈ വൎത്തമാനം പഞ്ചനദിതീരത്തിങ്കലുള്ള ജനങ്ങളും കാൽസസൈസന്യവും കേട്ടു. ചന്ദ്രവതിക്കവേണ്ടി അവരുടെ ജീവനെക്കൂടി ഉപേക്ഷിക്കവാൻ അവർ ഒരുക്കമുള്ളവരായിരുന്നു. ഇംഗ്ലീഷ്ഷുകാരുടെ കപടനീതിയാവട്ടേ ശകന്മാരുടെ ഇടയിലുള്ള ഉദ്യോഗസ്ഥന്മാരുടേയും സേനാനായകന്മാരുടേയും രാജദ്രോഹബുദ്ധിയാകട്ടേ ഇംഗ്ലീഷ്ഷുകാരുടെ നേരെ എതിൎക്കുന്നതിൽനിന്നു കാൽസസൈസന്യത്തെ നിരോധിക്കവാൻ കഴിഞ്ഞില്ല.

രണ്ടാംശകയുദ്ധവും ചരിത്രപ്രസിദ്ധമാകുന്നു. 'ഗൌ എന്ന പ്രഭുവിൻെറ കീഴിലുള്ള ഇംഗ്ലീഷുപട്ടാളം തോററു പറപറന്നു. തല്ക്കാലത്തേക്ക ശകന്മാരുടെ ശക്തി പ്രബലമായി. എന്നാൽ ഗുജറാത്തിൽ ഉണ്ടായ യുദ്ധത്തിൽ ശകന്മാർ പരാജിതന്മാരാവുകയും അവരുടെ സൈന്യം ഛിന്നിച്ചിതറി മിക്കവരും പഞ്ചഭൂതങ്ങളിൽ ലയിക്കുകയും ചെയ്തു. ബ്രിട്ടീഷുഗവൎമ്മേണ്ടിൽനിന്നു പഞ്ചാബുരാജ്യം കൈകേറി. ദിലീപസിംഹമഹാരാജാവിനെ ശീമയിൽ കൊണ്ടുപോയി ക്രിസ്തുമതത്തിൽ ചേൎക്കുകയും ചിലവിന്നു തക്കതായ മാലിഖാൻകൊടുക്കുകയും ചെയ്തു. അതിന്നുശേഷം അദ്ദേഹം ഒരു ആംഗ്ലേയയുവതിയെ കല്യാണം കഴിച്ചു. അതിൽ സന്താനങ്ങളുമുണ്ടായി.

അക്കാലത്തു മഹാറാണി ജിന്ദൻ—പഞ്ചാബിലെ മഹാരാജ്ഞിയായിരുന്ന വീരയുവതി ചന്ദ്രവതി—കാശിവിശ്വനാഥക്ഷേത്രത്തിന്നു സമീപം ആരും എതും ഇല്ലാതെ രോഗാതു

രയായിക്കിടന്നു അരിഷ്ടിക്കുന്നു. ഒന്നുരണ്ടുദിവസമല്ല അനേകവഷമായി ഇങ്ങിനെ കിടന്നു ക്ലേശിക്കുന്നു. ഇടയ്ക്കിടെ പ്രജ്ഞയില്ലാതെ പ്രലപിക്കുന്ന കൂട്ടത്തിൽ 'എന്റെ ശൂരന്മാരായ കാൽസ സൈന്യമേ! പിൻവലിക്കല്ലേ. നിങ്ങളുടെ നാഥൻ നിങ്ങളെ രക്ഷിപ്പാൻ കാത്തുനില്ക്കുന്നുണ്ടല്ലൊ. ശകന്മാരുടെ യശസ്സും സ്വാതന്ത്ര്യവും നിങ്ങൾ കാത്തുരക്ഷിക്കണേ' എന്നല്ലാതെ മറെറാരുവാക്കും പറയാറില്ല.

ഒടുവിൽ ബ്രിട്ടീഷുഗവമ്മേണ്ടിന്നു ദയ തോന്നി. മഹാറാണിയുടെ അപ്പോഴത്തെ അവസ്ഥ അത്രയും ശോചിക്കത്തക്കതായിരുന്നു. ഈ അത്യാസന്നസ്ഥിതിയിൽ എന്തൊന്നാണു ആശ്വാസത്തെ ഉണ്ടാക്കുന്നത്! മഹത്തായ ശകവർഗ്ഗത്തെ ഭരിച്ചിരുന്ന ആ മഹാറാണിയുടെ അന്ത്യകാലത്തു ആ ദേഹത്തിനെ സന്തോഷിപ്പിക്കുവാൻ യാതൊന്നും കഴിയില്ലെന്നൊ? പുത്രന്റെ അരികെ കൊണ്ടുചെന്നാൽ വല്ല വ്യത്യാസവും വന്നേക്കാമെന്നു കരുതി മഹാറാണിയെ കൽക്കത്തായിലേക്കു കൊണ്ടുചെന്നു. പക്ഷെ, ഒരു കാലത്തു മഹാറാണിയായിരുന്ന ആ മഹതി ഇപ്പോൾ അസംബന്ധപ്രലാപിനിയായ ഒരു സ്ത്രീ മാത്രമായി ശേഷിച്ചു. ആ ദേഹത്തെ കപ്പൽ കയററി ശീമയിലേക്കയച്ചു. എന്നാൽ ആ കീൎത്തിമതിയുടെ സകല അരിഷ്ടതകൾക്കും കാലഗതിതന്നെ പരിഹാരം കണ്ടു. അവർ പോകുംവഴി കപ്പലിൽവെച്ചുതന്നെ വീരസ്വൎഗ്ഗം പ്രാപിച്ചു. ശവം സമുദ്രത്തിൽ നിക്ഷേപിക്കയും ചെയ്തു.

## ൧൩ ജാൻസിയിലെ റാണി.

ജാൻസിരാജ്യത്തെ ഏകാധിപത്യത്തിൻ കീഴിൽ ഭരിച്ചിരുന്ന മഹാരാജാ ഗംഗാധരറാവു 1856-ൽ അന്തരിച്ചു. അതിന്നുശേഷം വിധവയായ റാണി ലക്ഷ്മീഭായി സന്തതി

യില്ലാഞ്ഞയാൽ, ഒരു രാജകുമാരനെ ദത്തെടുത്ത് അനാഥസ്ഥിതിയിലിരിക്കുന്ന രാജവംശത്തെ നിലനിൎത്തേണമെന്നുദ്ദേശിച്ചു അതിന്നായി ശ്രമിച്ചു. എന്നാൽ അന്നത്തെ ഗവൎണ്ണർ ജനറാളായിരുന്ന ഡലൌസിപ്രഭു ബ്രിട്ടീഷുരാജ്യത്തെ വിസ്തരപ്പെടുത്തുന്നതിന്നായി അത്യധികം ഉത്സാഹിച്ചിരുന്നതിനാൽ അദ്ദേഹം റാണി ലക്ഷ്മീഭായിയുടെ ആഗ്രഹത്തെ സഫലീകരിപ്പാനനുവദിക്കാതെ ഝാൻസിയെ ബ്രിട്ടിഷ് രാജ്യത്തോടു ചേൎക്കണമെന്നു കല്പിക്കയാണു ചെയ്തത്. ധൈൎയ്യശാലിനിയായ റാണിയാകട്ടെ ഗവൎണ്ണർ ജനറാളുടെ ഉത്തരവിന്നു 'ഝാൻസിയെ ഞാൻ വിട്ടുകൊടുക്കുന്നതല്ല' എന്നു മറുവടി അയച്ചു.

ഝാൻസിലെ പൂൎവ്വികമഹാരാജാക്കന്മാരുടെ വാഴ്ചകാലത്തു ഏതോ ചില കാരണങ്ങളാൽ ഉണ്ടായ കടം മഹാരാജാ ഗംഗാധരറാവുവിന്റെ മരണകാലത്തും ബാക്കിയായിരുന്നു. ആ കടത്തെ കുറേശ്ശയായെങ്കിലും വീട്ടുവാൻ മഹാറാണി വളരെ കഷ്ടപ്പെട്ടു. തന്റെ ചിലവിന്നു നിശ്ചയിച്ചിരുന്ന ധനത്തിന്റെ ഒരു ഭാഗംകൂടി ഇതിന്നായി നീക്കിവെക്കേണ്ടിവന്നു. അതിനാൽ മഹാറാണിയെ ആന്തരമായി സഹായിക്കുന്നവരുടെ സംഖ്യ ക്രമത്തിൽ ചുരുങ്ങിവന്നു. ഈ സമയത്താണു ഝാൻസിയിൽ സ്ഥാപിക്കപ്പെട്ടിരുന്ന ബ്രിട്ടിഷുപട്ടാളക്കാർ പശുക്കളെക്കൊല്ലുക, ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾ നശിപ്പിക്കുക മുതലായ ക്രൂരകൎമ്മങ്ങൾക്കായി ഒരുമ്പെട്ടത്. ഹിന്ദുധൎമ്മത്തിന്നു തീരെ പ്രതികൂലങ്ങളായ ഈവക അക്രമപ്രവൃത്തികളെ സഹിച്ചിരിക്കുന്നതിൽ മഹാറാണിക്കുണ്ടായ വ്യസനം അവിടുത്തെ ക്ഷമയെ ദൂരീകരിച്ചു. അതിനാൽ കോപത്താലും വ്യസനത്താലും ആവൃതയായ മഹാറാണി 'എന്റെ ഉടലിൽ ജീവനുള്ള കാലത്തോളം ഞാൻ ഈവക ക്രൂരകൃത്യങ്ങളെ എങ്ങിനെ സഹിക്കും? യുദ്ധം ചെയ്തിട്ടെങ്കിലും ഞാൻ ഈ അക്രമങ്ങളെ നിൎത്തും. ക്ഷത്രിയകുല

ത്തിൽ പിറന്ന ഞാൻ ഇതെല്ലാം സഹിക്കുമൊ? അതുകൊണ്ടു ഒരു പെണ്ണിനാൽ എത്രമാത്രം ചെയ്യാൻ കഴിയുമെന്നു ബ്രിട്ടീഷുകാർ അറിയുന്നവിധം ഞാൻ പ്രവൎത്തിക്കും' എന്നിങ്ങിനെ ദാരുണമായ ശപഥംചെയ്തു. ഇന്ത്യാചരിത്രത്തിലെ ഒരു അപ്രധാനമല്ലാത്ത ഭാഗത്തെ അൎഹിക്കുന്നതായ ശിപായിലഹളയും ഇക്കാലത്തു ഒത്തുവന്നതിനാൽ ബ്രിട്ടീഷുപട്ടാളങ്ങളെ കൊന്നു ജാൻസിയെ നിലനിൎത്താനായി പ്രജകളിൽ പലരും ഉപദേശിച്ചു. എങ്കിലും മഹാറാണി അതിനെ അനുസരിച്ചില്ല. അതിനാൽ പ്രജകളിൽ പ്രാബല്യമുള്ള ചിലൎക്കു മഹാറാണിയുടെ പേരിൽ വൈമനസ്യം ജനിക്കുകയാൽ മഹമ്മദീയർ ജാൻസിയെ മഹമ്മദുരാജ്യമാക്കുവാൻ ഉത്സാഹിക്കുവാനും ഇടയായി. ഇതു കണ്ടപ്പോൾ പ്രജകൾ 'ഒരു സ്ത്രീതന്നെ രാജ്യം ഭരിക്കുന്നതായാലും മഹമ്മദീയരെ ഒരിക്കലും അതിന്നു അനുവദിക്കുന്നതല്ല' എന്നു വാശിയോടെ ശപഥം ചെയ്തു. ഇത്രയും കുഴപ്പങ്ങൾ കണ്ടപ്പോൾ ലഹളക്കാരുടെ തലവന്മാരും, ബ്രിട്ടീഷ് പട്ടാളങ്ങളൊരുപുറവും നമ്മുടെ സൈന്യങ്ങൾ മറെറാരു പുറവുമായി നിന്നാൽ തീൎച്ചയായും നാശം ഭവിക്കുമെന്നും, അതിനാൽ ബ്രിട്ടീഷ്കാൎക്കു രാജ്യം സമൎപ്പിച്ചു സുഖമായി ജീവിതകാലം നയിക്കുന്നതാണ് നല്ലതെന്നും മഹാറാണിയുടെ അച്ഛൻ തന്നാലാവുന്നവിധമെല്ലാം പറഞ്ഞുനോക്കി. മഹാറാണി അതിന്നൊന്നും വഴിപ്പെട്ടില്ല. പ്രത്യുത 'മഹാരാജാ ഗംഗാധരറാവുവിന്റെ ധൎമ്മപത്നിയായ ഞാൻ കലഹക്കാരേയോ ബ്രിട്ടീഷ്കാരേയോ ഭയപ്പെട്ടു പിൻതിരിയുമോ? നിങ്ങൾ ഭയമുള്ളവരാകയാൽ എന്റെ മനശ്ശക്തി നിങ്ങൾ അറിയുന്നില്ല' എന്നിങ്ങിനെ ബഹു ധൈൎയ്യത്തോടും വാശിയോടുംകൂടി മറുപടിപറകയാണുണ്ടായതു്. ഈ വിവരങ്ങളെല്ലാംകേട്ടപ്പോൾ മഹാറാണിയുടെ ശൌൎയ്യത്തിൽ ബഹുമാനവും. രാജ്യത്തിൽ വലിയ അഭിമാനവും ഭക്തിയും അവിടുത്തെ പ്രജകൾക്കുണ്ടാ

യി. അപ്പോൾ മഹാറാണി തന്റെ പ്രജകളോട് ഇങ്ങിനെ പറഞ്ഞു. 'ഗംഗാധരറാവുവിന്റെ പത്നിയായ എന്നെ നിങ്ങൾ ഏതു നിലയിലാണ് വെച്ചിരിക്കുന്നത്? നിങ്ങളുടെ ഉള്ളിലുള്ള വൈമനസ്യവും ഉദാസീനതയും മാത്രമാണ് എന്നെ ഇങ്ങിനെ വൃഥാ ഇരുത്തുന്നത്. അല്ലാതെ നിങ്ങൾക്കുള്ള രാജവിശ്വാസമോ ഭക്തിയോ അല്ല. ബ്രിട്ടീഷ്ഷാർ എന്നെ ഗ്രസിക്കുവാനായി തുടങ്ങിയിരിക്കുന്നു ഈ ആപത്തിൽ ഞാൻ നിങ്ങളെ വിശ്വസിച്ചു പണിയെടുക്കുന്നതെങ്ങിനെ'? റാണി ലക്ഷ്മീഭായിയുടെ ഈ വാക്കിലെ ഓരോ വാചകങ്ങളും പ്രജകളുടെ ഉള്ളിലുണ്ടായിരുന്ന ദുർവ്വിചാരങ്ങളെ അകറ്റിക്കളഞ്ഞു. അവർ അതിന്നു പറഞ്ഞ മറുപടി 'അവിടന്ന്' എവിടെ ചെല്ലണമെന്ന് ആജ്ഞാപിച്ചാലും ഞങ്ങൾ പോകാം. അവിടത്തെ ഇഷ്ടമാണ് ഇവ്വുള്ളവൎക്കും ഇഷ്ടം. അതിനാൽ ആജ്ഞ എന്തെന്നറിയുകയേ വേണ്ടൂ' എന്നായിരുന്നു. തന്റെ പ്രജകളിൽനിന്നു തൽകാലം കിട്ടുമെന്നു വിശ്വസിപ്പാൻ അവകാശമില്ലാതിരുന്ന ഈ ഐകകണ്ഠ്യനയുള്ള മറുപടി മഹാറാണിയെ കുറെ ആശ്വാസപ്പെടുത്തി.

ഈ അവസരത്തിൽ ഇന്ത്യാരാജ്യത്തിന്റെ പല ഭാഗങ്ങളിലും അടിച്ചിരുന്ന ശിപായിലഹളയുടെ അല ജാൻസിയിലും എത്തി. അപ്പോൾ മഹാറാണി തന്റെ ഉദ്ദേശത്തിന്നു പ്രതികൂലമായി അവർ ചെയ്യുന്ന പ്രവൃത്തികളെ ഒന്നും വിചാരിക്കാതെ ജാൻസിയിലുണ്ടായിരുന്ന വെള്ളക്കാൎക്കെല്ലാം ഭയംകൂടാതെ താമസിപ്പാൻ വേണ്ട സഹായം ചെയ്തുകൊടുത്തു. അപ്പോൾ പ്രജകളിൽ ചിലർ അവരെ കോപാവേശത്തോടെ ആട്ടിയകറ്റി രഹസ്യമായി ഹിംസിച്ചു. ആ കുലപാതകം ചെയ്തവർ തന്റെ പടയിൽ ചേരത്തക്കവരല്ലെന്നുവെച്ചു മഹാറാണി അവരെ വിലക്കി നിൎത്തി. എന്നാൽ ബ്രിട്ടീഷ്ഷാരുടെ ഇഷ്ടത്തിന്നുവേണ്ടി മഹാറാണി ചെയ്ത ഈ പ്രവൃത്തികളിലൊന്നും അവൎക്ക് ലേശംപോലും കൃത

ജ്ഞതയുണ്ടായില്ല. ശിപായിലഹള ശമിച്ച ഉടനേതന്നെ ബ്രിട്ടീഷ്ഷുകാർ മഹാറാണിയെ നശിപ്പിപ്പാനാണ് ശ്രമിച്ചത്. അവരുടെ ഈ ശ്രമത്തെ, ഓരോ കാരണങ്ങളെക്കൊണ്ടു, മഹാറാണിക്ക് ഊഹിപ്പാൻ കഴിഞ്ഞതിനാൽ വേണ്ടതായ മുൻകരുതലുകൾ ഇവിടേയും ചെയ്തു. പ്രജകളെയെല്ലാം വിളിച്ചുകൂട്ടുക, തോക്കു തുടങ്ങിയ വേണ്ടതായ ആയുധങ്ങൾ ഒരുക്കുക മുതലായി യുദ്ധത്തിന്നാവശ്യമുള്ള എല്ലാം ഏൎപ്പാടുകളും മഹാറാണി വളരെ ജാഗ്രതയോടെ ചെയ്തു. യുദ്ധത്തിന്നായി ഒരുങ്ങിപ്പുറപ്പെട്ടു. ഈ അവസരത്തിലും മഹാറാണിയുടെ അച്ഛൻ ആപൽക്കരങ്ങളായ സാഹസകൃത്യങ്ങളിൽനിന്നു പിന്തിരിയേണമെന്നു വളരെ ഉപദേശിച്ചുവെങ്കിലും റാണി അതിനെ അനുസരിക്കാതെ ബ്രിട്ടീഷ്സേനാപതിക്കു മറുപടിയയച്ചു. എന്നാൽ അവിടെ ഇതുകൊണ്ടും പ്രയോജനമുണ്ടായില്ല. ഉടനേതന്നെ യുദ്ധക്കളത്തിൽ വീണ് മാനമായി മരിക്കാമെന്നുറച്ചു യുദ്ധത്തിന്നൊരുമ്പെടുകയും അതിൽ അപജയം പ്രാപിക്കയും ചെയ്തു. ഈ യുദ്ധത്തിൽ ജാൻസിയിലുള്ള സ്ത്രീകൾകൂടി മരുന്നു മുതലായവ കൊണ്ടുചെന്നു യഥാശക്തി സഹായിച്ചുവെന്നു പറഞ്ഞാൽ മഹാറാണിയിൽ നാട്ടുകാൎക്ക് പിന്നെയുണ്ടായ സ്നേഹബഹുമാനഭക്തികളെപ്പററി പറയേണ്ടുന്ന ആവശ്യമില്ലല്ലൊ. റാണിയെ സഹായിപ്പാനായി ടാൻററാടോപിയും പാൺപൂർ രാജാവും ഒരുമിച്ച് ഇരുപതിനായിരം ആളുകളോടുകൂടി വന്നുവെങ്കിലും ബ്രിട്ടീഷ്സൈന്യത്തിൻെറ ഉച്ഛൃംഖലമായ ശക്തിയെ തടുക്കുവാൻ അവൎക്കും സാധിച്ചില്ല. മഹാറാണിയുടെ ശൌൎയ്യത്തെ കണ്ടപ്പോൾ ജാൻസിയെ പ്രയാസംകൂടാതെ കൈവശപ്പെടുത്താമെന്നു വിചാരിച്ചിരുന്ന ബ്രിട്ടീഷ്സേനാപതി 'ഇത്ര ശൌൎയ്യമുള്ള സ്ത്രീകളെ ഞാനെങ്ങും കണ്ടിട്ടില്ല' എന്നു പറഞ്ഞ് അമ്പരന്നുപോയി. പിന്നെ ബ്രിട്ടീഷ്ഷുകാൎക്കുണ്ടായ വിചാരം ചതിച്ചുപററിക്കണമെന്നായിരുന്നു. ഈ ഉദ്ദേശത്തെ

നിറവേററുവാനായി ബ്രിട്ടീഷ്സേനാപതി തൻെറ സൈന്യ
ത്തെ വിഭാഗിച്ച് ഒരു ഭാഗത്തെ ഒരു ദിക്കിലേക്കയച്ചു. ആ
അയയ്ക്കപ്പെട്ടതിൽ എല്ലാം സൈന്യങ്ങളും അന്തർഭവിച്ചിട്ടു
ണ്ടെന്നു വിചാരിച്ചു റാണിയുടെ സൈന്യങ്ങൾ അവിടെവെച്ചു
ന്നു യുദ്ധം തുടങ്ങി. അപ്പോൾ മറെറാരു ദിക്കിൽക്കൂടെ ഏ
ണിവെച്ചു മതിൽ കയറി ബ്രിട്ടീഷ്സൈന്യങ്ങൾ കോട്ടയ്ക്കക
ത്തു പ്രവേശിച്ചു. ഈ അവസരത്തിൽ റാണിയുടെ പടകളും,
യുദ്ധോചിതമായ വേഷം ധരിച്ചു റാണി തന്നേയും യുദ്ധം
ചെയ്തുവെങ്കിലും ഫലമുണ്ടായില്ല. അരമനവാതിലുകളിൽ
റാണിയെ കാത്തുകൊണ്ടു പല വീരന്മാർ യുദ്ധം ചെയ്തിട്ടും
കാര്യമാകായ്കയാൽ മഹാറാണി കുതിരപ്പുറത്തു കയറി ചില
രോടുകൂടി നഗരംവിട്ടു പോയി. കുറെ ദിവസങ്ങൾ കഴിഞ്ഞ
ശേഷം അല്പം സൈന്യങ്ങളോടുകൂടി കുഞ്ച് എന്ന സ്ഥലത്തു
വെച്ചു പിടന്നയും യുദ്ധം ചെയ്തു. അപ്പോഴും തീരെ തോററു
പോയി. അവിടെനിന്നു നേരെ ഗ്വാളിയറിലേക്കാണ് തിരി
ച്ചത്. അവിടേക്കും തന്നെ എത്തിക്കാനായി ബ്രിട്ടീഷ്സേനാ
പതിയാൽ അയയ്ക്കപ്പെട്ട സൈന്യങ്ങൾ പെട്ടെന്നെത്തിയെ
ങ്കിലും തൻെറ ചെറുസൈന്യത്തെക്കൊണ്ടുതന്നെ അവരെ
അകററി ഗ്വാളിയർ കൈക്കലാക്കി. ഈ ധീരചേതസ്സായ
റാണിയെ അപ്പോഴും ബ്രിട്ടീഷ്സേനാപതി പടകളോടുകൂടി
പിന്തുടന്ന് അവിടെവെച്ചു ഭയങ്കരമായ യുദ്ധമുണ്ടാകയും,
അതിൽ ആകുന്ന വിധത്തിലെല്ലാം പണിപ്പെട്ടിട്ടും ഫലമി
ല്ലെന്നു കാണുകയാൽ സൈന്യങ്ങളോടുകൂടി തിരിക്കുകയും,
പെട്ടെന്ന് ഒരു വെടിപൊട്ടുകയും റാണി കുതിരപ്പുറത്തുനി
ന്നു ഭൂമിയിൽ വീണ് പ്രാണങ്ങളിൽനിന്നും വേർപെടുകയും
ഒരേ നിമിഷത്തിൽ കഴിഞ്ഞു. ഹാ എന്തവസ്ഥ! തന്നേ
യും തൻെറ രാജ്യത്തേയും പ്രജകളേയും രക്ഷിച്ചു ഭാരതഭൂമി
യുടെ പ്രീതി സമ്പാദിപ്പാൻ സാധിക്കില്ലെന്നു കണ്ടപ്പോൾ
തൻെറ രക്തംകൊണ്ടുതന്നെ മാതൃഭൂമിയെ സന്തോഷിപ്പി

ച്ച ശ്രീമതി ലക്ഷ്മീഭായി ജാൻസിമഹാറാണിയുടെ യശശ്ചന്ദ്രിക ഒരു കെടാവിളക്കുപോലെ എന്നെന്നും നിലനില്ക്കുന്നതാണ്.

---

## ൧൭. മീരാഭായി.

കിഴക്കു ഗംഗാനദിയുടെ തീരങ്ങൾ തുടങ്ങി പടിഞ്ഞാറു സിന്ധുനദിയുടെ തീരങ്ങൾവരെയും, വടക്കു ഹിമാലയപർവ്വതം തുടങ്ങി തെക്കു വിന്ധ്യപർവ്വതംവരെയും, നീണ്ടുകിടക്കുന്ന ആ വിസ്തീർണ്ണമായ രാജ്യത്തിൽക്കൂടി നിങ്ങൾ യാത്ര ചെയ്യുന്നതായിരുന്നാൽ, ഹിന്ദിഭാഷയിൽ അവിടങ്ങളിലുള്ള സാധാരണ ആളുകൾ അത്യന്തം ഇഷ്ടപ്പെട്ടു പാടുന്ന പാട്ടുകളിൽ ഒരു പ്രത്യേക പേർ പ്രസ്താവിക്കുന്നതു കേൾക്കാം. ഗോപാലബാലന്മാർ അവരുടെ ഉച്ചസമയങ്ങളിലുള്ള പാട്ടുകളിലും, മതഭക്തന്മാർ അവരുടെ ഭക്തിസൂചകങ്ങളായ സ്തോത്രങ്ങളിലും, കീർത്തിമാന്മാരായ ഗായകന്മാർ അവരുടെ സംഗീതസദസ്സുകളിലും, നർത്തകികളായ വേശ്യാസ്ത്രീകൾ ബഹുജനങ്ങളെ സന്തോഷിപ്പിക്കുന്ന അവരുടെ സദിരുകളിലും, എന്നു വേണ്ട, എല്ലാ ആളുകളും 'മീര' എന്ന നാമം പാടുന്നു. എല്ലാ പാട്ടുകളിലും 'മീരാഭായി' എന്ന പേർ പ്രസ്താവിക്കുന്നതു കേൾക്കാം.

ആ സ്ത്രീ ആരാണ് എന്നു നിങ്ങൾ കാണുന്ന ആളുകളിൽ ആരോടെങ്കിലും ചോദിച്ചാൽ, അയാൾ ബാലനോ ബാലയോ വൃദ്ധനോ വൃദ്ധയോ ആയാലും, തൽക്ഷണം വണക്കത്തോടുകൂടി തല കുനിച്ചു 'ഹാ! ആ സ്ത്രീ ഒരു മഹതി ആയിരുന്നു' എന്ന് ഉത്തരം പറയും. മീരയെക്കുറിച്ചു ചെറുപ്രായക്കാൎക്കും വയസ്സായവൎക്കും ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും, എന്നുവേണ്ട, എല്ലാ ആളുകൾക്കും അറിവുണ്ട്.

അറിവുള്ളെടന്നു മാത്രമല്ല, ഹിന്ദുവംശത്തിലുള്ള ദിവ്യസ്ത്രീകളിൽ ഒരുത്തിയായി ആ മഹതിയെ എല്ലാവരും സ്നേഹിക്കയും ബഹുമാനിക്കയും സ്തുതിക്കയും പൂജിക്കയും ചെയ്യുന്നു.

മീരാഭായി സ്ത്രീകളുടെ കൂട്ടത്തിൽ അത്യന്തം ദൈവഭക്തിയുള്ളവളും ഇൻഡ്യയിലുള്ള മഹാകവികളിൽ ഒരുത്തിയും ആയിരുന്നു. താൻ വീര്യഗുണപ്രധാനമായ രാജസ്ഥാനരാജ്യത്തിൽ അത്യന്തം ശക്തിയേറിയ ഒരു ഉപരാജ്യത്തിലെ രാജ്ഞിയായിരുന്നുവെങ്കിലും, ഒരു സന്യാസിനിയുടെ വേഷം ധരിച്ചു തൻെറ ഭർത്താവിൻെറ രാജധാനി വിട്ടുപോകയും, ഇൻഡ്യയിൽ ഒരിക്കലും കേട്ടിട്ടില്ലാത്ത അത്ര മധുരതയോടുകൂടിയ രാഗത്തിൽ ഭക്തവത്സലനായ തൻെറ ദൈവത്തിൻെറ നാമം പാടിക്കൊണ്ടു നടക്കുകയും ചെയ്തു.

മലമ്പ്രദേശമായ രാജ്പുട്ടാനയിൽ കേവലം ഉപഗ്രാമമായ ഒരു ദേശത്താണ് മീരാഭായി ജനിച്ചത്. എന്നാൽ തൻെറ കുടുംബം രാജസ്ഥാനരാജ്യത്തിൽ എല്ലാടത്തും അത്യന്തം ബഹുമാന്യമായ ഒരു കുടുംബമായിരുന്നു. തൻെറ അത്ര സൌന്ദര്യവും പക്ഷെ വേറെ ആൎക്കും ഉണ്ടായിരുന്നില്ല. രാജപുത്രരുടെ വീര്യഗുണപ്രധാനമായ രാജ്യത്തിൽ സകല പരിശുദ്ധപുഷ്പങ്ങളിലുംവെച്ച് ഒരു മഹാ പരിശുദ്ധപുഷ്പമെന്നാണ് തന്നെ എല്ലാവരും വിചാരിച്ചിരുന്നത്. എല്ലാം രാജപുത്രഗോത്രക്കാരുടേയും തലവനും അവരുടെ ഒക്കേയും മേലധികാരിയെന്ന് അവരാൽ എല്ലാവരാലും സമ്മതിക്കപ്പെട്ടവനും ആയ ചിറവൂർ മഹാ റാണാവിൻെറ രാജധാനി മീരയാകുന്ന പുഷ്പത്താൽ എപ്പോഴും അലങ്കരിക്കപ്പെട്ടിരുന്നു. ചിറവൂരിലെ യുവരാജാവായ കുംഭസിംഹൻ മീരയെ വിവാഹം കഴിക്കയും വയസ്സനായ റാണയുടെ മരണശേഷം മീരാഭായി മീവാറിലെ രാജ്ഞിയായിത്തീരുകയും ചെയ്തു.

എന്നാൽ മീരാഭായിയും ഭർത്താവും അവരുടെ ജനനം മുതല്ക്കേ കവികളായിരുന്നു. അവരുടെ സമയത്തിൻെറ അ

ധികഭാഗവും കവിത ഉണ്ടാക്കയും വായിക്കയും ചെയ്യുന്നതിൽ അവർ ഉപയോഗിക്ക പതിവായിരുന്നു. എന്നാൽ കാലക്രമംകൊണ്ടു ഭാൎയ്യാഭൎത്താക്കന്മാരുടെ കവിതാരീതികൾ തമ്മിൽ ഭേദപ്പെട്ടവയായി ഭവിച്ചു. ഭൎത്താവിന്റെ കവിതകൾ നികൃഷ്ടങ്ങളായ ലൌകികവിഷയങ്ങളിൽ താണുകിടക്കയും ഭാൎയ്യയുടെ കവിതകൾ ഉൽകൃഷ്ടങ്ങളായ ദൈവീകവിഷയങ്ങളിലേക്കു ഉയൎന്നുപോകയും ചെയ്തു.

ശ്രീകൃഷ്ണകഥകളെ മീരാഭായി വളരെ വായിച്ചു. ഭക്തവത്സലനായ ദൈവം വൃന്ദാവനത്തിലെ കോമളനായ ഗോപാലബാലനിൽ പ്രത്യക്ഷമായി വിളങ്ങുന്നുണ്ടെന്നും, ഇഹലോകത്തിൽ ആനന്ദിക്കുന്നതിനാകട്ടെ പരലോകത്തിൽ ആനന്ദിക്കാമെന്നു വിചാരിക്കുന്നതിനാകട്ടെ, സ്നേഹത്തിന്റെ ഉത്ഭവസ്ഥാനവും സകലലോകങ്ങൾക്കും നാഥനും ആയ ആ മഹാദൈവത്തെ സ്നേഹിക്കാതെകണ്ട് ആൎക്കും കഴികയില്ലെന്നും, തനിക്ക് അനുഭവജ്ഞാനമുണ്ടായി. ശ്രീകൃഷ്ണനിൽ ദൈവം സകളനായി വിളങ്ങുന്നതായി താൻ കണ്ടു. താൻ ഗോകുലബാലികകളിൽ ഒരുത്തിയാണെന്നും, ഇഹലോകത്തിൽനിന്നു വിമുക്തയാണെന്നും, ആനന്ദപ്രദമായ ദൈവസ്നേഹത്തിൽ ലയിച്ചിരിക്കയാണെന്നും, തനിക്കു അനുഭവബോധംവന്നു. തന്റെ കവിതകൾ മുഴുവനും ദൈവത്തേയും ദൈവം സകളനായി അവതരിച്ച ഭക്തവത്സലനായ ആ വൃന്ദാവനബാലനേയും കുറിച്ചായിരുന്നു. തന്റെ പാട്ടുകളെല്ലാം ആ ദൈവത്തെ ഉദ്ദേശിച്ചുള്ളവയായിരുന്നു. തന്റെ കവിതകളെല്ലാം ദൈവത്തോടുള്ള ഭക്തിയല്ലാതെ വേറെ യാതൊന്നും മോക്ഷദാനം ചെയ്യുന്നതല്ലെന്ന് ആളുകളെ അറിയിക്കുന്നവയായിരുന്നു.

ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോൾ മീരാഭായി രാജ്ഞിയായിത്തീരുകയും, മുമ്പിലത്തേക്കാൾ തനിക്കു സ്വാതന്ത്ര്യം സിദ്ധിക്കയും തന്നെക്കുറിച്ചു സ്നേഹമുള്ള തന്റെ ഭൎത്താ

വായി രാജാവു് തന്റെ ആഗ്രഹങ്ങളെല്ലാം സാധിച്ചുകൊള്ളുന്നതിനുള്ള സകല സൌകൎയ്യങ്ങളും തനിക്കു നൽകുകയും ചെയ്തു.

തന്റെ മതശുശ്രൂഷാനിഷ്ഠയും തന്നിൽ അങ്കുരിച്ച വലുതായ സ്നേഹവും തന്നിൽ ഉജ്വലിച്ച മഹാഭക്തിയും മീരാഭായിയെ കാലക്രമംകൊണ്ടു ലൌകിക വിഷയങ്ങളിൽനിന്നു് അധികമധികം ദൂരസ്ഥയാക്കിച്ചെയ്തു. വസ്ത്രധാരണത്തിലും ഗൃഹകൃത്യങ്ങളിലും മററു ലൌകികകാൎയ്യങ്ങളിലും തനിക്കു് ഉപേക്ഷ തോന്നി. അനുദിവസവും അനുരാത്രവും തന്റെ തോഴിമാരോടുകൂടി ദൈവനാമം പാടി താൻ കാലയാപനം ചെയ്തു. തന്റെ കവിത അതിവിശേഷവും, സ്വരം നിസ്തുലവും, പാട്ടു് അത്യന്തം വിശിഷ്ടവും ആയിരുന്നു. സ്വാഭാവികങ്ങളായ ഗുണവിശേഷങ്ങൾകൊണ്ടും, കവിതയുടേയും, സ്വരത്തിന്റേയും ഗാനരീതിയുടേയും ഭംഗികൊണ്ടും, തന്റെ പാട്ടുകൾ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന മഹാസ്നേഹത്തേയും മനോഹരമായ മനസ്സലിവിനേയും അഗാധമായ അനുഭവജ്ഞാനത്തേയും പ്രത്യക്ഷീകരിച്ചു. മധുരങ്ങളായ തന്റെ പാട്ടുകളാൽ തോഴിമാർ അപഹൃതചിത്തമാരായി ഭവിച്ചു. അവർ തന്നോടുകൂടി ആടുകയും പാടുകയും പ്രത്യക്ഷഗോചരമായ ലോകത്തെ വിസ്മരിച്ചുപോകയും ചെയ്തു.

എന്നാൽ ചിറ്റൂർ കോട്ടയുടെ ചുവരുകൾക്കുള്ളിൽ മീരയ്ക്കു് എത്ര നാൾ കാരാഗൃഹസ്ഥയെപ്പോലെ കിടക്കാൻ കഴിയും. മഹാഭക്തി യാതൊരാളിൽ പ്രത്യക്ഷീഭവിച്ചുവോ അയാൾക്കു് ഒരു രാജധാനിയുടെ ഉള്ളിൽ അടച്ചുകിടക്കാൻ കഴിയുന്നതല്ല. മീരാഭായിക്കു് അസ്വാസ്ഥ്യം തോന്നി. ഒരു ശ്രീകൃഷ്ണക്ഷേത്രത്തിലേക്കു പോയി. അവിടെ ചെന്നു് ആടുകയും പാടുകയും ഒടുവിൽ തന്നെത്താൻ മതിമറന്നു പോകയും മൂർഛിച്ചു വീഴുകയും ചെയ്തു. തോഴിമാർ ഓടിവന്നു ത

ന്നെ പിടിച്ചുകൊൾകയും അവരുടെ മടിയിൽ കിടത്തി ബോധക്ഷയം തീൎക്കുന്നതിനു വേണ്ടപോലെയെല്ലാം ശുശ്രൂഷിക്കയും ബോധം വന്നശേഷം താൻ സ്വഗൃഹത്തിലേക്കു മടങ്ങിപ്പോകയും ചെയ്തു.

അന്നുമുതൽ ദിവസംപ്രതി മീരാഭായി ആ ക്ഷേത്രത്തിലേക്കു പോകയും അവിടെ മധുരമായ തന്റെ ഗാനരീതിയിൽ ഭക്തവത്സലനായ ദൈവത്തെ സ്തുതിക്കുകയും ചെയ്തിരുന്നു. ആരെല്ലാം തന്റെ പാട്ടുകൾ കേട്ടുവോ അവരെല്ലാം തന്നെയും ദൈവത്തേയും സ്നേഹിക്കുന്നതിനു മനസ്സലിഞ്ഞവരായി ഭവിച്ചു. നാനാദിക്കുകളിൽനിന്നും തന്റെ പാട്ടുകൾ കേൾക്കുന്നതിനായും പ്രഭാതസമയത്തുള്ള തന്റെ മഹാ ഭജനത്തിൽ ചേരുന്നതിനായും ആനന്ദത്തിന്റേയും മാഹാത്മ്യത്തിന്റേയും മാൎഗ്ഗത്തിൽ തന്നെ അനുഗമിക്കുന്നതിനായും ആദ്യം പത്തുപത്തായും പിന്നെ നൂറു നൂറായും അതിൽപിന്നെ ആയിരമായിരമായും ആളുകൾ കൂട്ടംകൂട്ടമായി വന്നു. അരമന വിട്ടു തന്റെ ഹൃദയത്തിന്നു പ്രധാനപൂജാവിഷയമായ ക്ഷേത്രത്തിൽ മിക്കവാറും പാൎപ്പായി. എത്രയോ ആളുകൾ തന്നോടുകൂടിപ്പാൎക്കയും അതിലുമധികം ആളുകൾ തന്റെ നാമത്തേയും കീൎത്തിയേയും ഇൻഡ്യയിൽ അത്യന്തം ദൂരസ്ഥലങ്ങളായ പ്രദേശങ്ങളിലേക്കു കൊണ്ടുപോകയും ചെയ്തു.

മീരാഭായിയുടെ കീൎത്തി മഹാമുഗൾ ചക്രവൎത്തിയുടെ അടുക്കൽ എത്തി. ലോകപ്രസിദ്ധനായ അക്ബറായിരുന്നു ഡൽഹിയിലെ മഹാമുഗൾ ചക്രവൎത്തി. അദ്ദേഹം മനുഷ്യരെ തിരിച്ചറിഞ്ഞു സന്തോഷിക്കുന്നതിൽ സാമൎത്ഥ്യമുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ രാജധാനി കരകൌശലങ്ങളിലും തത്വശാസ്ത്രങ്ങളിലും ഇതരവിദ്യാവ്യുൽപത്തിയിലും വിഖ്യാതി സമ്പാദിച്ചിട്ടുള്ളവരുടെ ഇരിപ്പടമായിരുന്നു.

അദ്ദേഹം മീരാഭായിയെക്കുറിച്ചു കേട്ടപ്പോൾ ആ സ്ത്രീയുടെ പാട്ടു കേൾക്കുന്നതിനായി അദ്ദേഹത്തിന്നു ആഗ്രഹ

ണ്ടായി. ചിറ്റൂർ അദ്ദേഹത്തിന്നു കീഴടങ്ങിയ ഒരു രാജ്യമ
ല്ലായിരുന്നുവെങ്കിലും ചിറ്റൂർ മഹാറാണ അദ്ദേഹത്തോടു
ബദ്ധവിരോധമുള്ളവനായിരുന്നില്ല. എന്നാൽ മീരാഭായി
ഒരു ഹിന്ദുസ്ത്രീയും ചിറ്റൂരിലെ മഹാറാണിയും ആയിരുന്നു.
മുമ്പൊരിക്കൽ ഒരു മുസൽമാൻ ചക്രവൎത്തി ചിറ്റൂരിലെ റാ
ണിയെക്കാണുന്നതിന്നു ആഗ്രഹിക്കയാൽ ചിറ്റൂരും അവി
ടത്തെ രാജപുത്രരും അവരിൽ ആരും ശേഷിക്കാതാകുന്നതു
വരെ, ആ ചക്രവൎത്തിയോടു യുദ്ധംചെയ്തു എന്നും, ചിറ്റൂർ
റാണി ആ രാജ്യത്തുള്ള സകല സ്ത്രീകളോടുംകൂടി മുസൽമാ
ന്മാർ തങ്ങളെ കണ്ടുവെന്നോ തൊട്ടുവെന്നോ ഉള്ള അവമാ
നത്തിൽനിന്നു രക്ഷപ്പെടുന്നതിന്നു വേണ്ടി തീയിൽ ദഹിച്ചു
കളഞ്ഞു എന്നും, ഹിന്ദുവംശക്കാർ എത്ര ഡംഭത്തോടുകൂടി
യവരാണെന്നും, അവരുടെ സ്ത്രീകളെ അവർ എത്ര പരിശു
ദ്ധകളെന്നു വിചാരിക്കുന്നവരാണെന്നും, അക്ബർ ചക്രവ
ൎത്തിക്കു അറിവുണ്ടായിരുന്നു. അതുകൊണ്ടു മീരാഭായിയെ
കാണേണമെന്നും ആ സ്ത്രീയുടെ പാട്ടു കേൾക്കേണമെന്നും
ഉള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെ പരസ്യമായി അറി
യിച്ചാൽ അതു രാജ്പുട്ടാനയിൽ വലുതായ യുദ്ധത്തിന്നു
ഹേതുവായിത്തീരുന്നേക്കുമോ എന്നു ഭയപ്പെട്ടിട്ടു് അങ്ങിനെ
ചെയ്യുന്നതിന്നു അദ്ദേഹത്തിന്നു ധൈൎയ്യമുണ്ടായില്ല. അതു
കൊണ്ടു അദ്ദേഹം റാൻസെൻ എന്ന തന്റെ ഗായകനെ
വിളിച്ചു ഈ സംഗതിയെക്കുറിച്ചു ആലോചിച്ചു. അവസാ
നം ചക്രവൎത്തിയും ഗായകനും ഹിന്ദുക്കളായി വേഷംമാറി
മഹാറാണി ദിവസവും വരാറുണ്ടായിരുന്ന ചിറ്റൂർ ക്ഷേത്ര
ത്തിലേക്കു പോകേണ്ടതാണെന്നു തീൎച്ചയാക്കി.

അവർ രണ്ടുപേരും അനുചരന്മാർ ആരുംകൂടാതെ ത
നിച്ചുവരികയും മീരാഭായിയെ കാണുകയും ആ മഹതിയു
ടെ പാട്ടു കേൾക്കയും ചെയ്തപ്പോൾ ചക്രവൎത്തി എത്രമാത്രം
മതിമറന്നുപോയി എന്നാൽ, അദ്ദേഹം മീരാഭായിയുടെ കാ

ല്ക്കൽ വീഴുകയും മോക്ഷം സമ്പാദിക്കുന്നതിന്നുള്ള മാർഗ്ഗത്തെ അദ്ദേഹത്തിന്നു ഉപദേശിച്ചുകൊടുക്കേണമെന്നു ആ മഹതിയോടു അപേക്ഷിക്കയും ചെയ്തു. എന്നാൽ മീരാഭായിയുടെ മനോഹരങ്ങളായ പാട്ടുകളും അവയുടെ അനിർവ്വചനീയമായ മാധുര്യ്യവും അദ്ദേഹത്തിൻെറ ഉള്ളിൽ കടന്നു കുടികൊണ്ട മതഭക്തിയേയും മതിഭ്രാന്തിയേയും അദ്ദേഹം വേഗത്തിൽ തള്ളിക്കളഞ്ഞു. പിന്നെ എഴുന്നേററു അദ്ദേഹത്തിൻെറ ഉടുപ്പിൽനിന്നു ഒരു രത്നമാല എടുത്തു മീരാഭായിക്കു സമ്മാനിച്ചിട്ടു് 'അല്ലയോ മാന്യേ! ഈ താഴ്മയായ സമ്മാനത്തെ സ്വീകരിക്കുന്നതിന്നും ഇതിനെ ഈ ക്ഷേത്രത്തിലുള്ള ദേവൻെറ കഴുത്തിൽ ചാർത്തുന്നതിന്നും ഭവതിക്കു ദയയുണ്ടാകണേ' എന്നു അദ്ദേഹം അപേക്ഷിച്ചു.

മീരാഭായി ആ മാലയെ എടുത്തു. പിന്നെ വേഷച്ഛന്നനായ ചക്രവത്തിയെ നോക്കി 'മാന്യനായുള്ളോവേ! ഈ മാല വളരെ വിലപിടിച്ചതായിത്തോന്നുന്നു. സന്യാസികളെന്നു തോന്നുന്ന നിങ്ങളെപ്പോലെയുള്ള ആളുകൾക്കു് ഇങ്ങിനേയുള്ള സാധനങ്ങൾ എവിടെനിന്നു കിട്ടുവാൻ കഴിയുമെന്നു ചോദിക്കുന്നതിന്നു് എന്നെ അനുവദിക്കണം' എന്നു പറഞ്ഞു.

'മാന്യേ! ഇതു യമുനാനദിയിൽ വീണുകിടന്നിരുന്നു. കുളിക്കുന്നസമയം എനിക്കു കിട്ടിയതാണ്. അതുകൊണ്ടു്, ഇതിനെ ദേവനു വഴിപാടുചെയ്യുന്നതിൽ നല്ലതായി വേറെയാതൊന്നും ഇല്ലെന്നു് എനിക്കു തോന്നി' എന്നു അക്ബർ മറുപടി പറഞ്ഞു.

ദൈവത്തെക്കുറിച്ചുള്ള അവരുടെ ഭക്തിക്കായി മീരാഭായി അവരോടു നന്ദി പറകയും ചക്രവത്തിയും ഗായകനും ഡൽഹിയിലേക്കു മടങ്ങിപ്പോകയും ചെയ്തു.

എന്നാൽ ആ വജ്രമാല അത്യന്തം ആനന്ദകരമായ മീരാഭായിയുടെ ജീവിതത്തിന്നു കഷ്ടതയെ വരുത്തുകയും ത

ൻെറ വീട്ടിലുള്ള സന്തോഷത്തെ നശിപ്പിക്കയും തൻെറ പ്രിയഭൎത്താവിൻെറ സ്നേഹം ഇല്ലാതാകുന്നതിനു കാരണമായിത്തീരുകയും ചെയ്തു. മാല എത്രയോ വിലപിടിച്ചതായിരുന്നതിനാൽ അതിനെ സമ്മാനിച്ച കാൎയ്യം വേഗത്തിൽ പരസ്യമായി. രാജാവ് അതിനെ കാണുന്നതിന് ആഗ്രഹിച്ചു. രാജധാനിയിലുള്ള രത്നനോട്ടക്കാർ അതു പത്തു ലക്ഷം ഉറുപ്പികയ്ക്കുള്ളതാണെന്നു വിലമതിച്ചു. രത്നനോട്ടക്കാരിൽ ഒരുത്തൻ അതു ഡൽഹിയിലെ ചക്രവൎത്തിയായ അക്ബൎക്ക വിററിട്ടുള്ളതാണെന്നു പറഞ്ഞു. അതിനാൽ മീരാഭായിയുടെ അടുക്കൽ വന്നിരുന്ന ആ രണ്ടു വിദേശികൾ ആരാണെന്നറിയുന്നതിനായി അന്വേഷണം തുടങ്ങി. ചക്രവൎത്തി വേഷച്ഛന്നനായി വന്ന കാൎയ്യം എത്രനാൾ മറച്ചുവെക്കാൻ കഴിയും? തൻെറ ഭാൎയ്യയെ കാണുന്നതിന്നായി മഹാമുഗൾചക്രവൎത്തി താൻതന്നെ വന്നിരുന്നുവെന്നും, തൻെറ ഭാൎയ്യയെ തൊട്ടുവെന്നും, തൻെറ ഭാൎയ്യക്കു മാല സമ്മാനിച്ചുവെന്നും, രാജാവിന് അറിവുകിട്ടി. ആ സ്ഥിതിക്ക് അവരുടെ മാനം നശിച്ചുവെന്നും അവർ ജാതിഭ്രഷ്ടയായി ഭവിച്ചുവെന്നും മഹത്വമേറിയ മീവാർരാജകുഡുംബത്തിന് അവർ അവമാനവും പരിഹാസവും വരുത്തിവെച്ചുവെന്നും അതുകൊണ്ടു അവരെ ഉടനെ കൊന്നുകളയേണ്ടതാണെന്നും രാജാവു കല്പിച്ചു.

എന്നാൽ ആ രാജകല്പനയെ നടത്തുന്നതിന്ന് ആരേയും കണ്ടില്ല. രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാർ ഓരോരുത്തരായി എല്ലാവരും രാജകല്പനയെ നടത്തുന്ന കാൎയ്യത്തിൽനിന്നു പിന്മാറിക്കളഞ്ഞു. അതുകൊണ്ടു രാജ്ഞി തന്നെത്താൻ കൊല്ലേണ്ടതാണെന്നു മഹാരാണ ഒരു മരണവാറണ്ട് എഴുതി ഒപ്പിട്ടു. ആ വാറണ്ടു മന്ത്രികളിൽ ഒരുത്തൻ മീരാഭായി തൻെറ നിത്യപൂജ കഴിഞ്ഞു ക്ഷേത്രത്തിൽനിന്നു മടങ്ങുമ്പോൾ ആ സ്ത്രീയുടെ കയ്യിൽ കൊടുത്തു. അതിനെ ആ

കപ്പാടെ ഒന്നു വന്ദിച്ചുനോക്കീട്ട് അതു കൊണ്ടുവന്ന ആളോട് 'ഒരിക്കൽമാത്രമെങ്കിലും എൻെറ ഭൎത്താവിനെ എനിക്കു കാണാൻ കഴിയുമോ?' എന്നു മീരാഭായി ചോദിച്ചു. അതിന്ന് ആ ഉദ്യോഗസ്ഥൻ 'തിരുമേനിയെ മഹാരാജാവു തിരുമനസ്സുകൊണ്ടു കാണുന്നതല്ലെന്ന് ഈ വാറണ്ടിൽതന്നെ തെളിവായി പറഞ്ഞിരിക്കുന്നതു തിരുമേനിക്കു കാണാവുന്നതാണ്' എന്നു പറഞ്ഞു. 'അങ്ങിനെയാണെങ്കിൽ തിരുമനസ്സിലെ കല്പന തിരുമനസ്സിലെ ഭാൎയ്യ തീൎച്ചയായി അനുസരിക്കുന്നതാണെന്നു തിരുമനസ്സറിയിക്കേണം' എന്നു മീരാഭായി മറുപടി പറഞ്ഞു. അനേകം പുരുഷന്മാരും സ്ത്രീകളും മീരാഭായിയുടെ ഒരുമിച്ചുണ്ടായിരുന്നു. രാജകല്പനയേക്കുറിച്ചു കേട്ടാൽ അവരെല്ലാവരും അതികഠിനമായി വ്യസനിക്കുമെന്നു തനിക്കറിവുണ്ടായിരുന്നതിനാൽ മീരാഭായി അതിനെക്കുറിച്ചു യാതൊന്നും അവരോടു പ്രസ്താവിക്കാതെ നിശ്ശബ്ദമായി രാജധാനിയിലേക്കു പോയി.

അൎദ്ധരാത്രി, മീരാഭായി എഴുന്നേററു രാജ്ഞിയുടെ അവസ്ഥയ്ക്കനുരൂപമായ തൻെറ ഉടുപ്പു മാററി സാധാരണമായ ഒരു വസ്ത്രഖണ്ഡം മാത്രം ധരിച്ച് അരമന വിട്ടു. എല്ലാവരും ഗാഢമായി ഉറങ്ങിക്കിടന്നിരുന്നതിനാൽ താൻ പോയ വിവരം ആരും അറിഞ്ഞില്ല. തനിക്കു പ്രിയവും അടുപ്പവും ഉള്ള സകലത്തേയും താൻ ഉപേക്ഷിച്ചു. രാജ്ഞി പൊയ്ക്കളഞ്ഞതിനാൽ ആ പട്ടണം മുഴുവനും മാത്രമല്ല ആ രാജ്യം മുഴുവനും അത്യന്തം വലുതായ വ്യസനത്തിൽ നിമഗ്നമായി ഭവിച്ചു.

ഒരു നദിയുടെ തീരത്തിൽ ചെന്നു. താൻ അവിടെ കുറച്ചുനേരം നിന്നു. പിന്നെ ഓളങ്ങൾ ഇളകി മറിയുന്ന അതിൻെറ നടുക്കു ചാടി. എന്തു സംഭവിച്ചുവെന്നു താൻ അറിഞ്ഞില്ല. തല ചുററിത്തുടങ്ങി. കണ്ണുകളുടെ മുമ്പിൽ ഒരു ദിവ്യമായ തേജസ്സു നൃത്തം ചെയ്യുന്നതു താൻ കണ്ടു.

പിന്നെ തീരെ ബോധം വിട്ടു. എന്നാൽ മരിച്ചിട്ടില്ലെന്നുള്ള പ്രജ്ഞ തനിക്കുണ്ടായിരുന്നു. പിന്നെ ഒരു കാഴ്ച കണ്ടതായിത്തോന്നി. അത്യന്തം തേജോമയമായ ഒരു സത്വം തന്റെ മുമ്പിൽ പ്രത്യക്ഷമായി എന്നും, ആ ദിവ്യസത്വം കുനിഞ്ഞു തന്നെ ചുംബിച്ചു എന്നും. പിന്നെ തന്നെ നോക്കി മന്ദസ്മിതം ചെയ്തിട്ടു 'മീരേ! നീ നിന്റെ ഭർത്താവിന്റെ കല്പനയെ അനുസരിക്കയും നിന്നെത്തന്നെ നീ കൊല്ലുകയും ചെയ്തിരിക്കുന്നു; എന്നാൽ ഇതിലുമധികം ശ്രേഷ്ഠതയുള്ള ഒരു പ്രവൃത്തി നീ ചെയ്യേണ്ടതുണ്ട്; ഇതിലുമധികം ശ്രേഷ്ഠതയുള്ള ഒരു കർത്തവ്യകർമ്മം നീ അനുഷ്ഠിക്കേണ്ടതുണ്ട; മനുഷ്യവംശത്തെ ആനന്ദം അനുഭവിപ്പിക്കുന്നതായ ആ മഹാസ്നേഹത്തെക്കുറിച്ചു നീ ആളുകളെ പഠിപ്പിക്കേണ്ടതാണ്; പോയി അതു ചെയ്ക' എന്നിങ്ങിനെ പറഞ്ഞു എന്നും തോന്നി.

മീര കണ്ണു തുറന്നുനോക്കിയപ്പോൾ നേരം പകലാണെന്നറിഞ്ഞു. ആദിത്യൻ ആകാശത്തിൽ അതിതീവ്രമായി പ്രകാശിച്ചിരുന്നു. രാജ്യമെല്ലാം അത്യുഷ്ണകരങ്ങളായ ആദിത്യകിരണങ്ങളാൽ പരിതപിക്കയായിരുന്നു. മീരാഭായിയെ ഓളങ്ങൾ അടിച്ചു കരയ്ക്കു കയററിയിരുന്നു. തന്റെ ഏററവും സമീപത്തു നദി അതിന്റെ സാധാരണമാൎഗ്ഗത്തിൽക്കൂടി പ്രവഹിച്ചുകൊണ്ടിരുന്നു. താൻ എഴുന്നേററിരുന്നു നാലു ചുററും നോക്കി. എന്നാൽ കണ്ണെത്തുന്ന ദൂരത്തോളം താൻ യാതൊരു ജീവജന്തുക്കളേയും കണ്ടില്ല. പിന്നെ താൻ എഴുന്നേററു ദൈവത്തിന്റെ നാമം പാടിക്കൊണ്ടു നടന്നു.

താൻ നടന്നുനടന്ന് ഒടുവിൽ ഏതാനും ഗോപാലബാലന്മാരുണ്ടായിരുന്ന ഒരു ദിക്കിൽ എത്തി. ആ ബാലന്മാരോട് 'എന്റെ കുട്ടികളേ! വൃന്ദാവനത്തിലേക്ക് എനിക്കു വഴി കാണിച്ചുതരുവാൻ നിങ്ങൾക്കു കഴിയുമോ; എത്ര വ

ഴിയേ പോയാൽ എനിക്ക് ആ മഹാപുണ്യസ്ഥലത്ത് എത്താമെന്നു പറഞ്ഞുതരാമോ?" എന്നു ചോദിച്ചു.

ഗോപാലബാലന്മാർ മീരാഭായിക്കു പാൽ കൊണ്ടുവന്നുകൊടുത്ത് ആ മഹതിയെ 'അമ്മ'യെന്നു വിളിക്കയും വൃന്ദാവനത്തിലേക്കുള്ള വഴി കാണിക്കുന്നതിന്നു കൂടെപ്പോകയും ചെയ്തു. മീരാഭായി ഹരിനാമം പാടിക്കൊണ്ടു മുന്നോട്ടു മുന്നോട്ടു നടന്നുതുടങ്ങി. താൻ ഏതേതു ഗ്രാമങ്ങളിൽക്കൂടി കടന്നുപോയോ ആ ഗ്രാമങ്ങളെയെല്ലാം തന്റെ പാട്ടുകളുടെ ദിവ്യമായ മാധുര്യംകൊണ്ടു നിറഞ്ഞവയാക്കി ചെയ്തു. ആരാണു കടന്നുപോകുന്നതെന്നറിയുന്നതിനായി പുരുഷന്മാരും സ്ത്രീകളും അവരുടെ പ്രവൃത്തി വിട്ടു വന്നു. ആൺകുട്ടികളും പെൺകുട്ടികളും അവരുടെ കളിസ്ഥലങ്ങളിൽനിന്നു ഓടിവന്ന് 'ഹരി ഹരി' എന്നു വിളിച്ചുകൊണ്ടു മീരാഭായിയെ അനുഗമിച്ചു.

മീരാഭായി വീണ്ടും മുന്നോട്ടു നടന്നു. അനേകം ആളുകൾ അവരുടെ സ്വന്ത തൃപ്തിക്കുവേണ്ടി മീരാഭായിക്കു കൊടുക്കുന്നതിന്നായി ഓരോ സമ്മാനങ്ങൾ കൊണ്ടുവന്നു. അവയെ താൻ സ്വീകരിച്ചില്ല. വേറെ അനേകം ആളുകൾ അത്യന്തം വിശിഷ്ടങ്ങളായ ഓരോ ഭക്ഷ്യപദാർത്ഥങ്ങളോടുകൂടി മീരാഭായിയുടെ അടുക്കൽവന്നു. പാൽ ഒഴികെ ആ പദാർത്ഥങ്ങളേയും താൻ നന്ദിയോടുകൂടി മടക്കിക്കൊടുത്തു. എന്നാൽ ചില ആളുകൾ തങ്ങളുടെ വീടും സുഖങ്ങളും വെടിഞ്ഞ് താൻ എത്രയോ ആവൎത്തി വിരോധിച്ചപേക്ഷിച്ചിട്ടും കേൾക്കാതെ തന്റെ പിറകെ വന്നു. തന്നെക്കുറിച്ച് അത്ഭുതപ്പെടുകയും തന്റെ പിന്നാലെ വരികയും ചെയ്തിട്ടുള്ളവരുടെ സംഖ്യ ഒന്നിൽനിന്നു എത്രയോ ആയിരമായി വൎദ്ധിച്ചു. മീരാഭായി വിശുദ്ധഭൂമിയായ വൃന്ദാവനത്തിൽ കടന്നപ്പോൾ കൈലാസേശ്വരിയായ മഹാദേവി തന്റെ അകമ്പടിക്കാരായ ഭൂതപ്രേതാദികളോടുകൂടി അവിടെ പ്രത്യക്ഷീ

ഭവിച്ചതുപോലെ അനുഗാമികൾക്കു തോന്നി. മീരാഭായിയുടെ പിന്നാലെ വന്നവർ മതനിഷ്ഠയാൽ അത്ര ഭ്രാന്തുപിടിച്ചവരായിരുന്നു.

മീരാഭായി വൃന്ദാവനത്തിൽ പ്രത്യക്ഷമായിരിക്കുന്നുവെന്നുള്ള വർത്തമാനം രാജ്യം മുഴുവനും പരന്നു. മീരാഭായിയുടെ മധുരങ്ങളായ പാട്ടുകൾ കാരോരുത്തർ പാടിപ്പാടി രാജ്യത്തിന്റെ അത്യന്തം ദൂരസ്ഥങ്ങളായ സ്ഥലങ്ങളിലും എത്തി. ഗ്രാമങ്ങളിലുള്ള വീടുകളിലും രാജാക്കന്മാരുടെ കൊട്ടാരങ്ങളിലും മീരയുടെ പാട്ടുകൾ പാടപ്പെട്ടു. ചിറ്റൂരിൽവെച്ച് മീരാഭായിയെ കാണുകയും ആശ്ചര്യപ്പെടുകയും ചെയ്തിട്ടുള്ള ആളുകൾ വൃന്ദാവനത്തിൽ വന്നു തന്നെ കാണുന്നതിന്നു ധൃതിപ്പെട്ടു. തന്നെ ഒരിക്കലും കണ്ടിട്ടില്ലാത്ത ആളുകൾ തന്നെ കാണുന്നതിന്നും തന്റെ പാട്ടുകൾ കേൾക്കുന്നതിന്നും അതിമാത്രം ആഗ്രഹിച്ച് എത്രയോ ആയിരം ആളുകൾ കൂട്ടംകൂട്ടമായി ആ പരിശുദ്ധപ്രദേശത്തിൽ വന്നു. മീവാറിലെ ശക്തിയേറിയ മഹാറാണി ഇപ്പോൾ ഒരു രാജ്ഞിയല്ലായിരുന്നു. എന്നാൽ മനുഷ്യവർഗ്ഗത്തിന്നു മോക്ഷം നൽകുന്നതും ഈ ലോകത്തെ ഭൂമിയിൽ ഒരു സ്വർഗ്ഗമാക്കിത്തീർക്കുന്നതും ആയ ആ മഹാസ്നേഹംകൊണ്ടു നിറഞ്ഞ ഒരു ഭിക്ഷാശിനിയായിരുന്നു.

വൃന്ദാവനത്തിൽ രൂപഗോസ്വാമി എന്നു പേരായ ഒരു പുണ്യപുരുഷൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു മഹാഭക്തനും സന്ന്യാസിയും വളരെ പഠിപ്പും അഗാധമായ ആലോചനയും ഉള്ള ഒരു പുരുഷനും ആയിരുന്നു. എന്നാൽ ഒരിക്കലും അദ്ദേഹം സ്ത്രീകളുടെ മുഖത്തുനോക്കുക പതിവില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ മുഖ്യമായ നിത്യാനുഷ്ഠാനപ്രമാണം 'മോക്ഷം വേണമെന്നുണ്ടെങ്കിൽ പെണ്ണുമുഖവും ഒരിക്കലും കാണരുത്' എന്നായിരുന്നു.

മീരാഭായി അദ്ദേഹത്തിന്റെ പേർ കേട്ടിട്ട് അദ്ദേഹത്തിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു. 'വൃന്ദാവനത്തിൽ ഒരു പുരുഷൻ മാത്രമേ ഉള്ളു എന്നും, ആ പുരുഷൻ ശ്രീകൃഷ്ണനാണെന്നും മീരക്കു അറിവുണ്ടെന്നും, ഇവിടെ ജീവിക്കുന്ന മറ്റെല്ലാവരും ശ്രീകൃഷ്ണന്റെ സ്നേഹോപാധിയിൽ ജീവിക്കുന്നവരാണെന്നും, അതുകൊണ്ട് അവരെല്ലാം ഗോകുലബാലികമാരാണെന്നും, രൂപഗോസായി ഒരു പുരുഷനായിരിക്കുന്ന സ്ഥിതിക്കു ഞങ്ങളുടെ നാഥനായ ശ്രീകൃഷ്ണന്റെ അന്തഃപുരത്തിൽ ഒളിച്ചുകടന്നുകൂടിയിരിക്കയാണെങ്കിൽ ഗോകുലബാലികമാരിൽ ആരെങ്കിലും അദ്ദേഹത്തെ കണ്ടുകൂടുകയും രാജാവു അദ്ദേഹത്തെ ശിക്ഷിക്കയും ചെയ്യാതിരിക്കണമെന്നു അദ്ദേഹത്തിന്നു ആഗ്രഹമുള്ളപക്ഷം അവിടെനിന്നു ഓടിപ്പോകുന്നതിന്നുള്ള കാലം വളരെ അതിക്രമിച്ചിരിക്കുന്നു എന്നും, അദ്ദേഹത്തോടു പറയണമെന്നു ആ ദൂതനോടു പറഞ്ഞയച്ചു.

ഇങ്ങിനെ പറഞ്ഞയച്ചതിനെ കേട്ടിട്ട് ആ പുണ്യപുരുഷൻ വളരെ സന്തോഷിക്കയും മീര ഒരു സാധാരണ സ്ത്രീയല്ലെന്നു അദ്ദേഹത്തിന്നു ഉടനെ തോന്നുകയും അദ്ദേഹം താമസിച്ചിരുന്ന ക്ഷേത്രത്തിലേക്കു മീരാഭായിയെ ക്ഷണിക്കയും ചെയ്തു.

മീരാഭായി വന്ന് അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ച് അദ്ദേഹത്തിന്റെ അനുഗ്രഹത്തെ അപേക്ഷിച്ചു. 'മകളേ! നിനക്കുവേണ്ടി എന്നാൽ എന്തുചെയ്വാൻ കഴിയും?' എന്നു രൂപഗോസായി ചോദിച്ചു. 'പിതാവേ! നിങ്ങളുടെ അടുക്കൽനിന്നു ഈശ്വരവാക്യങ്ങളെ പഠിക്കുന്നതിന്നു വേണ്ടി എന്നെ ക്ഷേത്രത്തിൽ താമസിക്കുന്നതിന്നു സമ്മതിക്കണം' എന്നു മീരാഭായി മറുപടി പറഞ്ഞു. അന്നുമുതല്ക്കു മീരാഭായി ആ ക്ഷേത്രത്തിൽ താമസിച്ചു. രൂപഗോസായി മീരാഭായിയുടെ ശിഷ്യനായിത്തീർന്നുവെന്ന് ആളുകൾ

പറഞ്ഞു. എന്നാൽ താൻ ആ പുണ്യപുരുഷൻെറ ശിഷ്യയായിത്തീൎന്നുവെന്നാണ് മീരാഭായി പറഞ്ഞത്.

പാടീട്ടും ആടീട്ടും കുറേനാൾ കഴിഞ്ഞു. ഹരിയുടെ നാമം പാടുന്നതിൽ മീരാഭായിയോടുകൂടി ചേരുന്നതിന്നു അനേകായിരം പുരുഷന്മാരും സ്ത്രീകളും വന്നുചേൎന്നു. ദൈവത്തേയും ദൈവത്തിൻെറ സ്നേഹത്തേയും കുറിച്ചുള്ള മീരാഭായിയുടെ പാട്ടുകൾ വൃന്ദാവനത്തിലെ ആകാശമണ്ഡലത്തെ ദിവ്യമായ മാധുൎയ്യംകൊണ്ട് നിറച്ച് ആ പാട്ടുകൾ ആ രാജ്യം മുഴുവനും കേൾക്കയും മാറ്റൊലികൊൾകയും ചെയ്തു. ഹിമവാൻ പൎവ്വതത്തിൻെറ നിരകളിലും യമുനാ, ഗംഗാ എന്നീ നദികളുടെ തീരങ്ങളിലും പഞ്ചനദികളാൽ പ്രസിദ്ധമായ സിന്ധുദേശത്തിലും ദൂരസ്ഥമായ മഹാരാഷ്ട്രരാജ്യത്തിലും ശ്യാമളവും അഗാധവുമായ സമുദ്രത്തിൻെറ തീരങ്ങളിലും കൂടി വൃന്ദാവനക്ഷേത്രത്തിൻെറ നടയിൽവെച്ച് മീരാഭായി പാടിയിരുന്ന പാട്ടുകൾക്കു പ്രചാരം വൎദ്ധിച്ചുവന്നു.

ചിററൂർ രാജ്യവും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. അവിടെയും എല്ലാ തെരുവുകളിലും എല്ലാ ഇടവഴികളിലും വലുതായോ ചെറുതായോ ഉള്ള എല്ലാ വീടുകളിലും 'മീര ഇന്നവിധം പറയുന്നു' എന്നു അവസാനിക്കുന്നവയായ പാട്ടുകളായിരുന്നു പാടിയിരുന്നത്. റാണ ഏതു ദിക്കിലേക്കു തിരിഞ്ഞാലും അവിടെയൊക്കെയും തൻെറ ഭാൎയ്യയുടെ പേർ പറയുന്നതു കേട്ടു. തൻെറ ഭാൎയ്യ തൻെറ രാജ്യത്തേക്കാൾ ഉൽകൃഷ്ടമായ ഒരു രാജ്യത്തെ പ്രാപിച്ചിരിക്കുന്നു എന്നും ആ രാജ്യത്തിൻെറ മുമ്പിൽ തൻെറ രാജ്യം യാതൊരു സാരവും ഇല്ലാത്തതാണെന്നും താൻ കണ്ടു. മീരാഭായിമീവാറിലെ മഹാരാജകുടുംബത്തെ അവമാനിച്ചിട്ടില്ലെന്നും ആ രാജകുടുംബത്തിന്നു കഴിയുന്നത്ര വലുതായ ബഹുമാനത്തെയാണ് നൽകിയിരിക്കുന്നതെന്നും തനിക്കു അവസാനം അനുഭവബോധം വന്നു. അക്ബർചക്രവൎത്തി

തന്റെ ഭാൎയ്യയെ തൊട്ട് അശുദ്ധപ്പെടുത്തുകയാൽ ആളുകൾ തന്റെ കുടുംബത്തിന്നു അപരാധം പറഞ്ഞുകളയുമോ എന്നുള്ള പേടികൊണ്ട് താൻ തന്റെ ഭാൎയ്യയെ ഭ്രഷ്ടയാക്കുകയും കൊല്ലുവാൻ കല്പിക്കയും ചെയ്തു. ഇപ്പോൾ ആ ആളുകളെ സന്തോഷിപ്പിക്കുന്നതിന്നു താൻ വേണ്ടതെല്ലാം പ്രവൎത്തിച്ചിട്ടും അവർ സന്തോഷിക്കാത്തവരായി തീൎന്നു. അവർ മീരാഭായിയെ പിന്തുടൎന്നു പോയതേയുള്ളൂ. ലോകത്തുള്ള ആളുകൾ അശേഷവും തന്റെ ഭാൎയ്യയുടെ മേൽ സ്നേഹമുള്ളവരായിരുന്നു. ആ സ്ഥിതിക്കു തന്റെ ഭാൎയ്യയുടെ അടുക്കൽ പോയി മാപ്പുചോദിച്ചു തന്റെ അരമനയിലേക്കു ആ മഹതിയെ തിരികെ കൂട്ടിക്കൊണ്ടുവരുന്നതിന്നു തനിക്കു മനസ്സുവരാത്ത പക്ഷം താൻ ഒരു തെമ്മാടിതന്നെ ആയിരിക്കേണം.

മഹാരാണ വേഷച്ഛന്നനായി തന്റെ രാജധാനിവിട്ടു വൃന്ദാവനത്തിലേക്കുള്ള വഴി മുഴുവനും കാൽനടയായി നടന്നു. മീരാഭായി ഏകാകിനിയായി ക്ഷേത്രത്തിന്റെ നടയിൽ ഹരിനാമം പാടിക്കൊണ്ടിരിക്കുന്നതായി കണ്ടു. മീരാഭായിയുടെ അടുക്കൽ ചെന്നു അദ്ദേഹം ധൎമ്മം ചോദിച്ചു. അപ്പോൾ മീരാഭായി 'ഞാൻ ഒരു ഭിക്ഷക്കാരിയാണ്; നിങ്ങൾ വല്ല ധനികന്റെയും അടുക്കൽ പോയി ധൎമ്മം ചോദിക്കേണ്ടതാണ്' എന്നു പറഞ്ഞു. അതിന്നു വേഷച്ഛന്നനായ രാജാവ് 'എന്നാൽ വാസ്തവത്തിൽ ഭിക്ഷക്കാരനായ ഒരുത്തൻ ഒരു ഭിക്ഷക്കാരന്റെ അടുത്താണ് സാധാരണ സഹായത്തിന്നു വരുന്നത്' എന്നു മറുവടി പറഞ്ഞു. അതു കേട്ടിട്ടു മീരാഭായി 'നിങ്ങൾക്കുവേണ്ടി എന്തുചെയ്യുവാൻ എന്നാൽ കഴിയും' എന്നു ചോദിച്ചു. അപ്പോൾ 'എനിക്കു മാപ്പുതരണേ' എന്നു മഹാരാജാവു പറഞ്ഞു തന്റെ വേഷച്ഛന്നതയെ മാററി. മീരാഭായി തന്റെ ഭൎത്താവിനെ സൂക്ഷിച്ചു നോക്കി. പിന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ്

‘പ്രിയഭർത്താവേ! എന്റെ നാഥാ! അങ്ങേയ്ക്കു് എന്നെ ഓർമ്മയുണ്ടായോ’ എന്നു ചോദിച്ചു.

ഈ ആനന്ദകരമായ കൂടിക്കാഴ്ചയെ വർണ്ണിക്കുന്നതിന്നു ഇവിടെ തുനിയുന്നില്ല. ഭാര്യയും ഭർത്താവും തങ്ങളുടെ സന്തോഷത്തോടുകൂടി അരമനയിലേക്കു പോയി. മീരാഭായി സംവത്സരത്തിൽ പകുതിഭാഗം വൃന്ദാവനത്തിലും പകുതിഭാഗം ചിററൂരും താമസിച്ചു. കഠിനമായ സന്യാസത്തെ അല്ലായിരുന്നു മീരാഭായി ഉപദേശിച്ചതു്. താന്താങ്ങളുടെ സാധാരണ കർത്തവ്യകർമ്മങ്ങളെ അനുഷ്ഠിച്ചുകൊണ്ടു താന്താങ്ങളുടെ വീടുകളിൽ താമസിക്കേണ്ടതാണെന്നും എന്നാൽ അതു് എല്ലായ്പോഴും ദൈവത്തെക്കുറിച്ചുള്ള ഭക്തിയോടും സ്നേഹത്തോടുംകൂടി വേണ്ടതാണെന്നുമാണു് മീരാഭായി ആളുകളോടു് ഉപദേശിച്ചതു്. ഈ കാര്യത്തിൽ മീരാഭായിക്കുള്ള അഭിപ്രായത്തെ വെളിപ്പെടുത്തുന്നതിനായി ആ മഹതിയുടെ പാട്ടുകളിൽ ഒന്നിനെ ഇവിടെ തർജ്ജമചെയ്തു ചേർക്കുന്നു.

‘വെള്ളത്തിൽ താമസിക്കുന്നതിനാലാണു് മനുഷ്യനു മോക്ഷം കിട്ടുന്നതെങ്കിൽ എല്ലാ ജലജന്തുക്കൾക്കും അതു കിട്ടേണ്ടതാണു്.

‘സസ്യഭക്ഷണത്തിലാണു് അതു കിട്ടുന്നതെങ്കിൽ കുരങ്ങുകൾക്കും മററു മൃഗങ്ങൾക്കും പക്ഷികൾക്കും അതു തീർച്ചയായി കിട്ടുന്നതാണു്.

‘പുല്ലുതിന്നുന്നതിനാലാണു് അതു കിട്ടുന്നതെങ്കിൽ മാനുകൾക്കും ആടുകൾക്കും അതു കിട്ടുന്നതാണു്.

‘ഭാര്യയെ ഉപേക്ഷിക്കുന്നതിനാലാണു് അതു കിട്ടുന്നതെങ്കിൽ എല്ലാ നപുംസകന്മാർക്കും അതു കിട്ടുന്നതാണു്.

‘ദൈവത്തെക്കുറിച്ചു സ്നേഹത്തിനല്ലാതെ വേറെയാതൊന്നിനും മനുഷ്യനു മോക്ഷം നൽകുന്നതിന്നു കഴിയുന്നതല്ലെന്നാണു് മീരാ പറയുന്നതു്.

ഇതിലധികമൊന്നും മീരാഭായിയെക്കുറിച്ച് ഇവിടെ പറവാനില്ല. ഹിന്ദുവംശവും ഹിന്ദിഭാഷയും നിലനില്ക്കുന്ന കാലത്തോളം ഒരിക്കലും നശിക്കാത്തവയായ ലക്ഷ്യങ്ങളെ നിർമ്മിച്ചുതന്നിട്ടുള്ള ആ മഹതിയെക്കുറിച്ചു വളരെക്കുറച്ചേ അറിവുള്ളൂ. ഇഡ്യയിൽ ഒരിക്കലും ചരിത്രകാരന്മാർ ഉണ്ടായിട്ടില്ലെന്നുള്ളതു ശോചനീയംതന്നെ. മീരയെക്കുറിച്ചു കുറച്ചുമാത്രമെങ്കിലും അറിവുകിട്ടീട്ടുള്ളതു കഥകളിൽനിന്നു മാത്രമാണ്: എന്നാൽ ആ മഹതിയുടെ പാട്ടുകൾ ഹിന്ദുസ്ഥാനത്തിന്റെ അവസാനകാലത്തോളം നിലനില്ക്കുന്നതാണ്. ആ മഹതിയുടെ ഉപദേശസാരം ഹിന്ദുവംശത്തിന്റെ അവസാനകാലത്തോളം എല്ലാം ഹിന്ദുക്കളുടെ വീടുകളിലും ഫലശക്തിയോടുകൂടി നിലനില്ക്കുന്നതാണ്.

---

25 JUL 1936
MADRAS

MUL
041940